# ശാരദ

ഒ. ചന്തുമേനോൻ

# ശാരദ – പൂർവ്വഭാഗം

നോവൽ

ഒ. ചന്തുമേനോൻ

താളിളക്കം

2020

പേര്: **ശാരദ – പൂർവ്വഭാഗം**

ഭാഷ മലയാളം

വിഭാഗം: നോവൽ

രചന: ഒ. ചന്തുമേനോൻ

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

**ശാരദ – പൂർവ്വഭാഗം**

**ഒ. ചന്തുമേനോൻ**

**ഒന്നാം അച്ചടിപ്പിന്റെ പീഠിക**

മലയാളഭാഷയിൽ നോവൽമാതൃകയിൽ ഉള്ള പുസ്തകങ്ങൾ ദിനംപ്രതി വർദ്ധിച്ചു വരുന്ന ഈ കാലം ഞാൻ രണ്ടാമതായി ഈ വിധം പുസ്തകം എഴുതി പ്രസിദ്ധം ചെയ്യുന്നതിനെപ്പറ്റി വിശേഷവിധിയായി എനിക്ക് ഒന്നും പറവാനില്ല.

ഈ പുസ്തകത്തെ മൂന്നു ഭാഗങ്ങളായിട്ടാണ് പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചത്. രണ്ടാംഭാഗവും മൂന്നാംഭാഗവും ഈ ഇംഗ്ലീഷ് സംവത്സരം അവസാനിക്കുന്നതിനു മുമ്പുതന്നെ പ്രസിദ്ധപ്പെടുത്തുവാൻ തരമാവുമെന്ന് തോന്നുന്നു.

ഇംഗ്ലീഷ് നോവലുകൾ വളരെ വായിച്ച് ഈ മാതിരി പുസ്തകങ്ങളുടെ ഗുണദോഷങ്ങളെ സൂക്ഷ്മമായി ഗ്രഹിപ്പാൻ വിദഗ്ദ്ധത ഉള്ള എന്റെ സ്നേഹിതൻ ഈ ഭാഗം അച്ചടിക്കുന്ന കാലം അതിനെ വായിപ്പാൻ ഇടവരികയും അടിച്ചു തീർന്നേടത്തോളം അദ്ധ്യായങ്ങൾ പുസ്തകത്തിന്റെ ഒന്നാമത്തെ ഭാഗമാക്കി ഉടനെ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നു തീർച്ചയായി അഭിപ്രായപ്പെടുകയും ചെയ്തതിനാൽ ഈ പുസ്തകത്തെ ഇങ്ങിനെ മൂന്നു ഭാഗങ്ങളാക്കി വിഭജിച്ചു പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

കോഴിക്കോട്ട്,

1892 ആഗസ്റ്റ് 16-ാനു

ഒ. ചന്തുമേനോൻ

## ഒന്നാം അദ്ധ്യായം

## കഥയുടെ ആരംഭം

കല്യാണി അമ്മ:- നിങ്ങൾ ഈ നിസ്സഹായമായ സ്ഥിതിയിൽ ആയല്ലോ. എന്റെ രോഗം ഭേദമാകുമെന്ന് തോന്നുന്നില്ലാ. ഞാൻ നിമിത്തം നിങ്ങൾക്കു വലിയ ഒരു ഭാരവും വന്നുചേർന്നു. എന്തുചെയ്യാം, നിവൃത്തി ഇല്ലല്ലോ.

രാമൻമേനോൻ:- ഇങ്ങിനെ പറയുന്നത് എന്താണ്? നിണക്ക് ഈ ദീനം നിമിത്തം അപകടം ഒന്നും വരാൻ സംഗതി ഇല്ല. രണ്ടു നാലു ദിവസങ്ങൾക്കുള്ളിൽ ദേഹസൗഖ്യം വന്ന് നമ്മൾക്കു സുഖമായി ഇവിടെനിന്നു പുറപ്പെട്ടു നാട്ടിൽ ചെന്നുചേരാം. നീ മനസ്സിനെ ഇങ്ങിനെ വിഷാദിപ്പിക്കരുത്. രോഗിക്കു മനസ്സിനു സുഖക്കേടോ, ഭയമോ ഉണ്ടാവുന്നതു രോഗവർദ്ധനയ്ക്കു ഹേതുവായി വരും.

കല്യാ:- എനിക്കു ഭയം യാതൊന്നിലുമില്ല. മനസ്സിന്നു സുഖക്കേടുണ്ടാവുന്നതിന് എന്താണു നിവൃത്തി? എനിക്കു മലയാളത്തിൽ ചെന്നുചേരണമെന്ന് അശേഷം ആഗ്രഹമില്ല. നിങ്ങളുടെ കൂടെ ഇരിക്കുമ്പോൾ എല്ലാ സ്ഥലവും സ്വദേശംപോലെ തന്നെ എനിക്കു തോന്നുന്നു. എന്റെ ദീനം ഭേദമായി ഇവിടെനിന്നു നമ്മൾക്കു പുറപ്പെടാറാവുമെന്ന് എനിക്കു തോന്നുന്നില്ല; ശാരദയെ വിചാരിച്ചിട്ട് അല്ല ഞാൻ വ്യസനിക്കുന്നത്. ശാരദയെപ്പറ്റി നിങ്ങൾ ജീവിച്ചിരിക്കുമ്പോൾ എനിക്കു യാതൊരു സംഗതിയിലും വ്യസനിപ്പാനാവശ്യമില്ല. എന്നാൽ എനിക്കു നിങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി ഓർത്തിട്ടാണ് വ്യസനം. നിങ്ങൾ രോഗിയായിത്തീർന്നു. ഇങ്ങിനെ വരാവുന്ന കാലത്ത് ഉപയോഗിപ്പാൻ സമ്പാദിച്ചു വച്ചിരുന്ന ധനം ഒക്കെയും നശിച്ചു. അനന്യഗതിയായ ഒരു പെങ്കുട്ടിയെ സംരക്ഷണം ചെയ്തു വളർത്തേണ്ടുന്ന ഭാരവും നിങ്ങളിൽ വന്നു ചേർന്നു. ഈ സ്ഥിതിയിൽ എന്നാൽ മാത്രമാണ് നിങ്ങൾക്ക് വല്ല സഹായങ്ങളും എനി ഉണ്ടാവാനുള്ളത്. അതും ഇപ്പോൾ ദൈവം ഇല്ലാതെ ചെയ്യുന്നതായാൽ കഷ്ടം—ഇത്രത്തോളം പറയുമ്പോഴേക്കു കല്യാണിഅമ്മ വ്യസനത്താൽ ഗൽഗദാക്ഷരങ്ങളായി സംസാരിപ്പാൻ കേവലം പാടില്ലാതെ ആയി കരഞ്ഞു. രമൻമേനോന്റെ ഹൃദയത്തിൽ ഉണ്ടായ പരിതാപത്തെ കുറിച്ച് എങ്ങിനെ പറയാം. അദ്ദേഹത്തിനും ഒരക്ഷരം സംസാരിപ്പാൻ പാടില്ലാതെ കുറേ നിമിഷങ്ങൾ തന്റെ പ്രാണപ്രിയ ആയ ഭാര്യയുടെ മുഖത്തേക്കു കണ്ണീർ വാർത്തുകൊണ്ടു നോക്കി.

”നീ ഇങ്ങിനെ വ്യസനിച്ചു പറയുന്നതു കേൾക്കുമ്പോൾ എന്റെ മനസ്സു ദഹിച്ചുപോകുന്നു. കാരണമില്ലാതെ നീ എന്നെ ഇങ്ങിനെ വ്യസനിപ്പിക്കൊല്ലെ. എനിക്ക് ഇതുവരെ വന്ന സകല കഷ്ടങ്ങളിലും വ്യസനശാന്തി നീ ഒരു ദേഹം നിമിത്തമാണ് ഉണ്ടായിട്ടുള്ളത്. ഞാൻ എത്രതന്നെ നിർഭാഗ്യവാനും പാപിയും

ആയിരുന്നാലും എനിക്ക് ഇങ്ങിനെ ഒരു അത്യന്ത കഠിനസങ്കടം ദൈവം വരുത്തുകയില്ല, എന്നുതന്നെ ഞാൻ ഉറപ്പായി വിശ്വസിക്കുന്നു. അത്ര നിർദ്ദയമായി ഒരു പ്രാണിയോടും ഇത്ര കാരുണ്യമുള്ള ദൈവം ചെയ്യുകയില്ല. വെറുതെ വ്യസനിക്കരുതെ."

ഈ സംഭാഷണം ഉണ്ടായതിന്റെ രണ്ടാം ദിവസം "ഇത്ര കാരുണ്യമുള്ള ദൈവം അത്ര നിർദ്ദയമായി" തന്നെ ചെയ്തു. കല്യാണിഅമ്മ, ശാരദാ എന്നു പേരായ തന്റെ പെൺകിടാവിനെ അതിന്റെ അച്ഛൻ രാമൻമേനോൻ വശംവിട്ടു പരലോകം പ്രാപിക്കുകയും ചെയ്തു.

രാമൻമേനവനും മകൾ ശാരദയും കഠിനമായ വ്യസനത്തിൽ ആയി. കയ്യിൽ രൊക്കം ഉണ്ടായിരുന്ന രണ്ടായിരത്തിൽ ചില്വാനം ഉറുപ്പികയും കല്യാണിഅമ്മയ്ക്കു തൻ ഉണ്ടാക്കിച്ചുകൊടുത്തതും അവളുടെ സ്വന്തം വകയും ആയ അഞ്ചൊറായിരം ഉറുപ്പികയുടെ സ്വർണ്ണാഭരണങ്ങളും ശാരദയ്ക്കു കൊടുത്ത സ്വൽപ്പം ചില പണ്ടങ്ങളും മാത്രമാണ് അപ്പോൾ രാമൻമേനോൻ പക്കൽ ഉണ്ടായിരുന്ന സ്വത്ത്. ഏതെങ്കിലും തന്റെ കുട്ടിയെ വിചാരിച്ച് രാമൻമേനോൻ വളരെ വിഷാദം തുടങ്ങി. സ്വരാജ്യമായ മലയാളത്തിലേക്കു തന്നെ മടങ്ങുന്നതോ നല്ലത്, അതല്ല പരദേശങ്ങളിൽ തന്നെ വല്ല ദിക്കിലും താമസിക്കുന്നതോ എന്നിങ്ങനെ വിചാരിച്ചും സംശയിച്ചും വിഷാദിച്ചും മരിച്ചുപോയ തന്റെ പ്രാണവല്ലഭയെ ഓർത്തു കരഞ്ഞും, ശാരദ വ്യസനിക്കുമ്പോൾ ധൈര്യം നടിച്ചും, തന്റെ നേത്രരോഗം നിമിത്തം തനിക്കു സംഭവിച്ച പരാധീനതയെ ഓർത്തും രാമൻ മേനോൻ ദുസ്സഹമായ സങ്കടത്തോടെ രാമേശ്വരത്തിൽതന്നെ തന്റെ ഭാര്യയുടെ മരണശേഷം ഒരു മാസത്തോളം ഒന്നു ചെയ്‌വാൻ ഉറയ്ക്കാതെ ശരീരത്തിലും മനസ്സിലും ഒരുപോലെ അന്ധനായി താമസിച്ചു.

ശാരദാ എന്ന കുട്ടിക്ക് ഇക്കാലം പതിനൊന്നു വയസ്സു പ്രായമാണ്. ഇവൾ അതിബുദ്ധിയും കാഴ്ചയിൽ അതിസൗന്ദര്യവും ഉള്ള ഒരു പെൺകിടാവായിരുന്നു. തന്റെ അമ്മയുടെ മരണത്തിലും അച്ഛന്റെ കഠിനമായ വ്യസനത്തിലും ഈ പെൺകിടാവിനുണ്ടായ സങ്കടം ഇന്നപ്രകാരമെന്ന് പറവാൻ പ്രയാസം. അച്ഛൻ കഠിനമായി വ്യസനിക്കുന്നതു കാണുമ്പോൾ ചിലപ്പോൾ താൻ അതിനു സമാധാനം ചെയ്‌വാൻ ശ്രമിക്കും. ചിലപ്പോൾ താനും കൂടെ കരയും. ഇങ്ങനെ ഇവർ ദിവസങ്ങൾ കഴിക്കുംകാലം രാമൻമേനോൻ ഒരു രാത്രി ഊണുകഴിഞ്ഞ് തന്റെ സമീപത്തിൽ കിടന്ന് ഉറങ്ങുന്ന ശാരദയുടെ അതികാന്തമായി വിളങ്ങുന്ന മുഖത്തെ നോക്കിക്കൊണ്ട് ഇങ്ങനെ പറഞ്ഞു.

"ഹാ ദൈവമേ! ഇത്ര കഠിനം ചെയ്യുന്നുവല്ലോ. എന്റെ മകൾ ഇങ്ങനെ നിസ്സഹായമായ സ്ഥിതിയിലായല്ലോ. ഞാൻ എന്റെ കുട്ടിയേയുംകൊണ്ട് ഇനി എന്താണ

ചെയ്യേണ്ടത്. ഈശ്വരാ.”

ഈ ഒടുവിൽ പറഞ്ഞ വാക്കു കുറെ ഉച്ചത്തിലായതിനാലും രാമൻമേനോന്റെ കണ്ണിൽനിന്ന് പ്രവഹിക്കുന്ന ജലം തന്റെ ശരീരത്തിൽ വീണതിനാലും ശാരദ ഉണർന്ന് കുവലയങ്ങൾപോലെയുള്ള കണ്ണുകൾ മിഴിച്ചുനോക്കി. അച്ഛൻ അടുക്കെ ഇരുന്ന കരയുന്നതുകണ്ട് ഉടനെ ശാരദ എഴുന്നേറ്റ് അച്ഛനെ ആലിംഗനം ചെയ്തുംകൊണ്ട് പറയുന്നു.

ശാരദ:- എത്ര ദിവസമായി അച്ഛൻ ഇങ്ങിനെ കരയുന്നു. അമ്മ ഇനി നമ്മളുടെ അടുക്കെ വരികയില്ല നിശ്ചയം, എന്ന് അച്ഛൻ തന്നെ പറഞ്ഞുവല്ലൊ. പിന്നെ എന്തിനു കരയുന്നു. കരഞ്ഞിട്ട് എന്തു കാര്യം.

രാ:- ശരിയാണ് മകളെ, കരഞ്ഞിട്ട് യാതൊരു കാര്യവുമില്ല. ഞാൻ നിന്റെ അമ്മയെ വിചാരിച്ചിട്ടല്ല കരഞ്ഞത്. അവൾ സൗഖ്യത്തോടെ ഇപ്പോൾ സ്വർഗ്ഗത്തിൽ എന്നെ കാത്തുംകൊണ്ട് ഇരിക്കുന്നുണ്ട്. ഞാനും ഒടുവിൽ അവിടെ പോയി അവളുടെകൂടെ ഇരിക്കുകയും ചെയ്യും. ശാ:- അപ്പോൾ ഞാനോ അച്ഛാ, അച്ഛനും പോവുന്നുവെങ്കിൽ എനിക്കാരുണ്ട്,അമ്മയും അച്ഛനും രണ്ടാളും പോയാൽ എനിക്ക് ആരും വേണ്ടേ. ഈ വാക്കുകൽ കേട്ടപ്പോൾ രാമന്മേനോന്റെ ഹൃദയം ഇടിവെട്ടുപോലെ പൊട്ടി ദാഹിച്ചുപോയി.എന്നുതന്നെ പറയാം. എന്തുചെയ്യും പാവം? മകളെ മടിയിൽ ഇരുത്തി മൂർദ്ധാവിൽ ചുംബിച്ചു. കണ്ണിൽനിന്നു കൊടുമഴ ചൊരിയുംപോലെ ജലം ചാടി. ഇങ്ങിനെ കുറെ കഴിഞ്ഞശേഷം മകളോടു പറയുന്നു.

രാ:-എന്റെ മകളെ ഞാൻ ഒരിക്കലും വിട്ടുകളഞ്ഞു പോവുകയില്ല. എന്റെ കുട്ടിയെ സുഖമായി ഒരു ദിക്കിൽതന്നെ താമസിപ്പിച്ച് എനിയും വേണ്ടുന്ന വിദ്യാഭ്യാസം എല്ലാം ചെയ്യിപ്പിച്ച് യോഗ്യനായ ഒരു ഭർത്താവിന്റെ രക്ഷയിൽ സമർപ്പിച്ചശേഷമേ എനിക്ക് അമ്മയുടെ അടുക്കെ പോകണമെന്നാഗ്രഹമുള്ളൂ.

ഈ വാക്കുകൾ കേട്ടശേഷം, ശാരദ കരഞ്ഞൊന്നു വിചാരിച്ചിട്ടു പറയുന്നു.

”അച്ഛാ! എനിക്കും അമ്മയ്ക്കും മലയാളരാജ്യത്തൊരു വീടുണ്ടെന്ന് അമ്മ എന്നോട്ട് ഒരുദിവസം പറഞ്ഞിട്ടുണ്ടല്ലോ. അത് എവിടെയാണ്, അവിടെ നമ്മൾക്കു പോവരുതേ.”

രാമൻമേനോൻ ഈ ചോദ്യം കേട്ടശേഷവും ഒന്നും മിണ്ടാതെ കുട്ടിയുടെ മുഖത്തു നോക്കി കണ്ണീർ വാർത്തുംകൊണ്ടുതന്നെ ഇരുന്നു.

ശാ:-എന്താണ്, അച്ഛാ വീടു ഇല്ലെ. ഞാൻ വല്ലതിനും ശാഠ്യം പിടിച്ചാലും മറ്റും ഓരോ കഥപറഞ്ഞ് അമ്മ എന്നെ സന്തോഷിപ്പിക്കാറുണ്ടായിരുന്നു. ആ കൂട്ടത്തിൽ പറഞ്ഞതായിരിക്കും അല്ലെ? എനിക്കു വീടില്ല. നിശ്ചയം. അതാണ് അച്ഛൻ എന്നെയുംകൊണ്ടു് ഇവിടെതന്നെ പാർക്കുന്നത്.

രാ:- എന്റെ മകൾക്കു മലയാളത്തിൽ വളരെ വിശേഷമായ വീടുണ്ട്. അമ്മ പറഞ്ഞതു നേരാണ്. നിന്റെ അമ്മ ഒരിക്കലും കളവു പറക ഇല്ല. വീടു എന്റെ മകൾക്കുണ്ട് എന്നു പറഞ്ഞു പിന്നെയും രാമൻമേനോൻ കല്യാണി അമ്മയെ ഓർത്തും അശ്രുക്കൾ വാർത്തും മകളുടെ മുഖത്തേയ്ക്കു നോക്കി.

ശാ:- വീട്ട് ഉണ്ടെങ്കിൽ നമ്മൾക്ക് അവിടെ പോയി പാർക്കരുതേ, വീട്ട് ഉണ്ട് എന്നു പറഞ്ഞ് അച്ഛൻ എന്തിനു കരയുന്നു?

രാമൻമേനോൻ എന്താണു കുട്ടിയോടു പറയേണ്ടതു് എന്നുള്ള ആലോചനയിൽ ആയി. ശാരദയ്ക്കു പതിനൊന്നു വയസ്സു പ്രായം മാത്രമേ ആയിട്ടുള്ളൂ. എങ്കിലും കുട്ടിയുടെ അറിവും ബുദ്ധിയുടെ ഗ്രഹണശക്തിയും കൂർമതയും അസാധാരണമായി ഉള്ളതാണെന്നു രാമൻമേനോനു നല്ല നിശ്ചയമുണ്ട്. ശാർദ ഇതുവരെ തന്റെ അമ്മയുടെ പൂർവ്വകഥയെപ്പറ്റി ഒന്നും അറിക ഇല്ല. ഈ സമയം ആ കഥ പറഞ്ഞറിയിപ്പിക്കുന്നതിനാൽ ശാരദയ്ക്ക് അപ്പോൾ ഉള്ളവ്യസനത്തിന് അധികൃത വരുന്നതല്ലാതെ വേറേയാതൊരു പ്രയോജനവും ഉണ്ടാവുന്നതല്ലെന്ന് സ്പഷ്ടമാണ്. കുട്ടി ഈ സംഗതിയെപ്പറ്റി വിടാതെ ചോദ്യവും തുടങ്ങിയിരിക്കുന്നു. വല്ല കളവും പറഞ്ഞു ധരിപ്പിക്കുന്നതിലും അബദ്ധമുണ്ട്. ഇങ്ങനെ ഇരിക്കുമ്പോൾ എന്താണു കുട്ടിയോട് ഉത്തരം പറയേണ്ടത്. ഈശ്വരാ എന്നു രാമൻമേനോൻ വിചാരിച്ചു പരിഭ്രമിച്ചു വശായി.

ശാ:- എന്താണ് അച്ഛൻ ഒന്നും പറയാത്തത് ? വീടുണ്ടെങ്കിൽ നമ്മൾ അങ്ങോട്ടു പോവരുതേ? നമ്മൾക്ക് വീട്ടിൽ ആരും സഹായത്തിന് ഇല്ലേ?

രാ:- നമ്മൾക്ക് വീട്ടിലേക്കു പോവാം.

ശാ:- അമ്മയ്ക്ക് വീട്ടിൽ ആരും ഇല്ലേ? എന്താണ് അച്ഛൻ പറയാൻ മടിക്കുന്നത് ? കുട്ടികളോട് പറയരുതാത്തതാണെങ്കിൽ ഞാൻ അച്ഛനോടു ചോതിക്കുന്നില്ല.

രാ:- വീട്ടിൽ വേണ്ടരെല്ലം ഉണ്ട്. നമ്മൾക്ക് അങ്ങോട്ടു പോവാം. എന്റെ മകളോട് എല്ലാ വിവരവും ഞാൻ പറയാം.

ശാ:- എന്നെ എന്റെ വീട്ടുകാർ ഇതുവരെ കണ്ടിട്ടുണ്ടോ?

രാ:- ഇല്ലാ.

ശാ:- പിന്നെ നമ്മൾ അവിടെ ചെന്നാൽ അവർ നമ്മളെ അറിയുമോ?

രാമമേനോൻ കുട്ടിയുടെ ചോദ്യങ്ങൾ നിമിത്തം വലിയ വലച്ചിലിൽ ആയി.

ശാ:- നമ്മളെ കണ്ടിട്ടില്ലെങ്കിൽ നമ്മളെ അവരറിയുമോ?

രാ:- അറിഞ്ഞില്ലങ്കിൽ വിവരങ്ങൾ പറഞ്ഞറിയിക്കാമല്ലോ.

ശാ:- എന്തു വിവരങ്ങളാണു പറയുവാനുള്ളത്? എനിക്കു കേൾക്കാമോ, എന്നോടു പറയാമോ?

രാമൻമേനോൻ മകളെ വിണ്ടും തന്റെ ഉരസ്സോടു ചേർത്തു ചുംബിച്ചു പറയുന്നു.

രാ:-വിവരങ്ങൾ ഒക്കെയും ഞാൻ നാളെ പറഞ്ഞുതരാം മകളെ, ഇപ്പോൾ എന്റെ മകൾ അധികം ഉറക്കൊഴിയരുത്. വേഗം ഇവിടെ കിടന്നുറങ്ങ്.

ശാരദ "നാളെ പറഞ്ഞുതന്നാൽ മതി" എന്നും പറഞ്ഞ് ക്ഷണത്തിൽ അച്ഛന്റെ കല്പനപ്രകാരം കിടന്ന് ഉറങ്ങുകയും ചെയ്തു.

രാമൻമേനോൻ ഉറങ്ങാതെയും വശായി. ഏകദേശം പ്രഭാതത്തിനടുത്തപ്പോൾ ക്ഷീണം നിമിത്തം അല്പം ഉറങ്ങി. ഉണർന്നപ്പോൾ ഉദിച്ച് ഒരു നാഴികയായിരിക്കുന്നു. മകൾ എണീറ്റിരുന്ന് അമ്മ ഉള്ള കാലത്തിൽത്തന്നെയുംള്ള സമ്പ്രദായപ്രകാരം വെറ്റിലമുറുക്കാൻ ഉണ്ടാക്കി തയ്യാറാക്കിവെച്ച് അച്ഛന്റെ സമീപം ഇരിക്കുന്നതുകണ്ട് രാമൻമേനവൻ ബദ്ധപ്പെട്ട് എഴുനീറ്റിരുന്നു.

രാ:- കുട്ടി വളരെ നേരമായി എഴുനീറ്റ് ഇരിക്കുന്നു ഇല്ലേ. ഞാൻ ക്ഷീണം കൊണ്ടു വല്ലാതെ ഉറങ്ങിപ്പോയി മകളെ.

ശാ:-(വേഗം വെറ്റിലമുറുക്കാൻ അച്ഛന്റെ കയ്യിൽ കൊടുത്തും കൊണ്ട്) അച്ഛന് അമ്മയെ വിചാരിച്ചും എന്നെ വിചാരിച്ചും വളരെ വ്യസനമുണ്ട്. ഉറക്ക് മുമ്പുള്ളതു പോലെ ഇല്ല. വളരെ ക്ഷീണവുമുണ്ട്. എനിയും കുറെക്കൂടി ഉറങ്ങരുതേ. ഞാൻ ഇവിടെത്തന്നേ ഇരിക്കാം.

രാ:- വേണ്ട മകളെ , നമ്മൾക്ക് ഇനി പുറത്തുപോവുക , എന്നു പറഞ്ഞു രണ്ടു പേരും പുറത്തേക്കു വന്നു. രാവിലെ നിയമപ്രകാരമുള്ള കുളിയും ഭക്ഷണവും കഴിഞ്ഞശേഷം ശാരദ രാമൻമേനോന്റെ സമീപത്തിൽ വന്നിരുന്നു. രാവിലെ വിവരങ്ങൾ പറഞ്ഞുതരാമെന്ന് അച്ഛൻ പറഞ്ഞ ഓർമ്മയും അതു കേൾക്കുവാനുള്ള അത്യാഗ്രഹവും ശാരദയ്ക്കു നല്ലവണ്ണ ഉണ്ടായിരുന്നുവെങ്കിലും അച്ഛന്റെ സമയം നോക്കാതെ പലപ്പോഴും വല്ലതും ചോദിക്കുന്ന പ്രകൃതി ശാരദയ്ക്ക് ഉണ്ടായിരുന്നില്ല. അതുകൊണ്ട് ശാരദ സ്വസ്ഥമായി അച്ഛന്റെ അടുക്കെ ഇരുന്നു. തന്റെ മകളുടെ ബുദ്ധിശക്തി നല്ലവണ്ണം ഗ്രഹിച്ചിട്ടുള്ള രാമൻമേനോൻ ശാരദയുടെ അപ്പോഴത്തെ ഭാവം നല്ലവണ്ണം മനസ്സിലാക്കിയിരുന്നു.

ശാരദയ്ക്കു തന്റെ അമ്മയുടെ പൂർവ്വവൃത്താന്തങ്ങൾ കേൾക്കാൻ അതിയായ ആഗ്രഹം ഉണ്ട് എന്നുള്ളതിനു സംശയമില്ല. താൻ പറഞ്ഞു മനസ്സിലാക്കാമെന്ന് തലേദിവസം രാത്രി വാഗ്ദത്തം ചെയ്കയും ചെയ്തു. എനി അതുപ്രകാരം ചെയ്യാതിരുന്നാൽ കുട്ടിക്കു മനസ്സിനു. വളരെ കുണ്ഠിതവും വ്യസനവും ഉണ്ടായിവരും. അതിനാൽ എനി കുട്ടിയോട് എല്ലാ വിവരങ്ങളെക്കുറിച്ചും പറയുന്നതാണു നല്ലത് എന്നു തന്നെ രാമൻമേനോൻ ഒടുവിൽ ഉറച്ചു. എന്നിട്ട് ഇങ്ങനെ പറഞ്ഞു.

രാ:- എന്റെ മകൾ ഇന്നു ഞാൻ പറഞ്ഞുതരാമെന്നു പറഞ്ഞ വിവരങ്ങൾ കേൾപ്പാൻ ഉത്സാഹത്തോടുകൂടി ഇരിക്കുകയാണെന്നു തോന്നുന്നു. മനുഷ്യജന്മം എടുത്താൽ പലേ പ്രകാരമുള്ള വ്യസനങ്ങളും സന്തോഷങ്ങളും മനുഷ്യർക്കു

ഉണ്ടായിവരുന്നതു സാധാരണയാണ് മകളെ. ചിലപ്പോൾ മനസ്സിനു സന്തോഷമുണ്ടാക്കുന്ന കാര്യങ്ങൾ ഉണ്ടാവും. ചിലപ്പോൾ മനസ്സിനു വ്യസനമുണ്ടാക്കുന്ന കാര്യങ്ങൾ ഉണ്ടായിവരും. ഇങ്ങനെ എടകലർന്നിട്ടാണ് നമ്മൾ മനുഷ്യർക്കു എല്ലായ്പ്പോഴും ഉള്ള അനുഭവം. അതുകൊണ്ട് മനസ്സിനു സന്തോഷം വരുമ്പോഴും മനുഷ്യന് ധൈര്യം എന്നുള്ള ശക്തി ഉണ്ടായിരിക്കണം. സന്തോഷം ഉണ്ടായാൽ അഹങ്കരിച്ച മദിക്കരുത്. വ്യസനകരമായ അവസ്ഥകൾ വരുമ്പോൾ മനസ്സിനെ ദുഃഖിപ്പിച്ചുകരയരുത്. മകളെ , അങ്ങിനെ മനസ്സിനു നല്ല മിടുക്ക് എന്റെ മകൾക്കുണ്ടെങ്കിൽ ഞാൻ സകല വിവരങ്ങളും പറയാം.

ശാ:-ഞാൻ അച്ഛൻ പറയുന്ന വിവരങ്ങൾ കേട്ടാൽ ഒരിക്കലും വ്യസനിച്ചു കരയുകയില്ല. നിശ്ചയംതന്നെ. എന്റെ അമ്മയുടെ വർത്തമാനങ്ങൾ കേട്ടാൽ ഞാൻ എന്തിനാണ് കരയുന്നത്. എനിക്ക് അതു കേൾക്കണമെന്നു വളരെ ആഗ്രഹമുണ്ട്. അച്ഛൻ പറയുകയേ വേണ്ടു.

രാ:- എന്നാൽ ഞാൻ പറയാം. നിന്റെ അമ്മ കല്യാണി മലയാളത്തിൽ പൂഞ്ചോലക്കര എടം എന്ന കീർത്തിപ്പെട്ട നായർതറവാട്ടിൽ ഉള്ള ഒരു സ്ത്രീയായിരുന്നു. ഈ പൂഞ്ചോലക്കര തറവാട് വലിയ ദ്രവ്യപുഷ്ടിയോടും പ്രബലതയോടും പ്രഭുത്വത്തോടും കൂടിയുള്ള ഒരു തറവാടാകുന്നു. നിന്റെ കാരണവന്മാർ പൂഞ്ചോലക്കര അച്ചന്മാർ എന്ന സ്ഥാനപ്പേരുള്ളവരാകുന്നു. നിന്റെ അമ്മ വളരെ രൂപവതിയായ ഒരു സ്ത്രീയായിരുന്നു മകളെ. ഏകദേശം പതിനെട്ട് ഇരുപത് വയസ്സുപ്രായമായപ്പോൾ നിന്റെ അമ്മയെ മഹാവിരൂപനും ബുദ്ധിശൂന്യനുമായ ഒരു എടപ്രഭുവിന് , നിന്റെ തറവാട്ടിൽ കാരണവൻ പൂഞ്ചോലക്കര അച്ചൻ, എന്തോ തറവാട്ടിലേക്ക് ആദായമുള്ള ഒരു കാര്യത്തിനു വേണ്ടിമാത്രം , സംബന്ധം കഴിച്ചു കൊടുത്തു. നിന്റെ അമ്മയ്ക്ക് ഈ ബുദ്ധിശൂന്യനായ പുരുഷനോടുകൂടി ഇരിപ്പാൻ കേവലം നിവൃത്തിയില്ലാതെ ആയിത്തീർന്നതിനാൽ ഇപ്പോഴേക്കു ഒരു പതിനഞ്ചു സംവത്സരങ്ങൾ മുമ്പ് നിന്റെ അമ്മ പൂഞ്ചോലക്കര എടത്തിൽനിന്നു ഒളിച്ച് മലയാളരാജ്യം വിട്ടു പൊയ്ക്കളഞ്ഞു. കൂടെ സഹായത്തിന് ആദ്യത്തിൽ ഒരു പട്ടരും ചെറുവയസ്സായ ഒരു നായർ ഭൃത്യനും മാത്രം ഉണ്ടായിരുന്നു. ആ ഭൃത്യനാണ് നമ്മുടെ കൂടെയുള്ള ഈ കൃഷ്ണൻ. സ്വന്തം വകയായി ഉള്ള ചില പണ്ടങ്ങൾ കയ്യടക്കമായി എടുക്കാൻ പാടുള്ളതുംകൂടെ കൊണ്ടുപോയി. ഒന്നാമതു കാശിയിലേക്കു പോകണമെന്നുള്ള ഉദ്ദേശത്തിന്മേൽ പുറപ്പെട്ടു. കാശിയിൽ വെച്ച് നിന്റെ അമ്മ എന്നെ കണ്ടു പരിചയമായി. ഞാൻ ഒരു ചിത്രമെഴുത്തുകാരനായിരുന്നു. എന്റെ രാജ്യവും മലയാളമാണ്. വടക്കേ ഇൻഡ്യയിൽ പലേ രാജസ്ഥലങ്ങളിലും ചിത്രമെഴുതി കുറെ പണം സമ്പാദിച്ചു കാശിയാത്ര ചെയ്തു. പക്ഷെ നാട്ടിലേക്കു മടങ്ങണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇരിക്കുന്ന കാലത്താണ് മകളെ, ഞാൻ

അതിരൂപവതിയും ഭാഗ്യവതിയും എന്റെ പ്രാണപ്രിയയുമായ നിന്റെ അമ്മയെ കണ്ടെത്തിയതു്. പിന്നെ ഞങ്ങൾ ഭാര്യാഭർത്താക്കന്മാരുടെ നിലയിലായി. ഞാൻ ജാതിയിൽ നിന്റെ പൂഞ്ചോലക്കര എടക്കാരോടു സമം തന്നെ ആയി രുന്നു എങ്കിലും നിന്റെ എടക്കാർക്ക് പ്രഭുത്വം ഉണ്ടാകയാൽ അവിടെയുള്ള സ്ത്രീകൾക്ക് സാധാരണ ശൂദ്രർ ബാന്ധവം ആവുന്ന നടപ്പുണ്ടായിരുന്നില്ല. പൂ ഞ്ചോലക്കര എടത്തിൽ ബ്രാഹ്മണർ മാത്രമാണു സംബന്ധം നടന്നു വരുമാറു്. ഇങ്ങനെയായിരുന്നു സ്ഥിതി. എങ്കിലും ഞങ്ങൾ അതൊന്നും സാരമാക്കാതെ ഭാര്യഭർത്താക്കന്മാരായിത്തീർന്നു. നാട്ടിലേക്കു തൽക്കാലം മടങ്ങേണ്ട എന്നു ഞങ്ങൾ നിശ്ചയിച്ചു. ഉജ്ജയിൽ എന്ന പട്ടണത്തിലേക്കു പോയി അവിടെ താമസിച്ചു. ഞാൻ ചിത്രമെഴുത്തുകൊണ്ടു് അഹോവൃത്തിക്കു സമ്പാദിച്ച് ഞങ്ങൾ വളരെ സുഖമായി കാലക്ഷേപം ചെയ്തു. ഒരു നാലു് സംവത്സരങ്ങൾ അങ്ങനെ കഴിഞ്ഞു: ഈ കാലത്തിനുള്ളിൽ എനിക്കു ചിത്രമെഴുത്തിൽ വിശേഷവിധിയായ സമ്പാദ്യം ഉണ്ടായിത്തുടങ്ങി. ഇങ്ങിനെ ഇരിക്കുമ്പോൾ ഞങ്ങൾക്ക് എന്റെ മകൾ പുത്രിയായി ജനിച്ചു. അതിന്നുശേഷം ഉജ്ജയിൻ എന്ന പട്ടണം വിട്ടു് വടക്കേ ഇൻഡ്യയിൽ പലേ രാജസ്ഥലങ്ങളിലും പോയി താമസിച്ചു. എനിക്ക് അധികമായ ധനസമ്പാദ്യം ഉണ്ടായി. സമ്പാദ്യങ്ങൾ ഞാൻ ഉജ്ജയിനിൽ നാട്ടുകാർ ചേർന്ന് ഉണ്ടാക്കിയ ഒരു ബേങ്കിൽ പലിശയ്ക്കു് ഇട്ടുവന്നു. ഇങ്ങനെ ഒരു പത്തുസംവത്സരങ്ങൾ സഞ്ചരിച്ചശേഷം നമ്മൾ നല്ല ധനവാന്മാരുടെ അവസ്ഥയിൽ ആയി മകളെ. ഇങ്ങനെ ഇരിക്കുമ്പോൾ നിർഭാഗ്യവശാൽ എനിക്കു കഠിനമായി ഒരു നേത്രരോഗം ഉണ്ടായി. അതു നിമിത്തം കേവലം അന്ധനായി എന്നു പറയുവാൻ പാടില്ലെങ്കിലും കണ്ണിനു കാഴ്ച വളരെ കുറവായി. ഈ രോഗം നിമിത്തവും എന്റെ മകളെ യോഗ്യനായ ഒരു മലയാളിക്കുതന്നെ കൊടുക്കണമെന്ന് എനിക്കുണ്ടായ അതിയായ മോഹം നിമിത്തവും ഇതിനു ശേഷം മലയാളത്തിലേക്കു തന്നെ മടങ്ങിപ്പോവാമെന്നു ഞങ്ങൾ ഉറച്ചു. ഈ കാലം നിർഭാഗ്യശിരോമണിയായിത്തീർന്ന ഞാൻ ബേങ്കിൽനിന്നു പണം തിരിയെ ചോദിക്കാൻ ഭാവിക്കുമ്പോഴേക്ക് ആ ബേങ്ക് കടത്തിൽപ്പെട്ടു നശി ച്ചുപോയിരിക്കുന്നു. ഞാൻ പലിശയ്ക്കു ഇട്ടിരുന്ന അമ്പതിനായിരം ഉറുപ്പികയും നശിച്ചുപോയി. ദീപാളിയായ ബേങ്കുടമസ്ഥന്മാർ ബേങ്കിലെ ബാക്കിസ്വത്തു കടക്കാർക്ക് ഓഹരിചെയ്തു കൊടുത്തതിൽ ഒരു മൂവായിരം ഉറുപ്പികമാത്രം എനിക്കു തന്നു. അതും വാങ്ങി നമ്മൾ വടക്കേ ഇൻഡ്യ വിട്ടു മലയാളത്തിലെക്കു പുറപ്പെട്ടു വരുംവഴി രാമേശ്വരയാത്ര ചെയ്യണം, എന്നാൽ എനിക്കു രോഗത്തിനു ശാന്തത ഉണ്ടാവുമെന്ന് ആഗ്രഹിച്ച് നമ്മൾ നേരെ ഇവിടെ രാമേശ്വരത്തേക്കു വന്നു. ഇവിടെ വച്ചു നിന്റെ അമ്മയ്ക്കു കഠിനമായ ഒരു ജ്വരം ഉണ്ടായി. നമ്മളെ

ഈ സ്ഥിതിയിൽ ഇട്ടു അവൾ സ്വർഗ്ഗപ്രാപ്തിയാകയും ചെയ്തു. ”ഇങ്ങനെയാണ് മകളെ പൂർവവൃത്താന്തങ്ങൾ. നമ്മൾ ഇപ്പോൾ കുട്ടിയുടെ വീട്ടിൽ ചെന്നാൽ കുട്ടിയേയും എന്നേയും ആരും അറികയില്ല, നിശ്ചയം.”

അച്ഛൻ പറഞ്ഞതു് എല്ലാം സാവധാനത്തിൽ സൂക്ഷ്മതയോടെ കേട്ടശേഷം ശാരദ കുറഞ്ഞൊന്നു വിചാരിച്ചു. പിന്നെയും ചോദിക്കുന്നു.

ശാ:- എനിക്കൊന്നുകൂടി അച്ഛനോടു ചോദിപ്പാനുണ്ടായിരുന്നു. അതു് അച്ഛനെക്കുറിച്ചുതന്നെയാണ്. അച്ഛനും എനിക്കും വീടുകൾ വെവ്വേറെയാണോ. എന്താണ് അച്ഛൻ ”എന്റെ വീട്” എന്നു പറയുന്നതു്. അച്ഛനു വീടു വേറെ ഉണ്ടോ. ഉണ്ടെങ്കിൽ അതു് എവിടെയാണ്. അച്ഛനു വീട്ടിൽ ആരെല്ലാമുണ്ട് . ഇതും കൂടി എനിക്കു അറിവാൻ ആഗ്രഹമുണ്ടായിരുന്നു. എന്നോടു പറയുന്നതിൽ വിരോധമില്ലെങ്കിൽ പറഞ്ഞുതരണം.

രാ:- ഒരു വിരോധവുമില്ല. എന്റെ മകൾ അതും അറിഞ്ഞിരിക്കേണ്ടതാണ് . എന്റെ വീടു് നിന്റെ പൂഞ്ചോലക്കര എടമുള്ള രാജ്യത്തുനിന്നു ഒരു പതിനഞ്ചുകാതം തെക്കാണ്. ഞാൻ ജാതിയിൽ വളരെ യോഗ്യതയുള്ള ഒരു നായരാണ്. നിന്റെ ജാതിക്കു സമം തന്നെയാണ്. എന്നാൽ നിന്റെ വീട്ടിലേക്കു പ്രഭുത്വം ഉണ്ടാകകൊണ്ടു് എന്റെ ജാതിക്കാർ സമത്വമായി നടന്നുവരാറില്ല.

ശാ:- എന്താണ് അച്ഛാ പ്രഭുത്വം എന്നു വച്ചാൽ.

രാ:-രാജ്യം വാണു മനുഷ്യരെ ശിക്ഷാരക്ഷചെയ്തിരുന്നു മുമ്പുള്ള നിന്റെ കാരണവന്മാർ. ഇപ്പോൾ അതൊന്നുമില്ലെങ്കിലും ഈ അവസ്ഥ മുമ്പ് ഉണ്ടായിരുന്നതിനാൽ നിന്റെ തറവാട്ടിലേക്കു പ്രഭുത്വമുണ്ടെന്നു പറഞ്ഞതാണ്.

ശാ:- അതേ ഉള്ളു അല്ലേ. എന്റെ വീട്ടിൽ നിന്നു പതിനഞ്ചുകാതം ദൂരമാണ് അച്ഛന്റെ വീട്. പിന്നേയോ?

രാ:- ഞാൻ നിന്റെ അമ്മയേയും നിന്നെയും ഒഴികെ നിന്റെ വീട്ടിൽ ഉള്ള വേറെ ആരെയും കണ്ടിട്ടില്ല. ആ ദിക്കുകാർ ആരും എനിക്കു പരിചയക്കാരായും ഇല്ല. എന്റെ തറവാട്ട് വളരെ ദാരിദ്ര്യദശയിൽപ്പെട്ട തറവാടായിരുന്നു. എന്റെ അമ്മയും അച്ഛനും ഞാൻ ചെറിയ വയസ്സായിരിക്കുമ്പോൾ തന്നെ മരിച്ചു. എനിക്കു കൂടെ പ്പിറന്നവരായി ആരും ഇല്ല. വകയിൽ രണ്ടുമൂന്നു അമ്മാമന്മാർ ഉണ്ടായിരുന്നു. അവർക്ക് എന്നോടു സ്നേഹവും അഥവാ സ്നേഹം ഉണ്ടായിരുന്നുവെങ്കിൽതന്നെ എന്നെ രക്ഷിപ്പാനുള്ള ശക്തിയും ഉണ്ടായിരുന്നില്ല. എനിക്കു പതിന്നാലുവയസ്സു പ്രായമായിരുന്നപ്പോൾ ഞാൻ എന്റെ രാജ്യം വിട്ടു് ഇംഗ്ലീഷ് പഠിക്കണമെന്നുള്ള താല്പര്യത്താൽ തിരുവനന്തപുരം എന്ന രാജ്യത്തേയ്ക്കു പൊയ്ക്കളഞ്ഞു. അതിന്നശേഷം ഇതുവരെ എന്റെ വീട്ടുകാരുടെ വർത്തമാനം യാതൊന്നും ഞാൻ അറിഞ്ഞിട്ടില്ല. എന്റെ രാജ്യത്തേയ്ക്കും ഞാൻ കടന്നിട്ടില്ല.

ശാ:- എന്നിട്ടോ, അച്ഛൻ തിരുവനന്തപുരത്ത് പോയിട്ട് അമ്മയെ കണ്ടതുവരെയുള്ള വിവരങ്ങൾ കൂടി പറഞ്ഞുകേട്ടാൽ നന്നായിരുന്നു.
രാ:- ശരി. ഞാൻ തിരുവനന്തപുരത്ത് ഒരു വലിയ ഉദ്യോഗസ്ഥന്റെ കൂടെ താമസമായി. അദ്ദേഹത്തിന്ന് എന്നെ വളരെ താല്പര്യമായി. എന്നെ സ്കൂളിൽ അയപ്പിച്ച് കുറേ ഇംഗ്ലീഷ് പഠിപ്പിച്ചു. എനിക്കു ചിത്രമെഴുത്തിൽ വാസന തുടങ്ങി. അതിൽ മഹാനായ ഒരു വലിയ ഉദ്യോഗസ്ഥൻ എന്നെ ശീലിപ്പിച്ചു. കുറെ കാലം കഴിഞ്ഞപ്പോൾ ആ മനുഷ്യൻ മരിച്ചുപോയി. ആ കാലം എനിക്ക് എണ്ണച്ചായത്തിൽ സാമാന്യം നല്ലവണ്ണം ചിത്രം എഴുതുവാൻ ശീലമായിരുന്നു. എനിക്ക് അദ്ദേഹത്തിന്റെ മരണശേഷം യാതൊരാളും സഹായിപ്പാൻ ഇല്ലാതെ ആയതിനാൽ ഞാൻ തിരുവനന്തപുരം വിട്ട് വടക്കേ ഇൻഡ്യയിൽ സഞ്ചാരത്തിന് ആരംഭിച്ചു. അക്കാലം എനിക്ക് ഇരുപത്തേഴുവയസ്സ് പ്രായമാണ്. ചിത്രമെഴുത്തുകൊണ്ടുതന്നെ അഹോവൃത്തി കഴിച്ചു സഞ്ചരിച്ചു.അങ്ങിനെ ഒരു ആറേഴുകൊല്ലം സഞ്ചരിച്ചശേഷമാണ് അതിസുന്ദരിയും ബുദ്ധിമതിയുമായ നിന്റെ അമ്മയെ ഞാൻ കണ്ടെത്തിയത്. അതു മുതൽ ഉള്ള വിവരങ്ങൾ നിന്നോടു ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. ഇങ്ങനെയാണ് എന്റെ വർത്തമാനം മകളെ.
ശരദ ഈ വിവരങ്ങളെല്ലാം വളരെ ശ്രദ്ധയോടും ക്ഷമയോടും കേട്ട് ഒടുവിൽ ഒരു മന്ദഹാസത്തോടുകൂടി ഇങ്ങിനെ പറഞ്ഞു.
"എന്നാൽ അച്ഛനേയും എന്നെയും നമ്മടെ നാട്ടുകാർ ഇപ്പോൾ അറിവാൻ പ്രയാസം തന്നെ. നമ്മൾ അവിടെ പോയിട്ട് എന്തു ചെയ്യും. ഈ ശങ്കരൻ നമ്മളുടെ കൂടെ എപ്പോൾ വന്നുകൂടി അച്ഛാ. ശങ്കരനെ അച്ഛനും അമ്മയും സ്വന്തം മകനെപ്പോലെ കൊണ്ടുനടക്കുന്നുവല്ലോ. അവൻ നമ്മളുടെ ആരാണ്."
രാ:- ശങ്കരൻ. അവന് എട്ട് ഒമ്പതുവയസ്സു പ്രായമായപ്പോഴേ എനിക്കു തിരുവനന്തപുരത്തിൽവെച്ച് പരിചയമാണ്. അവൻ തിരുവനന്തപുരം രാജ്യക്കാരനാണ്. നല്ല ഒരു തറവാട്ടിൽ ഉള്ള കുട്ടിയാണ്. ബഹുബുദ്ധിമാനാണ്. അവന് വീട്ടിൽ നല്ല കോപ്പുണ്ട്. ചിത്രമെഴുത്തിൽ ഭ്രമിച്ച് എന്റെ കൂടെ ചാടിപ്പോന്നതാണ്. പിന്നെ ഇതുവരെ എന്നെ വിട്ടിട്ടില്ല. എനിക്കും കല്യാണിക്കും ശങ്കരനെ നിന്നെപ്പോലെ താല്പര്യമാണ്. എന്റെ കുട്ടിയോട് എന്നോളം വാത്സല്യമുണ്ട് ശങ്കരന്. അവനോടും അങ്ങോട്ടും എന്റെ കുട്ടി അതുപോലെ സ്നേഹമായിരിക്കണം. ശങ്കരൻ അതിബുദ്ധിമാനാണ് മകളെ. ഇംഗ്ലീഷ് അവൻ താനെ പഠിച്ചു കുറെ വില്പത്തി ഉണ്ട്. ചിത്രം സാമാന്യം നല്ലവണ്ണം എഴുതാൻ അറിയാം. വടക്കൻ ഭാഷകൾ പലതും ഞാൻ സംസാരിക്കുന്നതിലധികം നല്ലവണ്ണം സംസാരിക്കും. നമ്മൾക്കു ശങ്കരൻ വലിയ ഒരു സ്നേഹിതനും കൂറുള്ളവനും ആണ് മകളെ. അവൻ അതിബുദ്ധിമാനാകയാൽ അവന്റെ സ്നേഹത്തിനു നമ്മൾ വലിയ വില കൊടു

ക്കേണ്ടതാണ്. എന്റെ മകൾക്ക് എല്ലാവരുടേയും വിവരങ്ങൾ മനസ്സിലായല്ലോ. എനി ഞാൻ എന്റെ മകളോടും ഒരു കാര്യം ചോദിക്കട്ടെ. അതിന് ഉത്തരം പറയണം. എന്റെ മകൾക്കു നമ്മുടെ സ്വന്തം നാട്ടിൽ പോകണമെന്നോ അതല്ല, ഈ ദിക്കിൽ എങ്ങാൻ തന്നെ പാർക്കണമെന്നോ ആഗ്രഹം.

ശാ:-അച്ഛനു എങ്ങിനെയാണ് ഇഷ്ടം എന്നുവച്ചാൽ അങ്ങിനെ തന്നെയാണ് എന്റെ ഇഷ്ടവും. അച്ഛൻ എവിടെ പാർക്കുന്നുവോ അവിടെ പാർക്കാനാണ് എനിക്കും ആഗ്രഹമുള്ളത്.

എന്നാൽ അച്ഛനു യാതൊരു സഹായവുമില്ലാതെ ഇവിടെ പാർക്കുന്നതിനേക്കാൾ നല്ലത് എനി നമ്മളുടെ രാജ്യത്തേക്കുതന്നെ പോവുന്നതല്ലേ എന്ന് എനിക്കു തോന്നുന്നു.എനിക്കു വീടുണ്ടെങ്കിൽ നമ്മൾക്ക് അവിടെ പാർക്കരുതെ. അതിനെ എന്താണു വിരോധം. അല്ലെങ്കിൽ അച്ഛന്റെ വീട്ടിൽ നമ്മൾക്കു രണ്ടാൾക്കും കൂടെ പോയി താമസിക്കരുതെ. എവിടെയായാലും എനിക്ക് അച്ഛന്റെ കൂടെ താമസിക്കണം. അതു മാത്രമെ ആഗ്രഹമുള്ളു.

രാമൻമേനോൻ കുട്ടിയുടെ വാക്കുകൾ കേട്ടു സന്തോഷിച്ചു. പിന്നെയും ദീർഘാലോചനയിലായി. ഇങ്ങനെ രാമേശ്വരത്തിൽ രാമൻമേനോൻ ആലോചനയിൽ തന്നെ ദിവസങ്ങൾ കഴിക്കുന്ന കാലം ഒരു ദിവസം ശങ്കരൻ ഒരു തെരുവിൽക്കൂടി നടക്കുമ്പോൾ ദൈവഗത്യാ ഒരു പട്ടരെ കണ്ടെത്തി. അയാളുടെ മുഖം മുൻപു കണ്ട് നല്ല പരിചയമുള്ളതുപോലെ തോന്നി. ശങ്കരൻ കുറെ അടുത്തു ചെന്നു കുറെക്കൂടെ സൂക്ഷിച്ചുനോക്കി.

ശങ്കരൻ:- സ്വാമീ, നിങ്ങളുടെ പേരു വൈത്തിപ്പട്ടർ എന്നല്ലേ?

വൈ : - എന്താണു ശങ്കരാ; നീ എങ്ങിനെ ഇവിടെ എത്തിച്ചേർന്നു. കല്ല്യാണിയമ്മയും രാമൻമേനോനും ഏതു രാജ്യത്താണു. ഇപ്പോൾ രാമൻമേനോൻ പണം കുറെ സമ്പാദിച്ചുവോ? നീ എന്തിനു അവരെ വിട്ടുപോന്നു. നിനക്കു സമ്പാദ്യം വല്ലതും ഉണ്ടായോ?

ശ:- അമ്മ മരിച്ചുപോയി. ഇന്നേക്കു ഇരുപതു ഇരുപത്തഞ്ചു ദിവസം മുമ്പെ ഇവിടെ വച്ചു തന്നെയാണു മരിച്ചത്. എജമാനൻ ഇവിടെ ഉണ്ടു. ഇതാ ആ കാണുന്ന സത്രത്തിൽ ഒരു സ്ഥലം ഒഴിച്ചു വാങ്ങി പാർക്കുന്നു. അദ്ദേഹത്തിനു കല്യാണിഅമ്മയിൽ ഉണ്ടായ ഒരു മകളും കൂടെ ഉണ്ട്. നിങ്ങൾക്കു എജമാനനെ കാണണ്ടേ?

ഈ വൈത്തിപ്പട്ടരെ കുറിച്ചു ഈ കഥയിൽ എനി പലേ സ്ഥലങ്ങളിലും ചില മുഖ്യമായ സംഗതികളെ സംബന്ധിച്ചു പറയേണ്ടി വരുന്നതിനാൽ ഇയ്യാളുടെ സ്ഥിതിയെ കുറിച്ചു അല്പം ഇവിടെ പ്രസംഗിക്കേണ്ടി വന്നിരിക്കുന്നു.

ഇയാൾ ചെറുപ്പം മുതൽ പൂഞ്ചോലക്കര എടത്തിലെ ഒരു ആശ്രിതനായിരുന്നു.

തെക്കൻ ചരക്കു കച്ചോടത്തിലും മറ്റും ഒരു നാലഞ്ചായിരം ഉറുപ്പികയുടെ സ്വത്ത് സമ്പാദിച്ചിരിക്കുന്നു. അങ്ങിനെ ഇരിക്കുമ്പോഴാണു ഇയാൾ കല്യാണി അമ്മയുടെ ആവശ്യപ്രകാരം ആ അമ്മയുടെ കൂടെ കാശിക്കു ചാടിപ്പോയത്. കൂടെപ്പോയതു ദ്രവ്യാഗ്രഹത്തിന്മേലാണു. പക്ഷെ തന്റെ ആലോചനകൾ സഫലമായിട്ടില്ല. രാമൻമേനോനും കല്യാണിഅമ്മയും ഭാര്യാഭർത്താക്കന്മാരുടെ നിലയിൽ ആയി കുറെ കഴിഞ്ഞശേഷം ഇയാൾ മടങ്ങി സ്വരാജ്യത്തിലേക്കു തന്നെ പോന്നു. മടങ്ങിവന്നശേഷം പൂഞ്ചോലക്കര എടത്തിലും അതിനു സമീപമുള്ള സ്ഥലങ്ങളിൽ എങ്ങും ഇയാൾക്ക് പൂഞ്ചോലക്കര അച്ഛന്റെ ദ്വേഷത്താൽ ഇരിപ്പാൽ നിവൃത്തി ഇല്ലാതെയായി, സ്വന്തഗ്രാമത്തിൽ തന്നെ പാർപ്പായി. പണ്ടു സമ്പാദിച്ച സ്വത്തുകൊണ്ട് സന്ധിച്ചു ചിലവു കഴിച്ചുവന്നു. ഈയാൾ കാഴ്ചയിൽ വളരെ വിരൂപനായിരുന്നു. ദേഹം കറുത്ത മഷിയുടെ വർണ്ണം. പിൻകുടുമ നരച്ച ഒരു എലിവാൽ പോലെ അൽപ്പം ഇരിപ്പുണ്ട്. മുഖം അതിവിരൂപം എന്നുതന്നെ പറവാനുള്ളൂ. വാർദ്ധക്യത്താൽ പല്ലുകൾ കൊഴിഞ്ഞു പൊയ്പ്പോയതു കഴിച്ച് രണ്ടുനാലെണ്ണം മാത്രം വായിൽ ഒതുങ്ങാത്ത വിധം നീണ്ട് വൈത്തിപ്പട്ടർക്കും കാണുന്നവർക്കും ഒരുപോലെ സങ്കടത്തെ ജനിപ്പിക്കുന്നവിധം മ്ലേച്ഛമായ സ്ഥിതിയിൽ നിൽക്കുന്നുണ്ട്. കണ്ണുകൾ സ്വഭാവേന അകത്തോട്ടു വലിഞ്ഞു അശേഷം പ്രകാശമില്ലാതെ ഇരുന്നുവെങ്കിലും എടയ്ക്കിടെ മിഴികൾക്ക് സർപ്പദൃഷ്ടിപോലെ ഒരു വിഷമചേഷ്ട ഉണ്ടായിരുന്നു. വല്ല സാധനത്തേയും സൂക്ഷ്മമായി നോക്കുമ്പോഴും വല്ലതും ശുഷ്കാന്തിയോടെ സംസാരിക്കുമ്പോഴും മനസ്സു കൊണ്ടു വല്ലതും ആലോചിക്കുമ്പോഴും മനസ്സിൽ വല്ല വ്യസനമോ ആശ്ചര്യമോ സന്തോഷമോ ഉണ്ടാവുമ്പോഴും ഉള്ളിലോട്ടു വലിഞ്ഞു കുണ്ടിൽ കിടക്കുന്ന ഈ കണ്ണുകൾ മുന്നോട്ടു ഉറിച്ചുവന്ന് വലുതായ മിഴികൾ രണ്ടും നാസികയുടെ രണ്ടു ഭാഗവും തൊട്ടുകൊണ്ട് നിശ്ചലങ്ങളായി അധോമുഖങ്ങളായി നിൽക്കും. പ്രകൃതിയിൽ ലേശം ജീവനില്ലാത്ത വൈത്തിപ്പട്ടരുടെ ഈ കണ്ണുകൾക്ക് ഇങ്ങനെ ഒരു വികൃതി ഉണ്ടായിരുന്നു. ഈ സർപ്പദൃഷ്ടി ഉണ്ടാകുന്ന സമയങ്ങളിൽ വൈത്തിപ്പട്ടരുറ്റെ മുഖം അത്യന്തം രൂക്ഷമായും രൗദ്രമായും ഇരുന്നു. മുഖത്തേക്കു നോക്കിയാൽ ഭയം തോന്നും. ഒരു സർപ്പം ഫണം ഉയർത്തി അതിക്രോധത്തോടെ കടിപ്പാൻ ഭാവിക്കുന്നതുപോലെ തോന്നും. എന്നാൽ വൈത്തിപ്പട്ടരുടെ കണ്ണുകളുടെ ഈ വികൃതചേഷ്ട ക്രോധത്തിൽ മാത്രമല്ല ഉണ്ടാവാറ്. സന്തോഷത്തിലും സന്താപത്തിലും ഉണ്ടാവും. എന്നുവേണ്ട ഇയാൾക്കു മനസ്സിന്നുള്ള സാധാരണ സമഗതിക്ക് ഒരു ലേശം ഭേദം വന്നാൽ സർപ്പദൃഷ്ടിയായി. അതുകൊണ്ട് അധികം സമയവും സർപ്പദൃഷ്ടിയിൽ തന്നെയാണ് ഇയാളുടെ മിഴികൾ നിൽക്കുമാറ്. ശരീരം കൃശമായി അകത്തോട്ടു വളഞ്ഞു കത്തിക്കരിഞ്ഞ ഒരു വിറകിൻ

കൊള്ളിപോലെ ഇരുന്നു. ആകെപ്പാടെ പട്ടരുടെ ആകൃതി ഒരു പിശാചിന്റെ ആകൃതിയെന്നു തന്നെ പറയാം. ശങ്കരൻ കണ്ടപ്പോൾ ഇദ്ദേഹം സ്നാനത്തിനു പോകയായിരുന്നു.

ശങ്കരൻ മേല്പ്രകാരം പറഞ്ഞ ഉടനെ വൈത്തിപ്പട്ടർ കലശലായി ഒരു സർപ്പദ്ര ഷ്ടി ഇട്ടു. വൈ:- ഓ ഹൊ, കല്യാണി അമ്മ മരിച്ചുപോയോ, രാമന്മേനോൻ ഇനി എന്താണ് ഭാവം. എങ്ങോട്ടു പോവുന്നു?

ശ:-ആ സംഗതിയെക്കുറിച്ച് എനിക്ക് ഒന്നും നിശ്ചയമില്ല. സ്വാമി അങ്ങോട്ടു വരുന്നില്ലേ, യജമാനനെ കാണണ്ടേ?

വൈ:-രാമൻ മേനോൻ ദ്രവ്യം കുറെ സമ്പാദിച്ചുവോ? എന്തുണ്ട് കോള് കയ്യിൽ. വെറുതെ ഈ രാമേശ്വരത്ത് പാർത്തിട്ട് എന്താണ് കാര്യം. ഞാൻ സ്നാനത്തിനു വന്നിട്ട് ഇന്നേക്ക് അഞ്ച് എട്ട് ദിവസമായി. ഞാൻ സ്നാനവും മറ്റും കഴിഞ്ഞു നാളെയോ മറ്റന്നാളോ നാട്ടിലേക്കു മടങ്ങുന്നു. രാമൻ മേനോൻ വരുന്നു എങ്കിൽ നോക്ക് ഒന്നിച്ചുപോവാല്ലോ. രാമൻ മേനോന്റെ കയ്യിൽ എന്തുണ്ട്. വളരെ പണമുണ്ടോ?

ശ:- അത് അദ്ദേഹത്തോട് ചൊദിച്ചാലല്ലാതെ എങ്ങനെയറിയുവാൻ കഴിയും. നിങ്ങൾ അങ്ങോട്ടു വരുന്നുണ്ടെങ്കിൽ മലയാളത്തിലേക്കു പോവുന്നതിനെക്കുറി ച്ചും മറ്റും നിശ്ചയിക്കാമല്ലോ. ഞാൻ ഇപ്പോൾ പോകട്ടെ, എന്നു പറഞ്ഞു ശങ്കരൻ നടന്നു. അപ്പോൾ.

വൈ:-(ചൂണ്ടിക്കാണിച്ചുകൊണ്ട്) ഏത് സത്രത്തിലാണ്. ആ ചെങ്കല്ലു കെട്ടിയ മാളികയായ സത്രത്തിലോ.

ശ:- അതെ.

വൈ:-മുമ്പ് ഞങ്ങളുടെ കൂടെ വന്ന കൃഷ്ണൻ ഇപ്പോൾ കൂടെ ഉണ്ടോ?

ശ:- ഉണ്ട്.

വൈ:-അവനോട് ഒന്ന് ഇത്രത്തോളം വരാൻ പറയുമോ?

ശ:-അവനവിടെ പണിത്തിരക്ക് ഒന്നും ഇല്ലെങ്കിൽ വരാൻ പറയാം എന്നും പറഞ്ഞ് ശങ്കരൻ വേഗം നടന്നു.

പട്ടർ ക്ഷണത്തിൽ വളരെ എല്ലാം മനസ്സുകൊണ്ട് ആലോചിച്ചു. ആലോചന മുറുകിയപ്പോൾ അഞ്ചാറു പ്രാവശ്യം സർപ്പദ്രഷ്ടിയും ഉണ്ടായി. കുളിക്കുന്നതിനു മുമ്പുതന്നെ രാമൻ മേനോനെ ഒന്നു കാണണമെന്നു നിശ്ചയിച്ചു. ശങ്കരൻ കാണിച്ചുകൊടുത്ത സത്രത്തിലേക്കായി തന്നെ പതുക്കെ നടന്നു. അപ്പോഴേയ്ക്കും ശങ്കരൻ സത്രത്തിൽ എത്തി. പട്ടരെ കണ്ട വിവരം രാമൻ മേനോനോടു പറഞ്ഞു. "പട്ടരെ എന്തുകൊണ്ട് കൂട്ടിക്കോണ്ടു വന്നില്ലാ" എന്നു രാമൻ മേനോൻ കുറെ ദേ ഷ്യത്തോടെ ചോദിച്ചതിന് "ഞാൻ വരാൻ പറഞ്ഞു. കൃഷ്ണനെ അങ്ങോട്ടയയ്ക്കാൻ

വൈത്തിപ്പട്ടരു് പറഞ്ഞു. പട്ടർ വരുമെന്നു തോന്നുന്നു". എന്നു മറുപടി പറഞ്ഞു. രാമന്മേനോൻ ഉടനെ അടുക്കെ നിന്നിരുന്ന കൃഷ്ണനെ വിളിച്ച് "നീ ഓടിപ്പോയി നോക്കു്, വൈത്തിപ്പട്ടർ ആ കടവിൽ എങ്ങാനും ഉണ്ടായിരിക്കും. ഉണ്ടെങ്കിൽ നിന്റെ ഒന്നിച്ചു കൂട്ടിക്കൊണ്ടുവാ. വേഗം വരണം." എന്നു പറഞ്ഞയച്ചു.

കൃഷ്ണൻ ഓടിപ്പോയി. കുറെ ഓടിയപ്പോൾ വൈത്തിപ്പട്ടർ അഭിമുഖമായി വരുന്നതു കണ്ടു.

വൈ:-എന്താണു കൃഷ്ണാ? കല്യാണിയമ്മ മരിച്ചുപോയി ഇല്ലേ? ആ സ്ത്രീയുടെ കയ്യിൽ കുറെ പണ്ടങ്ങൾ ഉണ്ടായിരുന്നതു് എല്ലാം പോയോ, അല്ല രാമൻ മേനോൻ വശം ഉണ്ടോ?

കൃ:-പണ്ടങ്ങൾ ഒന്നും പോയിട്ടില്ല.എജമാനന്റെ പക്കൽ വളരെ പണ്ടങ്ങൾ അതു കൂടാതെ ഉണ്ടല്ലോ. സ്വാമി പോന്നതിൽപ്പിന്നെ യജമാനൻ വളരെ പണം സമ്പാദിച്ചു വലിയ കോപ്പുകൂട്ടിയിരിക്കുന്നു. നാട്ടിൽ പോയി വീടും മറ്റും അതികേമമായി പണിയിച്ചുതാമസിക്കണം എന്നതായിരുന്നു വിചാരം. അപ്പോഴേക്കു് അമ്മ മരിച്ചു. എനി അങ്ങോട്ടു പോകുന്നുവോ എന്നറിഞ്ഞിട്ടില്ല. എനിക്കു് എന്റെ വീട്ടിൽ പോയാൽ കൊള്ളാമായിരുന്നു. സ്വാമി അല്ലേ എന്നെ ഈ കുടുക്കിൽ ആക്കിവെച്ചതു്. എനിയെങ്കിലും പറഞ്ഞു് വല്ലതും വാങ്ങിത്തന്നു് എന്നെ നാട്ടിലേക്കു് അയച്ചുതന്നാൽ നന്നായിരുന്നു.

വൈ:-എന്താണു് നല്ല കോപ്പുണ്ടോ. എത്ര ഉറുപ്പികയ്ക്കു ആസ്തി ഉണ്ടാവും. എല്ലാം കയ്യടക്കമായി കൂടെത്തന്നെ കൊണ്ടുനടക്കുന്നുവോ?

കൃ:-ഒക്കെ കയ്യിൽതന്നെ. നോട്ടായിട്ടും പണമായിട്ടും പണ്ടമായിട്ടും അമ്പതു് അറുപതിനായിരം ഉറുപ്പിക കയ്യിൽ ഉണ്ടു്. അതുകൂടാതെ വളരെ പണം പലിശയ്ക്കു കൊടുത്തിട്ടുമുണ്ടു്. വടക്കു് ഓരോ കച്ചേരികളിലും പലിശയ്ക്കു കൊടുത്തിട്ടുമുണ്ടു്. മൂപ്പർക്കു കണ്ണിൽ ദീനമാണു്. കണ്ണിന്നു നല്ല കാഴ്ചയില്ല.

വൈ:-സത്യമായിട്ടു് അമ്പതു് അറുപതിനായിരം ഉറുപ്പിക കയ്യിലുണ്ടോ?

കൃ:-ഉണ്ടു്. സംശയമില്ല. ഒരു പെൺകുട്ടിയുണ്ടു്. ശാരദ എന്നാണു പേരു്.

വൈ:-കണ്ണിന്നു് ഉപദ്രവം നന്നെ ഉണ്ടോ. ആളെ കണ്ടാൽ അറികയില്ലെ?

കൃ:-ആളെ അടുത്തു കണ്ടാൽ സാമാന്യം തിരിയും. ദൂരത്തു് ഉള്ളതു് യാതൊന്നും കാണുകയില്ല. നടക്കുന്നതു വടി കുത്തീട്ടാണു്. സകല കാര്യങ്ങളും ശങ്കരമേനോനാണു നടത്തുന്നതു്. പണവും മറ്റും ശങ്കരമേനോനാണു് സൂക്ഷ്മം. വൈ:-കുട്ടിക്കു് എത്ര വയസ്സായി?

കൃ:-പത്തു പതിനൊന്നായി. കല്യാണിഅമ്മയെപ്പോലെ തന്നെയാണു് കണ്ടാൽ.

വൈ:-നീ വാ. ഞാനും വരാം. ഞാൻ അദ്ദേഹത്തിനെ ഒന്നു കണ്ടു കളയാം.

കൃ:-നിങ്ങളെ വിളിക്കാൻ പറഞ്ഞു മൂപ്പരു്. ഒന്നിച്ചു കൂട്ടിക്കൊണ്ടു വരാഞ്ഞിട്ടു്

ശങ്കരമേനോനോടു ശണ്ഠയിട്ടു.

വൈത്തിപ്പട്ടര് "അങ്ങിനെയൊ" എന്നു ചോദിച്ചു. മനസ്സിനു ഓരോ സ്തോഭങ്ങൾ ഉണ്ടാവുമ്പോൾ ഒക്കെയും ഓരോ സർപ്പദൃഷ്ടി ഇട്ടുംകൊണ്ടും രാമൻ മേനോന്റെ കയ്യിലുള്ള പണത്തിന്റെ സ്ഥിതിയെയും മറ്റും ഓർത്തുകൊണ്ടും സത്രത്തിലേക്കായി വേഗം നടന്നു.

സത്രത്തിൽ ചെന്നു കയറുമ്പോൾ രാമൻ മേനോൻ സത്രത്തിലെ കോലായിൽ ഒരു പരവതാനിയിൽ തന്റെ മകളോടു കൂടി ഇരിക്കുന്നതു കണ്ടു. രാമൻമേനോൻ കണ്ടാൽ നല്ല സുമുഖനാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഇപ്പോൾ ഏകദേശം അൻപതു വയസ്സായിരുന്നുവെങ്കിലും തൽക്കാലമായി ഉണ്ടായ കഠിന വ്യസനത്താൽ ഉള്ള ക്ഷീണമല്ലാതെ ദേഹകാന്തിക്ക് അശേഷം കുറവു വന്നിട്ടില്ല. ഈ രാമന്മേനോൻ വളരെ നിർമ്മലമായ മനസ്സുള്ളാളായിരുന്നു. നല്ല ബുദ്ധിമാനും ആയിരുന്നു. എന്നാൽ ചിലപ്പോൾ മനസ്സിന്റെ നൈർമ്മല്യതയുടെ ആധിക്യത്താൽ സാമർത്ഥ്യക്കുറവ് വാക്കുകളിലും പ്രവൃത്തികളിലും വന്നുപോകാറുണ്ട്. ഇംഗ്ലീഷ് സാമാന്യം നല്ലവണ്ണം സംസാരിക്കാം. വടക്കുരാജ്യത്ത് അധികം കാലം താമസിച്ചതിനാൽ ഹിന്ദുസ്ഥാനി, മാറാട്ടി, ബങ്കാളി മുതലായ ഭാഷകൾ അദ്ദേഹത്തിനു വിശേഷമായി സംസാരിക്കാം. പലേ രാജ്യങ്ങളിലും സഞ്ചരിച്ച് ഇദ്ദേഹത്തിനു നല്ല അറിവും വെളിവും വിശാലതയും ഉണ്ടായിരുന്നു.

വൈത്തിപ്പട്ടര് സത്രത്തിന്റെ കോലായിൽ കയറി രാമന്മേനോന്റെ സമീപത്തിൽ എത്തി. ശാരദ ഈ മരണദേവതയുടെ സ്വരൂപം കണ്ട് ഒന്നു ഞെട്ടി. അച്ഛന്റെ അടുക്കലേക്കു കുറെക്കൂടി അടുത്തു ഇരുന്നു. പട്ടര് അടുക്കെ എത്തിയപ്പോൾ രാമന്മേനോൻ കണ്ടു തിരിച്ചറിഞ്ഞു. "അവിടെ ഇരിക്കിൻ സ്വാമി" എന്നു പറഞ്ഞു.

വൈത്തിപ്പട്ടര് അവിടെ ഇരിക്കാതെ മാറത്ത് ഒന്നു തല്ലി കഠിനമായി ഒരു സർപ്പദൃഷ്ടി ഇട്ടു. എന്നിട്ടു ഒരു നിലവിളി. അതു കഴിഞ്ഞശേഷം. വൈ:- എന്റെ എജമാനനെ ഈ ആപത്തിൽ ഞാൻ കാണാൻ ഇടയായല്ലൊ. ഈശ്വരാ ! എന്റെ കല്യാണിഅമ്മ മരിച്ചുപോയല്ലോ. ഞാൻ ആ അമ്മയ്ക്ക് സഹായം ചെയ്കനിമിത്തം ഇന്നും ദരിദ്രനായി ഒരു ഗതിയുമില്ലാതെ നടക്കുന്നു. പൂഞ്ചോലക്കര അച്ചൻ എന്നെ ആട്ടിക്കളഞ്ഞു. എനിക്ക് ഇപ്പോൾ അഹോവൃത്തിക്ക് ഒരു മാർഗ്ഗവും ഇല്ലാതായി. ഏഴെട്ടു കുട്ടികളും ഞാനും പട്ടിണിയായി കാലം കഴിക്കുന്നു. എജമാനനെ, ഈശ്വരാ ! ആ അമ്മ ഇപ്പോൾ ഇരുന്നിരുന്നുവെങ്കിൽ എനിക്കും എത്ര ഗുണമുണ്ടായിരുന്നു. എന്റെ ദാരിദ്ര്യം നീങ്ങഉമായിരുന്നല്ലോ. എജമാനന് എന്താണ് കൊറവ്. മഹാഭാഗ്യശാലി ഒന്നാന്തരം തങ്കക്കട്ടപോലെ ഒരു മകളേ കല്യാണി അമ്മ തന്നിരിക്കുന്നു. അമ്മു ശാരദേ , അമ്മയെക്കുറിച്ച

വ്യസനിക്കരുതേ, എന്നു പറഞ്ഞ് പട്ടരു പിന്നെയും കുറെ കരഞ്ഞു.

രാ :-നിങ്ങൾ ഇരിക്കിൻ സ്വാമി.

വൈ:-വേണ്ട , എജമാനനെ ഞാൻ ഇവിടെ നില്ക്കാം.

രാ:-വേണ്ട , ഇരിക്കിൻ എന്നു പറഞ്ഞു തിരക്കിയതിന്റെ ശേഷം പട്ടര് പതുക്കെ ഇരുന്നു.

രാ:-നിങ്ങളെ ഇപ്പോൾ കണ്ട് എത്തിയത് എന്റെ ഭാഗ്യം.

വൈ: എന്റെ ഭാഗ്യം. എജമാനനെ. എന്റെ ഭാഗ്യം. എന്റെ ഭാഗ്യം തന്നെ , എജമാനന് എന്തു ഭാഗ്യമാണ് ഞാൻ നിമിത്തം വരുവാനുള്ളത്. മഹാ ഭാഗ്യശാലിയായ എജമാനനെ കണ്ടത് എന്റെ ഭാഗ്യം. എന്റെ സുകൃതം തന്നെ. എന്റെ കുട്ടികളുടെ ഭാഗ്യം. എജമാനനേ കുട്ടികളുടെ ഭാഗ്യം. രാമേശ്വരസ്നാനത്തിനു വന്നതിനാൽ സ്വാമി എനിക്കു സഹായിച്ചു. എന്തിന് ഇവിടെ വെറുതെ താമസിക്കുന്നു. ഈ തങ്കക്കുട്ടിയെ ഈ ദിക്കിൽ ഇനി ഒട്ടും താമസിപ്പിച്ചുകൂടാ. ഉടനെ നമ്മടെ രാജ്യത്തേക്കു പോണം. ഞാൻ കൂടെത്തന്നേ വരാം. ഞാൻ ഇവിടെയെത്തിട്ട് എട്ടൊൻപതു നാളായി. സ്നാനവും മറ്റും കഴിഞ്ഞ് ഇന്ന് ഉച്ചതിരിഞ്ഞു പുറപ്പെടേണമെന്നു വിചാരിച്ചിരുന്നു. അപ്പൊഴെക്കാണ് ശങ്കരനെ കണ്ടത്. എജമാനൻ എനി ഇവിടെ എന്തിനായിട്ടു താമസിക്കുന്നു.

രാ:- എങ്ങോട്ടാണു പോകേണ്ടത് എന്നു ഉറച്ചില്ലാ. അതുകൊണ്ടു മാത്രം താമസിക്കുന്നതാണ്.

വൈ:- എന്താണ് നമ്മൾക്കു നമ്മടെ നാട്ടിൽ തന്നെ പോവരുതെ. പണമുണ്ടായാൽ എവിടെയാണ് എജമാനനെ സുഖമായി കഴിഞ്ഞു കൂട്ടുന്നതിന്നു വിരോധം. പിന്നെ ശാരദയ്ക്കു യോഗ്യനായ ഒരു. ഭർത്താവു വരണ്ടെ. ഈ പൊട്ടരാജ്യത്ത് ഇരുന്ന് ഇതെല്ലാമങ്ങിനെ നിവൃത്തിക്കും. ഉടനെ നാട്ടിലേക്കു പോകണം. അതിനു സംശയമുണ്ടോ.

രാ:- ഏതു നാട്ടിലേയ്ക്ക് , നാട് ഏതാണ് , ഞങ്ങൾക്ക് ഇപ്പോൾ പ്രത്യേകതയുള്ളത് , അതു പറയിൻ.

വൈ:- മലയാളരാജ്യംതന്നെ. പൂഞ്ചോലക്കര എടത്തിലേക്ക് ഇപ്പോൾ പോവണമെന്നു ഞാൻ പറയുന്നില്ല. എജമാനന്റെ നാട്ടിലേക്കും പോവരുതെ ? തൽക്കാലം എന്റെ ഗൃഹത്തിൽതന്നെ താമസിക്കാമല്ലോ. എന്റെ രാജ്യത്തു പോയിട്ടു പിന്നെ വിചാരിച്ചു നിശ്ചയിച്ചു ശാരദയുടെ നാട്ടിലേക്കൊ യജമാനന്റെ നാട്ടിലേക്കോ പോവാമല്ലോ.

രാ:-പൂഞ്ചോലക്കര എടത്തിലേക്കു പോയാൽ എന്താണു വിരോധം. ശാരദയുടെ വീട് അല്ലേ അത് ?

വൈ:-അതെ എജമാനനെ. അതെ. ശാരദയുടെ വീട്ടു തന്നെ എന്നാൽ ആ

തരത്തിലുള്ളവരെല്ലാം വളരെ വികൃതികളാണ്.

ഇതു പറഞ്ഞപ്പോൾ രാമൻമേനോൻ പതുക്കെ ഇരുന്ന ദിക്കിൽ നിന്ന് എഴുന്നേറ്റു ശങ്കരനെ വിളിച്ചു ശാരദയ്ക്കു ഭക്ഷണം കൊടുപ്പാൻ കല്പിച്ചു. "ഞാൻ വേഗം ഇദ്ദേഹത്തിനെ അയച്ചു വരാം. മകളെ അമ്മു ഊണു കഴിച്ചോളൂ " എന്നു ശാരദയോടു പറഞ്ഞ് അകത്തേക്കയച്ചശേഷം പട്ടരോടുകൂടി സത്രത്തിലെ മുറ്റത്തിറങ്ങി ഒരു വൃക്ഷത്തണലിൽ രണ്ടുപേരും കൂടി പോയി നിന്നു.

രാ:- ഞാൻ പൂഞ്ചോലക്കര എടത്തിലുള്ള വർത്തമാനങ്ങൾ എന്റെ ഭാര്യ ചില സമയങ്ങളിൽ പറഞ്ഞറിഞ്ഞതല്ലാതെ വേറെ യാതൊന്നും അറിയില്ല. കല്യാണി ആ ദിക്കുവിട്ടു പോന്നിട്ടു തന്നെ ഇപ്പോഴെയ്ക്ക് പതിനഞ്ചു പതിനാറു കൊല്ലങ്ങളായി. എനിക്കു എടത്തിലെ ഇപ്പോഴത്തെ സ്ഥിതിയെയും വർത്തമാനങ്ങളേയും കുറിച്ചു വിവരമായി അറിവാൻ ആഗ്രഹമുണ്ട്. വിവരമായി പറയിൻ , കേൾക്കട്ടെ.

വൈ:- വിവരമായി പറയാം. എജമാനൻ കല്പിച്ച പ്രകാരം പറയാം. ഞാൻ പൂഞ്ചോലക്കര എടത്തിലുള്ള ഉണ്ണിമാരെപ്പോലെ തന്നെ ആ എടത്തിൽ വളർന്ന ഒരുവനാണ്. എന്നെപ്പോലെ അവരുടെ വർത്തമാനം നിശ്ചയമുണ്ടായിട്ട് ആരും ഇല്ല. എജമാനനവർകളുടെ ഭാര്യയോടുകൂടി ഞാൻ പുറപ്പെട്ടു പോന്നതുവരെ എനിക്ക് ആവരുടെ ചോറായിരുന്നു പൂഞ്ചോലക്കര എടത്തിൽ ഞാൻ കാണുന്ന കാലം.

രാ:- അത്ര പഴയ കഥ വേണ്ട , ഇപ്പോഴത്തെ സ്ഥിതി കേട്ടാൽ മതി. വൈ :- പൂഞ്ചോലക്കര എടം മഹാപ്രസിദ്ധമായ ഒരു തറവാടാണ്. ഇപ്പോൾ ആ തറവാട്ടിലേക്ക് ഒരു ലക്ഷം പറയ്ക്കു മീതെ നെല്ലു മിച്ചവാരമായിത്തന്നെ വരുവാനുണ്ട്. പറമ്പുകളിൽനിന്നുള്ള കാലാനുഭവവും മലവാരവും മറ്റുംകൂടി ഒരു അമ്പതിനായിരം ഉറുപ്പികയിൽ ചുരുങ്ങാതെ ഒരു കൊല്ലത്തിൽ വരവുണ്ട്. ചിലവും അങ്ങിനെതന്നേ. എടത്തിൽ നേമം ഉള്ളതിനു പുറമേ നാലു ഊട്ടുപുരകളുണ്ട്. യജമാനനെ, നാല് ഊട്ടുപുരകളിൽ നിത്യം ബ്രാഹ്മണർക്കു സുഖമായി ഭക്ഷണം കൊടുക്കുന്നു. അതിയായ സമ്പത്തുള്ള ഒരു എടമാണ്.

രാ:-ഇപ്പോഴത്തെ അച്ചൻ ആരാണ്. എന്താണ് നിങ്ങൾ അവിടെയുള്ള ആളുകൾ എല്ലാം വികൃതികളാണെന്നു പറഞ്ഞത്.

വൈ:- പറയാം എജമാനനെ , പറയാം. എജമാനനവർകളെഞാൻ സകല വിവരങ്ങളും പറഞ്ഞു ധരിപ്പിക്കാം. ഇപ്പോഴത്തെ അച്ചനു പേരു കോപ്പുണ്ണിഅച്ചൻ എന്നാണ്. അവിടെയുള്ള അനന്തരവന്മാരെയെല്ലാം "ഉണ്ണിമാരു" എന്നാണു വിളിച്ചുവരുമാറ്. കോപ്പുണ്ണിഅച്ചന് ഇപ്പോൾ അമ്പത് അമ്പത്തഞ്ചുവയസ്സായി. മഹാ ദുഷ്ടനാണ്. ഇത്ര ദയ ഇല്ലാത്ത ഒരാളെ ഞാൻ കണ്ടിട്ടില്ല. അനന്തരവന്മാര്

പ്രാപ്തിയായവര് അഞ്ചുപേര് ഉണ്ട്. ഒന്നാമതു രാഘവനുണ്ണി , രണ്ട് കേശവനുണ്ണി , ഇവര് രണ്ടുപേരും വലിയച്ചന്റെ നേരെ അനുജന്മാരാണ്. മൂന്നു കൃഷ്ണനുണ്ണി , ഇയാൾ വലിയച്ഛന്റെ എളയമ്മയുടെ മകനാണ്. നാല് കേശവനുണ്ണി. അഞ്ച് ഗോവിന്ദനുണ്ണി. ഇവരു വലിയച്ചന്റെ നേരെ അനന്തരവന്മാരാണ്. കുടുംബം ഇനി ശാരദതന്നെയുള്ളു എന്നു പറയാം. കോപ്പുണ്ണി വലിയച്ഛന്റെ നേരെ സഹോദരി ഇക്കാളിഅമ്മയുടെ മകളായിട്ട് കുഞ്ചുക്കുട്ടിഅമ്മ എന്ന ഒരു സ്ത്രീയുണ്ട്. ഇരുപ ത്താറു വയസ്സായി. ചേലക്കരനമ്പൂരിപ്പാടാണ് ബാന്ധവം. ഇങ്ങിനെയാണ് കുടുംബത്തിന്റെ സ്ഥിതി.

രാ:-ഈ മരുമക്കൾ ഉണ്ണിമാർക്കെല്ലാം ഗൃഹസ്ഥവൃത്തി തന്നേ ആയിരിക്കും അല്ലേ ?

വൈ:- അതെ , ഗൃഹസ്ഥവൃത്തി തന്നെ , ഗോവിന്ദനുണ്ണി ഒഴികെ എല്ലാവർ ക്കും ഗൃഹസ്ഥവൃത്തിതന്നെ. ഗോവിന്ദനുണ്ണി ഇംഗ്ലീഷ് പഠിച്ച ബി.എ.പരീക്ഷ ജയിച്ചരിക്കുന്നു. ഇപ്പോൾ അതിലും വലിയ പരീക്ഷയ്ക്കു മദ്രാശിൽ പഠിക്കുന്നു. ശേഷമുള്ളവർക്ക് എല്ലാം സ്വസ്ഥവൃത്തിയാണ്. വലിയ ഭാവമാണ്. അമ്പൊ ആ കഥ പറയേണ്ട. കല്യാണിഅമ്മ നാടുവിട്ടു പൊയ്ക്കളഞ്ഞത് എടത്തിലേക്ക് വലിയ ഒരപമാനമായി എന്നുള്ള വിചാരമാണ് ഇവർക്കുള്ളത്. ഞാൻ മടങ്ങി എത്തി എന്നു കേട്ടിട്ട് എന്നെ തല്ലിക്കാൻ വട്ടംകൂട്ടി. ഭയപ്പെട്ട് അവിടംവിട്ടു ഞാൻ ഓടി. എജമാനനെ എന്റെ കാര്യം അതുമുതൽ മഹാകഷ്ടത്തിലായി , എനി എജമാനനവർകൾ തന്നെ എന്നേ രക്ഷിക്കണം. കല്യാണിഅമ്മയെക്കൊണ്ട് എനിക്കു ഉപകാരം ഒന്നും ഉണ്ടായിട്ടില്ല. അവർക്കുവേണ്ടി ഞാൻ എന്റെ ചോറു കളഞ്ഞു. എജമാനനെ, ഞാനും കുട്ടികളും പട്ടിണിയായി. എങ്കിലും സ്വാമി സഹായിച്ചു. എനി യജമാനനെ വിട്ട് ഒരാളെയും ഞാൻ ആശ്രയിക്കുകയില്ല. എന്റെ കല്യാണിഅമ്മ ഇപ്പോൾ ഉണ്ടായിരുന്നുവെങ്കിൽ എനിക്ക് ഒരു സങ്കടവും ഉണ്ടാവുന്നതല്ല. എനി എന്നേ എജമാനൻ തന്നെ രക്ഷിക്കണം. എന്നു പറയു മ്പോഴേക്ക് ഒരു അഞ്ചാറു സർപ്പദൃഷ്ടി തുടരെത്തുടരെ ഉണ്ടായി.

രാ:-കല്യാണിയുടെ എളയമ്മയുടെ മകളായി ഒരു അമ്മ ഉണ്ടായിരുന്നില്ലേ ? ആ സ്ത്രീ ഇപ്പോൾ ഇല്ല അല്ലെ. ആ സ്ത്രീയെ കുറിച്ച കല്യാണി എപ്പോഴും വളരെ സ്തുതിച്ചും പിരിഞ്ഞതിന്മേൽ വളരെ വ്യസനമായു പറയാറുണ്ടായിരുന്നു.

വൈ :- അതെ എജമാനനെ , ആ അമ്മ മരിച്ചു. ബഹുശ്രീയും ഭാഗ്യവും ഉള്ള ഒരു കുട്ടിയായിരുന്നു. കല്യാണിഅമ്മയേക്കാൾ ആറു വയസ്സ് എളയതായിരുന്നു. പേരു ലക്ഷ്മി അമ്മ എന്നായിരുന്നു. കല്യാണിഅമ്മയും ലക്ഷ്മി അമ്മയും ഇപ്പോ ഴത്തെ അച്ഛന്റെ മുത്തശ്ശിയുടെ അനുജത്തിമാരുട മക്കളായിരുന്നു. ലക്ഷ്മിഅമ്മ , കല്യാണിഅമ്മ പോയി രണ്ടുസംവത്സരങ്ങൾ കഴിഞ്ഞപ്പോൾ മരിച്ചു. മരിക്കു

ന്നതിന് ഒരു കൊല്ലം മുമ്പേ ആയമ്മയുടെ ഭർത്താവ് രാമവർമ്മൽ തിരുമുല്പാട്ടും അച്ചനമായി ബദ്ധമത്സരമായി. തിരുമുല്പാട് എടത്തിൽ കയറിക്കൂടാ എന്നു കല്പിച്ചു. കല്യാണിഅമ്മ പോയ വ്യസനവും തന്റെ ഭർത്താവുമായി പിരിഞ്ഞ വ്യസനംവുംനിമിത്തംതന്നെ , കല്യാണി അമ്മ ഈ ദിക്കുവിട്ടുപോയി രണ്ടു സംവത്സരങ്ങൾ കഴിഞ്ഞതിൽ പിന്നെ, ലക്ഷ്മിഅമ്മ മരിച്ചു. ഇപ്പോൾ ഉള്ള കുഞ്ചുക്കുട്ടിയമ്മ വലിയച്ചന്റെ അടുത്ത കുടുംബമാണ്. എജമാനനെ വലിയച്ചന്റെ പെങ്ങൾ ഇക്കാളിഅമ്മയുടെ മകളാണ്. ഇക്കാളിഅമ്മ മരിച്ചു. ഇപ്പോൾ ഈ കുഞ്ചുക്കുട്ടിയമ്മമാത്രമേ തറവാട്ടിൽ സന്തതി എന്നു പറവാനുള്ളു. ഇവൾ പ്രസവിക്കുന്ന കാര്യം സംശയമാണ്. വളരെയെല്ലാം സൽക്കർമ്മങ്ങൾ സന്തത്യർത്ഥം ചെയ്തു വരുന്നുണ്ട്. അതിന്റെ ഫലമായിരിക്കാം ശാരദ ഉണ്ടായത്.

രാമൻമേനോൻ ഈ വാക്കു കേട്ടപ്പോൾ ഒന്നു ചിരിച്ചു. പട്ടരോട് ഉടനെ കുളിച്ചു ഭക്ഷണം കഴിച്ചുവരാൻ പറഞ്ഞയച്ചു. രാമൻമേനോൻ കുളിയും ഭക്ഷണവും മറ്റും കഴിഞ്ഞു സത്രത്തിന്റെ പൂമുഖത്തിൽ വന്നിരുന്ന് പിന്നെയും മനസ്സുകൊണ്ട് എന്താണിനി പ്രവർത്തിക്കേണ്ടെന്നാലോചിച്ച് ഒരു വിധമെല്ലാം ഉറച്ചു. അപ്പോഴേക്കു പട്ടരും ഊണു കഴിഞ്ഞ് ഹാജരായി.

രാ:- ഏതെങ്കിലും മലയാളത്തിലേക്കു പുറപ്പെടുക. തൽക്കാലം നിങ്ങളുടെ ഗൃഹത്തിൽ താമസിക്കാം , പിന്നെ വേണ്ടതുപോലെ സാവകാശത്തിൽ ആലോചിച്ചു പ്രവർത്തിക്കാമെല്ലാ.

വൈ :- ഏതെങ്കിലും ഈശ്വരാധീനം , എജമാനന് ഇങ്ങിനെ തോന്നിയത്. എന്റെ ഗൃഹം എജമാനനവർകൾക്കും ശാരദയ്ക്കും താമസിക്കാൻ അശേഷം യോഗ്യതയുള്ളതാണെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും ഞാൻ ഇവിടുത്തേയും ഇവിടുത്തെ മരിച്ചുപോയ ഭാർയ്യയുടെയും പ്രത്യേകം ഒരു ആശ്രിതനാണല്ലോ. അതുകൊണ്ട് എന്റെ ഗൃഹത്തിൽ താമസിക്കുന്നതിനു യാതൊരു കുറവും ഇവിടേക്കു വരാൻ പാടില്ല. എന്റെ മനോരഥം സാധിച്ചു. എജമാനനെ , ഞാൻ ഭാഗ്യവാൻ തന്നെ. പണം കാശ് എന്തുസാരം , ഇത്ര സ്നേഹമുള്ള ഒരു എജമാനനെ സേവിക്കാൻ സാധിച്ചുവല്ലോ ഇതുതന്നെ എന്റെ ഭാഗ്യം.

ഈ സംഭാഷണം കഴിഞ്ഞതിന്റെ പിറ്റേ ദിവസം ഇവരെല്ലാം വരും രാമേശ്വരം വിട്ടു മലയാളത്തിലേക്കു പുറപ്പെടുകയും നിശ്ചയപ്രകാരം വൈത്തിപട്ടരുടെ ഗൃഹത്തിൽപോയി താമസിക്കുകയും ചെയ്തു.

രണ്ടുമൂന്നുദിവസങ്ങൾ ഈ ഗൃഹത്തിൽ താമസിച്ചശേഷം രാമൻമേനോൻ വൈത്തിപ്പട്ടരെ വിളിച്ച് ഇങ്ങിനെ പറഞ്ഞു.

രാ:- പൂഞ്ചോലക്കര എടത്തിലേക്ക് ഞങ്ങൾ ഇവിടെ എത്തിയ വിവരം അറിയിപ്പാൻ ഞാൻ നിശ്ചയിച്ചു. ഒരു കത്തോടുകൂടി ശങ്കരനെ അയക്കാം. നിങ്ങൾക്ക്

അവിടെ ചെല്ലുവാൻ പാടില്ലല്ലോ. എന്നാൽ നിങ്ങൾകൂടി അവന്റെ കൂടെ ആ പ്രദേശത്തേക്കു പോണം. , എടത്തിൽ പോകേണ്ട. അതിനു സമീപം ഒരു സ്ഥലത്തു ഗൂഢമായി നിങ്ങൾ താമസിച്ചോളിൻ , ശങ്കരൻ കത്തു കൊടുത്തു വിവരങ്ങൾ അറിഞ്ഞശേഷം കൂടെ ഇങ്ങോട്ടും പോന്നോളിൻ.

വൈ:- അങ്ങിനെ തന്നെ കല്പനപ്രകാരം നടക്കാം.

എന്നു പറഞ്ഞു എങ്കിലും വൈത്തിപ്പട്ടർക്ക് ഈ നിശ്ചയം വളരേ രസിച്ചില്ല. ഒന്നാമതി പൂഞ്ചോലക്കര എടത്തിന്റെ സമീപം എങ്ങാൻ പോകുന്നതിനുകൂടി പട്ടർക്കു ഭയം ഉണ്ട്. അവിടെ എങ്ങാനും കണ്ടാൽ തല്ലി എല്ലൊടിക്കണെമെന്നാണ് അച്ചന്റെ കല്പന. ആ പ്രദേശത്തുള്ള സകല മനുഷ്യനും ഈ അച്ചനെ ഏകചക്രയിലെ നിവാസികൾ ബകനെ ഭയപ്പെട്ടതുപോലെ ഭയപ്പെട്ട് ഇദ്ദേഹത്തിന്റെ സകല കല്പനകളേയും അത്യാദരവോടെ നടത്താൻ ഒരുങ്ങിയിരിക്കുന്നവരായിരുന്നു. എടത്തിലെ വർത്തമാനങ്ങൾ പട്ടർക്കും നല്ല അറിവുണ്ട്. പിന്നെ സമർത്ഥനായ ശങ്കരന്റെ ബാധയും കലശലായി ഉണ്ട്. തന്റെ സ്വന്തമായി ചില ആലോചനകൾപ്രകാരം കാര്യം വരുന്നതിന് ഇപ്പോൾ കൊടുത്ത കല്പന താമസം വരുന്നതുപോലെ പട്ടർക്കു തോന്നി. ഈ സംഗതികളാൽ വൈത്തിപ്പട്ടർക്കു രാമൻമേനോന്റെ കല്പന വളരെ ബോദ്ധ്യമായില്ല. എങ്കിലും കല്പിച്ചപ്രകാരം തന്നെ പ്രവർത്തിക്കാൻ ഉറച്ചു രാമൻമേനോൻ ശങ്കരന്റെ പക്കൽ സ്വകാര്യമായി ഒരു എഴുത്ത് പൂഞ്ചോലക്കരഅച്ചന് എഴുതിക്കൊടുത്തു. ശങ്കരനും വൈത്തിപ്പട്ടരും പൂഞ്ചോലക്കര എടത്തിലേക്ക് പുറപ്പെട്ടു പോവുകയും ചെയ്തു.

പുറപ്പെട്ട ദിവസം പകൽ നാലരമണിസമയത്ത് ഇവര് രണ്ടുപേരും എടത്തിന്റെ ഒരു മൂന്നു നാഴിക സമീപമെത്തി. വൈത്തിപ്പട്ടർക്ക് കാൽ മുമ്പോട്ട് പോവാതായിത്തുടങ്ങി.

വൈ:- ശങ്കരാ , എനി ഞാൻ ഇവിടെ എങ്ങാനും താമസിക്കും. ഇവിട്ടുന്ന് എനി ഒന്നര-രണ്ടു നാഴിക വഴിയേ ഉള്ളു. എടത്തിലേക്കു വഴി ഇതു തന്നെയാണ്. നേരെ നടന്നാൽ എടത്തിലെ പടിഉമ്മുത്തു എത്തും. എനിക്കു ഇത്രത്തോളം വരാൻ തന്നെ ഭയമായിരിക്കുന്നു. അപ്പാ , ഈ പ്രദേശം എല്ലാം എടംവക ജന്മമാണ്. രണ്ടുമൂന്നുനാഴിക മുമ്പെ നമ്മൾ ഒരു പുഴ കടന്നില്ലേ , അതിനിപ്പുറം കണ്ട സകല ഭൂമികളും എടം വകയാണ്. അവരുടെ ആൾക്കാരും കുടിയാന്മാരും ആശ്രിതന്മാരുമല്ലാതെ ഈ ദിക്കിൽ ആരും ഇല്ല. എന്റെ ഒരു ബന്ധുവിന്റെ മഠം ഇവിടെ സമീപം ഉണ്ട്. ഞാൻ അവിടേക്കു പോയി ഗൂഢമായി ഇന്ന് അവിടെ താമസിക്കാം. ശങ്കരൻ ഇന്ന് എടത്തിന്നു സമീപമുള്ള വല്ല മഠങ്ങളിലും താമസിച്ച് രാവിലെ എഴുത്തുകൊടുത്ത് ഇങ്ങോട്ട് മടങ്ങിക്കോളൂ. ഞാൻ നാളെ ഊണു കഴിഞ്ഞ് ഈ അരയാലിന്റെ ചുവട്ടിൽ ശങ്കരൻ മടങ്ങി വരുന്നതുവരെ

ഇരിക്കാം.

ശ:-നേരം അസ്തമനത്തിന് അടുത്തുവല്ലൊ. രാത്രിയിൽ സ്വാമിയെ ആരു കണ്ടറിയുന്നു. നോക്ക് ഉപായത്തിൽ ഇന്ന് എടത്തിന്റെ സമീപം എങ്ങാനും താമസിക്കുന്നതല്ലെ നല്ലത്. വെളിച്ചയാവാൻ നാലഞ്ചുള്ളപ്പോൾ നിങ്ങൾ ഈ സ്ഥലത്തേക്കു തന്നെ മടങ്ങിക്കൊള്ളിൻ , അതല്ലേ നല്ലത്. വൈ:- നീ എന്താണ് പറയുന്നത്. അതൊന്നും വയ്യ. നീ അവിടുത്തെ സ്ഥിതി അറിക ഇല്ല. അതുകൊണ്ട് വല്ലതും പറയുന്നതാണ്

ശ:-ഏടത്തിലെ സ്ഥിതി ഏതെങ്കിലുമായ്യോട്ടെ നിങ്ങളെ ആരും കാണാഞ്ഞാൽ പോരെ.

വൈ :- നിണക്ക് ഇപ്പോൾ അങ്ങിനെ എല്ലാം തോന്നും നിന്റെ ചെറുപ്പം തോന്നിക്കുന്നതാണ്.

ശ :- ഇപ്പോഴും എപ്പോഴും അങ്ങിനെതന്നെ തോന്നും. പോട്ടെ നിങ്ങൾക്ക് ഇത്ര ഭീരുത്വമുണ്ടെങ്കൽ നിങ്ങൾ വരേണ്ട. എടത്തിലേക്കു വഴി നേരെ ഈ വഴി തന്നെയാണല്ലൊ. ആതു നിശ്ചയംതന്നെയല്ലേ.

വൈ :- നിശ്ചയം. ഇതേവഴി നൂലിട്ടതുപോലെ ഈ ഒരു ഒറ്റ വഴി തന്നെ. ശങ്കരൻ നാളെ മടങ്ങുമല്ലോ. ഞാൻ നാലുനാഴിക വെളിച്ചായാൽ ഇവിടെവന്നു ശങ്കരൻ വരുന്നതുവരെ ഇവിടെത്തന്നെ ഇരിക്കാം.

ശ :- ഞാൻ മടങ്ങുന്ന സമയം എനിക്ക് ഇപ്പോൾ നിശ്ചയിക്കാൻ പാടില്ല. ഞാൻ മടങ്ങിവരുമ്പോൾ നിങ്ങളെ ഇവിടെ കണ്ടില്ലെങ്കിൽ ഞാൻ നേരെ തീവണ്ടിസ്റ്റേഷനിലേക്കു നടക്കും.

വൈ :- നല്ല ശിക്ഷ. എന്നെ കൂടാതെയോ.

ശ :- നിങ്ങളെ കണ്ടില്ലെങ്കിൽ അങ്ങനെ തന്നെ. എനിക്കു നിങ്ങളെ കാത്തു താമസിപ്പാൻ സാധിക്കയില്ല.

എന്നും പറഞ്ഞു ശങ്കരൻ വേഗം നടന്നു. ആദ്യം കണ്ടതുമുതൽ ശങ്കരന് ഈ പട്ടരെ വെറുപ്പും പുച്ഛവുമാണ് ഉണ്ടായിരുന്നത്. എന്നാൽ സമർത്ഥനായ ശങ്കരൻ തന്റെ ഈ അഭിപ്രായത്തെ ആരെയും ഇതുവരെ അറിയിച്ചിട്ടില്ല.

"ഈശ്വരാ ! പൂഞ്ചോലക്കര അച്ചൻ ഈ അധികപ്രസംഗി ചെക്കന്റെ തലമണ്ട അടിച്ചുപൊളിച്ചു വിടണേ." എന്ന് ഉള്ളിൽ പ്രാർത്ഥിച്ചുകൊണ്ട് വൈത്തിപ്പട്ടര് അയാളുടെ ബന്ധുവിന്റെ ഗൃഹത്തിലേക്കും പോയി.

ശങ്കരനെക്കുറിച്ച് ഇതനുമുമ്പ് അവിടവിടെ പ്രസ്താവം ചെയ്തിട്ടുള്ളതിൽ നിന്ന് ഇവന്റെ സ്ഥിതിയെക്കുറിച്ച് എന്റെ വായനക്കാർ സാമാന്യം എല്ലാം ഗ്രഹിച്ചിരിക്കും. ശങ്കരൻ കാഴ്ചയിൽ മന്മഥോപമനായ സുന്ദരനും അതിബുദ്ധിസാമർത്ഥ്യമുള്ള ഒരു കുട്ടിയും ആയിരുന്നു. സ്വരാജ്യമായ തിരുവനന്തപുരത്തിൽ ഒരു ധനപുഷ്ടിയുള്ള

തറവാട്ടിലെ ഒരു കുട്ടിയായിരുന്നു. ചിത്രത്തിൽ ഉള്ള ഭ്രാന്തുകൊണ്ട് എട്ടൊമ്പതു വയസ്സായപ്പോൾ രാമൻമേനോന്റെ കൂടെ ചാടി പോന്നശേഷം പിന്നെ വീട്ടിലെ യാതൊരു വർത്തമാനവും അറിയാതെ രാമൻമേനോനോടുകൂടി കാലക്ഷേപം ചെയ്തുവന്നവനാണ്. ശങ്കരനെക്കുറിച്ചുള്ള അഭിപ്രായം എനി ഈ കഥ പറ ക്കുന്നതോടുകൂടി എന്റെ വായനക്കാർക്ക് ഉണ്ടാവുന്നതാകയാൽ ഇത്ര മാത്രമേ ഈ കുട്ടിയെക്കുറിച്ചു പറയുന്നുള്ളൂ. ഈ കാലം അവന്ന് ഇരുപത്തൊന്നു വയസ്സു പ്രായമാണ്.

ശങ്കരൻ എടത്തിൽ എത്തുമ്പോഴേക്കു സൂര്യാസ്തമനസമയം അടുത്തിരിക്കുന്നു. പൂഞ്ചോലക്കര എടവും അതിനു ചുറ്റുമുള്ള സ്ഥലങ്ങളും കാഴ്ചയ്ക്കു അതിയോഗ്യമായും രമ്യമായും ഉള്ളവകളായിരുന്നു.

പൂഞ്ചോലക്കര എടം ഉള്ളത് അതിദീർഘവിസ്താരത്തിൽ കിടക്കുന്ന ഒരു വലിയ പാടത്തിന്റെ പടിഞ്ഞാറെക്കരയിൽ ആകുന്നു. ശങ്കരൻ വഴി നടന്ന് ഈ പാടത്തിലേക്കു എറങ്ങിയപ്പോൾ തന്നെ ദൂരത്തിൽ പാടത്തിന്റെ പടിഞ്ഞാറെ കരയിൽ വലിയ വൃക്ഷങ്ങളുടെയും തെങ്ങിൻതോട്ടങ്ങളുടെയും എടയിൽക്കൂടി പൊങ്ങിക്കാണാവുന്ന എടത്തിന്റെ ഉയർന്ന മാളികകളേയും അതുകളോടു തൊട്ടു തെക്കുഭാഗത്തിൽ അസ്തമനസൂർയ്യപ്രഭ തട്ടി തിളങ്ങിക്കൊണ്ടിരിക്കുന്ന ഒരു തങ്കത്താഴികകൊണ്ടു കൃതമായ ഒരു വലിയ ക്ഷേത്രത്തേയും കണ്ടു. ശങ്കരന്നു മന സ്സിൽ ആഹ്ലാദം തോന്നി വേഗം നടന്ന് എടത്തിനു സമീപത്തിലെത്തിയപ്പോൾ ശങ്കരൻ ആ സ്ഥലത്തിന്റെ മഹിമയെ കണ്ട് ആശ്ചര്യപെട്ടു.

എടത്തിന്റെ തെക്കേ മതിലും ക്ഷേത്രത്തിന്റെ വടക്കേ മതിലും ഒന്നുതന്നെയാ ണ്. അന്യോന്യം അത്ര സമീപത്തിലാണ് ക്ഷേത്രവും എടവും നിൽക്കുന്നത്. ഇതുകളുടെ പുരോഭാഗത്ത് ശങ്കരൻ കണ്ടതു അതിവിശാലമായ കുളത്തെയാണ്. വിശേഷമായി കരിങ്കല്ലുകൊണ്ടു നാലുഭാഗവും കെട്ടി പടുത്തതും അതിനിർമ്മല മായ ജലത്തോടുകൂടിയുള്ളതുമായ ഈ വലിയ ചിറയുടെ ഒരു കരയിൽ നില്ക്കുന്ന ആളുകളെ മറുകരയിൽ നില്ക്കുന്നവർക്കു തിരിച്ചറിവാൻ കുറെ പ്രയാസപ്പെടും. അത്ര വിസ്തീർണ്ണത്തിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു ചിറയായിരുന്നു ഇത്. ഇതു നാലുഭാഗങ്ങളിലും അവിടവിടെ കരിങ്കല്ലുകൊണ്ടും ചെങ്കല്ലുകൊണ്ടും പണിതു മിനുസം വരുത്തി ഇട്ടിട്ടുള്ള തറകളോടുകൂടി അതികൌതുകത്തിൽ പടർന്ന് ഉയർന്നു നിൽക്കുന്ന അരയാലുകളേയും , ചിറയുടെ കിഴക്കെ കരയിൽ മുഴുവനും ഊട്ടുപുരകൾ വെള്ളക്കുമ്മായമിട്ട മാളികകളോടുകൂടി ഉയർന്നു ചിറയിലെ സ്വച്ഛ മായ ജലത്തിൽ സ്വച്ഛായകളെ പ്രതിഫലിപ്പിക്കുന്നതിനാൽ അതുകളെത്തന്നെ ദ്വിഗുണീകരിച്ചു കാണിച്ചുംകൊണ്ടു നില്ക്കുന്നതുകളേയും കണ്ടു. ഇതു കൂടാതെ ഗോസ്സായിസത്രം , ധർമ്മശാല മുതലായ അനേകം എടുപ്പുകൾ ഈ ചിറയ്ക്കു ചുറ്റും

ഉണ്ടായിരുന്നു. സന്ധ്യാകാലം സമീപിച്ചതിനാൽ ചിറവക്കിലും ക്ഷേത്രമുറ്റത്തും എടത്തിലെ പടിഉമ്മുത്തും ഉള്ള തിരക്കുകൾ ഇന്ന പ്രകാരമെന്നു പറവാൻ പ്രയാസം. ഇങ്ങനെ യോഗ്യതയും പ്രൌഢിയും ഉള്ള ഒരു എടത്തിലെ സന്തതി ആയിരിക്കേണ്ടവൾതന്നെയാണ് എജമാനന്റെ മകൾ ശാരദ , എന്നു ശങ്കരനു മനസ്സിൽ തോന്നി.

ശങ്കരൻ എടത്തിലെ പടിഉമ്മുത്തും ക്ഷേത്രതിരുമുറ്റത്തും മദ്ധ്യവഴിയിലും മറ്റും കുറേനേരം അവിടെയുള്ള ഘോഷങ്ങളേയും തിരക്കുകളേയും കണ്ടുംകൊണ്ടു നിന്നു. ഒരു മനുഷ്യനെങ്കിലും തന്നോട് ഒരക്ഷരവും ഉരിയാടിയിട്ടില്ല. ഇങ്ങനെ കുറേനേരം കഴിഞ്ഞശേഷം ആരോടെങ്കിലും കടന്നു ചോദിക്കുകതന്നെ എന്നു നിശ്ചയിച്ച് ശങ്കരൻ പിന്നെയും എടത്തിന്റെ പടിഉമ്മുത്തു പോയി നിന്നു. പലേവിധ മനുഷ്യരും പടിപ്പുരയുടെ അന്തർഭാഗത്തിലേക്കും പടിപ്പുരയിൽ നിന്നു പുറത്തേക്കും എടതിരിവുകൂടാതെ കടന്നുപോകുന്നതു ശങ്കരൻ കണ്ടു. എങ്കിലും ഒരു മനുഷ്യനെങ്കിലും സാവകാശത്തോടു കൂടിയോ സ്വസ്ഥചിത്തന്റെ നിലയിലോ അവിടെ എങ്ങും കുറേനേരത്തേക്കു ശങ്കരൻ കണ്ടില്ല. എല്ലാവർക്കും തിരക്കു തന്നെ. അത്യുത്സാഹത്തോടെ ചാടിയും ഓടിയും നടക്കുന്നവരെ അല്ലാതെ കാണാൻ പ്രയാസപ്പെട്ടു. അങ്ങിനെ കുറെ സമയം കഴിഞ്ഞപ്പോൾ ദൈവഗത്യാ ഒരു നായർ പടിഅകത്തുനിന്നു പുറത്തേക്കു സാവധാനത്തിൽ നടന്നു പോവുന്നതു കണ്ടു. ശങ്കരൻ അയാളുടെ പിന്നാലെ ചെന്നു. ആ നായർ സുമുഖനായ ശങ്കരനെ കണ്ടപ്പോൾ.

നായർ :- എന്താണ് ? എവിടെനിന്നു വരുന്നു. ഈ ദിക്കിൽ എങ്ങും മുമ്പു കണ്ടിട്ടില്ല.

ശ:-ഞാൻ അന്യദേശക്കാരനാണ്. എടത്തിൽ അച്ചന് ഒരു എഴുത്തു കൊടുപ്പാനുണ്ടായിരുന്നു. അതിന്ന് എന്താണ് നിവൃത്തി എന്ന് ഒന്നു പറഞ്ഞുതന്നാൽ നന്നായിരുന്നു.

നായർ :- ഇവിടെ തന്നെ നിന്നോളു. എടംവക പ്രധാന കാര്യസ്ഥൻ ശങ്കുനമ്പി ഇപ്പോൾ ഇതിലെ വരും. അദ്ദേഹത്തോടു പറഞ്ഞാൽ ഒക്കെ നിവൃത്തി ആവും.

എന്ന് അയാൾ പറയുമ്പോഴേക്ക് ഒരു പൂണുൽക്കാരൻ വൃദ്ധൻ വെറ്റില മുറുക്കിയതിന്റെ ചണ്ടികൾ കലശലായി ശബ്ദത്തോടെ നടക്കുന്നതിന്റെ രണ്ടുഭാഗത്തേക്കും പാറ്റി തുപ്പിക്കൊണ്ട് പടിയുടെ കോണി എറങ്ങുന്നതു കണ്ടു. ഇയ്യാളുടെ പിന്നാലെ രണ്ടുമൂന്നു ആളുകൾ കൂടി എറങ്ങി ഓച്ഛാനിച്ചുംകൊണ്ടു നടക്കുന്നതു കണ്ട് "ഇതാ ശങ്കു നമ്പി വരുന്നു " എന്നു കാണിച്ചുകൊടുത്ത് ചെറുപ്പക്കാരൻ നായർ പോയി. ശങ്കരൻ ഉടനെ ശങ്കുനമ്പിയുടെ മുമ്പാകെ പോയി ഓച്ഛാനിച്ചുനിന്നു. കുറേനേരത്തേക്കു നമ്പി കണ്ടഭാവം നടിക്കാതെ ഒന്നും മിണ്ടാതെ നടന്നു.

അപ്പോൾ ശങ്കരൻ വിടാതെ അടുത്തടുത്തി അധികം ഓച്ഛാനിച്ചുംകൊണ്ടു കൂടി. ഒടുവിൽ ശങ്കുനമ്പി ചോദിച്ചു.

ശങ്കുനമ്പി :- എന്താണ് . എവിടെനിന്നു വരുന്നു.

ശങ്കരൻ :- ഞാൻ കുറെ ദൂരത്തു നിന്നും വരുന്നു. എടത്തിൽ വലിയച്ചനു സ്വകാർയ്യമായി ഒരു എഴുത്തു കൊടുപ്പാനുണ്ടായിരുന്നു. അതിന്ന് ഇപ്പോൾ തരമാവുമോ എന്നറിഞ്ഞില്ല.

”ആരുടെ എഴുത്താണ് ”

”ആളെ പറഞ്ഞാൽ ഇവിടേക്കു മനസ്സിലാവുകയില്ല. എഴുത്തിൽ എല്ലാം ഉണ്ട്.”

”ആളെ പറഞ്ഞാൽ മനസ്സിലാവുല്ലെ. എന്തൊ രസിക. ആട്ടെ പറയു. മനസ്സിലാവുമോ എന്നു നോക്കട്ടെ ”

”എഴുത്തു എഴുതിയ ആളുടെ പേര് രാമൻമേനോൻ എന്നാണ്. ”

”എവിടത്തെ രാമൻമേനോൻ ”

”തെക്കില്ലത്തേ”

”തെക്കില്ലത്തോ ? ”

”അതെ ”

”ഏതു രാജ്യക്കാരനാണ് ”

”അത് എനിക്കു നിശ്ചയമില്ല.”

”അപ്പോൾ നീ അയാളെ അറിയില്ലേ.”

”അറിയും ”

”പിന്നെ എന്താണ് പറയരുതേ ? ”

”ഞാൻ ഇപ്പോൾ പറഞ്ഞേടത്തോളം വിവരങ്ങൾ മാത്രമേ അറികയുള്ളു. ”

”നീ ആളൊരു വികടനാണെന്നു തോന്നുന്നു. എഴുത്ത് എന്റെ പക്കൽ തരാമോ. ”

”അച്ചന്റെ പക്കൽതന്നെ കൊടുക്കാനാണു കല്പന. ” ”ആരുടെ കല്പന ?”

”എന്റെ എജമാനൻ രാമൻമേനോന്റെ.”

”എന്നാൽ കല്പനപ്രകാരം നടന്നോളു. അച്ചനെ തന്നെ കണ്ട് എഴുത്തു കൊടുത്തോളു.”

എന്നും പറഞ്ഞു പ്രധാന കാർയ്യസ്ഥനും കൂടെയുള്ളവരും കളപ്പുരയിലേക്കു നടന്നു. ശങ്കരൻ പിന്നെയും അവിടെ നിന്നു വശായി. അങ്ങിനെ അവിടെ ഒരു കാൽ നാഴിക നിന്നശേഷം പടിവാതിക്കൽകൂടി അതികലശലായി ഒരു വെളിച്ചം പുറത്തേക്കു ചാടുന്നതുകണ്ടു.ക്ഷണേന ഒരു ചെറുപ്പക്കാരൻ വെള്ളിക്കു സമമായി മിന്നുന്ന ദീർഘമായ തണ്ടിന്മേൽ തൂങ്ങി സ്വർണ്ണപ്രഭമായി തിളങ്ങുന്ന ഓട്ടുകൊണ്ടു വാർക്കപ്പെട്ട തണ്ടോട്ടുകൂടിയ ഒരു കുത്തുവിളക്കിൽ ഏകദേശം പന്തംപോലെ അഗ്നി ഉജ്വലിച്ചുകത്തുന്ന വെളിച്ചത്തോടുകൂടി പടി ഇറങ്ങുന്നതു കണ്ടു. അതിന്ന്

അടുത്തു വഴിയെ അതി ദീർഘമായ ഒരു ചങ്ങലവട്ട കത്തിച്ചു പിടിച്ചുംകൊണ്ടു മറ്റൊരു സുമുഖനായ ചെറുപ്പക്കാരൻ എറങ്ങുന്നതു കണ്ടു. അതിന്റെ വഴിയെ അത്യന്തം തടിച്ച് ഉരുണ്ട് കറുത്ത വർണ്ണത്തിൽ ഒരു ഭയങ്കരമായ ഒരു സ്വരൂപം എറങ്ങി വരുന്നതും കണ്ടു. ഈ സ്വരൂപത്തിന്റെ തലയിൽ വാൽക്കണ്ണാടിപോലെ അത്രം മിനുസമായി വെളിച്ചംതട്ടുമ്പോൾ മിന്നുന്ന കഷണ്ടിയാണു കണ്ടത്. കറുത്തനെറ്റിമുഴുവനും വെളുത്ത ഭസ്മംകൊണ്ടു മൂടിയിരിക്കുന്നു. കണ്ണുകൾ വൃത്തത്തിൽ അത്യന്തം കോപരസത്തോടെ ചുകന്ന രാശിയായിട്ടാണ്. ദീർഘം കുറഞ്ഞു തടിച്ച് കുറെ മേലോട്ടു മലർന്ന ദ്വാരങ്ങളോടുകൂടിയ ആ മൂക്കും പരന്ന മുറവും കറുത്തു തടിച്ച ചുണ്ടും അത്യന്തം വിശാലമായ വക്ഷസ്സ് നിറയെ തേച്ച ഭസ്മപ്രഭയും അതിന്ന് ഉപരി കിടക്കുന്ന സ്വർണ്ണകെട്ടിയ വലിയ രുദ്രാക്ഷമാലയും കണ്ടു ശങ്കരൻ അത്ഭുതപ്പെട്ടു. വയറ് ഉജ്ജൃംഭിച്ച ശരീരത്തിൽവന്ന് വളരെ മുന്നോട്ടു ചാടി നിൽക്കുന്നതിന്മേൽക്കൂടി കെട്ടി ഉടുത്തിട്ടുള്ള പുളിയിലക്കര വലിയ മുണ്ടും കസവുമേൽമുണ്ടും എടയ്ക്കിടെ അഴിഞ്ഞുപോവാൻ തുടങ്ങുമ്പോൾ കൈകൊണ്ടു പിന്നെയും പിന്നെയും മുറുക്കിക്കൊണ്ടിരുന്നു. കാലിൽ ആനക്കൊമ്പു കൊരടുകളോടു കൂടിയ ഉയരമുള്ള മെതിയടികൾ ഇട്ടിരുന്നു. അതുകൾ ഇട്ട് ഒരുവിധം അനായാസേന ഈ കുറ്റൻ നടക്കുന്നതു നിത്യാഭ്യാസബലംതന്നെ എന്നു ശങ്കരന്നു സംശയം കൂടാതെ തോന്നി. ഈ ഉഗ്രവേഷത്തിന്റെ പിമ്പിൽ സേവകന്മാരുടെ നിലയിൽ നല്ല ഉടുപ്പോടു കൂടി പത്തുപതിനഞ്ചു യോഗ്യന്മാരു നടന്നിരുന്നു. ഈ കണ്ട ഭയങ്കരവേഷം തന്നെയാണ് പൂഞ്ചോലക്കര അച്ചൻ എന്നു ശങ്കരന്നു സംശയംകൂടാതെ തോന്നി. വേറെ അവിടെ ഉണ്ടായിരുന്ന ആളുകളോട് അന്വേഷിച്ചു തീർച്ചയായശേഷം ശങ്കരൻ ഈ വേഷത്തിന്നു കുറെ അടുത്തു ചെന്നു നല്ലവണ്ണം ഒന്നു താണു തൊഴുതു. അച്ചന്മാരെ തൊഴുന്നതു സാധാരണ നടപ്പില്ലെങ്കിലും ചിലപ്പോൾ കാർയ്യവശാൽ സമർത്ഥന്മാരായ ആളുകൾ ചെയ്യുവരുമാറുണ്ട്. തൊഴുത ഉടനെ "ആരാണ് അത്" എന്നു അച്ചൻ ചോദിച്ചപ്പോഴേക്ക കൂടെയുള്ള സേവകന്മാർ ചാടി ശങ്കരന്റെ അടുക്കലേക്ക് എത്തി. അപ്പോഴേക്ക ശങ്കരൻ എഴുത്ത് എടുത്തു സേവകന്മാരുടെ പക്കൽ കൊടുത്തു. അവർ അച്ചന്റെ കയ്യിൽ കൊടുപ്പാൻ ഭാവിച്ചു. അച്ചൻ വാങ്ങീല്ല.

അച്ചൻ :-ആരുടെ എഴുത്താണ് ഇതു?

ശ:-തെക്കില്ലത്ത് രാമൻമേനോൻ എന്നൊരാളുടെ എഴുത്താണ്. അദ്ദേഹം ഇവിടെ പരിചയമില്ലാത്ത ഒരാളാണ്. ഒരു സ്വകാർയ്യസംഗതിയെക്കുറിച്ചാണ് എഴുതീട്ടുള്ളത്. അതു വായിക്കുമ്പോൾ ഇവിടുന്നുഗ്രഹിക്കും.

അ:-തെക്കില്ലത്ത് രാമനോ, ഏത് തെക്കില്ലം, എന്ത് രാമൻ ഞാൻ കേട്ടിട്ടേ ഇല്ല എന്നു പതുക്കെ പറഞ്ഞുകൊണ്ട് അമ്പലത്തിലേക്ക നടന്നു. ശങ്കരൻ പിന്നാലെ

പോവുന്ന ഒരാളോടു ചോദിച്ചതിൽ എഴുത്തു വായിച്ചശേഷം മറുപടി ഉണ്ടാവുമായിരിക്കും, താൻ പടിപ്പുരയ്ക്കൽ തന്നെ കുറെ നേരം കാത്തിരിക്കു. എന്നാൽ വിവരമെല്ലാം അറിയാം എന്നു പറഞ്ഞപ്രകാരം ശങ്കരൻ അവിടെപോയി താമസിക്കുകയും ചെയ്തു.

അച്ചൻ ക്ഷേത്രത്തിൽനിന്നു മടങ്ങി പതിവുപ്രകാരമുള്ള നാമം ജപവും മറ്റും കഴിഞ്ഞ് ഉണ്ണാൻ ഭാവിച്ചു മാളികയിൽനിന്നു താഴത്തിറങ്ങി തെക്കിനിയിൽ എത്തിയപ്പോൾ എഴുത്തുകാരൻ കുഞ്ഞികൃഷ്ണൻ അമ്പലത്തിലേക്ക് പോംവഴി ശങ്കരൻ കൊടുത്ത എഴുത്തും കയ്യൽ പിടിച്ച് അച്ചന്റെ മുൻപാകെ ചെന്നുനിന്നു.

കുഞ്ഞികൃഷ്ണന്റെ എഴുത്തു തുറന്നു വിളക്കിന്റെ സമീപം ഇരുന്നു താഴെ പറയുംപ്രകാരം വായിച്ചു.

ശ്രീ

"അവിട്ടുന്നുമായി യാതൊരുപ്രകാരവും പരിചയമില്ലാത്ത ഒരുവൻ അവിടേക്കു സാധാരണ സംഗതികളെപ്പറ്റി തന്നെയെങ്കിലും ഒരു കത്ത് ഒന്നാമതായി എഴുതുമ്പോൾ അവനു വളരെ ശങ്കയും ഭയവും സ്വാഭാവികമായി ഉണ്ടാവുന്നതാണല്ലോ. എന്നാൽ അങ്ങിനേ പരിചയമില്ലാത്ത ഒരുവൻ എഴുതുന്ന കത്തിൽ കാണിക്കുന്ന സംഗതികൾ അവിടേക്കും എഴുതുന്നവനും ഒരുപോലെ വ്യസനകരമായിട്ടുള്ളവകളായി വരുമ്പോൾ ആ കത്ത് എഴുതുവാനുള്ള സങ്കടം ഇന്നപ്രകാരമാണെന്നു പറഞ്ഞറിയിപ്പാൻ പ്രയാസമാണ്. ഇങ്ങനെയുള്ള സങ്കടത്തോടുകൂടിയാണ് ഞാൻ ഈ കത്ത് അവിടെ ഗ്രഹിപ്പാനായി എഴുതുന്നത്. മഹാനായി, അതിഭാഗ്യവാനായി, ദയാലുവായിരിക്കുന്ന അവിടുന്ന് ദയവുചെയ്തു ഈ കത്തിലെ വിവരങ്ങൾ ഗ്രഹിച്ച് യഥോചിതം പ്രവർത്തിക്കുമെന്നുള്ള വിശ്വാസം പൂർണ്ണമായി എനിക്കുണ്ടാകയാൽ എന്റെ മനസ്സിന്റെ സങ്കടത്തെ ചുരുക്കി ഈ വിവരങ്ങളെക്കുറിച്ച് എഴുതുന്നു."

അവിടുത്തെ മരുമകളായി കല്യാണി എന്നു പേരായ ഒരു അമ്മ പത്തു പതിനഞ്ചു സംവത്സരങ്ങൾ മുമ്പു സംഗതിവശാൽ ഈ മലയാളദിക്കു വിട്ടു പൊയ്ക്കളഞ്ഞതായി അവിടുത്തെ ഓർമ്മയിൽ നിസ്സംശയമായി ഉണ്ടായിരിക്കണം. ആ കല്യാണിഅമ്മ ഈ രാജ്യംവിട്ടു നേരെ പോയത് കാശിയിലേക്കായിരുന്നു. ഒന്നിച്ചു സഹായത്തിനു ഒരു ബ്രാഹ്മണനും ചെറുവയസ്സായ ഒരു നായരും ഉണ്ടായിരുന്നു. കാശിയിൽവെച്ചു ഞാൻ ആ അമ്മയെ കണ്ടു. ഞാൻ ഒന്നാന്തരം കിരിയം എന്നു പറയുന്ന നായർ ജാതിയിലുള്ള ഒരു നായരാണ്. ജാതിയിൽ എന്നെക്കാൾ ശ്രേഷ്ഠതയുള്ള നായന്മാർ മലയാളത്തിൽ ഇല്ല. അതിനെക്കുറിച്ച് അവിടേക്ക് ബോദ്ധ്യമുള്ളവിധം തെളിവു തരാം. കാശിയിൽവെച്ചു കണ്ടശേഷം ഞാനും കല്യാണിഅമ്മയും അന്യോന്യം പരിചയമായി. ഞങ്ങൾ ഭാര്യാഭർ

ത്തക്കന്മാരുടെ സ്ഥിതിയിൽ ആയി. കുറെ കാലം ഞങ്ങൾ ക്ഷേമമായിരുന്നു. പിന്നെ ഞങ്ങൾക്ക് ഒരു പെൺകുട്ടി ഉണ്ടായി. അതിന്റെ ശേഷം ഞങ്ങൾ മലയാളത്തിലേക്കു തന്നെ മടങ്ങണം എന്നു നിശ്ചയിച്ച് വടക്കേ ഇന്ത്യ വിട്ടു പുറപ്പെട്ടു. സേതുസ്നാനം കഴിക്കണമെന്നുള്ള ആഗ്രഹത്തോടെ രാമേശ്വരത്തേക്കു വന്നു. അവിടെവെച്ച് കല്യാണിഅമ്മയ്ക്ക് ഒരു ജ്വരരോഗമുണ്ടായി. അതു നിമിത്തം ഇന്നേക്കു ഒരു മാസം പത്തു ദിവസം മുമ്പേ കല്യാണിഅമ്മ സ്വർഗ്ഗപ്രാപ്തിയാകുകയും ചെയ്തു. ശാരദാ എന്നു പേരായ മേല്പറഞ്ഞ പെൺകുട്ടിക്ക് ഇപ്പോൾ പതിനൊന്നു വയസ്സു പ്രായമേ ആയിട്ടുള്ളൂ. അവളും ഞാനും ഇപ്പോൾ ഇവിടെ താമസിക്കുന്നു. അവൾക്ക് ഇനി അമ്മയായും അച്ഛനായും ഈശ്വരനേപ്പോലെ അവിടുന്നുതന്നെയേ ഗതിയുള്ളൂ എന്നു ഞാൻ പറയേണ്ടതില്ലല്ലോ. ഞാൻ രോഗം നിമിത്തവും മനോവ്യസനംനിമിത്തവും വലിയ പരവശതയിൽ പെട്ടിരിക്കുന്നു പൂഞ്ചോലക്കര എടത്തിലെ സന്താനമായ ശാരദയെ അവളുടെ സ്ഥിതിക്കു തക്കവണ്ണമുള്ള അഭ്യാസാദികളെ ചെയ്യിച്ചു യോഗ്യതയായ സ്ഥിതിയിൽ വരുത്തുവാൻ ശ്രമിക്കേണ്ടുന്ന ഈ കാലം ഈ വിവരങ്ങളെ അവിടെ അറിയിക്കാത്ത ഒരു തെറ്റ് എന്റെ മേൽ ഉണ്ടാവുമന്നു ഭയപ്പെട്ടു ഞാൻ ഈ കത്തു എഴുതുന്നതാണ്. അതുകൊണ്ടു് മഹാദയാലുവായ അവിടുന്നു ദയവു ചെയ്തു് നിസ്സഹായസ്ഥിതിയിൽ ഇരിക്കുന്ന ഈ കുട്ടിയുടെ കാര്യത്തിൽ ഏതുപ്രകാരം പ്രവർത്തിക്കണം എന്ന് മറുപടി ഉണ്ടാവാനായി വിനയപൂർവ്വം ഞാൻ അപേക്ഷിക്കുന്നു.

എന്ന് അവിടത്തെ ആശ്രിതൻ.

തെക്കില്ലത്തു് രാമൻ.

എഴുത്തു മുഴുവനും വായിച്ചുകഴിഞ്ഞു് കുഞ്ഞികൃഷ്ണൻ എഴുനീറ്റു നിന്നു. അച്ചൻ ഇടി വെട്ടിയ ഒരു ജന്തുവെപ്പോലെ നിശ്ചലനായി മുഖവും താഴ്ത്തിനിന്നു. ഒരു നാലെട്ടു നിമിഷം അങ്ങിനെ നിന്നു. എഴുത്തു വായന തുടങ്ങുമ്പോഴേക്കു നാലുകെട്ടിൽ നാലു ഭാഗത്തും അവിടവിടെയായി ഉണ്ണിമാരും കാര്യസ്ഥൻമാരും ഭൃത്യന്മാരും മറ്റും അച്ചനെ മറഞ്ഞു നിറഞ്ഞുനിന്നിരുന്നു. എഴുത്തിലെ സകല വിവരങ്ങളും എല്ലാവർക്കും വെടിപ്പായി മനസ്സിലാകുകയും ചെയ്തിരിക്കുന്നു. കോവിലകങ്ങളിലും വലിയ പ്രഭുക്കന്മാരുടെവസതികളിലും സ്വകാര്യമായി ഒരു കാര്യവും വെയ്ക്കാൻ കഴിയാത്തത് ഈ മാതിരി എഴുത്തുവായനകൊണ്ടും മറ്റുമാണെന്ന് ഇപ്പോൾ സ്പഷ്ടമാണല്ലോ. അച്ചൻ എങ്ങനെ സ്തബ്ധനായി നിന്നുവോ അതുപോലെതന്നെ ഈ കത്തു വായിച്ചു കേട്ടവരു് എല്ലാവരും നിന്നുപോയി. കേട്ടതിൽ മിക്കതും ആളുകൾ അതിസുന്ദരിയായ കല്യാണിഅമ്മയെ കണ്ടു പരിചയമുള്ളവരായിരുന്നു. ഓരോരുത്തരുടെ മനസ്സിന്റെ സ്വഭാവത്തിന് അനുസരിച്ച് ഓരോരുത്തർക്കു് ഓരോ മനോവികാരങ്ങളും ചേഷ്ടകളും ഉണ്ടായി. അതെല്ലാം ഇപ്പോൾ പറവാൻ

പ്രയാസം.

എഴുത്തു വായിച്ച ക്ഷണത്തിൽ മനസ്സിൽനിന്ന് എളകിഉജ്ജൃംഭിച്ച കഠിന പാരുഷ്യവും അവമാനത്തിൽനിന്നു ജനിച്ച കഠിനമായ ലജ്ജയും നിമിത്തം നിർവ്വികാരനായി നാലെട്ടുനിമിഷം നിന്നശേഷം അച്ചൻ "ശങ്കുനമ്പിയെ വിളിക്കു" എന്നു പറഞ്ഞു.

ശങ്കുനമ്പി നാലുകെട്ടിൽനിന്നു പുറത്തേക്കു കടക്കുന്ന തളത്തിൽ ജാഗ്രതയായി നിന്ന് എഴുത്തു വായിച്ചതു് മുഴുവൻ കേട്ടിരിക്കുന്നു.  "വിളിക്കു്" എന്ന് അച്ചൻ പറയുമ്പോഴേക്കു ശങ്കുനമ്പി അച്ചന്റെ മുമ്പിൽ എത്തി.

അ:- ഒരു എഴുത്തു വായിച്ചു കേട്ടുവോ ?

ശ:- കേട്ടു.

അ:- ആ എഴുത്തു കൊണ്ടുവന്ന നായെ പിടിച്ച് അകത്തുകൊണ്ടുവരട്ടെ.  തല്ലി എല്ലൊടിച്ചു വിടട്ടെ.  അതാണ് ഇങ്ങനെയുള്ള എഴുത്തിന്റെ മറുപടി.  വളരെ മാനം മര്യാദയോടുകൂടി ഇരിക്കുന്ന നമ്മെ അവമാനിച്ചതു കണ്ടില്ലേ.  എന്താണു ശങ്കുനമ്പി ഒന്നും പറയാത്തതു്. ആ നായയെ പിടിച്ചുകൊണ്ടു വരാൻ പറയു.

ശ:- പറയാം: ആ എഴുത്തു കൊണ്ടുവന്ന ചെക്കൻ വളരെ കുറുമ്പുകാരനാണെന്ന് എനിക്കു അവനെ കണ്ടപ്പോൾ തന്നെ തോന്നി. എന്നാൽ അവനു് ഈ എഴുത്തിലെ സംഗതി ഒന്നും അറിവില്ലാ എന്നു തോന്നുന്നു.

അ:- പിടിച്ചുകൊണ്ടുവരുവാൻ പറയു.  എവിടെ ആരാണ്.  അവിടെ ആ എഴുത്തു കൊണ്ടുവന്നവനെ പിടിച്ച് അകത്തുകൊണ്ടുവരട്ടെ; വേഗം കൊണ്ടുവരട്ടെ.

ഈ വാക്കു കേട്ടപ്പോൾ രണ്ടുനാലു ഭൃത്യൻമാർ ശങ്കരനെ തിരയുവാൻ പുറത്തേക്കു ഓടി.  "ആ എഴുത്തുകൊണ്ടുവന്ന നായയെ തല്ലട്ടെ" എന്ന് ഒന്നാമതു് അച്ചൻ പറഞ്ഞ വാക്കുകൾ ആ നിമിഷത്തിൽ പടിപ്പുരയിൽ "ടിലഫൊൻ" എന്ന യന്ത്രശക്തിയിൽകൂടി അറിയുന്ന വേഗത്തിൽ നുണ പറയുന്നതിൽ സമർത്ഥന്മാരായ ഭൃത്യവർഗ്ഗങ്ങളുടെ മുഖത്തിൽനിന്നു കേട്ട് ശങ്കരൻ എടത്തിൽനിന്ന് ഓടിയിരിക്കുന്നു.  തിരയാൻ പുറത്തേക്കു ചാടിയ ആളുകൾ "അയാളെ ഇവിടെ എങ്ങും കാണാനില്ല" എന്നു പറഞ്ഞു് അകത്തേക്കു തന്നെ മടങ്ങിച്ചെന്നു.

അ:- എന്താണ്, ശങ്കുനമ്പി അവനെ ഒളിപ്പിച്ചു എന്നു തോന്നുന്നു.

ശ:- ഞാൻ എന്തിന് അവനെ ഒളിപ്പിക്കുന്നു.  അവനു രണ്ടു തല്ലു് കിട്ടണമെന്നു തന്നെയാണ് എനിക്കും ആഗ്രഹം.

അ:- ഈ കാണിച്ച ധിക്കാരത്തിന് ഉത്തരം ചോദിക്കേണ്ട , എന്നാണ് ശങ്കുനമ്പി വിചാരിക്കുന്നതു്.  ഇത്രത്തോളം പറയുമ്പോഴേക്ക് രാഘവനുണ്ണി അകായിൽനിന്നു പുറത്തേക്കു വന്നു ജ്യേഷ്ഠന്റെ മുമ്പാകെ ചെന്നുനിന്നു.

അ:- രാഘവൻ എഴുത്തു വായിച്ചതു കേട്ടില്ലേ, നമ്മളുടെ ഈ എടത്തിലേക്ക്

ഇങ്ങിനെ ഒരു അവമാനം വന്നുചേർന്നുവല്ലോ. ഇങ്ങിനെ ഇതിൻകീഴിൽ ഒരവസ്ഥ ഈ എടത്തിലേക്കു സംഭവച്ചിട്ടില്ല. എനിക്ക് ഈ സ്ഥാനം വഹിച്ചു ജീവിച്ചിരിക്കേണമെന്നു എനി മനസ്സില്ല.

രാ :– ഇതു് എന്തൊരു കഥയാണ് ഇങ്ങിനെ കല്പനയാകുന്നതു്. വല്ല വികൃതികളും നമ്മെ അവമാനിക്കണമെന്നു വിചാരിച്ചൊ വല്ല കാര്യലാഭമുണ്ടാവേണമെന്നു കരുതിയോ വല്ല തോന്നിയവാസവും എഴുതി അയച്ചാൽ നമുക്ക് എന്താണ് കുറവ്. ഈ കത്തിൽ കാണിച്ച അവസ്ഥ മുഴുവനും ശുദ്ധമേ ഭോഷ്ക്കാണെന്നുള്ളതിലേക്കു സംശയമുണ്ടോ. ആ പാപി കല്യാണി എന്ന സ്ത്രീ ഇവിടെ നിന്നു പോയിട്ടു രണ്ടുമാസങ്ങൾക്കുള്ളിൽ കുടകിലോ മറ്റൊ വെച്ചു മരിച്ചുപോയതായി സൂക്ഷ്മമായി ഇവിടെ വർത്തമാനം കിട്ടീട്ടുണ്ടല്ലൊ. പിന്നെ ആ സർപ്പദൃഷ്ടിക്കാരൻ കള്ളൻ വൈത്തിപ്പട്ടരും പണം സമ്പാദിക്കാമെന്നുള്ള മോഹത്തിന്മേൽ ഒരു കളവുണ്ടാക്കിത്തീർത്തു. നമ്മളെ അവമാനിക്കാമെന്നു കരുതി ഇങ്ങിനെ പ്രവർത്തിക്കുന്നതാണെന്നുള്ളതിലേക്കു സംശയമുണ്ടോ ? ഈ പട്ടരു വലിയ ഭീഷണിക്കാരനും അതിസമർത്ഥനായ കള്ളനും ആണെന്നു നമ്മൾക്കെല്ലാവർക്കും നിശ്ചയമുണ്ടല്ലോ. ഈ കള്ളപ്പട്ടര് ഇത്രനാളും ഇങ്ങിനെ ഒരു ചതിക്കു വട്ടംകൂട്ടിവാൻ ശ്രമിച്ചു നടക്കുകയായിരുന്നു. എവിടെ നിന്നോ ഒരു പെൺകുട്ടിയെ തരത്തിൽ പിടിച്ചു. അതിന് ഒരു അച്ഛനെയും സൃഷ്ടിച്ചു നമ്മളുമായി വല്ല വ്യവഹാരമൊ കൂട്ടമൊ ഉണ്ടാക്കാമെന്നുള്ള ദുർവ്വിചാരത്തോടുകൂടി വൈത്തിപ്പട്ടര് ഉണ്ടാക്കിത്തീർത്ത് ഭോഷ്ക്കാണെന്നുള്ളതിലേക്കു എനിക്കു യാതൊരു സംശയവുമില്ല. ആ പട്ടര് ഇവിടെ രാമപുരത്ത് വന്നു നിൽക്കുന്നുണ്ടത്രെ ;കൃഷ്ണൻ ഇപ്പോൾ എന്നോടു പറഞ്ഞു.

ഒരു ഭൃത്യൻ കൃഷ്ണൻ :– അതെ വൈത്തിപ്പട്ടരെ ഇന്നു ഞാൻ രാമപുരത്ത് വെങ്കിച്ചൻ പട്ടരുടെ മഠത്തിൽ ചരക്കിനു പോയപ്പോൾ കണ്ടിരിക്കുന്നു. രണ്ടുനാഴിക പകലെ ആണു കണ്ടത്.

രാ :– ഞാൻ പറഞ്ഞില്ലേ. ഇനി ഇതിൽ സംശയിക്കാൻ ഉണ്ടോ.

അ :– വൈത്തിപ്പട്ടരെ കൃഷ്ണൻ കണ്ടുവോ ?

കൃ :– കണ്ടു. ആയാൾ എന്തൊ ഒരു കാര്യമായി വെങ്കിച്ചൻ പട്ടരെ കാണാൻ വന്നതാണെന്നു പറഞ്ഞു. നാളെ രാവിലെ മടങ്ങി നാട്ടിലേക്കു പോവുമെന്നും പറഞ്ഞു.

അ :– ഇവിടത്തെ വർത്തമാനം വല്ലതും നിന്നോടു ചോദിച്ചുവോ കൃ :– ഒന്നും ചോദിച്ചില്ല. തന്നെ കണ്ട വിവരം ആരോടും പറയണ്ട എന്നു മാത്രം പറഞ്ഞു. എടത്തിലേക്കു എന്താണ് വരാത്തത് എന്നു ചോദിച്ചതിനു വരേണ്ട കാലമാവുമ്പോൾ വരും , ഇപ്പോൾ വരുന്നില്ലായെന്നും പറഞ്ഞു.

രാ :- എനി ഇതിൽ സംശയമുണ്ടോ.

അ :- രാഘവൻ പറഞ്ഞതു ശരിയാണെന്നു എനിക്കും തോന്നുന്നു. പക്ഷെ ആ പട്ടരെ ഇപ്പോൾത്തന്നെ ആളയച്ചു വരുത്തിയാലൊ.

രാ :- വരട്ടെ – വരട്ടെ – ബദ്ധപ്പെടേണ്ട. പട്ടരെ എപ്പോഴെങ്കിലും വരുത്താം. പണം കൊടുത്താൽ ആ കള്ളൻ എന്തും ചെയ്യും. അയാളെ സ്വാധീനമാക്കാൻ ഒരു പ്രയാസവുമില്ല. എന്നാൽ ആയാൾ ഈ കാർയ്യത്തിൽ എന്തൊക്കെയാണ് വൈഷമ്യങ്ങൾ പ്രവർത്തിച്ചിരിക്കുന്നത് എന്ന് അന്വേഷിച്ചറിഞ്ഞ് ഈ കാർയ്യത്തിന്റെ അവസ്ഥപോലെ വേണ്ടത് ചെയ്യാം.

ശ :- ഇപ്പോൾ ഉണ്ണി കേൾപ്പിച്ചതു ശരിയാണ്. അങ്ങിനെ തന്നെയാണ് പ്രവർത്തിക്കേണ്ടത് എന്നും എനിക്കും തോന്നുന്നു.

അ :- ഈശ്വരോ രക്ഷതു. പണ്ടുപണ്ടുള്ള കാരണവന്മാരെല്ലാവരും അവരുടെ കാലം മാനമായി തന്നെ കഴിച്ചുപോയി. നമ്മളുടെ കാലത്ത് ഇങ്ങിനെ ഒരു അവമാനം വരാൻ യോഗമുണ്ടെങ്കിൽ നിവൃത്തിയില്ലല്ലോ. രാഘവൻ പറഞ്ഞതു ശരിയാണെങ്കിൽ ആ കള്ളപ്പട്ടരെ ഉടനെ സ്വാധീനമാക്കി ഈ സംഗതിയെപ്പറ്റി പുറത്തേക്കു ഒരു ശബ്ദത്തിന്ന് എടകൊടുക്കാതെ കഴിക്കുന്നതല്ലെ നല്ലത് എന്ന് എനിക്കു തോന്നുന്നു.

രാ :- കല്പിച്ചത് ശരി തന്നെ. പുറത്തേക്കു ഒരു ശബ്ദത്തിന് എട വരാതെ കഴിക്കുന്നതു തന്നെയാണാവശ്യം. എന്നാൽ വൈത്തിപ്പട്ടര് എന്തൊക്കെയാണ് ഇതിൽ പ്രവർത്തിച്ചിരിക്കുന്നത് എന്നും ഈ എഴുത്ത് അയച്ച വിദ്വാൻ ആരാണെന്നും മറ്റുമുള്ള വിവരങ്ങൾ സൂക്ഷ്മമായി അറിഞ്ഞശേഷം വൈത്തിപ്പട്ടരെ വരുത്തിയാൽ മതി എന്ന് എനിക്കു തോന്നുന്നു.

അ :- അങ്ങനെയാവട്ടെ. ഉണ്ണിയുടെ ആലോചനപോലെ ചെയ്യോളൂ. നമുക്ക് അവമാനമൊന്നും വരരുത്. അത്രമാത്രമേ ആഗ്രഹമുള്ളു.

എന്നും പറഞ്ഞു ദീർഘത്തിൽ ഒന്നു നിശ്വസിച്ചുംകൊണ്ട് ഭക്ഷണത്തിനായി അച്ചൻ അകായിലേക്ക് പോവുകയും ചെയ്തു.

## രണ്ടാം അദ്ധ്യായം

പ്രഹരം കിട്ടുമെന്നു ഭയപ്പെട്ട് പടിപ്പുരയിൽനിന്നും ഓടിപ്പോയ ശങ്കരൻ ഒരു രണ്ടു നാഴിക വഴിയിൽ നിൽക്കാതെ തിരിഞ്ഞുനോക്കാതെ ക്ഷീണിച്ചു വലഞ്ഞ് വഴിയിൽ ഒരേടത്ത് ഇരുന്നു.

പൂഞ്ചോലക്കര എടത്തിൽ കൃഷ്ണനുണ്ണി എന്നു പേരായിട്ട് ഒരു ദേഹം ഉണ്ടെന്ന് എന്റെ വായനക്കാർക്ക് ഓർമ്മ ഉണ്ടായിരിക്കാം.ഇയാൾ വലിയച്ചന്റെ മൂന്നാമത്തെ അനന്തരവനാണ്. ഈ കാലം നാല്പത്തഞ്ചു വയസ്സു പ്രായമാണ്. സംസ്കൃതഭാഷയിൽ നല്ല പാണ്ഡിത്യവും നല്ല ബുദ്ധിഗുണവും നിർമ്മലമനസ്സും ഉള്ള ഒരാളായിരുന്നു. ഇദ്ദേഹത്തിന് ശാരദയുടെ അമ്മയെ വളരെ താല്പര്യമായിരുന്നു. ആ സ്ത്രീയെ വലിയച്ചൻ ദ്രോഹിച്ചതിനാൽ രാജ്യം വിട്ടുപൊയ്ക്കളവാൻ എടയായതാണെന്നുള്ള അഭിപ്രായക്കാരനും ആ സ്ത്രീക്കു സംഭവിച്ച കഷ്ടദശയിൽ വളരെ പരിതാപം ഉള്ളവനും ആയിരുന്നു. എഴുത്തു വായനയും ശങ്കരന്റെ ഓട്ടവും കഴിഞ്ഞശേഷം ഇദ്ദേഹം സ്വന്തം വിശ്വാസമുള്ള ഒരു കാർയ്യസ്ഥനെ വിളിച്ച് ഓടിപ്പോയ ശങ്കരന്റെ പിന്നാലെ ഓടി അവനെ കണ്ടുപിടിച്ച് ശാരദയുടേയും രാമൻമേനോന്റെയും വിവരങ്ങളെ കുറിച്ചു വിവരമായി അന്വേഷിച്ച് വർത്തമാനങ്ങൾ എല്ലാം അറിഞ്ഞ് വേറെ ചില വിവരങ്ങൾ ശങ്കരനെ അറിയിച്ചു മടങ്ങിചെല്ലേണമെന്നു പറഞ്ഞയച്ചിരുന്നു. കൃഷ്ണനുണ്ണിയുടെ ഭൃത്യൻ കല്പനപ്രകാരം ഓടി , വളരെ ഓടി. കുറെ കഴിഞ്ഞപ്പോൾ തന്റെ മുമ്പിൽ വളരെ ദൂരത്ത് ഒരാൾ ഓടുന്നപോലെ തോന്നി. പിന്നേയും ഓടി. അല്പം ചന്ദ്രികാപ്രകാശമുള്ള ഒരു രാത്രിയായിരുന്നു. കുറെ കഴിഞ്ഞപ്പോഴേക്കും കൃഷ്ണനുണ്ണിയുടെ കാർയ്യസ്ഥൻ രാമൻ ഓടി ഏകദേശം അടുത്ത് എത്തി. ഏകദേശം ഇരുനൂറുവാര സമീപമായപ്പോഴേ ശങ്കരൻ കണ്ടുള്ളൂ. കണ്ട ഉടൻ ശങ്കരൻ ഭയപ്പെട്ട് എണീറ്റ കുതിച്ചോടി.

രാമൻ :- ഹെ, നില്ക്കു നില്ക്കു. എനിക്കു ഒന്നു പറയാനുണ്ട്.

ശ :- ഒന്ന് പറവാനുണ്ട് , അല്ലെ . ഈ ജന്മം എന്നെ തൊടാൻ കിട്ടുകയില്ലെന്നു പറഞ്ഞ് പിന്നെയും കുതിച്ചോടി. പിന്നാലെ തന്നെ രാമനും ഓടി. മുമ്പും വഴിയുമായി ഓടി. ശങ്കരൻ കാൽതടഞ്ഞു വീണു. രാമൻ അപ്പോഴേക്ക് അടുക്കെ എത്തി.

ശ :- എന്നെ ഒന്നും ചെയ്യരുതേ. ഞാൻ ക്ഷീണിച്ചിരിക്കുന്നു. എന്നെ വല്ലതും ചെയ്താൽ ഞാൻ ഈ നിമിഷം മരിച്ചുപോകും എന്നെ തൊടരുതേ , ഒന്നും ചെയ്യല്ലേ.

രാ :- തന്നെ ഞാൻ എന്താണെടോ ചെയ്യുന്നത്. എനിക്ക് തന്നോട് ഒരു വിവരം പറയാൻ പറഞ്ഞയച്ചിട്ടുണ്ട്. ഞാൻ തന്നെ ഒന്നും ചെയ്‌വാനല്ല വന്നത്. എണീക്ക്.

ശ :- എനിക്ക് ഒരു വിവരവും കേൾക്കേണ്ട. ദയവു വേണം. ഞാൻ ഇവിടെനിന്നു പതുക്കെ എണീറ്റ് പൊയ്ക്കോളാം എനിയും ആളുകൾ വരുന്നുണ്ടായിരിക്കാം. എന്നെ തല്ലി ദ്രോഹിച്ചിട്ട് എന്താണ് ഫലം. ഞാൻ ഒരു കൂലിക്കാരന്റെ നിലയിൽ എഴുത്തുകൊണ്ടുവന്നതിന് എന്നെ എന്തിനു തല്ലുന്നു. അങ്ങനെ ചെയ്യുന്നത് മര്യാദയാണെങ്കിൽ ചെയ്തോളിൻ. ഞാൻ ഇവിടെത്തന്നെ കിടക്കാം. വേണ്ടുന്ന ആളുകളെ എല്ലാം ശേഖരിച്ച് എന്നെ തല്ലി കൊന്നോളൂ.

രാ:- കഷ്ടം . എന്താണെടൊ തനിക്കു ഭ്രാന്തുണ്ടോ. ഞാൻ തല്ലാനും തല്ലിക്കാനും വന്നതല്ല. കല്യാണി അമ്മയുടെ ജ്യേഷ്ഠൻ കൃഷ്ണനുണ്ണി എജമാനൻ പറഞ്ഞയച്ചിട്ട് തന്നെ കാണാൻ വന്നതാണ്. കല്യാണി അമ്മയെ കൃഷ്ണനുണ്ണി എജമാനനു വളരെ താല്പർയ്യമായിരുന്നു. ആ അമ്മയ്ക്ക് ശാരദ എന്ന ഒരു കുട്ടി ഉണ്ടായിട്ടുണ്ടെന്നു കേട്ടതിലുള്ള സന്തോഷത്താൽ തന്നെ കണ്ടു വിവരങ്ങൾ എല്ലാം അറിഞ്ഞുചെല്ലാനും ചില വിവരങ്ങളെ തന്നോടു പറവാനും പറഞ്ഞയച്ചിട്ട് ഞാൻ വന്നതാണ്. ഓടി ഓടി ഞാൻ തന്നെക്കാൾ വലഞ്ഞിരിക്കുന്നു. ഇപ്പോൾ എനിക്ക് ഒരാളേയും തല്ലാൻ വയ്യ. ഞാൻ തന്നെ എന്തിനു തല്ലുന്നു. കഷ്ടം എണീറ്റിരിക്കും . എന്നു പറഞ്ഞ് ശങ്കരന്റെ കയ്യുപിടിച്ചു പതുക്കെ എഴുനീല്പിച്ച് ഇരുത്തി.

ശങ്കരനു പരിഭ്രമം പിന്നെയും തീർന്നില്ല. ഈ വിദ്വാൻ തന്നെ എന്തോ ചതിപ്പാനായി വന്നതായിരിക്കും എന്നുള്ള ഭയം ശങ്കരനു വിട്ടുന്നില്ല. കുറെ ആലോചിച്ച് , ഒടുവിൽ

ശ :- എനിക്ക് ക്ഷീണംകൊണ്ട് ഒന്നും വയ്യാ. ഞാൻ ഇന്നു ഭക്ഷണം കഴിച്ചിട്ടില്ല. എനിക്ക് ഒന്നും സംസാരിപ്പാനും വയ്യാ. കുറെ വെള്ളം കുടിപ്പാൻ കിട്ടിയാൽ നന്നായിരുന്നു.

രാ :- ഞാൻ പോയി ക്ഷണം വെള്ളം കൊണ്ടുവരാം എന്നു പറഞ്ഞു രാമൻ സമീപമുള്ള ഒരു വാർയ്യത്തേക്ക് ഓടിപ്പോയി. ശങ്കരൻ എഴുന്നേറ്റു നിന്നു നാലുഭാഗത്തും സൂക്ഷിച്ചുനോക്കി. ഈ ഓടി വന്ന വിദ്വാന്റെ വഴിയേ പിന്നെയും ആൾ ശേഖരമായി വരുന്നുണ്ടായിരിക്കുമെന്നതായിരുന്നു ശങ്കരന്റെ ഭയം. വളരെ എല്ലാം സൂക്ഷിച്ചുനോക്കി , ആരെയും കണ്ടില്ല. പിന്നെയും ഒന്ന് ഓടിയാലോ എന്നു ശങ്കരനു തോന്നി "വേണ്ട , വരുന്നതെല്ലാം വരട്ടെ . ഒരു സമയം ഈ വന്നയാൾ പറഞ്ഞതു നേരായി വന്നാലൊ , അതുകൊണ്ട് ഇവിടെത്തന്നെ നില്ക്കുക. വരുന്നതെല്ലാം വരട്ടെ എന്നു മനസ്സുകൊണ്ട് ശങ്കരൻ ഉറച്ചു. അപ്പോഴേക്കു രാമൻ കിണ്ടിയിൽ നല്ല സംഭാരവവും ഒരു ചൂട്ടുവെളിച്ചവും കൊണ്ടുവന്നു ശങ്കരന്റെ അടുക്കെ എത്തി. ചൂട്ട് ഒന്നു പ്രകാശിപ്പിച്ചു ശങ്കരന്റെ മുഖത്തേക്കു നോക്കി, രാമൻ ഒന്നു ചിരിച്ചു. സംഭാരം കുടിപ്പാൻ കൊടുത്തു. സംഭാരം മുഴവനും ആർത്തിയോടെ കുടിച്ച് "ആവൂ" എന്നു പറഞ്ഞു രണ്ടാമതും അവിടെ ഇരുന്നു.

രാ :- എന്താണ് ഹെ സംശയമെല്ലാം തീർന്നുവോ. ഞാൻ ചതിപ്പാൻ വന്നവനാണെന്നുള്ള ഭയം ഇനിയും വിട്ടില്ലേ ?

ശ :- എനിക്കു സംശയം ഒന്നുമില്ല. സംഭാരം കുടിച്ചതുകൊണ്ടു ക്ഷീണത്തിന്നു ഭേദം തോന്നുന്നു. എനി രണ്ടു തല്ലു കൊണ്ടാലും തൽക്കാലം സിദ്ധി കൂടുകയില്ലെന്നു തോന്നുന്നു എന്നു പറഞ്ഞു ശങ്കരൻ ഒന്നു ചിരിച്ചു.

രാ :- എനിയും താൻ ശങ്കിക്കുന്നുണ്ടെങ്കിൽ തനിക്കു മഹാപാപം ഉണ്ടാകും. തന്റെ മുഖവും ദേഹവും കണ്ടാൽ തനിക്കു വളരെ ക്ഷീണമുണ്ടെന്നു തോന്നുന്നു. ഇവിടെ അടുത്ത് ഒരു വാർയ്യം ഉണ്ട്. അവിടെ നിന്നാണ് ഞാൻ ഇപ്പോൾ ഈ സംഭാരം കൊണ്ടുവന്നത്. നോക്ക് അങ്ങോട്ടു പോവുക. അവിടെ നിന്നു നോക്കു രണ്ടാൾക്കും ഊണു കഴിക്കാം. ഇന്നു രാത്രി അവിടെ താമസിച്ചു ഉഷസ്സിനു തനിക്കു പോവുകയും ചെയ്യാം.

രാമന്റെ വാക്കുകളും സ്വഭാവവും ശങ്കരന്റെ മനസ്സിന്നു ക്രമേണ വിശ്വാസത്തെ വർദ്ധിപ്പിച്ചു. രണ്ടുപേരുംകൂടി വാർയ്യത്തേക്കു പോയി ഊൺ കഴിച്ച് അവിടെ താമസിച്ചു. ശങ്കരൻ കല്യാണിഅമ്മയുടേയും ശാരദയുടേയും വിവരങ്ങൾ എല്ലാം വഴിപോലെ പറഞ്ഞു രാമനെ ധരിപ്പിച്ചു. എടത്തിലെ സ്ഥിതികൾ എല്ലാം രാമനും പറഞ്ഞു ശങ്കരനെ വെടിപ്പായി മനസ്സിലാക്കി. ഒടുവിൽ -

ശ :- എന്നാൽ കൃഷ്ണനുണ്ണി എജമാനനും വലിയച്ചനുമായി തമ്മിൽ രസക്കേടായിട്ടാണ് സ്ഥിതി എന്നു തോന്നുന്നു. രാ :- യാതൊരു രസക്കേടുമില്ല. കൃഷ്ണനുണ്ണി എജമാനൻ വളരെ സ്വഭാവഗുണമുള്ളാളാണ്. അതി ദയാലുവും നിർമ്മലമനസ്സുമാണ് വലിയ ഒരു കാർയ്യസ്ഥനല്ല. എന്നാൽ അദ്ദേഹത്തിന്റെ സ്വഭാവം കൊണ്ട് ഒരു മനുഷ്യനും അദ്ദേഹത്തോടു മുഷികയില്ല. അതികോപിയായ വലിയച്ചനും അതിദുഷ്ടനായ രാഘവനുണ്ണി എജമാനനും മറ്റു എടത്തിലുള്ള എല്ലാവരും കൃഷ്ണനുണ്ണി എജമാനനോട് ഒരുപോലെ താല്പർയ്യമായിട്ടാണ്. ഒരാളോടും അദ്ദേഹം ശണ്ഠയ്ക്കു പോവാറില്ല. സ്വഭാവം ഇങ്ങനെ നന്നായിട്ട് ഞാൻ മറ്റൊരാളെ കണ്ടിട്ടില്ല.

ശ :- എന്താണ് എന്നോട് പറവാൻ പറഞ്ഞയച്ച വിവരങ്ങൾ.

രാ :- അതൊ, പറയാം. ശാരദ എന്ന കുട്ടി എഴുത്തിൽ കണ്ടപ്രകാരം സത്യമായി കല്യാണിഅമ്മയുടെ മകളാണെങ്കിൽ നിശ്ചയമായി എടത്തിലെ സന്തതിയാണ്. എടത്തിൽ നിന്ന് അവളെ രക്ഷിക്കേണ്ടതുമാണ്. എന്നാൽ വലിയച്ചൻ അതിന്ന് സ്വന്തമനസ്സാലെ സമ്മതിക്കുന്നത് പ്രയാസമാണ്. രാമൻമേനോൻ എന്താണ് എനി ചെയ്‌വാൻ വിചാരിക്കുന്നത് എന്നുള്ളതിനെപ്പറ്റി വിവരമായി എജമാനനെ ഗൂഢമായി അറിയിക്കേണമെന്നും എജമാനന്നു കുട്ടിയെ ഒന്നു കാണേണമെന്ന് വളരെ ആഗ്രഹമുണ്ടെന്നും അദ്ദേഹത്തിനാൽ കഴിയുന്ന സഹായം

എല്ലാം ചെയ്യുമെന്നും പറഞ്ഞു

ശ :- കൃഷ്ണനുണ്ണി എജമാനനു കുട്ടിയോട് ഇത്ര പ്രീതി തോന്നിയതു ശാരദയുടെ ഭാഗ്യവിശേഷം തന്നെ. ഞാൻ വിവരങ്ങൾ എല്ലാം എന്റെ എജമാനനെ അറിയിക്കാം. എനി ഞങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കൃഷ്ണനുണ്ണി എജമാനനെ ഗ്ഗുഢമായി അറിയിച്ചിട്ടല്ലാതെ ചെയ്കയില്ല എന്ന് അവിടെ ധരിപ്പിക്കണം. പാർപ്പിന്റെ കാർയ്യം ഉറച്ചാൽ ആ വിവരവും അറിയിക്കാം.

ശങ്കരനും രാമനും പിന്നെയും വൈത്തിപ്പട്ടരെ കുറിച്ചും മറ്റും എടത്തിലെയും മറ്റും വർത്തമാനങ്ങളെക്കുറിച്ചും തമ്മിൽ ഉണ്ടായ സംഭാഷണം കഴിയുമ്പോഴേക്കു പ്രഭാതമായി. ശങ്കരൻ യാത്രപറഞ്ഞ് ഉടനെ പുറപ്പെടുകയും ചെയ്തു.

രാമപുരം പ്രദേശത്ത് എത്തിയപ്പോൾ രണ്ടുമൂന്നു നാഴിക പുലർന്നിരിക്കുന്നു. വൈത്തിപ്പട്ടർ കാണിച്ചുകൊടുത്ത അരയാൽ ചുവട്ടിൽ ഒരു നാഴികയോളം താമസിച്ചു. പട്ടരെ കണ്ടില്ല. ശങ്കരൻ അവിടെ നിന്നും പോന്നു. പരിയാരം എന്നു പേരായ കടവു കടക്കുമ്പോഴേ പതിനൊന്നു മണി കഴിഞ്ഞിരിക്കുന്നു. ഉറക്കും , വിശപ്പും ക്ഷീണവും ശങ്കരനെ അസാമാന്യമായി ബാധിച്ച് നടപ്പാൻ ഒരു നിവൃത്തിയും. ഇല്ലാതെ ആയി. കടവു കടന്ന് ഒരു മൂന്നു നാഴിക തെക്കോട്ടു നടന്ന ശേഷം വഴിക്കു സമീപം ഒരു തേക്കിൻകാട്ടിന്റെ ഉള്ളിൽ ഒരു ക്ഷേത്രത്തെ കണ്ട് അങ്ങോട്ടു നടന്നു ക്ഷേത്രത്തിൽ എത്തിയപ്പോൾ അവിടം നിർജ്ജനമായിട്ടാണു കണ്ടത്. മൂന്നേമുക്കാൽ ഭാഗവും കുറ്റിക്കാടുകൾ നിറഞ്ഞ് ഇടിഞ്ഞു പൊളിഞ്ഞുകിടക്കുന്ന ഒരു കളവും പുല്ലും കാട്ടും നിറഞ്ഞുനിൽക്കുന്ന ഒരു തറയോടുകൂടിയ ഒരു അരയാലും മുട്ടിനുമീതെ കാടുനിറഞ്ഞുനിൽക്കുന്ന തിരുമുറ്റത്ത് ഒരാൾക്കു സന്ധിച്ചു നടക്കാൻ മാത്രം വിസ്താരത്തിൽ വാതിൽ മാടത്തിലേക്കു ഒരു വഴിയും കണ്ടു. ക്ഷേത്രവളപ്പു മുഴുവനും അതിദീർഘങ്ങളായി നിൽക്കുന്ന തേക്കുവൃക്ഷങ്ങളാൽ നിറയപ്പെട്ടിരുന്നു. ശങ്കരൻ തിരുമുറ്റത്തുള്ള വഴിയിൽക്കൂടെ വാതിൽമാടത്തിന്റെ വാതുക്കൾ എത്തി. അകത്തേക്കു നോക്കിയപ്പോൾ രണ്ടു മൂന്നു സംവത്സരമായി ഓല മാറ്റിക്കെട്ടാതെയുള്ള പുരയോടുകൂടിയ ഒരു മണ്ഡപവും വാതിൽ പകുതി അടഞ്ഞുനിൽക്കുന്ന ഒരു ശ്രീകോവിലും അതിന്റെ അകത്തു വളരെ ക്ഷീണിച്ചു കത്തുന്ന ഒരു ദീപത്തേയും കണ്ടു. അമ്പലത്തിൽ ആൾ ഉണ്ടായിരിക്കുമെന്നു നിശ്ചയിച്ചു. ശങ്കരൻ ഉച്ചത്തിൽ ഹേ, അമ്പലത്തിൽ ആരാണ് ഒന്നു പുറത്തേക്കു വരണേ എന്നു പറഞ്ഞു. അപ്പോൾ തിടപ്പള്ളിയിൽനിന്നു വെളുത്തു തടിച്ച ഒരു കുറ്റൻ തുളു എമ്പ്രാൻ പുറത്തേക്കു ചാടി വന്നു.

എമ്പ്രാൻ :- ആറു ദെവസ്ഥാനത്തില് ബായിടുന്നു. നീനു ഗജപോക്കിരി , യമ്പളത്തില് ബായിഡാവോ , നിനഗ്ഗ എന്തുവേണം.

ശ :- അങ്ങുന്നെ എനിക്ക് അമ്പലത്തിൽ ഒരു വഴിപാട് കഴിക്കാനുണ്ട്. അതു

കഴിച്ച് ഭക്ഷണം കഴിച്ചു പോണം. അതിനു തരമാവുമോ എന്നു അറിഞ്ഞില്ല.

എ :- ദുഡ് നീനു നന്ന കയ്യിലെ കൊട്ടരെ. ബാളിബാഡുരാത്തിരി ഗയക്കും. ഇല്ല ബഹ്റ ദുർബിച്ച ദിക്കു അപ്പാ നായി അക്കി നി ബെദ്യബച്ചതെ ഉള്ളു. അതു നാനു അരഗു കൊടലിക്കില്ല.

ശങ്കരൻ ഉടനെ ഒരു ഉറുപ്പിക എടുത്ത് എമ്പ്രാനു വെച്ചുകാണിച്ചുംകൊണ്ട് ഇതാ അങ്ങുന്നേ എനിക്ക് ഒരു ഉരി ഉണക്കൽ അരി ചോറുമാത്രം കിട്ടിയാൽ മതി. അതു തരാതെ കഴികയില്ല. ഞാൻ ക്ഷണം കുളിച്ചു വരാം എന്നു പറഞ്ഞു.

എമ്പ്രാൻ മയാളത്തിൽ വന്നിട്ട് കഷ്ടിച്ച് ഒരു രണ്ടുമാസമായിട്ടെ ഉള്ളു. ഒന്നായി അറയ്ക്കാലുറുപ്പികയിൽ കവിഞ്ഞ ദക്ഷിണയോ വഴിപാടോ ഇതേവരെ കയ്യിൽ വീണിട്ടില്ലാ. ഒന്നായി ഒരുറുപ്പിക. കയ്യിൽ വീണപ്പോൾ സന്തോഷം അധിക മായി ഉണ്ടായി. ഇങ്ങിനെ തന്നതിന്ന് എന്താണ് ശങ്കരനോട് ഉപചാരമായി പറയേണ്ടത് എന്ന് ഓർത്തുംകൊണ്ടു ശങ്കരന്റെ മുഖത്തേക്കു നോക്കി വെടിപ്പാ യി ഒരു മന്ദഹാസം ചെയ്തു. മലയാളം ഒരു വാക്കുപോലും ശരിയായി പറയാൻ ഇദ്ദേഹത്തിനു ശീലമില്ല. എങ്കിലും ശങ്കരൻ ചെയ്ത ഈ ഉചിതകർമ്മത്തെക്കുറിച്ച് അഭിനന്ദിച്ച് ഒരു വാക്കു പറയണമെന്ന് എമ്പ്രാനു അത്യാഗ്രഹം ഉണ്ടായതിനാൽ കർണ്ണാടകം തന്നാൽ കഴിയുന്നേടത്തോളം മലയാളമാക്കി ഇങ്ങനെ പറഞ്ഞു.

എ :- നീനു ബഹള ബുദ്ധിമന്തു, രസിക നാനു ഉപവാസയിട്ടാലും നിവേദ്യ നിന ഗുകൊട്ടുത്ത ബെഗസ്ഥാനമാഡിബാ നാനു മലയാളിക്ക ബന്തു എരഡു തിങ്കളുമാത്ര ആയിത്തപ്പാ നിമ്മ മലയാളബായ നനഗു തെളിവതല്ലപ്പാ.

ശങ്കരൻ കുളിച്ചുവരുമ്പോഴേക്കു വാതിൽമാടത്തിൽ ഒരു ഭാഗത്തി ഒരു തേക്കില യിൽ ഒരു പട നിവേദ്യച്ചോറും ഉപകരണമായി കുറെ ഉപ്പും പച്ചമുളകും സംഭാരവും എമ്പ്രാൻ തെയ്യാറാക്കി വെച്ചിരിക്കുന്നു. ശങ്കരൻ ഉടനെ ഭക്ഷണത്തിനു ഇരുന്നു. അപ്പോഴേക്കു ക്ഷേത്രത്തിലെ കഴകക്കാരനു വാർയ്യർ കടന്നു വന്നു. "ആരാണ് പുതിയ വഴിപോക്കൻ" എന്നു എമ്പ്രാനോടു ചോദിച്ചുംകൊണ്ട് ശങ്കരൻ ഉണ്ണുന്ന സ്ഥലത്തിനു സമീപം ചെന്ന് ഇരുന്നു.

കഴകക്കാരൻ ശങ്കുവാർയ്യർ കുറെ പ്രായം ചെന്ന സുശീലനായ ഒരു മനുഷ്യനാണ്. ശങ്കരന്റെ മുഖത്തേക്കു സൂക്ഷ്മമായി നോക്കിക്കൊണ്ടിരുന്നു. ഒരു നാലഞ്ചു നിമിഷം നോക്കിക്കൊണ്ടിരുന്ന ശേഷം.–

ശങ്കുവാർയ്യർ :- ശങ്കരനോട്-മുമ്പെ ഞാൻ എവിടെയോവെച്ചു ഒരു പ്രാവശ്യം കണ്ടതായി എനിക്കു നല്ല ഓർമ്മ തോന്നുന്നു. എവിടെ വച്ചാണെന്ന് ഓർത്തു നോക്കീട്ടു ലേശം തോന്നുന്നില്ല.

ശ :- എനിക്കും കണ്ടതുപോലെ തോന്നുന്നു.

ശങ്കു :- എവിടെയാണ് ദിക്ക്.

ശ :-ദിക്കോ- പറയാം (എന്നു പറഞ്ഞ് ഒന്നു ചിറിച്ചു ) എന്റെ ദിക്കു പൂർവ്വം തിരുവനന്തപുരത്താണ്. ഇപ്പോൾ പ്രത്യേകം ദിക്ക് ഒന്നുമില്ല. സഞ്ചാരിയായി കാലം കഴിക്കുന്നു.

ശങ്കു :- കാശിക്കു പോയിട്ടുണ്ടോ ?

ശ :- ഉണ്ട്. കാശിയിൽ ഒന്നുരണ്ടു സംവത്സരം താമസിച്ചിട്ടുണ്ട്. ശങ്കു :- ശരി , ശരി , അങ്ങിനെ വരട്ടെ ശരി , കാശിയിൽവെച്ചാണു കണ്ടിട്ടുള്ളത്. സംശയമില്ല. നിങ്ങൾ ആരുടെ കൂടെയാണു കാശിക്കു പോയത്.

ശ :- തെക്കില്ലത്ത് രാമൻമേനോൻ എന്നൊരാളുണ്ട് അദ്ദേഹത്തിന്റെ കൂടെ ഞാൻ പലപ്പോഴും കാശിയിൽ പോയി താമസിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാര്യ കല്യാണിക്കുട്ടി അമ്മയും ഉണ്ടായിരുന്നു.

ശങ്കു :- ഓ ഹൊ , ഓ ഹൊ , പൂഞ്ചോലക്കര എടത്തിൽ നിന്നു പൊയ അമ്മ ! മനസ്സിലായി , മനസ്സിലായി. സകലവും മനസ്സിലായി. എനി ഒന്നും പറയണ്ട ശിവ ! ശിവ ! ഇപ്പോഴേക്ക് എട്ടുകൊല്ലമായി ഞാൻ നിങ്ങളെ കണ്ടിട്ട്. രാമൻമേനോനും കല്യാണി അമ്മയ്ക്കും ചെറിയ ഒരു പെൺകിടാവും അന്ന് ഉണ്ടായിരുന്നു. അവരൊക്കെ ഏതു ദിക്കിലാണ് ഇപ്പോൾ ? രാമൻമേനോൻ നല്ല ശിക്ഷയാണ്. ബഹുയോഗ്യനാണ്. എനിക്ക് അന്ന് അദ്ദേഹം ഒന്നാന്തരം ഒരു കസവു വേഷ്ടിയും കല്യാണിഅമ്മ ഒരു ചകലാസ്സു സമ്മാനമായി തന്നിരുന്നു. ശങ്കരൻ ഉണ്ടായ വിവരങ്ങൾ എല്ലാം വാര്യരോടു പറഞ്ഞു. ഊൺകഴിഞ്ഞ് സുഖമായി അമ്പലത്തിൽ കിടന്നുറങ്ങി. ഉറങ്ങി ഉണർന്നപ്പോഴേക്കു നേരം അസ്തമനമായിരിക്കുന്നു. അന്നു രാത്രി വാര്യരുടെ കൂടെ സുഖമായി താമസിച്ചു. പലേ വിവരങ്ങളും അയാളിൽ നിന്നു ഗ്രഹിച്ചു. പിറ്റേ ദിവസത്തെ വണ്ടിക്കു രാമൻമേനോന്റെ അടുക്കലേക്കു പുറപ്പെടുകയും ചെയ്തു.

ഇതിനിടെ സർപ്പദൃഷ്ടിക്കാരൻ വൈത്തിപ്പട്ടര് പറഞ്ഞ നിശ്ചയപ്രകാരം ആൽത്തറക്കൽ വന്നു കുറെ കാത്തുനിന്ന് വഴിപോക്കര് ഓരോരുത്തരോടു ചോദിച്ചതിൽ ശങ്കരൻ കടന്നുപോയിരിക്കേണമെന്നു തോന്നി. നേരെ കട വിലേക്ക് നടന്ന് അവിടെ അന്വേഷിച്ചതിൽ ശങ്കരൻ കടന്നുപോയതായി അറിഞ്ഞു. കടവുകാരൻ ശങ്കരനെ വൈത്തിപ്പട്ടരുടെകൂടെ പൂഞ്ചോലക്കരയ്ക്കു പോവുമ്പോൾ കണ്ടിട്ടുണ്ട്. ശങ്കരൻ പ്രഭാതസമയം കടവ് കടന്നുപോയി എന്ന് അവർ പറഞ്ഞറിഞ്ഞു വൈത്തിപ്പട്ടർ വളരെ ക്രോധിച്ചു. സർപ്പദൃഷ്ടികലശലായി കൺമിഴികളുടെ ഗോഷ്ഠികളാൽ കടവിലുള്ളവരെ ആ സകലം ഭയപ്പെടുത്തി. ഉടനെ കടവു കടന്ന് നേരെ തീവണ്ടിക്കു കുതിച്ചു നടന്നു. വൈകുന്നേരത്തെ വണ്ടി കിട്ടി. അസ്തമിച്ചു പത്തുനാഴിക ആയപ്പോഴേക്കു തന്റെ ഗൃഹത്തിൽ എത്തി. രാമൻമേനോൻ ഉറങ്ങീട്ടില്ല. വിവരങ്ങളെക്കുറിച്ചു ചോദിച്ചതിൽ വൈത്തിപ്പട്ടർ

ശങ്കരന്റെ ധിക്കാരത്താലും വികൃതിയാലും യാതൊന്നും താൻ വിചാരിച്ചപോലെ നടന്നില്ലെന്നും എഴുത്തുകൊട്ടുത്തുവോ എന്നുതന്നെ ഞാൻ അറിഞ്ഞില്ലയെന്നും മറ്റും ഘോഷം കൂട്ടി .

വൈ:- അവൻ ഇന്നു രാവിലത്തെ വണ്ടിക്ക് ഇങ്ങോട്ട് പോന്നിരിക്കുന്നുവല്ലോ. ഇതെന്തു കഥയാണ്. ഇങ്ങിനത്തെ കുരുത്തംകെട്ടവരെ കൂടെ കൊണ്ടു നടന്നാൽ എങ്ങനെ കാര്യം നടക്കും. ഞാൻ യജമാനന്റെ കൂടെ ആയതിൽ ശങ്കരന് വലിയ സുഖക്കേടുള്ളതുപോലെ തോന്നുന്നു. ഞാൻ പക്ഷേ യജമാനൻ കല്പിച്ചാൽ എന്റെ പാട്ടിൽ പോയ്ക്കോളാം . എന്നാൽ യജമാനൻ ഈ ജന്മം കുരുത്തം കെട്ട ചെക്കനെ ഒന്നിച്ചു താമസിപ്പിക്കരുത്. മഹാപാപിയാണ് അവൻ. അശേഷം സ്വാമിഭക്തിയും വകതിരിവും ഇല്ല, ഒരിക്കലും അവനെ കൂടെ താമസിപ്പിക്കരുതെ. ഉടൻ യജമാനൻ അവനെ കളയണം. അവന്റെ നാട്യവും ശൃംഗാരവും കണ്ടിട്ട് എനിക്കു മതിയായി.

രാമൻ മേനോന് ഈ വാക്കുകളെ അശേഷം രസിച്ചില്ല.

രാ:- ആട്ടെ, അവൻ നാളത്തെ വണ്ടിക്കു വരുമായിരിക്കാം.. വന്നിട്ടു വിവരങ്ങളെ എല്ലാം അന്വേഷിക്കാം. എന്നും പറഞ്ഞു മേനോൻ ഉറങ്ങാൻ പോയി.

പിറ്റേദിവസത്തെ വണ്ടിക്കു ശങ്കരൻ എത്തി വർതമാനങ്ങൾ എല്ലാം രാമൻ മേനോനോടു പറഞ്ഞു.

”ഓ ഹോ, ഇത്ര കലശലാണു വട്ടം.” എന്നു മാത്രം രാമൻമേനോൻ അപ്പോൾ പറഞ്ഞു. എന്താണ് ഇനി പ്രവർത്തിക്കേണ്ടത് എന്ന ആലോചനയും തുടങ്ങി.

## മൂന്നാം അദ്ധ്യായം

രാമവർമൻ തിരുമുല്പാട് എന്ന ദേഹത്തെപ്പറ്റി ഒന്നാം അദ്ധ്യായത്തിൽ ഒരേടത്ത് വായിച്ചത് എന്റെ വായനക്കാരുടെ ഓർമ്മയിൽ ഉണ്ടായിരിക്കും. അദ്ദേഹത്തിന്റെ വസതി ഉദയന്തളി എന്ന ഒരു പ്രദേശത്തായിരുന്നു. ഈ സ്ഥലം പൂഞ്ചോലക്കര എടത്തിൽ നിന്ന് ഏകദേശം ഒരു രണ്ടു കാതം കിഴക്കായിരുന്നു. അദേഹം പൂഞ്ചോലക്കര എടത്തിൽ ഉണ്ടായിരുന്ന ലക്ഷ്മി അമ്മയുടെ ഭർത്താവായിരുന്നു എന്നു പറഞ്ഞിട്ടുണ്ടല്ലോ. ആ സ്ത്രീ മരിക്കുന്നതിനു രണ്ടു സംവത്സരങ്ങൾക്കു മുമ്പു രാമവർമ്മൻ തിരുമുൽപ്പാടും പൂഞ്ചോലക്കര അച്ചനുമായി തമ്മിൽ ബദ്ധമത്സരമായതിനാൽ തനിക്കു തന്നിലും അത്യന്ത അനുരാഗത്തോടുകൂടിയിരുന്ന ഭാർയ്യയെ ഉപേക്ഷിക്കേണ്ടിവന്നു. ഈ വേർപാടിന്നു ശേഷം ഉടനെ ലക്ഷ്മി അമ്മ മരിച്ചു. ശാരദയുടെ അമ്മയും ഈ ലക്ഷ്മിഅമ്മയും തമ്മിൽ അത്യന്തസ്നേഹമായിരുന്നു. അതു നിമിത്തം രാമവർമ്മൻതിരുമുല്പാട്ടിലേക്കു കല്യാണിഅമ്മയോട് അതിപ്രിയമായിരുന്നു. കല്യാണി അമ്മ രാജ്യംവിട്ടു പൊയ്ക്കളഞ്ഞതി. തിരുമുൽപ്പാട് കഠിനമായി വ്യസനിച്ചിരുന്നു.

പൂഞ്ചോലക്കര അച്ചനോളം ധനബാഹ്ല്യവും പ്രാബല്യവും ഉണ്ടായിരുന്നില്ലെങ്കിലും രാമവർമ്മൻ തിരുമുൽപ്പാട് നല്ല ഒരു ജന്മിയും കുറെ സ്വാധീനശക്തി ഉള്ളാളും ആയിരുന്നു.

പൂഞ്ചോലക്കര അച്ചനും ഇദ്ദേഹവുമായി അത്യന്ത വിരോധമായിരുന്നു. "മനുഷ്യന്നു മനുഷ്യനോളം ക്രൂരത ചെയ്യുന്ന ശത്രു ഭ്രമണ്ഡലത്തിൽ മറ്റൊരു ജന്തുവും ഇല്ല" എന്ന് ഇംഗ്ലീഷ് കവി പറഞ്ഞതു സൂക്ഷ്മമായ ഒരഭിപ്രായമാണെന്ന് ഇവർ രണ്ടുപേരും അന്യോന്യം ചെയ്തിരുന്ന കർമ്മങ്ങളെ ഓർത്താൽ ഏവനും ബോദ്ധ്യപ്പെടും. ഇവർക്കു അന്യോന്യം ഉണ്ടായിരുന്ന പാരുഷ്യത്തിന്റെ കർക്കശത ഏതു പ്രകാരമായിരുന്നു എന്നു എന്റെ വായനക്കാരെ മനസ്സിലാക്കേണ്ടത് ഈ കഥയിൽ എനിമേൽ പറയുവാൻ പോകുന്ന സംഗതികളെ ഓർക്കുമ്പോൾ ആവശ്യമാണെന്ന് എനിക്കു തോന്നുന്നു. അതുകൊണ്ട് അതിനെപ്പറ്റി ചുരുക്കമായി ഇവിടെ പ്രസ്താവിക്കുന്നു.

ഒന്നാമത് മത്സരം തുടങ്ങുവാൻ കാരണം ഒരു ദേവസ്വമാണ്. ദേവസ്വം വാസ്തവത്തിൽ രാമവർമ്മൻ തിരുമുല്പാടിലെ വകയായിരുന്നു. പൂഞ്ചോലക്കര അച്ചനു പണ്ട് ഒരു മേൽക്കോയ്മസ്ഥാനം ഉണ്ടായിരുന്നുവത്രെ. എന്നാൽ എടത്തിൽനിന്ന് അധികം കാലമായി ആ സ്ഥാനസംബന്ധമായുള്ള യാതൊരു പ്രവൃത്തികളും ചെയ്തു വരികയൊ യാതൊരു അനുഭവങ്ങളും പറ്റിവരികയോ ഉണ്ടായിട്ടില്ല. അത്യാഗ്രഹിയായ രാഘവനുണ്ണിയുടെ ഉപദേശം നിമിത്തം ഈ മേൽക്കോയ്മസ്ഥാനം നടത്തിവരണമെന്ന് അച്ചനു കാംക്ഷ തുടങ്ങി. ആദ്യം ബന്ധുവിന്റെ

നിലയിൽ ഇരുന്ന തിരുമുല്പാടുമായി സന്ധിസംസാരങ്ങൾ തുടങ്ങി. അതൊന്നും ഫലിച്ചില്ല. പിന്നെ ഈ പഴയ മേൽക്കോയ്മാവകാശം ഊരായ്മ തന്നെയാക്കി പിടിച്ചുകയറി വ്യവഹരിച്ചു. തിരുമുല്പാടിനെ തോല്പിച്ച് കൊല്ലത്തിൽ നാല ഞ്ചായിരം ഉറുപ്പിക മുതലെടുപ്പുള്ള ദേവസ്വത്തെ അച്ചൻ കയ്ക്കലാക്കി. ഉടനെ വേറെ ഒരു വ്യവഹാരം തുടങ്ങി. യഥാർത്ഥത്തിൽ രാമവർമ്മൻതിരുമുല്പാട്ടിലെ കീഴിൽ കുടിയാന്മാർ നടന്നുവന്നിരുന്ന വലിയ ഒരു ഭൂമി ഒഴിപ്പിപ്പാൻ തിരുമുല്പാട് കൊടുത്തിരുന്ന ഒരു വ്യവഹാരത്തിൽ, കുടിയാന്മാരെക്കൊണ്ട് അച്ഛൻ ജന്മവാദം പുറപ്പെടുവിച്ചു ജന്മിയുടെ നിലയിൽ വ്യവഹാരത്തിൽ കടന്നുകൂടി ദ്രവ്യം ധാരാളം ചെലവു ചെയ്തു തിരുമുല്പാടിനെ തോല്പിച്ചു. ഈ വ്യവഹാരത്തിൽ തോററതിനാൽ തിരുമുല്പാട്ടിലേക്കു കൊല്ലത്തിൽ രണ്ടായിരത്തിൽ ചില്വാനം പറ നെല്ലു വരുമാനമുള്ള ഒന്നാന്തരം ഒരു ഭൂമി പൊയ്പോയി.

സങ്കടം സഹിക്കാൻ പാടില്ലാതെ ആയതിനാൽ തിരുമുല്പാട് അച്ഛന്റെ ചില കുടിയാന്മാരെ സ്വാധീനമാക്കി അച്ഛന്റെ വക ഒരു ഭൂമിയിൽ കയ്യേററം ചെയ്തു. അച്ഛൻ ക്രിമിനൽ അന്യായം കൊടുത്തു. തിരുമുല്പാടിനും ആൾക്കാർക്കും ഒരു മജിസ്ത്രേട്ടു നല്ലവണ്ണം സമ്മാനം കൊടുത്തു. ഇവിടെയും തോറ്റു.

പൊല്ലീസ്സ് അന്യായത്തിൽ തോററ ശേഷവും തിരുമുല്പാടു വിട്ടില്ല. കയ്യേററം ചെയ്തു കൈവശപ്പെടുത്തിയ ഭൂമി തന്റേതാണെന്നു സ്ഥാപിപ്പാൻ വ്യവഹാരം കൊടുത്തു. ആദ്യം കോടതിയിൽ തിരുമുല്പാട് ഒരു വിധം ജയിച്ചു. അച്ഛൻ അപ്പീൽ ചെയ്തു. ആദ്യവിധി മാററി അച്ഛന്റെ ഭൂമിയാണെന്ന് അപ്പീലിൽ തീർച്ചയാക്കി.

ഈ കാര്യം കഴിഞ്ഞ ഉടനെ തിരുമുല്പാട്ടിലെ കുടിയാനായ ഒരു ചെറുമനെ, തിരുമുല്പാട് തല്ലിച്ച് കഠിന ഉപദ്രവം ഏല്പിച്ചിരിക്കുന്നു എന്ന് ഒരു കള്ളപ്പൊല്ലീസ്സ് അന്യായം അച്ഛൻ തിരുമുല്പാട്ടിലേക്ക് മേൽ കൊടുപ്പിച്ചു. ചെറുമനു കഠിനമായി തല്ലുകൊണ്ട് എല്ലൊടിഞ്ഞത് ശരിയാണ്. എന്നാൽ ഇതിൽ തിരുമുല്പാട് യാതൊന്നും അറികയോ പ്രവർത്തിക്കുകയോ ഉണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ ഒരു കൃഷിക്കാരൻ കാര്യസ്ഥനാണു അടിച്ചത്. അതു തിരുമുല്പാട് കാര്യസ്ഥ നെക്കൊണ്ടു തന്റെ മുമ്പാകെ വച്ചു ചെയ്യിച്ചതാണെന്ന് ഉണ്ടാക്കിത്തീർത്തു. പൊല്ലീസ്സുകാർ ജോറായി അന്വേഷണം നടത്തി. തിരുമുല്പാടും കുടുംബവും ഭയ പ്പെട്ടു വിറച്ചു. ഒന്നുരണ്ടായിരം ഉറുപികയോളം ചെലവു ചെയ്യേണ്ടിവന്നു. ഉറുപ്പിക ചിലവായശേഷം പൊല്ലീസ്സന്വേഷണത്തിന്റെ ഊക്ക് ഒന്നു ശമിച്ചു. മജിസ്ത്രേട്ടു തിരുമുല്പാടിനെ വിട്ടു. ”ആട്ടെ, രണ്ടായിരം ചിലവായതിന്റെ ശേഷമല്ലെ” എന്നു പറഞ്ഞു അച്ഛൻ രസിച്ചു.

ഇതു കഴിഞ്ഞ്ശേഷം തിരുമുല്പാട്ടിലെ കോവിലകത്ത് അതിഘോഷമായി ഒരു അടിയന്തരം ഉണ്ടായിരുന്നു. തിരുമുല്പാടിലെ അമ്മയുടെ മാസം. ആ മാസ

ടിയന്തിരത്തിൻനാൾ നാലഞ്ചായിരം എടങ്ങഴി അരിവെച്ചു സർവ്വാണിസദ്യ നിശ്ചയിച്ചിരുന്നു.സർവ്വാണിസദ്യ തകരാക്കിത്തീർക്കേണമെന്നു നിശ്ചയിച്ച് അച്ഛന്റെ പ്രദേശത്തുനിന്ന് ഒന്നു രണ്ടായിരം ആൾക്കാരെ സർവ്വാണിസാപ്പാ ടിനായി അയപ്പിച്ചു. അവർ അവിടെച്ചെന്നു കലശൽകൂടി ചോറു കടന്നുവാരി വെപ്പുസ്ഥലം അശുദ്ധമാക്കി ഉണ്ടാക്കിയ ഭക്ഷണസാധനങ്ങൾ സകലതും നശിപ്പിച്ചു അന്യോന്യം അടിയും പിടിയും നിലവിളിയും കലശലാക്കി. ഈ ലഹള കണ്ടു ഭയപ്പെട്ട് അടിയന്തരത്തിനു വന്ന മര്യാദക്കാരായ ആളുകൾ എല്ലാം ഓടി ഒളിച്ചു. തിരുമുല്പാടും കുടുംബവും മാളികമേൽ പോയി വാതിലടച്ചു. അടി യന്തിരം കേവലം ഉരസലായിപ്പോയി. ഈ സംഗതിയെ കുറിച്ചു തിരുമുല്പാട് മജിസ്ത്രേട്ടിൽ അച്ഛന്റെ മേൽ അന്യായം കൊടുത്തു. മജിസ്ത്രേട്ട് ദീർഘമായി വിസ്തരിച്ച് അന്യായം കളവാണെന്ന് കണ്ടു നീക്കി.

ഒരു ഹീനജാതിയായ സ്ത്രീയെക്കൊണ്ട്, തിരുമുല്പാടുമായി ഉണ്ടായിട്ടുള്ള സംസർ ഗ്ഗത്താൽ തനിക്കു ഒരു കുട്ടി ഉണ്ടായിരിക്കുന്നുവെന്നും അതിന്നു ചിലവിനു വാങ്ങി കൊടുപ്പിക്കേണമെന്നും ഒരു കള്ള അന്യായം അച്ഛൻ കൊടുപ്പിച്ചു. ആ കാര്യം വിചാരണ ചെയ്ത് മജിസ്ത്രേട്ട് ഒടുവിൽ അന്യായത്തെ നീക്കി. എങ്കിലും തിരുമുല്പാ ടിന്നു അതുനിമിത്തം കഠിനമായ വ്യസനവും അപമാനവും ഉണ്ടാക്കിത്തീർത്തു.

തിരുമുല്പാടിന്റെ കോവിലകത്തുള്ള സ്ത്രീകളുടെ സംബന്ധക്കാരായ ഒന്നു രണ്ടു നമ്പൂതിരിമാരോടു ഭീഷണി പറഞ്ഞ് സംബന്ധം വിടിയിപ്പിച്ചു. ഇങ്ങനെ ഇവർ തമ്മിൽ നടന്ന വ്യവഹാരങ്ങളെക്കുറിച്ചും ദുഷ്ടകർമ്മങ്ങളെക്കുറിച്ചും മുഴുവനും ഇവിടെ പറയുവാൻ പ്രയാസമാണ്. വ്യവഹാരങ്ങളിൽ മിക്കവാറും കലാശം തി രുമുല്പാടിനു ദോഷമായിട്ടാണ്. തിരുമുല്പാടിന്റെ ഭാഗം നേരായാലും കളവായാലും കാര്യം അവാസാനിക്കുന്നതിൽ ഭേദം അധികമായി ഉണ്ടാവാറില്ല. എന്നാൽ നിർഭാഗ്യവശാൽ തിരുമുല്പാട് ഒരു വ്യവഹാരപ്രിയനായിരുന്നു. ദ്രവ്യപ്രബലത ഉള്ളാളുമായി വ്യവഹാരത്തിൽ മത്സരിക്കുന്നത് എല്ലായ്പ്പോഴും അപകടമാണെ ന്നുള്ള ബോദ്ധ്യം നല്ലവണ്ണം ഉണ്ടാവാൻ മാത്രമുള്ള പഠിപ്പ് തിരുമുല്പാടിന്നു ഉണ്ടായി എങ്കിലും പിന്നെയും വ്യവഹാരത്തിൽ ഉള്ള രസം അശേഷം ഇദ്ദേ ഹത്തിന്നു വിട്ടിട്ടില്ല. എന്തെങ്കിലും ഒരു സുഷിരം കിട്ടിയാൽ അതിൽ കൂടെ അച്ഛന്റെ നേരെ പാഞ്ഞു കേറും. തോറ്റ്, ഇളിഭ്യനായി മടങ്ങും. തന്റെ നേരെ പാഞ്ഞു കേറിയതിനാൽ ഉണ്ടായ ക്രോധശമനത്തിന്ന് അച്ഛൻ തിരുമുല്പാടിന്റെ നേരെ കയറും, മിക്കവാറും കാര്യങ്ങൾ ജയിക്കുകയും ചെയ്യും. ഇങ്ങിനെ ഇവർ തമ്മിൽ ഉണ്ടായ ദുർവ്യവഹാരങ്ങളാൽ തിരുമുല്പാടിന്നു വളരെ സ്വത്ത് ക്ഷയിച്ചു കടത്തിലായി. വസ്തുക്കൾ പണയംവച്ചു തുടങ്ങി. ഈ കാലമാണ് ഇദ്ദേഹം ഈ കഥയിൽ പ്രവേശിക്കുന്നത്. കടം വാങ്ങിയും വ്യവഹരിക്കേണമെന്നുള്ള

നിശ്ചയം ദൃഢമായി ചെയ്തിട്ടുള്ള ദേഹമായ ഇദ്ദേഹത്തിന്നു വ്യവഹാരത്തിൽ രസം പിടിപ്പിപ്പാൻ ഒരു നാട്ടുകാര്യസ്ഥൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേർ കരിപ്പാട്ടിൽ കണ്ടമ്മേനോൻ എന്നായിരുന്നു.

"നാട്ടുകാര്യസ്ഥൻ" എന്നപദത്തിന്നു ഞാൻ ഉദ്ദേശിച്ച അർത്ഥമോ അല്ലെങ്കിൽ വല്ല പ്രത്യേക അർത്ഥമോ ഒരു വിവരണം കൂടാതെ എന്റെ വായനക്കാർ ഗ്രഹിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. ഞാൻ ഉപയോഗിച്ച പദത്തിന്റെ ഗാംഭീര്യം നിമിത്തം മനസ്സിലാവാൻ പ്രയാസമെന്നല്ല ഞാൻ പറയുന്നത്. "നാട്ടുകാര്യസ്ഥൻ" എന്ന പദത്തിൽ എവിടെയാണ്, ഗാംഭീര്യം. എന്നാൽ മനസ്സിലാവാൻ വൈഷമ്യം എന്നു ഞാൻ ശങ്കിക്കുന്നത് ഈ പദം ഞാൻ ഉദ്ദേശിച്ച അർത്ഥത്തിൽ സാധാരണ ഗ്രഹിക്കപ്പെടുന്നുണ്ടെന്ന് എനിക്കു വിശ്വാസമില്ലാത്തതിനാലാണ്. അതുകൊണ്ട്, ആ പദത്തിന്നു ഞാൻ ഇവിടെ ഉദ്ദേശിച്ച അർത്ഥം താഴെ വിവരിക്കുന്നു.

സർക്കാരുദ്യോഗം, കച്ചവടം, കൃഷി, ഗൃഹസ്ഥവൃത്തി, വിദ്യാപരിശ്രമം, കൈവേലപ്രവൃത്തികൾ, കൂലിപ്പണി, തീർത്ഥാടനം, പിച്ച എടുക്കൽ മുതലായ യാതൊരു വ്യാപാരങ്ങളിലും ക്രമമായും ശരിയായും പ്രവേശിക്കാതെയും അധികകാലം കോടതിയിൽ വ്യവഹാരകാര്യങ്ങളിൽ പരിചയിച്ച വ്യവഹാരത്തിൽ അത്യന്തം രസം പിടിച്ചു പൂർവ്വാർജ്ജിതമായി വല്ല സ്വത്തുക്കളും തനിക്ക് ഉണ്ടായിരുന്നുവെങ്കിൽ അതു വ്യവഹാരഭ്രാന്തിനാൽ നശിച്ച് ദിവസവൃത്തിക്കു നല്ല ബുദ്ധിമുട്ടോടുകൂടി വല്ല കാര്യങ്ങളിലും മദ്ധ്യസ്ഥം പറഞ്ഞു വ്യവഹാരങ്ങൾ നടത്തുന്നതിൽ വക്കീലന്മാരുടെ ഉപദേഷ്ടാവായും വല്ല മുറിവാചകങ്ങളും പഠിച്ച ഹർജികൾ, ആധാരങ്ങൾ, തറവാട്ടുകരാറുകൾ മുതലായത് എഴുതുന്നതിൽ ബഹുസമർത്ഥൻ എന്ന് അറിവില്ലാത്താളുകളെ ധരിപ്പിച്ചും, ധനപുഷ്ടിയും ജനപുഷ്ടിയും ഉള്ള തറവാടുകളിൽ കടന്നുകൂടി കുടുംബച്ഛിദ്രവും നാശവും ഉണ്ടാക്കിയും നാട്ടിൽ വ്യവഹാരങ്ങൾ വർദ്ധിപ്പിച്ചു കാലക്ഷേപം ചെയ്യുന്ന ഒരു മനുഷ്യനു ഞാൻ "നാട്ടുകര്യസ്ഥൻ" എന്ന പേർ കൊടുക്കുന്നു. മേല്പറഞ്ഞ കരിപ്പാട്ടിൽ കണ്ടമ്മേനോൻ ഈ വിധമുള്ള നാട്ടുകാര്യസ്ഥനാകുന്നു. ശീട്ടുകളിയിലും മറ്റും ചിലപ്പോൾ കിട്ടുന്നതുപോലെ ദുർവ്യവഹാരങ്ങളാൽ തന്റെ ചെറുപ്പത്തിൽ ആദ്യകാലത്തു സമ്പാദിച്ചിരുന്ന സ്വത്തും തനിക്കു തറവാട്ടിൽ കാരണവസ്ഥാനം കിട്ടിയശേഷം തറവാട്ടുവക അല്പമായി ഉണ്ടായിരുന്ന സ്വത്തും ഈ മനുഷ്യൻ ഒരുപോലെ നശിപ്പിച്ച് അഹോവൃത്തിക്കു വളരെ ബുദ്ധിമുട്ടി "ഉഴലൂർ" ആയി നടക്കുന്ന കാലമാണ്, ഈ കഥ നടന്ന കാലം. സൂക്ഷ്മത്തിൽ വളരെ വലച്ചിലിൽ ആയിരുന്നു, തന്റെ ഇപ്പോഴത്തെ സ്ഥിതി എങ്കിലും ഒരു വെളുത്തമുണ്ടും, തോർത്തുമുണ്ടും, ഒരു ചൂരൽ വടിയും, പഴെ രണ്ടു ചെരിപ്പും, കാലപ്പഴക്കത്താൽ ആദ്യത്തെ ആകൃതിയും

വണ്ണവും ഏതാണ്ട് മാറിവശായ ഒരു പട്ടുകൊടയും കാര്യസ്ഥതയാൽ സഹജമെന്നപോലെ ആയിത്തീർന്നിരിക്കുന്ന തന്റെ ഗംഭീരഭാവവും ധാർഷ്ട്യാതിരേകമായ വാക്കുകളും കൂടാതെ കണ്ടന്മേനോനെ അദ്ദേഹത്തിന്റെ ഈ ദുഷ്കാലത്തിലും ആരും പുറത്തു കാണാറില്ല. ധാർഷ്ട്യവും ഗർവ്വും നിമിത്തവും ഉള്ള വിലകൂടി ക്ഷണത്തിൽ ഇല്ലാതെ ആയി പോവുമെന്നു ശങ്കിച്ച്, തന്റെ കഷ്ടദശയെ കുറിച്ചും ബുദ്ധിമുട്ടുകളെ കുറിച്ചും ആരോടും കണ്ടന്മേനോൻ പറയാറില്ല. വല്ല ശുദ്ധമനസ്സുകളായ മനുഷ്യർ തന്റെ അപ്പോഴത്തെ സ്ഥിതിയെക്കുറിച്ചു പരിതാപപ്പെട്ടു കണ്ടന്മേനോനോടു വല്ലതും പറഞ്ഞാൽ അതു തനിക്കു അശേഷം രസമാവുകയില്ലെന്നു മാത്രമല്ല ചിലപ്പോൾ ശുണ്ഠിക്കുകൂടി കാരണമായി വരുമാറാണ്. ഇങ്ങിനെയാണ് ഈ നാട്ടുകാര്യസ്ഥന്റെ പ്രകൃതം. ഇദ്ദേഹത്തിന്റെ ഭവനവും ഉദയന്തളി പ്രദേശത്തുതന്നെയാണ്. രമവർമ്മൻ തിരുമുല്പാടിന്റെ കോവിലകത്തുനിന്ന് ഒരു നാഴിക ദൂരമാണ്. രാമവർമ്മൻ തിരുമുല്പാട്ടും അച്ഛനുമായി വ്യവഹാരം തുടങ്ങിയ ആദ്യകാലങ്ങളിൽ കണ്ടന്മേനോൻ രാപകൽ തിരുമുല്പാടോട്ടുകൂടി നിന്നു വ്യവഹാരപരിശ്രമം ചയ്തിരുന്നു. ഇയാളുടെ ഉപദേശങ്ങളാൽ രാമവർമ്മൻ തിരുമുല്പാട്ടു പലേ അബദ്ധങ്ങളിലും ചാടീട്ടുണ്ടായിരുന്നുവെങ്കിലും കണ്ടന്മേനോനുമായുള്ള ആലോചന തിരുമുല്പാട്ടു കേവലം വിട്ടിരുന്നില്ല. കൂടെക്കൂടെ ഇക്കാലം തിരുമുല്പാട്ടു കണ്ടന്മേനോനെ കാണുമാറും വ്യവഹാരസംഗതികളെപ്പറ്റി ആലോചിക്കുമാറും ഉണ്ട്. അങ്ങിനെ ഇരിക്കുമ്പോൾ നമ്മുടെ ഈ കഥ നടക്കുന്ന കാലം ഒരു ദിവസം രാവിലെ കണ്ടന്മേനോൻ രാമവർമ്മൻ തിരുമുല്പാടിനെ കാണ്മാൻ അദ്ദേഹത്തിന്റെ കോവിലകത്തേക്കു ചെന്നു. കോവിലകത്തു പൂമുഖത്തുവെച്ചു രാമവർമ്മൻ തിരുംല്പാട്ടും കണ്ടന്മേനോനുമായി ഓരോ സംഗതികളെക്കുറിച്ചും സംസാരം തുടങ്ങി. ക :- ഇവിടുന്ന് ഒരു വിശേഷവർത്തമാനം കേട്ടുവോ.

രാ :- ഇല്ല, എന്താണു കേൾക്കട്ടെ.

ക :- പൂഞ്ചോലക്കര എടത്തിൽനിന്നു മുമ്പു നാടുവിട്ട പൊയ്ക്കളഞ്ഞ കല്യാണിഅമ്മയുടെ മകളായിട്ടു ഒരു കുട്ടി അതിന്റെ അച്ഛനോടുകൂടി ഈ ദിക്കിൽ എത്തീട്ടുണ്ടത്രേ. കല്യാണിഅമ്മ മരിച്ചുപോയിപോൽ. കുട്ടിയുടെ അച്ഛൻ പൂഞ്ചോലക്കര അച്ഛനു് ഒരു എഴുത്തയച്ചിരിക്കുന്നു. അതിൽ കുട്ടിയെ അച്ചൻ ഏറ്റുവാങ്ങി രക്ഷിക്കേണമെന്നും അല്ലെങ്കിൽ ഉടനെ വ്യവഹാരം കൊടുക്കുമെന്നും എഴുതിയിരിക്കുന്നുവത്രെ. അച്ചനും ഉണ്ണിമാരും വളരെ ഭ്രമിച്ചു വശായിരിക്കുന്നു. ഞാൻ ഇന്നലെ വൈകുന്നേരമാണ് ഈ വിവരം കേട്ടത്. അതാണ് ഇന്ന് ഇത്രനേർത്തെ ഇങ്ങോട്ടു പോന്നത്.

ഈ വാക്കുകൾ കേട്ടപ്പോൾ തിരുമുല്പാട് പെട്ടെന്ന് അത്യന്തസന്തോഷത്തിലും അല്പം വ്യസനത്തിലും ആയതിനാൽ രണ്ടുമൂന്നു നിമിഷങ്ങൾ ഒന്നും സംസാരി

പ്പാൻ വയ്യാതെ ഇരുന്നു. ഈ സ്തോഭത്തിൽ നിന്ന് നിർത്തിച്ചശേഷം ചോദിച്ചു.
രാ :- ഇതു സത്യമോ ? കണ്ടനോട് ആർ പറഞ്ഞു ?
ക :- സത്യമാണ്. സംശയമില്ല. ഈ കുട്ടിയുടെ അച്ഛന്റെ എഴുത്ത് ഒരുവൻ പൂഞ്ചോലക്കര എടത്തിൽ കൊടുക്കുന്നതു കണ്ട ദേഹമാണ് എന്നോടു പറഞ്ഞത്. കാര്യത്തിൽ ഒരു സംശയവുമില്ല. എഴുത്ത് കൊണ്ടുവന്നവനെ തല്ലിക്കാൻ അച്ചൻ വട്ടംകൂട്ടി. അവൻ ഓടിക്കളഞ്ഞുവത്രെ. വർത്തമാനം പരമാർത്ഥമാണെന്നുള്ളതിനു യാതൊരു സംശയവും ഉണ്ടാവാൻ പാടില്ല.
രാ :- വ്യവഹാരം കൊടുക്കുമെന്നു തന്നെ എഴുതീട്ടുണ്ടോ ??
ക :- അങ്ങിനെ തന്നെ എഴുതിയിരിക്കുന്നു , എഴുത്തു കിട്ടിയ തിയ്യതി മുതൽ ഒരു മാസത്തിനകത്ത് എഴുത്തിലാവശ്യപ്പെട്ട പ്രകാരം പ്രവർത്തിക്കുന്നില്ലെങ്കിൽ വ്യവഹാരം കൊടുക്കുമെന്നു തന്നെ തീർച്ചയായും എഴുതിയിരിക്കുന്നു. ഈ കുട്ടിയുടെ അച്ഛൻ വളരെ ദ്രവ്യസ്ഥനും നല്ല കാര്യസ്ഥനുമാണത്രെ. കുട്ടി അതിസുമുഖിയാണ് അത്രെ.
രാ :- നിശ്ചയമായി നമ്മൾ ഈ കുട്ടിക്കു വേണ്ട സഹായങ്ങൾ സകലതും ചെയ്യണം.
ക :- സകല സഹായങ്ങളും ചെയ്യണം.
രാ :- കഷ്ടം ! കല്യാണി മരിച്ചുപോയി ഇല്ലേ ? ഈ മഹാപാപി അച്ചൻ നിമിത്തം ആ പെണ്ണും എന്റെ ഭാര്യ ലക്ഷ്മിയും നശിച്ചു. അവരെ രണ്ടുപേരേയും ഈ അച്ചൻ കൊല ചെയ്തതായി വിചാരിക്കണം. എനിക്ക് അധികാരമുണ്ടായിരുന്നുവെങ്കിൽ ഈ വൃകോദരനെ ഞാൻ തൂക്കിക്കൊല്ലുവാൻ വിധി കൊടുക്കുമായിരുന്നു. ആ മഹാപാപിക്ക് നല്ല കാലമാണ്. എന്തു ചെയ്യും. നിവൃത്തി ഇല്ലല്ലോ , വ്യവഹാരം ഈ കുട്ടി കൊടുത്തിട്ടെന്തു ഫലം. അച്ചന്റെ പണത്തിനു മീതേ എന്തെങ്കിലും പോവുമോ ?
ക :- അങ്ങിനെ പറയണ്ട. ഈ വ്യവഹാരം നല്ല ഒന്നാംതരം വ്യവഹാരമാണ്. സ്ഥാപനക്കു കൊടുത്താൽ മതി "ഇസ്പീശ്യാൽറില്ലി" എന്ന് ഇപ്പോൾ ഒരാക്ട് ഉണ്ട്. അതുപ്രകാരം സ്ഥാപനയ്ക്കു കൊടുത്താൽ കുടുങ്ങി.
രാ :- എന്ത് ആക്ട് ഉണ്ടായാലും അച്ചനു പണമില്ലെ. ആക്ടൊക്കെ പണത്തിനു വഴങ്ങണ്ടെ.
ക :- ഈ വ്യവഹാരം കൊടുത്തുവോ എന്നാൽ ജയിക്കും , സംശയമില്ല. "റില്ലി" ആക്ട് പ്രകാരം വേണ്ടേടത്തോളം തെളിവുകൊടുത്താൽ ഹൈക്കോടതിയിലെങ്കിലും ഗുണം കിട്ടും നിശ്ചയം. ഞാൻ വെറെ ഒരു വിശേഷവർത്തമാനം കൂടികേട്ടു. വലിയ മൂപ്പർക്ക് എളക്കമുണ്ടത്രേ. ഏതോ വേറെ ഒരു ജില്ലയിലേക്ക് മാറ്റുന്നുവത്രെ.

രാ :- ജഗദീശ്വരാ-ഭഗവാനെ-ഈ ബകഹാക്ഷസൻഇവിടെനിന്നു പോയാൽ സാധുക്കൾക്ക് ജീവിക്കാമായിരുന്നു. പോവുകയില്ല. ഒരിക്കലും പോവുകയില്ല. അത്രഭാഗ്യം ഈ ജില്ലയിലെ സാധുക്കൾക്കുണ്ടോ.

ക :- അല്ല പോകും. ഇഷ്ടീൻസായ്പ് സകല വർത്തമാനവും അറിഞ്ഞിരിക്കുന്നു പോൽ. ഉടനെ മാറ്റം ഉണ്ടാവും.

രാ :- നീ പറഞ്ഞആക്ട് പ്രകാരം ഉള്ള വ്യവഹാരം ഏതു കോടതിയിൽ കൊടുക്കേണ്ടതാണ് ?

ക :- അത് മുനിസിപ്പ് കോടതിയിൽ കൊടുക്കാം.

രാ :- അപ്പോൾ സലയോ. എടത്തിലെ വസ്തുമുതൽ ഒക്കെയും അധികാരസലയായി ചേരണ്ടേ. അത് മുനിസിപ്പുകോടതിയിൽ ഒതുങ്ങുമോ ?

ക :- ഓ ഹൊ , "ഇസ്പിശ്യാൽ റില്ലി" ആക്ട് പ്രകാരം അധികാരസല ആവശ്യമില്ല. പത്തുറുപ്പികയുടെ കടലാസിൽ അന്യായം എഴുതിക്കൊടുക്കണം. അത്രേ വേണ്ടു. ഏതു കോടതിയിലും കൊടുക്കാം.

രാ :- എന്തൊ , എനിക്കു ഇതു നിശ്ചയമില്ല. ആട്ടെ എനിക്ക് ആ കുട്ടിയെയും അതിന്റെ അച്ഛനെയും കാണാൻ അത്യാഗ്രഹമായിരിക്കുന്നു. അവർ ഏതു ദിക്കിലാണ് ? ക :- കല്യാണിഅമ്മയുടെ കൂടെ പോയിരുന്ന വൈത്തിപ്പട്ടര് എന്ന ഒരു പട്ടരുടെ ഗൃഹത്തിൽ ആണത്രെ താമസം.

രാ :- കണ്ടൻ ഉടനെ ആ ദിക്കിലേക്ക് പുറപ്പെടണം. വൈത്തിപ്പട്ടർ എന്റെ ഒരു താല്പര്യക്കാരനാണ്. പട്ടര് വികൃതിയാണെങ്കിലും പൂഞ്ചോലക്കര എടത്തിലേക്കു ബദ്ധമത്സരിയാണ്. അയാളെ സ്വാധീനത്തിൽ വെക്കണം. കുട്ടിയേയും അതിന്റെ അച്ഛനേയും ഇങ്ങോട്ട് വൈത്തിപ്പട്ടർ മുഖാന്തിരം കണ്ടൻ തന്നെ പോയി കൂട്ടിക്കൊണ്ട് വരണം. പക്ഷേ ഉദയവർമ്മനും കൂടി വരട്ടെ. കുട്ടി എന്റെ ഭാര്യയുടെ ജ്യേഷ്ഠത്തിയുടെ മകളല്ലേ. എനിക്ക് ആ കുട്ടിയെ എന്റെ സ്വന്തം ആളെ അയച്ചുവരുത്തുവാൻ അവകാശമുണ്ടല്ലോ. ഒട്ടും താമസിക്കരുത് ഉടനെ കണ്ടൻ പോകണം.

രാമവർമ്മൻ തിരുമുല്പാടും കണ്ടന്മേനോനും തമ്മിൽ ഉണ്ടായ ഈ സംഭാഷണം കേട്ടുകൊണ്ട് പൂമുഖത്ത് ഒരു ചെറുപ്പക്കാരൻ നമ്പൂതിരി നിന്നിരുന്നു. ഇദ്ദേഹം വലിയ ഒരു സ്ത്രീഭ്രാന്തനും ഒരു ഉത്സാഹപുരുഷനുമായിരുന്നു. കണ്ടാൽ സുമുഖനാണ്. ഇദ്ദേഹത്തിന്റെ ഇല്ലം രാമവർമ്മൻതിരുമുല്പാട്ടിലെ കോവിലകത്തിന്ന് ഏറ്റവും സമീപത്തായിരുന്നു. കോവിലകത്ത് ഇദ്ദേഹം നിത്യനാണ്. കല്യാണി അമ്മയുടെ മകളായിട്ട് ഒരു പെൺകുട്ടി എത്തീട്ടുണ്ടെന്ന് കണ്ടന്മേനോൻ പറഞ്ഞ ഉടനെ കുട്ടിയെ കാണേണമെന്ന് നമ്പൂതിരി മനസ്സുകൊണ്ട് ഉറച്ചുകഴിഞ്ഞു ! ഇദ്ദേഹം വലിയ സഞ്ചാരിയാണ്. ഉത്സവങ്ങളോ മറ്റു വലിയ കാഴ്ചകളോ ഉള്ള

ഇടങ്ങളിലെല്ലാം ഈ നമ്പൂതിരിയെ കാണാതെ ഇരിക്കുകയില്ല. കുറെ സംഗീതവാസനയുണ്ട്. പാട്ട് എവിടെയുണ്ടോ അവിടെ നമ്പൂതിരിയും ഉണ്ട്. പാട്ട് ശീലമുള്ള സ്ത്രീകൾ തനിക്ക് പരിചയമില്ലാത്തവരായി ആരു ഈ മലയാളത്തിൽ ഇല്ല. ഈ രാജ്യത്തിൽ ഇദ്ദേഹം പോയി കാണാതെയോ പരിചയമില്ലാതെയോ പ്രദേശം ഉണ്ടോ എന്നു സംശയമാണ്

"ഉടനെ കണ്ടൻ പോണം" എന്നു തിരുമുല്പാട് പറഞ്ഞപ്പോൾ-

നമ്പൂതിരി "ഞാനും കൂടെ പോവാം ! ഞാൻ വൈത്തിപ്പട്ടരുടെ ഗൃഹത്തിൽ പലപ്പോഴും പോയിട്ടുണ്ട്. സർപ്പദൃഷ്ടിക്കാരനും ഞാനുമായി നന്നെ സ്നേഹമായിട്ടാണ്. ഞാനും കൂടെ പോവാം. എന്നു പറഞ്ഞു.

രാമവർമ്മൻ തിരുമുല്പാടിനു നമ്പൂതിരി പറഞ്ഞത് വളരെ സമ്മതമായി. സന്തോഷത്തോടുകൂടി "അങ്ങിനെതന്നെ" എന്നു സമ്മതിച്ചു. ഉദയവർമ്മൻ തിരുമുൽപ്പാടിലേക്കും കണ്ടമ്മേനോനും ഉടനെ പുറപ്പെടാൻ തരമായില്ല. നമ്പൂതിരി ഈ രണ്ടുപേരോടും എപ്പോൾ പുറപ്പെടുന്നു , താൻ ഹാജരായിരിക്കുന്നു എന്ന് ഈ സംഭാഷണം കഴിഞ്ഞതുമുതൽ എല്ലാ ദിവസങ്ങളിലും പോയി ചോദ്യം തുടങ്ങി. അവരു രണ്ടുപേരും ഈ നമ്പൂതിരിയുടെ ബദ്ധപ്പാടുകൊണ്ട് ബുദ്ധിമുട്ടി. ഒടുവിൽ ഒരു ദിവസം ഉദയവർമ്മൻ തിരുമുൽപ്പാട് നമ്പൂതിരിയോട് ഇങ്ങനെ പറഞ്ഞു.

"എനിക്കു രണ്ടുദിവസം കഴിഞ്ഞേ പുറപ്പെടാൻ നിവൃത്തിയുള്ളൂ നമ്പൂതിരിക്ക് ബദ്ധപ്പാടാണെങ്കിൽ മുമ്പെ പൊയ്ക്കൊള്ളൂ."

"എന്നാൽ ഞാൻ മുമ്പെ പോവാം. നിങ്ങൾ എല്ലാം വരുന്ന വിവരം മുൻകൂട്ടി അറിയിച്ചു നിങ്ങൾ വരുമ്പോൾ എതിരേൽക്കാൻ ഞാൻ ഹാജരായി നിന്നുകൊള്ളാം." എന്നും പറഞ്ഞു ഉടനെ വൈത്തിപ്പട്ടരുടെ ഗൃഹത്തിലേക്കായി നമ്പൂതിരി പോയി. അദ്ദേഹം പോയതിന്റെ രണ്ടാംദിവസം ഉദയവർമ്മൻ തിരുമുൽപ്പാടും കണ്ടമ്മേനോനും ഭൃത്യന്മാരോടുകൂടി വൈത്തിപ്പട്ടരുടെ രാജ്യത്തേയ്ക്കു പുറപ്പെടുകയും ചെയ്തു.

## നാലാം അദ്ധ്യായം

”ഹെ മനുഷ്യരെ , നിങ്ങളുടെ അത്യാഗ്രഹത്തിന്റെ വല്യപ്പം നിങ്ങളുടെ ക്രൂരതയുടെ രൂക്ഷതയാൽ അല്ലാതെ മറ്റെന്തിനാൽ ജയിക്കപ്പെടുന്നു.” എന്ന് ഒരു വ്യുല്പന്നനായ ദേഹം പണ്ടുപറഞ്ഞുപോൽ. ഈ അദ്ധ്യായത്തിൽ എഴുതുവാൻ പോവുന്ന കഥയെ ഓർത്തപ്പോൾ എനിക്കു മേല്പറഞ്ഞ വാക്കുകളുടെ യഥാർത്ഥത്തെപ്പറ്റി പൂർണ്ണബോദ്ധ്യം ഉണ്ടായി.

എന്റെ പ്രിയപ്പെട്ട വായനക്കാരെ , നിങ്ങളിൽ ചിലർക്ക് ഈ മാതിരി കഥകളിൽ ഇങ്ങനെ ഗ്രന്ഥകർത്താക്കന്മാർക്ക് സാധാരണ സംഗതികളെപ്പറ്റിയുള്ള സ്വാഭിപ്രായങ്ങളെക്കുറിച്ച് എഴുതുന്നതു രസിക്കുമോ എന്നു ഞാൻ അറിയുന്നില്ല. എങ്കിലും ഈ അദ്ധ്യായത്തിൽ പറയുവാൻ പോകുന്ന കഥയുടെ സ്വഭാവം ഓർക്കുമ്പോൾ ആ കഥ പറയുന്നതിനു മുമ്പ് മേൽ കാണിച്ച പ്രകാരമുള്ള ഒരു മുഖവുരയും അതിനെപ്പറ്റി ഏറ്റവും ചെറിയ ഒരു വിവരണവും ഇവിടെ കൊടുക്കുന്നതു യോഗ്യമെന്നു മാത്രമല്ലാ ആവശ്യമാണെന്നുകൂടി ഞാൻ വിചാരിക്കുന്നു.

ഒരു മനുഷ്യന് തന്റെ സ്നേഹിതൻമാർ പലരേയും ഒന്നായിക്ഷണിച്ച് ഒരു വിരുന്ന് കഴിക്കുമ്പോൾ അവരിൽ ഓരോരുത്തർക്ക് രുചിയുള്ളതും രുചിയില്ലാത്തതും ആയ ഭക്ഷണപദാർത്ഥങ്ങൾ എന്താണെന്ന് അന്വേഷിച്ച് അതുപ്രകാരം ഓരോരുത്തർക്ക് വട്ടം കൂട്ടുവാൻ അസാദ്ധ്യമാണ്. ഒരുവിധം തന്റെ രുചിക്കും സാധാരണസമ്പ്രദായത്തിനും ഒത്തവണ്ണം സദ്യക്ക് വട്ടംകൂട്ടുക എന്നേ വരു. ഈ മാതിരിയിൽ മാത്രമെ ഒരു പുസ്തകം എഴുതുന്നയാൾക്കും ചെയ്വാൻ കഴികയുള്ളൂ. ഗ്രന്ഥകർത്താവിന്റെ ബുദ്ധിഇശക്തിക്കും വാസനയ്ക്കും രുചിക്കും ഒത്തവണ്ണം ഗ്രന്ഥം എഴുതുവാനെ നിവൃത്തിയുള്ളൂ. വായനക്കാരുടെ ബുദ്ധിശക്തിക്കും രുചിക്കും ഒത്തവണ്ണം അവർ രസിക്കുകയോ നിന്ദിക്കുകയോ ചെയ്തുകൊള്ളട്ടെ.

ഈ അദ്ധ്യായത്തിന്റെ ആദ്യത്തിൽ കാണിച്ച വാക്യപ്രകാരം മനുഷ്യന്റെ ബുദ്ധിയുടെ ദുഷ്ടതയെപ്പറ്റി ഓർത്താൽ ആശ്ചര്യപ്പെടാതെ ഇരിപ്പാൻ നിവൃത്തിയില്ല. ഒരു സിംഹത്തേയോ , പുലിയേയോ , കരടിയേയോ കാണുന്ന ക്ഷണത്തിൽ അത് എന്തൊരു മാതിരി ദുഷ്ടജന്തുവാണെന്ന് മനുഷ്യർക്കും മറ്റുള്ള ജന്തുക്കൾക്കും മനസ്സിലാവുന്നു. അങ്ങിനെ മനസ്സിലാവുന്നതിനാൽ ആ വക ജന്തുക്കളിൽനിന്ന് ഉണ്ടാവുന്ന ആപത്തുകളെ തടുപ്പാനുള്ള വഴി മുൻകൂട്ടി കരുതുന്നു. എന്നാൽ ദുഷ്ടമനുഷ്യൻ എന്നു പറയുന്നത് എന്തൊരു ജന്തുവാണ് ? ഈ ജന്തുവിന്റെ സ്വഭാവമെന്താണ്. സിംഹം , പുലി , കരട് , കാട്ടുപോത്ത് , പന്നി ,പശു , മാൻ മുതലായ ജന്തുക്കളുടെ ക്രൌര്യഗുണമോ സൌമ്യഗുണമോ ഏകദേശം ഇന്നപ്രകാരമാണെന്ന് നാം ഗണിച്ചുവച്ചിട്ടുണ്ട്. എന്നാൽ ഒരു ദുഷ്ടമനസ്സായ മനുഷ്യന്റെ ദൌഷ്ട്യത്തിനു ഇന്നപ്രകാരമെല്ലാമുള്ള ചേഷ്ടകൾ ഉണ്ടാവാമെന്ന്

വല്ല ഒരു നിശ്ചയവും നമുക്ക് ആർക്കെങ്കിലും കിട്ടീട്ടുണ്ടോ-ഇല്ല കിട്ടുവാൻ പാടില്ല. മനുഷ്യന്റെ ദൌഷ്ട്യത്തിന്ന് അളവില്ല. ഒരു ദുഷ്ടമനുഷ്യനു ചെയ്യക്കൂടാത്ത ദുഷ്ടകർമ്മം ഒന്നുമില്ല. അപ്പോൾ അവന്റെ ചേഷ്ടകളെ കുറിച്ച് എങ്ങനെ ഗണിക്കുന്നു. ഒരു ദുഷ്ടന്റെ മനസ്സ് ഇന്നപ്രകാരമെല്ലാം വ്യാപിക്കുമെന്നും ഇന്നത് എല്ലാം അവനേക്കൊണ്ട് ചെയ്യിപ്പിക്കാമെന്നും ഉള്ളത് ആർക്കും നിശ്ചയിപ്പാൻ പാടില്ല. അതിനാൽ ഒരു മനുഷ്യൻ ദുഷ്ടനായാൽ ദുഷ്ടമൃഗങ്ങളേക്കാൾ ഭയപ്പെടേണ്ട ഒരു ജന്തുവാണെന്ന് പ്രത്യക്ഷമാണ്. പിന്നെ മനുഷ്യരിൽ അത്യന്തക്രൂരനും അത്യന്ത സൌമ്യശീലനും ആകൃതിയിലും അവയവങ്ങളിലും പുറമെ കാണുന്ന സ്വഭാവത്തിലും ദുഷ്ടമൃഗങ്ങളേയും ശിഷ്ടമൃഗങ്ങളേയും തമ്മിൽ തിരിച്ചറിവാൻ കഴിയുന്ന മാതിരിയുള്ള ഭേദങ്ങൾ ഒന്നും കാണപ്പെടുന്നില്ല. ജഗദീശ്വരൻ ദുഷ്ടമനുഷ്യരെ സൃഷ്ടിക്കുമ്പോൾ അവർക്കു ദുഷ്ടമൃഗങ്ങളെ വേർതിരിച്ച് അറിയിക്കുന്ന മാതിരിയിലുള്ള വല്ല ദംഷ്ട്രങ്ങളോ കൊമ്പുകളോ നഖങ്ങളോ മറ്റു വല്ല അടയാളമോ കൊടുത്തിരുന്നുവെങ്കിൽ ഈ ലോകത്തിൽ മനുഷ്യരിൽനിന്നു മനുഷ്യർക്കു ഇത്ര ആപത്തുകൾ നേരിടുന്നതല്ലായിരുന്നു. ഒരു സർപ്പം ഫണം ഉയർത്തി കടിപ്പാൻ വരുന്നത് കാണുമ്പോൾ നമുക്ക് ഒന്നുകിൽ അതിനെ അടിച്ചുകൊന്നുകളയാം. അല്ലെങ്കിൽ അത് സമീപിക്കുന്നതിനുമുമ്പ് ഓടിക്കളയാം. ഒരു ദുഷ്ടമനുഷ്യൻ ഭംഗിവാക്കും പറഞ്ഞു സമീപത്തിൽ വന്നു മന്ദഹസിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഒരു കത്തി എടുത്തു കഴുത്തിൽ കുത്തികൊല്ലുവാനുറച്ചാലോ , അനുഭവിക്കുക എന്നല്ലാതെ എന്തു നിവൃത്തി. ഇതര ജന്തുക്കളിൽ ഉള്ളതുപോലതന്നെ മനുഷ്യനും ഈവക ഓരോ ക്രൂരകർമ്മങ്ങ ചെയ്യുന്നതിനുള്ള മുഖ്യഹേതു 'സ്വാർത്ഥം' തന്നെയാണ്. എന്നാൽ ഒരു മൃഗത്തിന്റെ സ്വാർത്ഥവികാരങ്ങൾക്ക് അളവുണ്ട്. മനുഷ്യന്റെ സ്വാർത്ഥവികാരങ്ങൾക്ക് യാതൊരു അളവുമില്ല. മൃഗത്തിനു വിശേഷബുദ്ധി ഇല്ലാത്തതിനാൽ ഇതിന്റെ സ്വാർത്ഥവികാരനിവൃത്തിക്കുവേണ്ടി ചെയ്യുന്ന ദൌഷ്ട്യകർമ്മങ്ങൾക്ക് അളവുണ്ട്. മനുഷ്യനു വിശേഷബുദ്ധി ഉള്ളതിനാൽ മനുഷ്യന്റെ സ്വാർത്ഥവികാരനിവൃത്തിക്കു ചെയ്യുന്ന ദൌഷ്ട്യകർമ്മങ്ങൾക്ക് അളവില്ല.

ഒരു സിംഹത്തിനോ വ്യാഘ്രത്തിനോ അതിന്റെ ക്ഷുത്ത് അടക്കാനുള്ള ഭക്ഷണവും ദാഹം ശമിപ്പിക്കാനുള്ള ജലവും നിദ്രയ്ക്ക് ഒരു ഇടവും സംഗത്തിന് സജ്ജാതിമൃഗത്തിലുള്ള ഒരു ജന്തുവേയും ആവശ്യമുള്ളപ്പോൾ എല്ലാം കിട്ടിവന്നാൽ യാതൊരു ക്രൌര്യകർമ്മങ്ങളും ആ സിംഹമോ വ്യാഘ്രമോ ചെയവാൻ സംഗതിയില്ല. ഈ വിധം മൃഗങ്ങളുടെ ആവശ്യങ്ങളും രുചികളും സ്വല്പങ്ങളാണ്. എന്നാൽ മനുഷ്യനോ ഈ ആവശ്യങ്ങൾക്കും രുചികൾക്കും അവസാനമില്ല. സർവ്വരാജ്യസമ്രാട്ടായിരിക്കുന്ന ഒരു ദേഹത്തിനും അത്യന്തം ദരിദ്രനും ഒരുപോ

ലെ ആഗ്രഹനിവൃത്തി പൂർത്തിയായി ഒരിക്കലും ഉണ്ടാവില്ല.
എന്നാൽ സ്വാർത്ഥത്തിൽ തല്പരന്മാരല്ലാത്ത മനുഷ്യരെ കാണ്മാൻ പ്രയാസമാണ്. അതുകൊണ്ടു ദുഷ്ടന്മാരല്ലാത്ത മനുഷ്യരെ കാണ്മാൻ പ്രയാസമാണെന്നു പറഞ്ഞുകൂടാ. ഹൃദയശുദ്ധിയും വിവേകവും ദയയും ഉള്ള മനുഷ്യർക്കു തങ്ങളുടെ സ്വാർത്ഥനിവൃത്തി വരുന്നതു ദുഷ്കർമ്മം കൊണ്ടു മാത്രമേ കഴികയുള്ളു എന്നു കണ്ടാൽ അവൻ ആ സ്വാർത്ഥനിവൃത്തിക്കുള്ള കാംക്ഷയെ ത്യജിക്കുന്നു.
ദുഷ്ടബുദ്ധിക്കു സ്വാർത്ഥനിവൃത്തിയിലുള്ള കാംക്ഷ ഒരു വിധത്തിലും ത്യജിക്കാൻ മനസ്സു വരുന്നതല്ല. ദുഷ്ടാമനുഷ്യർതന്നെ പലേമാതിരികളിൽ കാണും. ഒരു ദുഷ്ടബുദ്ധിക്കു പഠിപ്പും അറിവും എത്രയെങ്കിലും ഉണ്ടായാലും ദുഷ്ടകർമ്മം ചെയ്യുന്നതിൽ യാതൊരു വിരക്തിയും ഉണ്ടാകയില്ല. പഠിപ്പും അറിവും ഉള്ള ദുഷ്ടൻ ചെയ്യുന്ന ദുഷ്ടകർമ്മത്തിന്നു വെടിപ്പും മിടുക്കും കൂടും. വലിയ പഠിപ്പ് , വലിയ ഉദ്യോഗം, ഒന്നാന്തരം തലക്കെട്ട് , വിശേഷമായ പട്ടുകോട്ട് , ഭംഗിയുള്ള ചന്ദനപ്പൊട്ട് , ജനവശ്യകരമായ പുഞ്ചിരി , വിനയമൃദുളമായ വാക്ക് , സർവ്വജനസമ്മതമായ നാട്യം , അതുകളോട്ടുകൂടിയുള്ള എത്ര ഭയങ്കരദുഷ്ടന്മാരെ നാം ദിവസേന കാണുന്നു. ആ മന്ദസാഹത്തിന്റെ ഉള്ളിൽ നിറഞ്ഞിരിക്കുന്ന കാളകൂടത്തിന്റെ ശക്തി കടിപിണഞ്ഞവർക്കേ അറിവാൻ കഴകയുള്ളൂ. ഒരു വ്യാഘ്രത്തിനൊ പുലിക്കൊ ഈ മാതിരിയിലുള്ള വേഷത്തിലും ദുഷ്ടകർമ്മങ്ങൾ ചെയ്‌വാൻ സാധിക്കുമോ ?
പിന്നെ ഒരുമാതിരി പഠിപ്പില്ലാത്ത് ദുഷ്ടന്മാരുണ്ട്. അവരുടെ പ്രവൃത്തികൾ ചിലപ്പോൾ ദുഷ്ടമൃഗങ്ങളുടെ പ്രവൃത്തിപോലെ വന്നേക്കാം. ഇവർക്ക് സ്വാർത്ഥനിവൃത്തി വരുത്തുവാനുള്ള ആഗ്രഹം മുൻ പറഞ്ഞവരെപ്പോലെതന്നെ ഉണ്ടെങ്കിലും ക്ഷമയും ആലോചനയും കുറഞ്ഞിരിക്കും. അതിനാൽ ഇവരുടെ ദുഷ്ടകർമ്മങ്ങൾ ഏകദേശം ദുഷ്ടമൃഗങ്ങളുടെ കർമ്മങ്ങൾ പോലെ തോന്നും. ഇവർക്ക് തന്റെ സമസൃഷ്ടിയുടെ ജീവഹാനി വരുത്തുക. മുതൽ കളവു ചെയ്ക ഈവക പ്രവൃത്തികൾ ചെയ്യുന്നതിൽ ബുദ്ധിക്കു യാതൊരു മടിയോ ചഞ്ചലതയോ ലേശംപോലും ഇല്ല. മുൻപറഞ്ഞ രസികൻമാരായ ദുഷ്ടൻമാർക്കും ഈ വക പ്രവൃത്തികൾ ചെയ്യുന്നതിൽ മടി ഉണ്ടാവുമെന്നല്ല ഞാൻ പറയുന്നതിന്റെ അർത്ഥം. അവർക്ക് ബുദ്ധിചാതുർയ്യവും സാമർത്ഥ്യവും ആലോചനയും ഉണ്ടാകയാൽ ഈവക പ്രവൃത്തികൾ ചെയ്യുന്നതിൽ തങ്ങൾക്ക് നേരിടാവുന്ന അപകടത്തെ ഓർത്ത് അവൻ ഈവക കർമ്മങ്ങൾ നേരിട്ടു ചെയ്യുന്നതല്ല. പാഷാണംകൊണ്ടൊ മറ്റു വല്ല ഔഷധംകൊണ്ടോ ഉപായത്തിൽ ഉപായത്തിൽ ആരും അറിയാതെ ഒരുത്തനേ തീർത്തുകളഞ്ഞാൽ വല്ല കാർയ്യലാഭവും ഉണ്ടാകുമെങ്കിൽ അങ്ങിനെ ചെയ്യുന്നതിൽ ഈ പഠിപ്പുള്ളല ദുഷ്ടന്മാർക്ക് അശേഷം വിരക്തി ഉണ്ടാവുകയി

ല്ല. കള്ളാധാരം അതിചാതുർയ്യത്തോടെ ഉണ്ടാക്കി അന്യന്റെ സ്വത്തുക്കളെ തട്ടിപ്പറിക്കുന്നത് ഈ കൂട്ടർക്ക് ബഹുരസകരമായ ഒരു തൊഴിലാണ്. ഈവക ദുഷ്ടന്മാർ രാജസേവകന്മാരൊ ശിക്ഷാരക്ഷാധികാരികളൊ ആയാൽ അന്യന്റെ പണം പിടിച്ചുപറിക്കുന്നതിൽ ലേശം ദയ കാണിക്കുകയില്ല. അട്ട ചോര കുടിക്കുന്നതുപോലെ കയ്യിലുപ്പെട്ട മനുഷ്യന്റെ സർവ്വസ്വവും പിഴിഞ്ഞെടുത്താലെ കടി വിടുകയുള്ളു.

പിന്നെ ഒരുവിധം കഠോരന്മാരുണ്ട്. അവർക്കു വിശേഷവിധിയായി സ്വാർത്ഥസിദ്ധി ഒന്നുമില്ലെങ്കിലും പരിതാപം കണ്ടുകൊണ്ടിരിക്കുന്നതു തന്നെ ബഹു വിനോദകരമായിരിക്കുന്ന ഒരു സംഗതിയാണ്. ഈ ദുഷ്ടന്മാരുടെ മനസ്സിന്ന് ഉത്സാഹമോ സന്തോഷമോ ഉണ്ടാവുന്നത് അന്യന്റെ സന്താപത്തിലും സങ്കടത്തിലുമാണ്. ഈ കഠിന ബുദ്ധി ആദ്യം ചെറിയ സംഗതികളിൽ തുടങ്ങും. പിന്നെ അതു വർദ്ധിക്കും. ദുഷ്പ്രവൃത്തിചെയ്തു ചെയ്തു ക്രമേണ ബുദ്ധി അത്യന്തകഠിനമായി തീർന്നാൽ പിന്നെ അവർ ഒരു ഭ്രാന്തനെപ്പോലെ ആയിത്തീരുന്നു. ദുഷ്ടത എന്തെങ്കിലും ഒന്ന് ഒരു ദിവസം ചെയ്തിട്ടില്ലെങ്കിൽ ഈ ദുഷ്ടനു ശ്വാസം മുട്ടിയാൽ ഉണ്ടാവുന്നതുപോലെയുള്ള ഒരു പ്രാണവേദന ഉണ്ടാവുന്നു. ചില രാജ്യങ്ങളിൽ ഈ വിധം ദുഷ്ടന്മാർ തങ്ങളുടെ ആത്മപ്രീതിക്കുവേണ്ടി നിരപരാധികളായ സ്ത്രീകളെയും കുഞ്ഞുങ്ങളെയും ഒളിച്ചിരുന്ന് വൃഥാ വെട്ടിക്കൊന്ന് അവരുടെ മരണവികൃതികളെക്കണ്ട് സന്തോഷിക്കുന്നു. തന്റെ സമസൃഷ്ടിയുടെ ദുസ്സഹമായ പ്രാണവേദനയിൽ ഉള്ള ഓരോ ഗോഷ്ടികൾ കാണുന്നതിലുള്ള സന്തോഷവും അവന്റെ ശരീരത്തിന്നു വെട്ടി മുറി ഏല്പിക്കുമ്പോൾ തന്റെ മനസ്സിന്നുള്ള ഒരു തൃപ്തിയും രക്തവും കുടൽമാലയും സമ്മിശ്രങ്ങളായി പുറത്തുചാടി കഴകി തളംകെട്ടിനിൽക്കുന്നത് കാണുമ്പോൾ കണ്ണിനുള്ള ആനന്ദവും ഈ ദുഷ്ടന് ഉണ്ടാവുന്നത് ഇത്രത്തോളമാണെന്ന് പറവാൻ അസാദ്ധ്യം. ഈ ഒരു തൃപ്തിക്കു മാത്രം ദുർബുദ്ധികളായ ചില കുട്ടികൾ തവളയേയും ഓന്തിനേയും മറ്റും വെറുതെ എറിഞ്ഞുകൊല്ലുന്നതുപോലെ മനുഷ്യരെ ഈവക ദുഷ്ടന്മാർ കൊലചെയ്യുന്നു.

ഇത്രത്തോളം ക്രൂരത മനുഷ്യന്റെ മനസ്സിന്ന് ഉണ്ടാവുമെങ്കിൽ ഇങ്ങനെ മൂതിപ്പെടുന്നതിന്നു കീഴായി എന്തെല്ലാംവിധം സങ്കടത്തെ ഈവിധം ദുഷ്ടനു തന്റെ സമസൃഷ്ടിക്കു വൃഥാ ഉണ്ടാക്കിത്തീർക്കാം. അസംഖ്യം വിധത്തിൽ അനേകം സംഗതികളിൽ ചെയ്യാം. ഞാൻ എനി പറയാൻ പോവുന്ന കഥയെ കേൾക്കുമ്പോൾ ഈ ഒടുവിൽ പറഞ്ഞവിധം ഉള്ള ദുഷ്ടന്മാർകൂടി നമ്മുടെ രാജ്യത്തിൽ തന്നെ ചിലപ്പോൾ കാണപ്പെടുന്നുണ്ടെന്നറിയാം.

നമ്മുടെ സർപ്പദൃഷ്ടിക്കാരൻ വൈത്തിപ്പട്ടർ ഈ ഒടുവിൽ പറഞ്ഞമാതിരിയുള്ള ദുഷ്ടനല്ല. എന്നാൽ വൈത്തിപ്പട്ടർ സ്വാർത്ഥസിദ്ധിക്ക് എത്രം ക്രൗർയ്യകർമ്മവും

ചെയ്വാൻ മടിയില്ലാത്തവനും പഠിപ്പും അറിവും അശേഷവുമില്ലാത്ത ഒരു ദുഷ്ടനും ആയിരുന്നു. ഇയാൾ കേവലം സാമർത്ഥ്യമില്ലാത്ത ഒരാളല്ല. ശങ്കരൻ മടങ്ങി എത്തിയാൽ രാമൻമേനോൻ അവനോടു ക്രോധിച്ച ശകാരിക്കുമെന്നായിരു ന്നു വൈത്തിപ്പട്ടരുടെ വിചാരവും ആഗ്രഹവും. അപ്രകാരം യാതൊരു ശണ്ഠയും ഉണ്ടായില്ലെന്നു തന്നെ അല്ലാ , രാത്രി വളരെനേരം ശങ്കരനുമായി രാമൻമേനോൻ സ്വകാർയ്യം സല്ലപിച്ചിരിക്കുന്നതാണ് വൈത്തിപ്പട്ടർ കണ്ടത്. വൈത്തിപ്പട്ടരോ ട് രാമൻമേനോൻ ശങ്കരൻ മടങ്ങിവന്നശേഷം ,യാതൊന്നും സംസാരിച്ചിട്ടില്ല. ശങ്കരനുമായി സ്വകാർയ്യം പറഞ്ഞ സമയത്തും വൈത്തിപ്പട്ടരെ വിളിച്ചിട്ടില്ല.
വൈത്തിപ്പട്ടർക്ക് മനസ്സിന്നു ആകെപ്പാടെ അശ്ശേഷം സ്വാസ്ഥ്യത ഇല്ലാതെ ആയി. തനിക്കു മോഹങ്ങൾ വളരെ എല്ലാം ഉണ്ടായിരുന്നു. അതുകൾ സാധി ക്കുന്നതിന്ന് അത്ര പ്രയാസമില്ലെന്നായിരുന്നു , പട്ടരുടെ ആദ്യത്തെ വിചാരം. ക്രമേണ ഈ വിചാരത്തിനു ഭേദം വന്നു തുടങ്ങി. ശങ്കരൻ തനിക്കു സർവ്വത്ര വിരോധിയായി വന്നിരിക്കുന്നു. രാമൻമേനോൻ ഇവന്റെ ചൊൽപ്പടിയിൽതന്നെ ഇരിക്കുകയുള്ളൂ. പട്ടരുമായി രാമൻമേനോൻ യാതൊരു കാർയ്യങ്ങളെക്കുറിച്ചും ആലോചിക്കുന്നില്ലാ. അധികം പണം വെച്ചിട്ടുള്ളതെന്ന് പട്ടര് തീർച്ചയായും വിശ്വസിച്ചിട്ടുള്ള പെട്ടിയും താക്കോലും ശങ്കരൻപക്കൽ തന്നെ. ഈ സംഗതി കൾ എല്ലാം ആലോചിച്ച് അതിദുഷ്ടനായ പട്ടരുടെ മനസ്സിന്നു ലേശംപോലും സ്വാസ്ഥ്യത ഇല്ലാതെ ആയിത്തീർന്നു.
”കഷ്ടം ! കഷ്ടം !” വൈത്തിപ്പട്ടര് വിചാരിക്കുന്നു. ”ഞാൻ എന്തൊരു ഭാഗ്യ ഹീനനാണ്. എത്രതന്നെ ഞാൻ ശ്രമിച്ചിട്ടും അദ്ധ്വാനിച്ചിട്ടും എന്റെ ദാരിദ്ര്യം നീങ്ങുന്നില്ലല്ലോ. പത്തുവയസ്സുമുതൽ അദ്ധ്വാനിച്ചു തുടങ്ങിയിരിക്കുന്നു. ഇപ്പോൾ എനിക്ക് 62 വയസ്സായി. അമ്പത്തിരണ്ടുകൊല്ലം അദ്ധ്വാനിച്ചിട്ടും സുഖമായി അഹോവൃത്തിക്കു സമ്പാദിച്ചിട്ടില്ല. എന്റെ തലയിൽ എഴുത്തു തന്നെ. മറ്റെന്താ ണ് പറവാനുള്ളത്. പൂഞ്ചോല എടത്തിൽ തെക്കൻ ചരക്കു കച്ചോടത്തിൽ കുറെ സമ്പാദ്യം ഉണ്ടായിരുന്നു. ആ കച്ചോടം തന്നെ നിജ മായും സ്ഥിരമായും ചെയ്തു വന്നിരുന്നുവെങ്കിൽ നാലു കാശു കാണുമായിരുന്നു. അതിമോഹം കൊണ്ട് അതുവിട്ടു. ആ പാപി കല്യാണിയുടെ കൂടെ ചാടിപ്പോയി. മോഹങ്ങൾ ഒന്നും സാധിക്കാതെ പട്ടിയെപ്പോലെ മടങ്ങിപ്പോന്നു. കച്ചവടവും ആയി കഞ്ഞിക്കും വകയില്ലാതായി. ആ കല്യാണിയുടെകൂടെ പോയ സമയം ആലോചിച്ചിരുന്ന പ്രകാരം എല്ലാം ക്ഷണേന ധൈർയ്യത്തോടെ പ്രവർത്തിച്ചിരുന്നുവെങ്കിൽ ഇന്നു ഞാൻ നല്ല ഒരു ധനികനായിരിക്കുമെന്നുള്ളതിനു വാദമുണ്ടോ . എത്രയായാലും ഞാൻ പട്ടരല്ലെ. പട്ടർക്ക് ധൈർയ്യം ഉണ്ടാവുമോ. കഷ്ടം അല്പം ധൈർയ്യം നിശ്ചയിച്ചത് പ്രവർത്തിക്കുന്നതിൽ വേഗതയും ഉണ്ടായിരുന്നുവെങ്കിൽ ഞാൻ

എത്ര എളുപ്പത്തിൽ പണം സമ്പാദിക്കുമായിരുന്നു. ഇപ്പോൾ ദൈവഗത്യാ നല്ല ഒരു തരം കിട്ടി എന്നു ഞാൻ സന്തോഷത്തോടുകൂടി കരുതിയിരുന്നു. ഇതും ഇപ്പോൾ തകരാറായിട്ടാണ് വരാൻ പോവുന്നത്. അന്നത്ത് മനസ്സെ , നിണക്ക് എന്താണ് ഒരു ഭീരുത്വം. ആഗ്രഹമുണ്ടെങ്കിൽ പ്രവർത്തിക്ക. പ്രവർത്തിക്ക. ഭീരുത്വത്തിന്റെ ഫലം ദാരിദ്ര്യം. ദാരിദ്ര്യത്തിൽ കിടന്നു നശിക്ക , അല്ലെങ്കിൽ വല്ലതും തീർച്ചയാക്കി പ്രവർത്തിക്കു. ഈ കണ്ണുപൊട്ടന്റെ കയ്യിൽ അമ്പതു അറുപതോളം റൊക്കം ഉണ്ട്. അതിൽ ഒരു നാലിനൊന്നു കിട്ടിയാൽ ഞാൻ കുബേരനായല്ലൊ. എങ്ങിനെ കിട്ടാനാണ് ? ഞാൻ രാമേശ്വരത്തുവെച്ച് ആഗ്രഹിച്ചതു സകലം നിഷ്ഫലം. നിഷ്ഫലം തന്നെ. ഇങ്ങിനെ കയ്യിൽ വന്നപോലെയുള്ള കാർയ്യം കിട്ടാതെ പോവുന്നല്ലൊ. ഇയാളുടെ വശം അസംഖ്യം ദ്രവ്യം ഉണ്ടല്ലൊ. ഇയാളുടെ വലിയ പെട്ടിയും നോക്കി കൊതിച്ചു കൊണ്ടു വൃഥാ കാലം കളയുന്നുവല്ലൊ. ശങ്കരൻ ഇവിടെ താമസിപ്പാൻ ഒരിക്കലും അനുവദിക്കുകയില്ല. ഇപ്പോഴും ഭീരുത്വം കാണിച്ചു നിന്നാൽ ഈ ജന്മം നമുക്കു ദാരിദ്ര്യംതന്നെ ഫലം സംശയമില്ല. ശങ്കരൻ ആൾ മഹാ വികൃതിയാണ്. ബഹുസമർത്ഥനാണ്. അവൻ ജീവിച്ചിരിക്കുമ്പോൾ രാമന്മേനോന്റെ നേരെ ആർക്കും എതിർപ്പാൻ കഴികയില്ല. നമ്മുടെ വിദ്യ യാതൊന്നും ഫലിക്കയില്ല. യാതൊരു കാർയ്യവും രാമൻമേനോൻ എന്റെ മുഖാന്തിരം ചെയ്കയുമില്ല. വല്ലതും സമ്പാദിക്കേണമെന്നുണ്ടെങ്കിൽ അതിന്റെ വഴി ഇപ്പോൾ തന്നെ എടുക്കണം. ഈ നിമിഷം എടുക്കണം , സംശയമില്ല. സംശയമില്ല. ഇവറ്റ എന്റെ ഗൃഹത്തിൽ വന്നു താമസിക്കുന്നത് ഇതുവരെ ആരും അറിഞ്ഞിട്ടില്ല. എന്നാൽ ശങ്കരൻ ജീവനോടെ ഇരിക്കുമ്പോൾ ഞാൻ വല്ലതും പ്രവർത്തിച്ചാൽ എന്നെ അവൻ ജേലിൽ ആക്കുമെന്നുള്ളതിനു സംശയമില്ല. ശങ്കരൻ ആൾ അൽപ്പനല്ല. ശങ്കരൻ ഇല്ലായിരുന്നു വെങ്കിൽ ഈ കണ്ണുപൊട്ടനും കുട്ടിയും അവരുടെ പണവും നമ്മുടെ കയ്യിൽതന്നെ. പിന്നെ ഞാനഗതി. വേറെ യാതൊരു പരിചയക്കാരുംകൂടി ഇവർക്കില്ല. നമ്മുടെ ഇഷ്ടപ്രകാരം അറുപത് എഴുപതിനായിരം ഉറുപ്പിക കൊണ്ട് കളിക്കാം. വിചാരം ഇവിടെ എത്തിയപ്പോൾ ഒരു സർപ്പദൃഷ്ടിയോടുകൂടി വൈത്തിപ്പട്ടർക്ക് മ്ലേച്ഛമായ പല്ലുകൾ മുഴവനും പുറത്തായി ഒരു സന്തോഷഹർഷം ഉണ്ടായി. പിന്നെയും ആലോചിച്ചു തുടങ്ങി. എന്താണ് ആലോചിച്ചത് എന്ന് എനിക്കു എഴുതുവാൻ കൂടി ഭയമാവുന്നു. ഈ മഹാപാപി പട്ടര് ചെയ്യുവാൻ ഉറച്ച കർമ്മം ഇന്നതാണെന്നു ഞാൻ ഇവിടെ പറയണമൊ. ഈ മഹാപാപിയെ കുറിച്ച് എഴുതുന്നവർക്കുകൂടി മഹാപാപം ഇല്ലേ.

പട്ടരുടെ ആലോചന മുറുകി. ഒരുവിധം എല്ലാം ഉറച്ചശേഷം തന്റെ ഒരു വിശ്വസ്തനായ സ്നേഹിതനോടും ഈ സംഗതിയെപ്പറ്റി ആലോചന ചെയ്യണമെന്നു

നിശ്ചയിച്ചു. അയാളുടെ പാർപ്പിടത്തിലേക്കായി വൈത്തിപ്പട്ടർ പോയി. ഈ സ്നേഹിതന്റെ പേർ കറുപ്പൻ ചെട്ടി എന്നായിരുന്നു. കറുപ്പൻ ചെട്ടി ആ ദിക്കിൽ നല്ലവണ്ണം അറിയപ്പെട്ടിരുന്ന ഒരു പെരുംകള്ളനും ദുഷ്ടകർമ്മങ്ങൾ ചെയ്തുചെയ്തു അതിനിഷ്ഠൂരനായിത്തീർന്ന ഒരു മഹാപാപിയും ആയിരുന്നു. നരഹത്യ , കൂട്ടായ്മക്കവർച്ച , കവർച്ച , കളവ് , ഇതുകളാണ് ഇവന്റെ തൊഴിൽ. എന്നാൽ പോല്ലീസ്സുകാരുടെ അജാഗ്രതയാലോ ഈ മഹാപാപിയുടെ സാമർത്ഥ്യത്താലോ ഇവനെ രണ്ടുപ്രാവശ്യത്തിലധികം ശിക്ഷിപ്പാൻ സാധിച്ചിട്ടില്ല. വളരെക്കാലം മുമ്പ് ഒരു കളവിൽ മൂന്നു കൊല്ലം കഠിനതടവും കൊരടാവുകൊണ്ട് നൂറടിയും കിട്ടി. ഇതിനു ശേഷം വളരെക്കാലം പലേ കൊലക്കാർയ്യങ്ങളിലും ഇവൻ ഉൾപ്പെട്ടിരുന്നുവെങ്കിലും ഒരു കാർയ്യത്തിലെങ്കിലും കുടുങ്ങീട്ടില്ല. നമ്മുടെ ഈ കഥ നടന്ന കാലത്തിന്ന് ഏകദേശം ഒരു പതിനൊന്നു സംവത്സരങ്ങൾ മുമ്പ് ഒരാളെ കൊല്ലാൻ ശ്രമിച്ച കുറ്റത്തിനു പത്തുകൊല്ലം തടവുശിക്ഷ അനുഭവിച്ചു. അതു കഴിഞ്ഞു മടങ്ങി നാട്ടിൽ എത്തീട്ട് ഇക്കാലം ഒരു കൊല്ലമേ ആയിട്ടുള്ളൂ.

സൃഷ്ടിയിൽ ദുഷ്ടനും ശിഷ്ടനും വളരെ ഭേദങ്ങൾ സാധാരണ കാണപ്പെടുന്നില്ലെങ്കിലും ചിലപ്പോൾ കാണാറുണ്ട്. എന്നാൽ ചില അത്യന്തരൂക്ഷവേഷത്തിന്റെ ഉള്ളിൽ അത്യന്തമൃദുവായ ഹൃദയവും ചില അത്യന്ത സൗമ്യവേഷത്തിന്റെ ഉള്ളിൽ അത്യന്ത ക്രൂരഹൃദയവും കാണപ്പെടുന്നു. അതിനാലാണ് സ്വരൂപത്തിന്റെ സ്വഭാവത്തെകൊണ്ട് ഹൃദയത്തിന്റെ സ്വഭാവം നിശ്ചയിക്കാൻ പാടി ല്ലെന്ന് ഈ അദ്ധ്യായത്തിന്റെ ആദ്യത്തിൽ ഞാൻ പറഞ്ഞത്. എന്നാൽ നമ്മുടെ കറുപ്പൻ അകത്തും പുറത്തും ഒരുപോലെ രൂക്ഷനായിരുന്നു.

കറുപ്പൻ വർണ്ണത്തിൽ കറുപ്പൻതന്നെയായിരുന്നു. ആ കറുത്ത മുഖത്തിലും ശരീരത്തിൽ എല്ലാടവും ഒരുപോലെ കുഴിഞ്ഞു കീറി കാണുന്ന മസൂരിക്കലകളും രക്തവർണ്ണങ്ങളായ വട്ടക്കണ്ണുകളും ശ്വാവിന്റെ ദ്രംഷ്ട്രങ്ങൾപോല നീണ്ടുവെളുത്തമിന്നുന്ന പല്ലുകളും രൂക്ഷമായ നോട്ടവും ദീർഘിച്ച ഊക്കുള്ള ആ ദേഹവും എല്ലായ്പ്പോഴും കയ്യിൽ കൊണ്ടുനടക്കുന്ന ഭയങ്കരമായ പിശ്ശാങ്കത്തിയും കണ്ടാൽ ഈ വാർദ്ധക്യകാലത്തും ഈ മഹാപാപി ചണ്ഡാളൻ അത്യന്തം നിഷ്ഠൂരനായ ഒരു യമഭടൻതന്നെ എന്നു മനുഷ്യർക്ക് തോന്നും. ഈ കറുപ്പന്റെ സ്വരൂപം പോലെ ഇവനെപ്പോലെയുള്ള ദുഷ്ടമനുഷ്യരെയെല്ലാം സൃഷ്ടിച്ചിരുന്നുവെങ്കിൽ സാധുജനങ്ങൾക്കു ഇവരിൽ നിന്ന് , ദുഷ്ടമൃഗങ്ങളിൽ നിന്ന്, ഇപ്പോൾ ഒരുവിധം രക്ഷപെടുന്നതുപോലെ , രക്ഷപ്പെടാമായിരുന്നു. മുമ്പ് ചില കളവു കാർയ്യങ്ങൾ ഇവൻ ചെയ്തിട്ടുള്ളതിൽ ഈ വൈത്തിപ്പട്ടര് ചിലപ്പോൾ കളവുമുതൽ ഇവന്നു വേണ്ടി സൂക്ഷിച്ച് കൊടുക്കുകയും മറ്റും ചെയ്തിട്ടുണ്ട്. വൈത്തിപ്പട്ടരും കറുപ്പനും തമ്മിൽ വളരെ ചേർച്ചയായിട്ടാണ്.

വൈത്തിപ്പട്ടര് കറുപ്പന്റെ പുരയിൽ ചെന്നു കയറുമ്പോൾ കറുപ്പൻ ഒരു മുണ്ടു വിരിച്ച് തന്റെ പിശ്ശാങ്കത്തിയും തലയ്ക്കൽവെച്ച് കിടന്നുറങ്ങുകയായിരുന്നു. പട്ടര് മിറ്റത്തുനിന്നു "കറുപ്പാ, കറുപ്പാ, എന്ന സന്ധ്യവേളയിലെ ഉങ്കറയാ" എന്നു ചോദിച്ചു. കറുപ്പൻ ഞെട്ടി ഉണർന്നിരുന്നു. "ഒ-അയ്യരു വന്തത് എനിക്ക് തിരിയിലെ , അയ്യര് ഇരുങ്കോളെ" എന്ന് പറഞ്ഞ് ഒരു പലക എടുത്തിരിപ്പാൻ കൊടുത്തു. കറുപ്പനും പട്ടരുംകൂടെ ഉടനെ പുരയുടെ തെക്കെ മിറ്റത്തുപോയി അടുത്ത് ഇരുന്ന് ഏറ്റവും ഗോപ്യമായി രണ്ടുമൂന്നു നാഴിക സംസാരിച്ചു. സംസാരം കഴിഞ്ഞശേഷം എഴുനീറ്റ് രണ്ടുപേരും മന്ദഹാസം ചെയ്തു. കറുപ്പന്റെ "മന്ദഹാസം" ഏതു പ്രകാരമായിരിക്കുമെന്ന് എന്റെ വായനക്കാരിൽ ചിലർക്കെല്ലാം മനസ്സുകൊണ്ട് ധ്യാനിച്ചുകൂടെ. കാണാം എന്നുതന്നെ ഞാൻ വിചാരിക്കുന്നു. കറുപ്പനെപ്പോലെയുള്ള ജന്തുക്കൾ മനസ്സിന്നു വല്ല സ്തോഭവും ഉണ്ടാവുമ്പോൾ പല്ലിളിച്ചു കാണിക്കുന്നതിന്ന് "മന്ദഹാസം" "പുഞ്ചിരി" എന്നും മറ്റുമുള്ള വാക്കുകളെ ഉപയോഗിക്കുന്നത് കേവലം അബദ്ധമാണെന്ന് എനിക്കു നിശ്ചയമുണ്ട്. എന്നാൽ ഈ അർത്ഥ ത്തെ സൂചിപ്പിക്കുന്നതിന് വേറെ വാക്കുകളെ നമ്മുടെ ഭാഷയിൽ ഉപയോഗിച്ചു കാണുന്നില്ല. കറുപ്പനും പട്ടരുമായുള്ള സംഭാഷണം കഴിഞ്ഞ് കറുപ്പൻ എഴുനീറ്റുനിന്ന് പട്ടരുടെ മുഖത്തുനോക്കി ഒന്ന് "ഇളിച്ചുകാട്ടി" എന്ന് എഴുതിയാൽ എന്റെ വായനക്കാർ പരിഭ്രമിക്കുമെന്ന് വിചാരിച്ചു മാത്രം ഈ അത്യന്ത വിരൂപനും ക്രൂരനുമായ കറുപ്പന്റെ ഈ ചേഷ്ടയ്ക്ക് "മന്ദഹാസം" എന്നു എഴുതിയതാണ്. പല്ലുകൾ പുറത്തേക്ക് കാണിച്ച് ഒരു മഹാപ്രേതം ഹുങ്കാരം ഇടുന്നതുപോലെ ഒരു ഹുങ്കാരം ചെയ്തുകൊണ്ട് പറഞ്ഞു.

കറുപ്പൻ :- ഇന്തമാതിരിയല്ലാൽ ഇന്ത കാര്യം ശതിക്കറതക്ക് വേറെ ഉപായങ്കൾ നാൻ ഒണ്ണും കാണലെ. എനക്കു നിന്നേപ്പോലെ ഉടമ്പക്ക് വലം കെടയാതയ്യരെ എനക്ക് വയശ്ശുറുപതു ട്ടുമാച്ച്. മിന്നെപ്പോലെ മനശ് എത്തറ തിക്കിലെ ഉടമ്പ എത്താതില്ലെ. എനി ഇന്തമാതിരി കാരിയങ്കൾ ഒപായത്തിലെ ശെയ്യറെ തന്നിലെ തെക മിടുക്കനാലെ നിവിരിത്തിക്കറുത് പരയാശം, അയ്യരെ.

വൈ :- ആനാൽ നീ എല്ലാം ശൊന്നപോലെ പണ്ണിവൈ. നാൻ നാളെ സായന്തനം നാലുമണിക്ക് ഇങ്കെ വറേൻ.

ക :- അയ്യരെ , നാൻ ശേലിലെ ഇരുന്തുവന്ത് പിടിപ്പാട് ഒര നാളക്കാവത് വയറുനറയെ ശാപ്പടലൈ പകുതാരത്തിരിയം അയ്യരെ നമ്മ കഷ്ടപ്പാട് പാർക്കിരപൊതു എന്നും ഏതാവത് ചെയ്തു മരുവടിയും ശെലിലേക്ക് താൻ പോയി അങ്കെ താൻ തമ്മകാലം മുഹിക്കറുതെ നല്ലത് എന്നു യോശിക്കുറേൻ.

വൈ :- നീ വിശാരിയാദെ അപ്പാ ഇന്ത കാരിയം കാളിയുടെ ശഗായത്തിൻപേരിലെ ഫലിച്ചിടെ ആനാൽഒൻ താരിത്തീരിയത്തെനാനെ തീർത്തുവെക്കറേൻ

സന്ദേഹമില്ലെ ശയം വരുമ്പടിക്ക് ഒന്നുടയ മൂരിത്തിയെ നന്നാ പിരാർത്തയെന ശൈത ഇരു..

വൈത്തിപ്പട്ടർ തിരിയെ ഗൃഹത്തിൽ വന്നു മുമ്പത്തെപ്പോലെ വളരെ ജാഗ്രതയായും ഭക്തിയോടും രാമന്മേനവനെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. ശങ്കരനോടും വൈത്തിപ്പട്ടർ വളരെ പ്രസന്നഭാവത്തിലിരുന്നു. മുമ്പ് ചിലപ്പോൾ ശുണ്ഠി എടുക്കാറുണ്ട്. അത് ഇപ്പോൾ കേവലം ഇല്ലെന്നല്ല. ഇങ്ങോട്ട് ശങ്കരൻ എത്ര ഹാസ്യമായും പുച്ഛമായും പറഞ്ഞാലും അങ്ങോട്ട് വളരെ സന്തോഷിച്ചും സ്നേഹത്തോടും പറഞ്ഞു തുടങ്ങി. കറുപ്പൻ ചെട്ടിയുമായി ആലോചന കഴിഞ്ഞ ദിവസം രാത്രി ശങ്കരനുമായി ഒരു സംഭാഷണം ഉണ്ടായി. വൈ :- എന്താണ് ശങ്കരനമേനോനെ നമ്മുടെ ദിക്കിൽ തലതട്ടി വല്ലാതെ കടന്നു പിടിച്ചിരിക്കുന്നുവല്ലൊ. ഇന്നലെ തറയിൽ പത്തു പതിനഞ്ചുപേർ മരിച്ചുപോൽ. ഇന്നും അഞ്ചെട്ടു പേർക്ക് തുടങ്ങിയിരിക്കുന്നുവത്രെ. ഉണ്ടാവുന്നതൊക്കെ അപകടമായിട്ടുതന്നെ. നമ്മുടെ ഈ ഗ്രാമത്തിൽതന്നെ കുറേശ്ശേ ഉണ്ടോ എന്ന് ഒരു സംശയം. ഞാൻ മൂപ്പരോട് വിവരം പറഞ്ഞില്ല. കുട്ടി അടുക്കെ ഉണ്ടായിരുന്നതിനാൽ കുട്ടി ഭയപ്പെടുമോ എന്ന് വിചാരിച്ചു ഞാൻ ഒന്നും പറഞ്ഞില്ല.

ശ :- പറയാത്തത് നന്നായി. മൂപ്പരെ അറിയിച്ചിട്ട് എന്താവശ്യം ഈ ഗ്രാമത്തിൽ തന്നെ ഉണ്ടെങ്കിൽ നമ്മൾക്ക് പാർപ്പ് ഇവിടെനിന്ന് ഉടനെ മാറ്റണം.

വൈ :- ഞാനും അങ്ങിനെ തന്നെ വിചാരിക്കുന്നു.

ശ :- ഈ ഗ്രാമത്തിൽ എവിടെയാണ് ദീനം ഉണ്ടായത് ?

വൈ :-ഒരു മൊട്ടച്ചി അമ്മ്യാർക്ക്. ഗ്രാമത്തിന്റെ അങ്ങേ തലയ്ക്കലാണത്രെ. ഇപ്പോൾ തുടങ്ങീട്ടേ ഉള്ളുവത്രെ. എന്നോട് അകത്തുനിന്നും കുട്ടികളാണു പറഞ്ഞത്. ശങ്കരമേനോന് ഈ ദീനത്തിനെ വളരെ പേടിയുണ്ടോ ?

ശ :- എനിക്ക് അശേഷം ഭയമില്ല. ഞാൻ എല്ലായ്പ്പോഴും മരിപ്പാൻ ഒരുങ്ങിയവനാണ്. എന്റെ എജമാനനെ വിചാരിച്ചിട്ടല്ലെങ്കിൽ എനിക്കു മരിക്കുന്നത് സന്തോഷമാണ്. അങ്ങിനെയാണ് എന്റ ഇപ്പോഴത്തെ സ്ഥിതി.

വൈ :- എന്റെ തങ്കക്കുട്ടി എന്തിനപ്പാ ചാവുന്നു. നിങ്ങൾ എത്ര സമർത്ഥനാണ്. നിങ്ങൾ ഇല്ലാതിരുന്നുവെങ്കിൽ എജമാനന്റെ ഇപ്പോഴത്തെ സ്ഥിതി എന്തായിരുന്നു. ഒരു ദിവസം നിങ്ങളെ കൂടാതെ അദ്ദേഹം ഇരിക്കയില്ല. ഈശ്വരാ, എനി അദ്ദേഹത്തിന്ന് ഒരു ആപത്തും വരരുതെ. എന്റെ ഗൃഹത്തിൽവച്ച് ഒരു സങ്കടവും അദ്ദേഹത്തിന്ന് നേരിടാതിരിക്കേണമെന്ന് ഞാൻ ദൈവത്തെ എപ്പോഴും പ്രാർത്ഥിക്കുന്നു. എന്നാൽ ഇത്ര സമീപം ദീനം ഉണ്ടെന്ന് ഞാൻ കേട്ടത് ശരിയാണെങ്കിൽ ഇവിടെനിന്ന് തല്ക്കാലം പാർപ്പു മാറ്റണം. ശങ്കരമേനോൻ പറഞ്ഞത് ശരിയാണ്. സംശയമില്ല. ഇവിടെനിന്ന് മൂന്നു നാഴിക കിഴക്ക് എനിക്ക് ഒരു

ഗ്രഹമുണ്ട്. പക്ഷെ നോക്കു നാലുദിവസം അവിടെപോയി താമസിക്കുന്നതാണു നല്ലത് എന്ന് തോന്നുന്നു. നാളെ ഇവിടുത്തെ ദീനസ്ഥിതി അന്വേഷിച്ച് കേട്ടതെല്ലാം ശരിയാണെങ്കിൽ നേരെ എന്റെ മറ്റൊരു ഗ്രഹത്തിലേക്ക് പോയി അവിടെ പാർപ്പാൻ എല്ലാം ശട്ടമാക്കി ഒരു വണ്ടിയുംകൊടുത്ത് ഞാൻ ഇങ്ങോട്ടു വരാം. എജമാനനേയും കുട്ടിയേയും നമുക്ക് അങ്ങട്ട് കൂട്ടിക്കൊണ്ടുപോവാം അതല്ലെ നല്ലത്.

ശ :- അതെ , ഉടനെ പാർപ്പു മാറുന്നത് ആവശ്യം. ഞാൻ വെളിച്ചാവുമ്പോൾ വിവരങ്ങളേക്കുറിച്ച് മൂപ്പരെ അറിയിക്കാം.

വൈ :- ശാരദയുടെ അടുക്കവെച്ചു ദീനത്തിന്റെ വർത്തമാനം ഒന്നും പറയരുതെ. കുട്ടികൾ ക്ഷണം ഭയപ്പെടും. വിശേഷിച്ച് നമ്മുടെ കുട്ടിക്ക് ഈ വക ഒക്കെയും ക്ഷണത്തിൽ മനസ്സിലാവുമെന്ന് നിങ്ങൾക്ക് അറിയാമല്ലോ. കുട്ടിക്ക് യാതൊരു അറിവും കൊടുക്കരുതേ.

ശ :- ഇല്ല. ഞാൻ ശാരദയെ അറിയിക്കാതേ മൂപ്പരെ വിവരങ്ങൾ ഗ്രഹിപ്പിച്ചുകൊള്ളാം.

വൈത്തിപ്പട്ടര് ആ ദിക്കിൽ ദീനമുണ്ടെന്നു പറഞ്ഞത് കേവലം കളവല്ല. ആ ഗ്രാമത്തിനു സമീപം ഒരഞ്ചാറ് ദിക്കിൽ നടപ്പുദീനം ഉണ്ടാകയും അഞ്ചെട്ടു പേർ മരിക്കുകയും ചെയ്തിരുന്നു. വെളിച്ചായപ്പോൾ ശങ്കരൻ ഈ വിവരത്തെക്കുറിച്ച് പുറമേയും കേട്ടു. രാമൻമേനോട് വിവരങ്ങളെക്കുറിച്ച് സ്വകാര്യമായി പറഞ്ഞു. രാമൻമേനോൻ വൈത്തിപ്പട്ടരെ വിളിക്കാൻ പറഞ്ഞു. അപ്പോഴേക്ക് വൈത്തിപ്പട്ടര് തന്റെ മറ്റേ ഗ്രഗം രാമൻമേനോനും മറ്റും പാർപ്പാൻ ശട്ടംകെട്ടുവാനാണെന്നു പറഞ്ഞ് പോയിരിക്കുന്നു.

വൈകുന്നേരം ഏകദേശം നാലുമണി സമയത്ത് പട്ടരു മടങ്ങി എത്തി. ഗ്രഹം എല്ലാം ശട്ടമായിരിക്കുന്നു. ഒരു താഴ്ത കെട്ടിപുരപൊളിഞ്ഞു കിടക്കുന്നത് നന്നാക്കാനുണ്ട്. ആൾപാർപ്പില്ലാത്തതിനാൽ നിലവും വളരെ മ്ലേച്ഛമായിരിക്കുന്നു. അതു കൂലിക്കാര് നന്നാക്കുന്നുണ്ട്. കുറെ പനയോല വെട്ടിച്ചുകൊണ്ടുപോവാനാണ് പന്ത്രണ്ടു മണിക്ക് താൻ മടങ്ങി എത്തും. പുലർച്ചെ നാലുമണിക്കു ഗ്രഹത്തിലേക്ക് പുറപ്പെടാം എന്നും രാമൻമേനോനോടു പറഞ്ഞ് പട്ടര് പിന്നെയും പുറപ്പെട്ടു. ഇതിനിടയിൽ വൈത്തിപ്പട്ടര് വേറെ ചില കാർയ്യങ്ങൾ കൂടി പ്രവർത്തിച്ചിട്ടാണ് പോയത്.

രാമൻമേനോന്റെ കൂടെ ഭൃത്യനായിട്ട് കൃഷ്ണൻ എന്നു പേരായ ഒരുവൻ ഉണ്ടെന്ന് എന്റെ വായനക്കാരുടെ ഓർമ്മയിൽ ഉണ്ടായിരിക്കും. ഇവൻ വളരെ ബുദ്ധി കുറഞ്ഞ ദുഷ്ടചെക്കനായിരുന്നു. ഇവൻ ചെറുപ്പത്തിൽ വൈത്തിപ്പട്ടർക്ക് തെക്കൻ ചരക്കു ചുമട് എടുത്ത് കൂലി വാങ്ങി വൈത്തിപ്പട്ടരുടെ ഭൃത്യന്റെ മാതിരിയിൽ

കാലക്ഷേപം കഴിച്ചു വരാറായിരുന്നു. കല്യാണി അമ്മയുടെ കൂടെ കൂട്ടിക്കൊണ്ടു പോയതും വൈത്തിപ്പട്ടരാണ്. ഇവന്റെ സ്വന്തം എജമാനൻ ഇപ്പോഴും വൈത്തിപ്പട്ടരാണെന്നാണ് ഇവന്റെ ബോധം. വൈത്തിപ്പട്ടരുമായി കണ്ട് ഒന്നിച്ചു കൂടിയതിന്റെ ശേഷം വൈത്തിപ്പട്ടരോടു ചേർന്നു രാവു പകൽ എടയുള്ള സമയം എല്ലാം രാമൻമേനോന്റെയും ശങ്കരനെയും ദൂഷിക്കുകയാണ് ഇവന്റെ പ്രവൃത്തി. വൈത്തിപ്പട്ടരെ ഇവനു വളരെ വിശ്വാസമായിട്ടാണ്. വൈത്തിപ്പട്ടർക്ക് അങ്ങോട്ടും അങ്ങിനെ തന്നെ. രാമൻ മേനോന്റെ പക്കൽ നിന്ന് വളരെ പണം കൌശലത്തിൽ വാങ്ങി കൊടുക്കുമെന്നു പട്ടരു പലപ്പോഴും ഈ കൃഷ്ണനോട് പറകയും അതിനെ കൃഷ്ണൻ പൂർണ്ണമായി വിശ്വസിക്കുകയും ചെയ്തിരുന്നു. ശങ്കരമേനോന്റെ ഉപദ്രവം കൊണ്ടാണ് ഒന്നും വൈത്തിപട്ടരു വിചാരിച്ചതുപോലെ സാധിക്കാത്തത് എന്ന് വൈത്തിപ്പട്ടരു പറഞ്ഞു കൃഷ്ണനു നല്ല ബോദ്ധ്യംവന്നിട്ടുള്ളതിനാൽ ശങ്കരനോട് കൃഷ്ണനു വൈരം ധാരാളമായി ഉണ്ടായിരുന്നു. വൈത്തിപ്പട്ടരു രാമൻമേനോനോട് പുരകെട്ടിക്കാനാണെന്നു പറഞ്ഞു പുറപ്പെട്ടതിന്നു മുമ്പ് താൻ മഠത്തിൽനിന്ന് എറങ്ങിയാൽ ഒരു നാലു നിമിഷത്തിനുള്ളിൽ കൃഷ്ണൻ എറങ്ങി പുറത്തേക്കു ചെല്ലുണമെന്നും ഗ്രാമത്തലയ്ക്കൽ നിരത്തുവഴിക്കു സമീപം താൻ നില്ക്കുമെന്നും അവിടെവെച്ചു ചില വിവരങ്ങൾ കൃഷ്ണനോടു പറവാനുണ്ടെന്നും പറഞ്ഞപ്രകാരം കൃഷ്ണൻ വൈത്തിപ്പട്ടരു പറഞ്ഞ സ്ഥലത്തേക്കു ചെന്നു. ഒരു രണ്ടു നാഴികനേരം കൃഷ്ണനും വൈത്തിപ്പട്ടരും കൂടി അത്യന്തം ഗോപ്യമായ ഒരു സ്ഥലത്തുവെച്ചു സ്വകാർയ്യം സംസാരിച്ചു പിരിഞ്ഞു. കൃഷ്ണൻ തിരിയെ ഗൃഹത്തിലേക്കു പോരുകയും ചെയ്തു. കൃഷ്ണൻ ബുദ്ധി ഇല്ലാത്ത ഒരു പൊണ്ണച്ചാരാണെന്നു മുമ്പെ പറഞ്ഞിട്ടുണ്ടല്ലൊ. എന്നാൽ വൈത്തിപ്പട്ടരു പറഞ്ഞതുപോലെ കൃത്യമായി എല്ലാം പ്രവർത്തിക്കാൻ അവനും അശേഷം പ്രയാസം ഇല്ലാതെ വന്നത് ഇവന്റെ ബുദ്ധിക്കുറവുനിമിത്തം തന്നെയാണ്. ബുദ്ധിയും ആലോചനയും ഉള്ള ഒരു ഭൃത്യനും ബുദ്ധിശ്ശൂന്യനും പറഞ്ഞതുപോലെ കേൾപ്പാൻ മാത്രം അറിവുള്ള ഒരു ഭൃത്യനും ആയാൽ പലപ്പോഴും എജമാനൻ പറഞ്ഞതുപോലെ കൃത്യമായി പ്രവർത്തിക്കുന്നത് ബുദ്ധിശ്ശൂന്യനാണെന്ന് കാണാം. ബുദ്ധിയുള്ള ഒരു കാർയ്യസ്ഥനെ ഒരു കാർയ്യം ഇന്ന പ്രകാരത്തിൽ ചെയ്യണമെന്ന് ഏല്പിച്ചാൽ അതുപ്രകാരം തന്നെ പ്രവർത്തിക്കുന്നതിൽ തന്റെ എജമാനനു മുൻകൂട്ടി കാണാൻ കഴിയാത്ത വല്ല വിഷമങ്ങളും നേരിട്ടാൽ അതുകളെ തടുപ്പാൻ തല്ക്കാലമായി സദൃശമായി സ്വന്ത യുക്തിയാൽ ആ കാർയ്യസ്ഥൻ വല്ലതും പ്രവർത്തിച്ചു എന്നോ അല്ലെങ്കിൽ പ്രവർത്തിക്കാൻ തന്നെ ഏല്പിച്ചതിൽ വല്ലതും പ്രവർത്തികാതിരുന്നുവെന്നോ വന്നേക്കാം. തന്നോട് പറഞ്ഞതു പ്രവർത്തിക്കാൻ മാത്രം ബുദ്ധിക്കു ശക്തിയുള്ള ഒരു കാർയ്യസ്ഥനോ

ഭൃത്യനോ പറഞ്ഞതു മാത്രം പ്രവർത്തിക്കും. അതു കൃത്യമായും പ്രവർത്തിക്കും. എന്തു വൈഷമ്യങ്ങൾ എടയിൽ ഉണ്ടായിരുന്നാലും അതൊന്നും നോക്കാതെ കൃത്യമായി പറഞ്ഞതുപോലെ കഴിയുന്നിടത്തോളം പ്രവർത്തിക്കും. നമ്മുടെ കൃഷ്ണൻ, ഈ ഒടുവിൽ പറഞ്ഞമാതിരിയിലുള്ള ഒരുവനാണ്. കൃഷ്ണൻ മടങ്ങി വൈത്തിപ്പട്ടരുടെ ഗൃഹത്തിൽപോയി വൈത്തിപ്പട്ടര് പറഞ്ഞതെല്ലാം മനസ്സിൽ ദൃഢമായി ഓർത്തുംകൊണ്ട് തന്റെ നിയമപ്രകാരമുള്ള ഓരോ പ്രവൃത്തികൾ നോക്കിവരികയും ചെയ്തു.

വൈത്തിപ്പട്ടര് രാമൻമേനോനോട് പറഞ്ഞതു മുഴവനും കളവല്ല. അദ്ദേഹത്തിന്ന് ആൾപാർപ്പില്ലാത്ത ഒരു ഗൃഹം ഉള്ളതും അതു നന്നാക്കിയിരുന്നതും നേരായി രുന്നു. എന്നാൽ താൻ വിചാരിച്ച കാർയ്യം സാധിച്ചാൽ രാമൻമേനോനെയും കുട്ടിയേയും ആ ഗൃഹത്തിലേക്ക് കൊണ്ടുപോയി താമസിപ്പിക്കാമെന്നു തന്നെയാ ണ് വൈത്തിപ്പട്ടരു സത്യമായി നിശ്ചയിച്ചിരുന്നത്.

വൈത്തിപ്പട്ടരു പോയി. രാമൻമേനോൻ ആകപ്പാടെ വലിയ മനോവ്യസനത്തോ ടുകൂടി ശങ്കരനോട് പറയുന്നു "ഈ ദിക്ക് എനിക്കു അശേഷം പിടിച്ചിട്ടില്ല.ഇവിടെ ഒരു സൌഖ്യവുമില്ല. ഇപ്പോൾ ഈ ദിക്കിൽ ദീനവും തുടങ്ങിയിരിക്കുന്നു. നീ ഇന്നാൾ പറഞ്ഞ ഉദയന്തളിദിക്കിലേക്കു പോയി അവിടെ ഒരു സ്ഥലം വാങ്ങി പാർപ്പാക്കിയാലോ?

ശ :- ആ സ്ഥലം വസതിക്ക് വളരെ യോഗ്യമെന്നാണ് എന്നോട് കൃഷ്ണനുണ്ണിയുടെ ആൾ പറഞ്ഞത്. എന്നാൽ എനിക്ക് ഇതിൽ അല്പം ഒരാക്ഷേപമുണ്ട്. രാമവർ മ്മൻ തിരുമുല്പാടിന്റെ അധീനത്തിൽ നാം പോയി പാർക്കുന്നത് പൂഞ്ചോലക്കര എടക്കാരുമായി മത്സരിക്കാനാണെന്ന് ഒരു അപശ്രുതി ഉണ്ടാവുമോ എന്ന് ഞാൻ ശങ്കിക്കുന്നു.

രാ :- പൂഞ്ചോലക്കര എടക്കാർ നമ്മുടെ കുട്ടിയെ കേവലം തള്ളിക്കളയുന്നതാ യാൽ പിന്നെ എന്താണു നിവൃത്തി. ശാരദയുടെ ന്യാമായ അവകാശങ്ങളെ നിശ്ചയമായി രക്ഷിപ്പാൻ തന്നെയാണ് ഞാൻ തീർച്ചയായും ഉറച്ചത്. നമ്മൾക്കു യാതൊരു സഹായവും ഇല്ലാതെ നാം എന്തുചെയ്യും. അതുകൊണ്ട് രാമവർമ്മൻ തിരുമുല്പാടിന്റെ സഹായത്തെ നമ്മൾ ആവശ്യപ്പെടേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു.

ശ :- പൂഞ്ചോലക്കര എടത്തിലേക്ക് ബദ്ധ മത്സരിയായ ഒരാളുടെ സഹായമാണു നമുക്കുള്ളത് എന്നു വരുന്നതിൽ നമ്മുടെ കാർയ്യത്തിന്നു തന്നെ ദോഷമുണ്ടോ എന്നു ഞാൻ ശങ്കിക്കുന്നു: രാഘവനുണ്ണി നമ്മൾ വൈത്തിപ്പട്ടരുടെ ആവ ശ്യപ്രകാരം വേഷങ്ങൾ കെട്ടി പുറപ്പെട്ടതാണെന്നും യഥാർത്ഥത്തിൽ ശാരദ കല്യാണിഅമ്മയുടെ മകൾ അല്ലെന്നും പറഞ്ഞതിൽ ഒരു വിശ്വാസം അന്നു

തന്നെ എടത്തിൽ പലർക്കും ഉണ്ടായതായി കൃഷ്ണനുണ്ണിയുടെ ആൾ എന്നോടു പറഞ്ഞതായി ഞാൻ അറിയിച്ചില്ലേ. എനി അസംഗതിയായി ഉദയന്തളിക്കു പോയി അവിടെ പാർപ്പാക്കുന്നതായാൽ ഇങ്ങിനെ നമ്മൾ അവകാശം പറഞ്ഞു ചെല്ലുന്നത് രാമവർമ്മൻ തിരുമുല്പാടിന്റെയും ഉത്സാഹം ഉണ്ടാകയാലാണെന്നും നമ്മൾ പറയുന്നതു വാസ്തവമല്ലെന്നും ജനങ്ങൾക്ക് ഒരു ബോദ്ധ്യമുണ്ടാവാൻ ഇടയാകുമോ എന്നു ഞാൻ സംശയിക്കുന്നു.

രാ :- അങ്ങിനെ അത്ര അബദ്ധമായ ഒരഭിപ്രായം ജനങ്ങൾക്ക് ആദ്യത്തിൽ പക്ഷെ ഒരു സമയം ഉണ്ടായാൽതന്നെ ആ അഭിപ്രായം നിലനില്ക്കുവാൻ പാടില്ല. രണ്ടോ നാലോ ദിവസം പക്ഷെ ഇങ്ങിനെ ദൂഷിച്ചു പറയുമായിരിക്കും. പിന്നെ ജനങ്ങൾക്കു സൂക്ഷ്മം മനസ്സിലാവാതിരിക്കയില്ല. എനിക്ക് ഈ ദിക്കിൽ താമസിപ്പാൻ അശേഷം മനസ്സില്ല. ഉടനെ ഇവിടം വിട്ടാലേ എനിക്കു സുഖമുള്ളൂ.

ഇങ്ങിനെ രാമൻമേനോനും ശങ്കരനും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ചെറുപ്പക്കാരൻ നമ്പൂതിരി ഇവരുടെ പാർപ്പിടത്തിലേക്കായി വരുന്നതു കണ്ടു. നമ്പൂതിരി രാമൻമേനോന്റെ സമീപത്തിൽ എത്തിയ ഉടനെ പറഞ്ഞു. ”പൂഞ്ചോലക്കര എടത്തിൽ നിന്നു നാടുവിട്ടു പൊയ്ക്കളഞ്ഞ ഒരു സ്ത്രീയുടെ മകൾ ഈ ദിക്കിൽ എത്തിയിട്ടുണ്ടെന്നും ഈ ഗൃഹത്തിൽ താമസിക്കുന്നു എന്നും കേട്ടു. ആ കുട്ടിയെ കാണാൻ വന്നതാണ് ഞാൻ. എന്റെ രാജ്യം ഉദയന്തളിയാണ്. ഞാൻ ഒരു നമ്പൂതിരിയാണ്. ഈ ഗൃഹത്തിൽ ആ കുട്ടി താമസിക്കുന്നുണ്ടോ?”

രാ :- എന്താണ് ആ കുട്ടിയെ കാണ്മാൻ അങ്ങേക്ക് ഇത്ര ആഗ്രഹം ഉണ്ടാവാൻ കാരണം!

നമ്പൂ :- ആഗ്രഹം ആഗ്രഹം തന്നെ. വിശേഷവിധി ആഗ്രഹം ഒന്നും ഇല്ലാതാനും. ഉദയന്തളി രാമവർമ്മൻ തിരുമുല്പാടിനെ അറിയുമോ. രാമവർമ്മൻ തിരുമുല്പാട് എന്നു കേട്ടിട്ടില്ലേ? ഊറ്റക്കാരനാണ്. അദ്ദേഹത്തിന്ന് ഈ കുട്ടിയുമായി എന്തോ ഒരു സംബന്ധം ഉണ്ടത്രേ. അദ്ദേഹം പറഞ്ഞിട്ടാണ് ഞാൻ വന്നത്. ഉദയന്തളിയിലേക്ക് കൊണ്ടുചെല്ലുവാൻ ആൾ വഴിയേ വരുന്നു. ഞാൻ കുറെ മുമ്പെ പോന്നു. കുട്ടിയെ കാണാനുള്ള അത്യാഗ്രഹംകൊണ്ടു ഞാൻ മുമ്പു കടന്നുപോന്നു. ആ കുട്ടിയുടെ അച്ഛൻകൂടി ഇവിടേ ഉണ്ടെന്നു കേട്ടു. ഉണ്ടോ ?

രാ:- ഉണ്ട്. ഞാൻതന്നെയാണ് കുട്ടിയുടെ അച്ഛൻ.

നമ്പു:- ശിക്ഷ. അങ്ങിനെയാണ്. കണ്ടതു വളരെ സന്തോഷമായി. കുട്ടി ഇവിടെത്തന്നെ ഉണ്ടായിരിക്കും.

രാ:- ഉണ്ട്.

എന്നുപറഞ്ഞു നമ്പൂതിരിയും രാമൻമേനോനും ഇരുന്നശേഷം പലേ സംഗതികളെക്കുറിച്ചും ഇവർ സംസാരിച്ചു. നമ്പൂതിരി കുറേ അധികം കാമുകനാണെങ്കിലും

കേവലം ബുദ്ധി ഇല്ലാത്തയാളല്ല. നേരമ്പോക്കായി സംസാരിപ്പാൻ വശത ഉണ്ട്. രാമൻമേനോന് ആകപ്പാടെ വളരെ രസിച്ചു. ഇവർ സംസാരിക്കുന്ന മദ്ധ്യേ ശാരദ വൈകുന്നേരത്തെ മേൽകഴുകൽ കഴിച്ച് അച്ഛന്റെ അടുക്കൽ വന്നുനിന്നു. നമ്പൂതിരി കുട്ടിയുടെ രൂപം കണ്ട് അത്യന്തം ആനന്ദിച്ചു. വഴിനടന്ന ക്ഷീണം എല്ലാം തീർന്നു. കണ്ണുകൾകൊണ്ട് ശാരദയെ പാനംചെയ്ത് ചെയ്ത് തൃപ്തി വന്നില്ല. അതിമനോഹരിയായ ഈ കുട്ടിയുടെ സൗന്ദര്യത്തെക്കുറിച്ച് ഈ കഥയിൽ ഇവളുടെ പൂർണ്ണയൗവനം തികയുന്ന ദിക്കിൽ മാത്രമേ ഞാൻ പറയുകയുള്ളു എന്ന് ആദ്യത്തിൽ നിശ്ചയിച്ചിരുന്നു. ഇനിനുമുമ്പ് രണ്ടുമൂന്നു പ്രാവശ്യം എന്റെ മനസ്സിളകി. ഈ നിശ്ചയത്തെ ലംഘിക്കാൻ പുറപ്പെട്ടു എങ്കിലും ഒരുവിധം മനസ്സിനെ പിടിച്ചു നിർത്തി. എനി അങ്ങിനെ നിർത്തുവാൻ നിവൃത്തി ഇല്ല. ശാരദയുടെ കാന്തിയെപ്പറ്റി അല്പം ഇവിടെ പറയാതിരിപ്പാൻ എന്നാൽ കേവലം അസാദ്ധ്യമാണ്.

പൂർണ്ണചന്ദ്രോദയത്തെ കണ്ടുകൊണ്ട് ചന്ദ്രവർണ്ണന ചെയ്യേണമെന്നുറച്ചിരുന്ന ഒരു മനുഷ്യൻ സായന്തനകാലത്തിൽ അത്യന്തനീലമായി സ്വച്ഛമായിരിക്കുന്ന ആകാശത്തിൽ തിളങ്ങുന്ന അസംഖ്യനക്ഷത്രങ്ങളുടെ മദ്ധ്യേ ഉദിച്ചു വിളങ്ങുന്ന ബാലചന്ദ്രനെകണ്ടു മനസ്സിളകി ബാലചന്ദ്രനെ വർണ്ണിച്ചു എന്ന് വന്നേക്കാം. ഇതുപ്രകാരം സായന്തനപ്ലവം കഴിഞ്ഞു തന്റെ അച്ഛന്റെ സമീപത്തുവന്നു നിന്നിരുന്ന ആ ശാരദയെ നമ്പൂതിരി കണ്ടപ്രകാരം അല്പം ഒന്നു പറയാതെ നിവൃത്തിയില്ലാതായിരിക്കുന്നു. ശാരദയ്ക്ക് ഈ കാലം പന്ത്രണ്ടാമത്തെ വയസ്സ് ആരംഭിച്ചിരിക്കുന്നു. ഇങ്ങിനെ സൗന്ദര്യമുള്ള ഒരു കന്യകാരത്നത്തെ താൻ മുമ്പ് ഒരിക്കലും കണ്ടിട്ടില്ലെന്നു നമ്മുടെ ചെറുപ്പക്കാരൻ നമ്പൂതിരിക്കു ശാരദയെ കണ്ട ക്ഷണത്തിൽ തോന്നി. ശാരദയുടെ അപ്പോ ഴത്തെ കാന്തിയെ പൂർണ്ണ വികാസത്തെ പ്രാപിക്കുമ്പോൾ അത്യന്തസുരഭിയായി അതിമനോഹരിയായി കാണപ്പെടുന്ന ഒരു വിശേഷവിധി പുഷ്പം കുദ്മളമായി വികസിപ്പാൻ ആരംഭിക്കു ന്ന കാലത്ത് ഏതു വിധമായ കാന്തിയോടെ കാണപ്പെടുന്നുവോ ആ കാന്തിയോട് സദൃശമായിരുന്നു എന്നു നിസ്സംശയം പറയാം. പുഷ്പത്തിന്നു വരുവാൻ പോ കുന്ന സൗന്ദര്യവും സൗരഭ്യവും കുദ്മളത്തെ പരിശോധിച്ചാൽ അന്തർഗ്ഗർഭിച്ചു സൂക്ഷ്മങ്ങളായി ഇരിക്കുന്നതു കാണാം. അതു ക്രമേണ വികസിച്ചുവരുമ്പോൾ അതിന്ന് അനുരൂപമായ പ്രായത്തിൽ പൂർണ്ണവികാസഭാവത്തിൽ കാണപ്പെടുന്ന ഓരോ ഗുണങ്ങൾ പോഷിച്ചു പോഷിച്ചു വരുന്നതും കാണാം. ഇങ്ങിനെ ഈ കുദ്മളാകൃതിയിൽ നിന്ന് ഈ പുഷ്പം പൂർണ്ണവികാസത്തെ പ്രാപിക്കുന്നതുവരെ ഇതിൽ കാണപ്പെടുന്നതായ ഓരോ കോമളങ്ങളായ ഭേദങ്ങളെ ക്ഷമയോടുകൂടി നോക്കിയിരുന്നാൽ മനസ്സിന്ന് അത്യന്തം ആഹ്ലാദം ഉണ്ടായി വരുമെന്നുള്ള

തിന്നു സംശയമില്ല. ഇതുപ്രകാരം ഗജമ്മോഹിനിയായി വരുവാൻ പോകുന്ന ശാരദയുടെ ശൈശവം മുതൽ യൗവനംവരെയുള്ള വളർച്ചയെ കാണ്മാൻ ഭാഗ്യമുണ്ടായ കണ്ണുകൾക്കായി ഒരു നമസ്കാരം എന്നുമാത്രം ഞാൻ പറയുന്നു.

സായന്തനകാലം സാധാരണ സമ്പ്രദായപ്രകാരം ശരീരശുദ്ധി വരുത്തി പുതിയ വസ്ത്രങ്ങൾ ധരിച്ച് ശാരദ അച്ഛന്റെ അടുക്കലേക്കു വന്നു നിൽക്കുന്നതാണ് നമ്മുടെ നമ്പൂതിരി കണ്ടതു് എന്നു പറഞ്ഞിട്ടുണ്ടല്ലോ. പതിവുപ്രകാരം അപ്പോൾ ശാരദ ഏറ്റവും വെളുത്ത മസിളിൻ എന്നു പറയപ്പെടുന്ന ഒരുമാതിരി അതിഭംഗിയുള്ള തുണികൊണ്ടു ഞെറിഞ്ഞിട്ടുണ്ടാക്കീട്ടുള്ള ഒരു പാവാടകൊണ്ടും ചെറിയ ഒരു നീല നീരാളപ്പട്ടിന്റെ റവിക്കകൊണ്ടും ഉടുക്കപ്പെട്ടിരിക്കുന്നു. പാവാടയുടെ മദ്ധ്യപ്രദേശത്തിൽ ഒരു ചെറിയ സ്വർണ്ണപ്പട്ടയാൽ മുറുക്കിയിരിക്കുന്നു. ചെറിയ കസവുരേഖയൊട്ടുകൂടി ഉള്ള പാവാടയുടെ അഗ്രങ്ങൾ മുഴുവനും ഞെറികളായി ശാരദയുടെ ചുറ്റും വൃത്തത്തിൽ തൂങ്ങിനിൽക്കുന്നു. റവിക്കയെ മാറിന്റെ മദ്ധ്യം ഏകദേശം കവിയുന്ന സ്ഥലത്ത് ഒരു ചെറിയ വൃത്തമായ വൈരക്കുടുക്കകൊണ്ടു കുടുക്കിയിരിക്കുന്നു. എന്നാൽ ആ കഴുത്തു മുതൽ ഈ കുടുക്കവരെ റവിക്കയുടെ രണ്ടു ഭാഗങ്ങളാൽ മൂടപ്പെട്ടതു് കഴിച്ചിട്ടുള്ള മാർവ്വിടത്തിന്റെ മദ്ധ്യപ്രദേശം ചെമ്പകപ്പൂവിന്റെ വർണ്ണത്തിൽ നീലനീരാളത്തിനിടയിൽ അത്യന്ത കോമളമായി കാണപ്പെട്ടു. കഴുത്തിൽ മാർവ്വിടത്തോളം ഇറങ്ങി റവിക്കയുടെ ഉപരികിടക്കുന്ന മൂന്നു ചരടായുള്ള ഒരു മുത്തു മാലയേയും അതിന്നു നായകമണിപോലെ റവിക്കയുടെ കുടുക്കിന്റെ അല്പം മേല്പോട്ടു തൂങ്ങിനിൽക്കുന്ന ഒരു ചെറിയ പതക്കത്തേയും കണ്ടു. റവിക്കയുടെ ചെറിയ വൈരക്കുടുക്ക പതക്കത്തിന്നു ചുവടെ മുത്തുമാലയിന്മേൽ തന്നെയുള്ള രണ്ടാമത്തെ ഒരു നായകമണിയോ എന്നു സൂക്ഷിച്ചുനോക്കാതിരുന്നാൽ തോന്നപ്പെടും. വണ്ടോട്ടിപോലെ നിറമുള്ള തലമുടി ചീപ്പിനാൽ സന്നമായി വാർന്നുമിനുക്കി തലയുടെ രണ്ടുഭാഗങ്ങളിക്കൂടി പുറത്തേക്കു കീഴ്പ്പട്ട് വിട്ടിരിക്കുന്നതു് ഏകദേശം മദ്ധ്യപ്രദേശത്തെ തൊടുവാൻ മാത്രം വളർച്ച ആയിട്ടേ ഉള്ളു. ഉലഞ്ഞു സർവ്വത്ര ഞെറിഞ്ഞു ചുറ്റും താണു നിൽക്കുന്ന ആ വെളുത്ത പാവാടയും അതിനെ തിറത്തോടെ മദ്ധ്യപ്രദേശത്ത് കുടുക്കിയ സ്വർണ്ണപ്പട്ടയും തമ്മിൽ ഉള്ളൊരു ചേർച്ചയും മാർവ്വിടത്തിൽ ഉള്ള മുത്തുമാലയും നീല നീരാള റവിക്കയും മാർവ്വിടത്തിന്റെ സ്വതേ ഉള്ള വണ്ണവും പരുത്തവും വൈരമൊട്ടു കുടക്കും അന്യോന്യം സമ്മേളിച്ചു കാണുന്നതിൽ ഉള്ള ഒരു ഭംഗിയും തലമുടിയെ വാർന്നിട്ടുള്ളതിന്റെ ഒരു സൗഷ്ഠവത്തേയും കണ്ടാൽ ഇതിൽപ്രം ഭംഗിയായും വൃത്തിയായും പെൺകുട്ടികളെ ഉടുപ്പിപ്പാനും അലങ്കരിപ്പാനും ഒരിക്കലും സാധിക്കയില്ലെന്നു് ഏവനും സമ്മതിക്കുമെന്നുള്ളതിനു സംശയമില്ല. പിന്നെ ഈവിധം ഉടുപ്പുകൊണ്ടു് അലംകൃതമായിരിക്കുന്ന ആ

ബാലികയുടെ ദേഹസൗന്ദർയ്യത്തേക്കുറിച്ച് എങ്ങിനെ പറയേണ്ടു. മേലിൽ അസംഖ്യം കോമളന്മാരായ യുവാക്കളുടെ മനസ്സുകളെ വാട്ടി വററ്റി വലിച്ചെടുപ്പാനുള്ള ശക്തി ഉള്ളിൽ കിടക്കുന്നുണ്ടെന്നു വെളിവായി കാണിക്കുന്ന ആ നീണ്ട നേത്രങ്ങളെ നോക്കി നോക്കി നമ്പൂതിരി ആശ്ചർയ്യപ്പെട്ടു. അധരങ്ങൾ രണ്ടും പവിഴക്കൊമ്പു വെട്ടിക്കുടഞ്ഞുണ്ടാക്കിവെച്ചതോ എന്നു തോന്നും. നമ്പൂതിരിക്കു ശാരദയെക്കണ്ട് ഉത്സാഹം വർദ്ധിച്ചു രാമൻമേനോനുമായുള്ള സല്ലാപം മുറുകിയിരിക്കുന്നു. ശാരദയ്ക്കു രസിക്കുവാൻ തക്കവണ്ണം പലേ വാക്കുകളേയും നമ്പൂതിരി പറയുന്നുണ്ട്. ഇതിൽ ചിലതു കേൾക്കുമ്പോൾ മന്ദഹാസം ഉണ്ടാവുന്നതിൽ ശാരദയുടെ പ്രവാളങ്ങൾപോലയുള്ള അധരങ്ങളുടെ എടയിൽക്കൂടി കുരുക്കുത്തി മുല്ലമൊട്ടു നിരത്തിവെച്ചതുപോലെ കാണാവുന്ന ദന്തങ്ങളേയും നമ്പൂതിരി കണ്ടു കണ്ട് ആനന്ദിച്ചു. ആ ചെറിയ മുഖത്തിൽനിന്ന് സ്ഫുരിക്കുന്ന കാന്തിയെ കണ്ടു നമ്പൂതിരിക്കുണ്ടായ സന്തോഷവും ആശ്ചർയ്യവും ഇന്നപ്രകാരമെന്നു പറവാൻ പാടില്ലാത്ത വിധത്തിലായി. ചെറിയ തോടകൾക്കു പകരം ചക്രാകൃതിയിൽ രണ്ടു രത്നകൊരടുകളെയാണ് ശാരദയുടെ കാതുകളിൽ കണ്ടതു്. കാതുകളുടെ തട്ടുകൾ മുഴുവനും ഈ തോടകളാൽ മൂടപ്പെട്ടിരുന്നു. മൃണാളകോമളങ്ങളായ കൈകൾ രണ്ടിലും ഓരോരോ ചെറിയ പൂട്ടുവളകൾ ഇട്ടിരിക്കുന്നു. പങ്കജവർണ്ണങ്ങളായും മൃദുക്കളായും ഉള്ള ചെറിയ കയ്യടികളേയും രണ്ടുമൂന്നു രത്നമോതിരങ്ങളാൽ മാത്രം അലംകൃതങ്ങളായ ചെറിയ കൈവിരലുകളേയും കണ്ടിട്ട് നമ്പൂതിരിക്ക് അത്യന്തം സന്തോഷവും കൗതുകവും തോന്നി. ആകപ്പാടെ ആ ചെറിയ വിഗ്രഹത്തിൽ ഉജ്വലിച്ചുകാണുന്ന സൗന്ദർയ്യമോ , കാന്തിയോ , ശോഭയോ , കൗതുകമോ , കോമളത്വമോ ഇന്നപ്രകാരമാണെന്നു പറവാൻ പ്രയാസം. ശാരദയുടെ നെറ്റിയും നേത്രങ്ങളും മുഖത്തിന്റെ ആകൃതിയും , നോക്കിയാൽ അത്യന്തം ബുദ്ധിശക്തിയുള്ള ഒരു കുട്ടിയാണെന്നു ബുദ്ധമാന്മാർ നിശ്ചയമായും തീർച്ചപ്പെടുത്തും. നമ്മുടെ നേരമ്പോക്കുകാരൻ നമ്പൂതിരിക്ക് ഈ അഭിപ്രായം കൂടി ഉണ്ടായോന്ന് എനിക്ക് നിശ്ചയം പറവാൻ പാടില്ല. കുട്ടിയുടെ സൗന്ദർയ്യത്തെ ആകപ്പാടെ മനസ്സിലാക്കിയശേഷം ഒരു കാര്യത്തെക്കുറിച്ചു നമ്പൂതിരി ക്ഷണേന തീർച്ചയാക്കി. തനിക്കോ തന്റെ മാതിരി വേറെ നമ്പൂതിരിമാർക്കൊ വേറെ സാധാരണ മനുഷ്യർക്കൊ ഈ ബാലികയെ കിട്ടുകയില്ലെന്നു തീർച്ചയാക്കി. ഈ രത്നത്തെ വല്ല മഹാരാജാക്കന്മാരും ക്ഷണേന കയ്ക്കലാക്കുമെന്നും തീർച്ചയാക്കി. പക്ഷെ നമ്പൂതിരിക്ക് ഇതു നിമിത്തം മനസ്സിന്നു യാതൊരു പരിഭവവും ഉണ്ടായില്ല. തനിക്ക് നല്ല പെൺകിടാങ്ങളെ കാണണം. അവരോടു സംസാരിച്ചും രസിച്ചും പാട്ടുപാടിയും ഉത്സവങ്ങൾ കണ്ടും നല്ല സാപ്പാടു കഴിച്ചും കാലക്ഷേപം ചെയ്യേണമെന്നു മാത്രമേ മോഹമുണ്ടായിരുന്നുള്ളു. എന്നാൽ ഒരു കാർയ്യത്തെ കുറിച്ചുകൂടി അപ്പോൾതന്നെ

നമ്പൂതിരി നിശ്ചയിച്ചു. തന്റെ താമസം മേലിൽ അധികവും ശാരദ എവിടെയോ അവിടെത്തന്നെ എന്ന് ഉറപ്പായി നിശ്ചയിച്ചു. ശാരദയുമായി നേരിട്ടുതന്നെ ഒന്ന് സംസാരിച്ചു ശാരദയെ രസിപ്പിച്ചു മന്ദഹസിപ്പിച്ചു ആ രസത്തെ അനുഭവിക്കേണ മെന്നും നിശ്ചയിച്ച് നമ്മുടെ സുമുഖൻ നമ്പൂതിരി ശാരദയോട് ഇങ്ങിനെ പറഞ്ഞു. "എന്താണ് കുട്ടിക്കു സ്വരാജ്യത്തിലേക്ക് പോവണ്ടെ ? ഞാൻ അച്ഛനേയും കുട്ടിയേയും കൂട്ടിക്കൊണ്ടുപോവാനാണു വന്നത്."

ശാരദ മന്ദഹസിച്ചുംകൊണ്ടു തന്റെ അച്ഛന്റെ മുഖത്തേക്കു നോക്കി.

നമ്പൂതിരിക്കു പൂർണ്ണതൃപ്തിയായി. എന്നിട്ടു വീണ്ടും ഇങ്ങനെ പറഞ്ഞു. "നാട്ടിൽ പോയാൽ ഈമാതിരി ഉറയും മറ്റും ഉടുത്താൽപോരാ. ഇങ്ങിനെ കാൽക്കുപ്പായം ഈ ദിക്കിൽ പെണ്ണുങ്ങൾ ഇടാറില്ല. കുപ്പായം ഇട്ടാൽ ജാതിപോവും. കാതു വളർത്തി വലിയ തോടകളും ഇടണം."

ശാരദ പൊട്ടിച്ചിറിച്ചുപോയി. അച്ഛന്റെ കൈകടന്നുപിടിച്ചു വളരെ ചിറിച്ചു. നമ്പൂതിരിയും കൂടെത്തന്നെ ചിറിച്ചു. താൻ വിചാരിച്ച കാർയ്യം സാധിച്ചു എന്നുള്ള സന്തോഷത്തോട്ടുകൂടി വളരെ ചിറിച്ചു.

നമ്പൂതിരി സംഭാഷണം മതിയാക്കുന്ന ഭാവം കാണാനില്ല. നമ്പൂതിരിക്കു ക്രമേണ സംസാരിപ്പാനുള്ള രസം വർദ്ധിച്ചു വരുന്നതാണ് കണ്ടത്. സന്ധ്യാകാലം കഴിഞ്ഞു എന്നിട്ടും നമ്പൂതിരി എഴുനീല്പാൻ ഭാവമില്ല. ഒടുവിൽ രാമൻമേനോൻ എഴുനീറ്റുനിന്ന് ഇങ്ങിനെ പറഞ്ഞു.

"ഇവിടുന്ന് വഴിനടന്നു ക്ഷീണിച്ചിരിക്കുന്നുവല്ലോ. വേഗം എനി കുളികഴിച്ചു ഭക്ഷണം കഴിഞ്ഞു് ഇങ്ങട്ടു വരുന്നതല്ലേ നല്ലത്. ഭക്ഷണത്തിന്ന് ഇവിടെ അയൽഗ്രഹങ്ങളിൽ ഏല്പിച്ചിട്ടുണ്ട്. വൈത്തിപ്പട്ടർ തൽക്കാലം ഇവിടെ ഇല്ല. ഇന്നു തന്നെയോ നാളെ രാവിലെയോ മടങ്ങിവരും. അതാണു വേറെ മഠത്തിൽ ഭക്ഷണത്തിനു ഏല്പിച്ചതു്."

"ഓ, ഹൊ, ക്ഷണം ഊണുകഴിച്ചു വന്നുകളയാം." എന്നും പറഞ്ഞു നമ്പൂതിരി എഴുനീറ്റ് ശാരദയെ വീണ്ടും ഒന്നു നന്നായി നോക്കി രസിച്ചുംകൊണ്ട് ശങ്കരനോടുകൂടി കുളിപ്പാൻ പോവുകയും ചെയ്തു.

കുളിയും ഭക്ഷണവും കഴിഞ്ഞു നമ്പൂതിരിയും ശങ്കരനും മടങ്ങി എത്തുമ്പോഴേക്കു ശാരദ ഉറങ്ങിയിരിക്കുന്നു. നമ്പൂതിരി രാമൻമേനോനുമായി കുറേനേരം സംസാരിച്ചിരുന്നു. അപ്പോഴേക്കും ശങ്കരൻ ഊണുകഴിഞ്ഞു വന്നു. ശങ്കരനും നമ്പൂതിരിയുംകൂടി ശങ്കരൻ കിടക്കുന്ന അറയിൽ വന്നു. ശങ്കരൻ കിടക്കുന്ന ചെറിയ ഇരുമ്പു കട്ടിലിന്മേൽ നമ്പൂതിരിക്കു കിടപ്പാൻ വിരിച്ചു. നമ്പൂതിരിയും ശങ്കരനുംകൂടി ഓരോ വിഷയങ്ങൾ സംസാരിച്ചുകൊണ്ട് ആ മുറിയിൽ ഇരുന്നു. അപ്പോഴേക്കു ദുഷ്ടൻ കൃഷ്ണൻ പതിവുപ്രകാരം ശങ്കരനു കുറുകുന്ന പാൽ

കൊണ്ടുവന്ന് ശങ്കരന്റെ അരികത്തുവെച്ചു പുറത്തേക്ക് പോന്നു. ശങ്കരൻ പാൽ അങ്ങിനെതന്നെ എടുത്തു നമ്പൂതിരിയുടെ മുമ്പിൽവെച്ചു. ശ :- ഇവിടുന്ന് ഇന്നു വഴിനടന്നു വളരെ ക്ഷീണിച്ചതല്ലെ. ഈ പാൽ സേവിച്ചാൽ വളരെ സുഖമുണ്ടാവും. ക്ഷീണം എല്ലാം തീരും ഇതു സേവിക്കാമല്ലോ ?

ന :- അങ്ങിനെ തന്നെ. എനിക്കു ക്ഷീണം വളരെ ഉണ്ട്. പക്ഷെ നിങ്ങളെ എല്ലാവരേയും കണ്ടതുകൊണ്ടു ക്ഷീണം ഉണ്ടെന്നു തോന്നിയതേയില്ല. പാൽ "കുടിച്ചുകളയാം" എന്നു പറഞ്ഞു പാൽക്കിണ്ടി എടുത്തു പാൽ മുഴുവനും ആർത്തിയോടെ കുടിച്ചു കിണ്ടി താഴത്തുവെച്ചു.

"പാലിൽ പഞ്ചസാര കുറെ അധികം ചേർത്തിരിക്കുന്നു." എന്നു പറഞ്ഞു കട്ടിലിന്മേൽ ഇരുന്നു. അപ്പോഴേക്കു പൊണ്ണച്ചാരു കൃഷ്ണൻ കിണ്ടി എടുപ്പാൻ അകത്തേക്കു വന്നു കിണ്ടി എടുത്തുകൊണ്ടുപോയി കഴുകി കമഴ്ത്തി. അയൽഗൃഹത്തിലേക്ക് ഉറങ്ങാൻ പോവുകയും ചെയ്തു.

പാൽ സേവിച്ച് ഒരു നിമിഷം കഷ്ടിച്ച ആവുമ്പോൾ നമ്പൂതിരി ഇരുന്നേടത്തുനിന്നു എഴുന്നേറ്റു.

ന:- പാൽ സേവിച്ചത് എനിക്കു പിടിച്ചില്ല. ഞാൻ അത്താഴാനന്തരം ഒന്നും കഴിക്കാറില്ല. വയറ്റിൽ വല്ലാതെ ഒരു സുഖക്കേടു തോന്നുന്നു. ഛർദ്ദിപ്പാൻ തോന്നുന്നു. ഒന്നു മുറുക്കട്ടെ എന്നു പറഞ്ഞു തന്റെ മുറുക്കുചെല്ലം എടുത്തു വിളക്കിന്റെ സമീപം ഇരുന്നു ചെല്ലം തുറപ്പാൻ ഭാവിക്കുന്നു, അപ്പോൾ.

"അയ്യോ ശങ്കരാ, എനിക്കു വല്ലാതെ ഒരു തളർച്ച. എന്നെ പിടിക്കു" എന്നു പറഞ്ഞു ഉടനെ അതിശബ്ദത്തോടെ ഒന്നു ഛർദ്ദിച്ചു. ഛർദ്ദിയുടെ ഊക്ക് അതികലശൽ തന്നെ. ഉണ്ട ചോറു മുഴുവനും, കഴിച്ച പാൽ മുഴുവനും, നാലിടങ്ങഴി കഫത്തോടുകൂടി ഒന്നായി ഛർദ്ദിച്ചു. ശങ്കരൻ കിടക്കുന്ന അറമുഴുവനും ഛർദ്ദിയിൽ മൂടി. നമ്പൂതിരി നിലത്തുവീണു. ശങ്കരൻ ഉടനെ ചെന്നെടുത്തു കട്ടിലിൻമേൽ കിടത്തി കൃഷ്ണനെ ഉറക്കെ വിളിച്ചു. കൃഷ്ണനെ കണ്ടില്ല. അപ്പോഴേക്കു നമ്പൂതിരി രണ്ടാമതും അത്യന്ത കഠിനമായി ഛർദ്ദിച്ചു. "വയറു കത്തുന്നുവോ, വയറുകത്തിക്കാളുന്നുവോ , എന്റെ വയറ്റിൽ തീ കത്തുന്നുവോ" എന്നു ഉറക്കെ നമ്പൂതിരി നിലവിളിച്ചു. ഉടനെ കിടന്ന ദിക്കിൽതന്നെ കഠിനമായി ഒന്നു അതിസരിച്ചു. നിലവിളിയും മറ്റും കേട്ടു രാമൻമേനോൻ അറഉമ്മറത്തേക്കു വന്നു.

രാ:- കഷ്ടം! എന്താണ് ഇതു കഥ! കുറെ ക്ലോറോഡയിൻ ക്ഷണത്തിൽ കൊടുക്കണം. നടപ്പദീനത്തിന്റെ ഗുളികകൾ ഉണ്ട്. അതു എടുത്തുകൊണ്ടുവാ എന്നു ശങ്കരനോടു പറഞ്ഞു. ശങ്കരൻ പരിഭ്രമിച്ചുവശായിരിക്കുന്നു. ഗുളികയും ക്ലോറോഡെയിനും കൊണ്ടുവന്നു കൊടുത്തു. മാത്ര ജാസ്തിയായിട്ടാണ് കൊടുത്തതു്. മരുന്ന് സേവിച്ചശേഷം ദീനം അത്യന്തം കലശലായി. "അയ്യോ എന്റെ വയറു

കത്തിപ്പോയല്ലൊ എന്റെ ഇല്ലത്തുള്ളവരേ കാണേണ്ടിയിരുന്നല്ലൊ ഈശ്വരാ ! ഞാൻ ഇതാ മരിക്കുന്നു. ദൈവമേ എന്നെ രക്ഷിക്കണേ , എനിക്കു വെള്ളം കുടിക്കണം. വെള്ളം കുടിക്കണം." എന്നു പറഞ്ഞുകൊണ്ടും ക്ലൊറൊഡയിനും നടപ്പുദീനത്തിന്റെ ഗുളികയും കഴിച്ചശേഷം ക്ഷണത്തിൽ നമ്പൂതിരി മരിക്കുകയും ചെയ്തു.

അപ്പോഴേക്ക് വിളിയും ഘോഷവും കേട്ട് കൃഷ്ണൻ മാറത്തു തല്ലിക്കൊണ്ട് ഓടിയെത്തി. "അയ്യോ എന്റെ ശങ്കരമേനോനെ തലതട്ടിതുടങ്ങിയോ" എന്നു നിലവിളിച്ചുംകൊണ്ടാണ് ഓടി എത്തിയത്. അറഉമ്മറത്ത് എത്തിയപ്പോൾ "ഹാ അസത്തെ കടന്നു പുറത്തുപോ" എന്നു രാമൻമേനോൻ പറഞ്ഞതുകേട്ടു കൃഷ്ണൻ നിലവിളി എല്ലാം മാറ്റി പുറത്തു കടന്നുപോയി. നമ്പൂതിരിയുടെ ഛർദ്ദിയും ഒച്ചയും ഉറക്കെയുള്ള നിലവിളിയും സമീപമുള്ള എല്ലാ ഗൃഹങ്ങളിലും കേട്ട് ആളുകൾ എല്ലാം ഭയപ്പെട്ട് വാതിലുകൾ ബന്ധിച്ചു കിടന്നിരുന്നു. അപ്പോഴാണ് വൈത്തിപ്പട്ടരുടെ വരവ്. തന്റെ ഗൃഹത്തിൽ നിന്നു യാതൊരു ശബ്ദവും കേട്ടിട്ടില്ല. നിശബ്ദമായിട്ടാണ് കണ്ടത്. പട്ടര് പതുക്കെ ചെന്നുകയറി. അകത്തിന്റെ വാതിൽ തുറന്നുകണ്ടു. ഉള്ളിൽ വിളക്ക് ഉജ്വലിച്ചു കത്തുന്നതു കണ്ടു. വാതിലിനു സമീപം എത്തിയപ്പോൾ "ആരാണത് വൈത്തിപ്പട്ടരോ?" എന്നു രാമൻമേനോൻ ചോദിച്ചതിന്ന് "അതെ എജമാനനെ" എന്നു പറഞ്ഞു വൈത്തിപ്പട്ടര് അകത്തേക്ക് കടന്നു. കണ്ട കാഴ്ച വിശേഷം തന്നെ. നമ്പൂതിരി മരിച്ച ഉടനെ ശങ്കരനെ ശാരദയുടെ അടുക്കെ അയച്ചു രാമൻമേനോൻ നമ്പൂതിരി മരിച്ച അറയുടെ ഉമ്മറത്തു നിൽക്കുകയായിരുന്നു. വൈത്തിപ്പട്ടര് , കടന്ന ഉടനെ അറയിൽ നമ്പൂതിരിയുടെ ശവത്തേ ദൂരത്തുനിന്നു കണ്ടു. "അയ്യോ ശങ്കരമേനോനെ അയ്യോ എജമാനനെ, ശങ്കരമേനോന് തലതട്ടിയോ" എന്നു പറഞ്ഞു മാറത്തു ഉറക്കെ ഒന്ന് അടിച്ചു.

രാ:- ശങ്കരനല്ല, ശങ്കരനല്ല. ഒരു സാധു ചെറുപ്പക്കാരൻ നമ്പൂതിരി ഉദയന്തളിയിൽ നിന്ന് എന്നെ കാണ്മാൻ വന്നിരുന്നു. ഇന്നുവൈകുന്നേരം ആ സാധുവിന് ഒരു മണിക്കൂറു മുമ്പെ ദീനം തുടങ്ങി ക്ഷണത്തിൽ കഥ കഴിഞ്ഞു. വൈത്തിപ്പട്ടരുടെ മുഖവും ഭാവവും കണ്ടിട്ട് രാമൻമേനോൻ വല്ലാതെ പരിഭ്രമിച്ചുപോയി. ദീനത്തിൽ ഉള്ള ഭീതികൊണ്ടാണ് പട്ടർക്ക് ഈ പരവശത എന്നു രാമൻമേനോൻ നിശ്ചയിച്ചു.

രാ:- എന്താണ് നിങ്ങൾക്കു ദീനത്തിനെ വളരെ ഭയമുണ്ടെങ്കിൽ ഇങ്ങോട്ടു കടക്കേണ്ട. ഇയാൾ മരിച്ച വിവരം സർക്കാരാളുകളെ ക്ഷണത്തിൽ അറിയിച്ച് ഇയ്യാളുടെ നാട്ടിലേക്കും കമ്പിയിൽ അറിയിക്കണം. എന്നിട്ട് ശവസംസ്കാരം ചെയ്വാൻ നോക്കണം. നിങ്ങൾക്കു ഭയമുണ്ടെങ്കിൽ ഇങ്ങോട്ടു കടക്കേണ്ട.

വൈത്തിപ്പട്ടര് ഈ വാക്കുകളെല്ലാം കേട്ടിട്ടും ഒരക്ഷരംപോലും ഉരിയാടാതെ

ഒരു പിശാചിനെപ്പോലെ സ്തബ്ധനായിത്തന്നെ നിന്നു.

രാ:- എന്താണ് നിങ്ങൾ ഇങ്ങിനെ നിൽക്കുന്നത്? ശാരദയെ ഈ വിവരങ്ങൾ ഒന്നും അറിയിക്കാതെ ഇവിടെനിന്നു വേറെ ഒരു സ്ഥലത്തേക്ക് കൊണ്ടുപോയാൽ നന്നായിരുന്നു.

ഇവിടെ വൈത്തിപ്പട്ടര് ഒരു ദീർഘനിശ്വാസം ചെയ്തു.

വൈ:- എനിക്കു ദീനത്തെ ഒരു ഭയവുമില്ല. ഞാൻ കടന്നു നോക്കട്ടെ. ഏതു നമ്പൂതിരിയാണ് ഈ മരണത്തിന് ഇവിടെ ചാടിയെത്തിയത് എന്നു നോക്കട്ടെ എന്നും പറഞ്ഞു വൈത്തിപ്പട്ടര് നമ്പൂതിരിയുടെ ശവം കിടക്കുന്ന അറയിൽ കടന്നു സൂക്ഷിച്ചുനോക്കി.

”ഓ, ഹൊ, ഇയാളെ ഞാനറിയും. പാലക്കാട്ടു നമ്പൂതിരിയാണ് ഇത്. ഇയാൾക്കു തെണ്ടിനടക്കുകയാണ് പണി. ഇയാൾ എനിക്കു മുമ്പെ കുറെ ചരക്ക് എടുത്തവക പണം തരാനുണ്ടായിരുന്നു. അതു പിരിപ്പാൻ ഞാൻ വളരെ ബുദ്ധിമുട്ടി. ഒരു വിധം ഒടുവിൽ കിട്ടി. പലിശ മുഴുവനും വിട്ടുകൊടുക്കേണ്ടി വന്നു. മഹാ അസത്താണ്. ഈ മാരണം ഇവിടെവന്നു ചാടി ചത്തത് എന്തിനപ്പാ എന്നും പറഞ്ഞു വൈത്തിപ്പട്ടര് പുറത്തേക്ക് കടന്നു.

വൈ:- കൃഷ്ണൻ ഇവിടെ ഇല്ലെ , ഈ ഛർദ്ദിയും മറ്റും ഉടനെ ഇവിടുന്നു വടിച്ചെടുത്ത് ഒരു കുഴിയിൽ ഇട്ടു മൂടട്ടെ അത് ലേശംപോലും ഇവിടെ എങ്ങും നിൽക്കരുത്. അകം മുഴുവനും മെഴുകണം. അതാണ് ഒന്നാമതു വേണ്ടത്. എന്നിട്ടു കുറെ ഗന്ധകം പുകയ്ക്കട്ടെ. എന്നിട്ട് സർക്കാരാളുകളെ വിളിക്കാം. സർക്കാരാളുകളെ വിളിച്ചിട്ടുതന്നെ അവശ്യമില്ല. നടപ്പുദീനത്തിൽ എത്രാൾ മരിക്കുന്നു. ഈവകമരണത്തിൽ ശവങ്ങളെ സർക്കാരാൾ പരിശോധിക്കാറില്ല.

രാ:- സർക്കാരാളെ നിശ്ചയമായി വരുത്തണം. നമ്പൂതിരി അന്യദിക്കുകാരനാണ്. ഇങ്ങനെ പെട്ടെന്നു മരിച്ചുപോയ അവസ്ഥയ്ക്കു നിശ്ചയമായി സർക്കാരാൾ പരിശോധിച്ചശേഷമെ ശവദാഹം ചെയ്വാൻ പാടുള്ളു. ശവദാഹം ചെയ്യ്വാൻ പാടുള്ളു. എന്നല്ല ഇവിടെ ദ്രസ്സരോ ഡോക്ടരോ ഉണ്ടെങ്കിൽ അവരെക്കൂടി ഒന്നു വരുത്തികാണിച്ചാൽ നന്നായിരിക്കും.

വൈ:- ഇതെന്തു കഥയാണ് എജമാനൻ പറയുന്നത്. ശവത്തിനു ചികിത്സിപ്പാൻ ഡാക്ടരെ വരുത്തുകയോ , നല്ല ശിക്ഷ. പക്ഷെ അധികാരിയെ ഞാൻ വിളിച്ചുകൊണ്ടുവരാം. ദ്രസ്സരും ഡാക്ടരും ഇവിടെ സമീപമില്ല. വേണമെങ്കിൽ രണ്ടു താരം ദൂരെ പോവണം. വരണമെങ്കിൽ കഠിനഫീസുകൊടുക്കണം. ഈ ശവത്തിനു വേണ്ടി എന്തിനു നാം ഇത്രയെല്ലാം അദ്ധ്വാനിക്കുന്നു?

”എന്നാൽ അധികാരിയെ ഉടനെ വരുത്തുക.” എന്നും പറഞ്ഞു രാമൻമേനോൻ വലിയ വ്യസനത്തോടുകൂടി ശാരദാ ഉറങ്ങുന്ന മുറിയിലേക്കു പോയി.

രാ:- ശങ്കരാ നമ്മുടെ വൈത്തിപ്പട്ടർക്ക് വല്ലാതെ ഒരു പരിഭ്രമം. അയാൾക്ക് ഈ ദീനത്തിനെ വളരെ ഭയമുള്ളതുപോലെ തോന്നുന്നു.

ശ:- അയാൾക്ക് ഒരു ദീനത്തിനേയും പേടി ഉണ്ടാവാൻ സംഗതിയുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ഈ മരണം അത്യാശ്ചര്യമായിരിക്കുന്നു. നമ്പൂതിരിക്കു പാൽ കഴിക്കുന്നതുവരെ യാതൊരു സുഖക്കേടും ഉണ്ടായിരുന്നില്ല. കഷ്ടം! ഇങ്ങനെ ഒരു ആപത്ത് നിങ്ങൾക്ക് വന്നുചേർന്നുവല്ലൊ?

രാ:- നമ്പൂതിരി പാൽ കഴിച്ചിരുന്നുവോ?

ശ:- കഴിച്ചു. എനിക്കു കൊണ്ടുവന്ന പാൽ ഞാൻ നമ്പൂതിരിക്കു കൊടുത്തു. കുടിച്ചു കഴിയുന്നതുവരെ ലേശംപോലും സുഖക്കേടുണ്ടായിരുന്നില്ല. കുടിച്ചു ഛർദ്ദിച്ച ഉടനേ വയറു കാളുന്നു എന്നാണ് പറഞ്ഞു നിലവിളിച്ചത്.

രാ:- പാലിൽ അശുദ്ധി ഉണ്ടായിരിക്കണം. നടപ്പുദീനം ഉണ്ടാവുന്നത് അധികവും വെള്ളം, പാൽ മുതലായതുകളിൽ ഉള്ള ദോഷാംശം ഉദരത്തിൽ ചെല്ലുന്ന നിമിത്തമാണ്.

ശ:- അങ്ങിനെ ആയിരിക്കാം. പാലിൽ വല്ല വിഷവും ചേർന്നു പോയിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

രാ:- നടപ്പുദീനത്തിനു ഹേതു വിഷം തന്നെയാണ്. ആ വക വിഷം പാലിൽ ഉണ്ടായിരുന്നുവായിരിക്കാം. അല്ലാതെ വേറെ ഒരു വിഷം ചേർപ്പാൻ സംഗതി യില്ലല്ലോ. "ഞാൻ ആ പാൽക്കിണ്ടി ഒന്നു നോക്കട്ടെ". എന്നു പറഞ്ഞു ശങ്കരൻ കൃഷ്ണനെ വിളിച്ച് "പാൽക്കിണ്ടി എവിടെ" എന്നു ചോദിച്ചു.

കൃ:- പാൽ കുടിച്ചശേഷം കിണ്ടി ഞാൻ എടുത്തുകൊണ്ടുവന്നു കഴുകി കമഴ്ത്തിയിരിക്കുന്നു.

ശ:- എന്തിനു കഴുകി, കമഴ്ത്തി??

കൃ :- ഒന്നും ഉണ്ടായിട്ടല്ല.

രാ :- നീ ദിവസേന കിണ്ടി കഴുകി, കമഴ്ത്താറുണ്ടോ?

കൃ :- ഇല്ല.

രാമൻമേനോൻ കിണ്ടി എടുത്തുകൊണ്ട് വരാൻപറഞ്ഞു. കൃഷ്ണൻ കിണ്ടി എടുത്തു കൊണ്ടു വരുമ്പോഴേക്കു വൈത്തിപ്പട്ടരും രാമൻമേനോന്റെ മുറിയിലേക്കു വന്നു.

രാ:- വൈത്തിപ്പട്ടരെ, കഴിയുമെങ്കിൽ ദ്രസ്സരെ ഒന്നു വരുത്തിയാൽ നന്ന്. ഇദ്ദേഹത്തിന്റെ ശവം ഒന്നു പരിശോധിക്കട്ടെ; എന്ത് ചിലവായാലും വേണ്ടതില്ല.

വൈ:- ഇതെന്തു കഥയാണ് എജമാനനെ. നമ്മളുടെ ഈ ഗ്രഹത്തിനു സമീപം ഇന്നു രാത്രി ഒരു നാലു നാഴിക മുമ്പെ രണ്ടുപേർ നടപ്പുദീനത്താൽ ചത്തിരിക്കുന്നു. നടപ്പുദീനം പിടിച്ചു മരിച്ചാൽ ശവം നോക്കീട്ട് എന്തു കാര്യം?

രാ:- ശങ്കരൻ പറയുന്നു. കൃഷ്ണൻ കുറുക്കികൊണ്ടുവെച്ച പാൽ സേവിച്ച ക്ഷണത്തി

ലാണ് നമ്പൂതിരിക്കു ദീനം തുടങ്ങിയതു് എന്നു്.

വൈ:- അപ്പോൾ എജമാനനും ശാരദയും പാൽ സേവിച്ചില്ലെ. എന്നിട്ട് ഇതുവരെ ദീനം ഒന്നും ഉണ്ടായില്ലല്ലൊ. ഒന്നായിട്ടല്ലേ പാൽ കുറുക്കിയതു കൃഷ്ണാ?

കൃ:- അതെ. ഒരു പാത്രത്തിലാണ് കുറുക്കിയതു്. എജമാനനും ശാരദയ്ക്കും പാൽ കൊണ്ടുപോയി കൊടുത്തശേഷമാണ് ശങ്കരമേനോന് പാൽ കൊണ്ടുപോയി കൊടുത്തതു്.

വൈ:- കുറുക്കിയ പാത്രം എവിടെ, എടുത്തുകൊണ്ടുവാ. കൃഷ്ണൻ പാത്രവും കയിലും എടുത്തുകൊണ്ടുവന്നു. വൈത്തിപ്പട്ടര് പാത്രം വിളക്കത്തു കൊണ്ടുപോയി സൂക്ഷിച്ചു നോക്കി. പാത്രത്തിന്മേലും കയിലിന്മേലും ചിലേടങ്ങളിൽ പാൽ ഉണങ്ങി വറ്റീട്ടുണ്ട്. അതു രാമൻമേനോനെ കാണിച്ചുകൊടുത്തു. വൈത്തി:- ഈ പാലിൽ യാതൊരു ദൂഷ്യവും ഉണ്ടാവാൻ സംഗതിയില്ല. എജമാനനും ശാരദയും കുടിച്ച പാലും നമ്പൂതിരി കുടിച്ച പാലും ഈ പാത്രത്തിൽ ഒന്നായി കാച്ചിയതാണ്. പാലിൽ വല്ല ദോഷവുമുണ്ടെങ്കിൽ നിശ്ചയമായി അതു സേവിച്ചവർക്ക് എല്ലാം കാണണ്ടെ. ൠസ്സരെ വരുത്തി നോക്കിയശേഷവും ശവം മറവുചെയ്യുന്നതായാൽ നാളെ അസ്തമിക്കുന്നതിന്നു മുമ്പ് അതു് സാധിക്കയില്ല. തലേത്തട്ടി കലശലായുള്ള ഈ സമയം ഈ ദീനം പിടിച്ചു ചത്താളുടെ ശവം ഈ കുട്ടികളുടെ എടയിൽ എന്റെ മഠത്തിൽ വെച്ചു സൂക്ഷിക്കുന്നതു് എനിക്കു സങ്കടമാണ്. ശാരദ ഉണർന്നു് ഈ വിവരം അറിഞ്ഞാൽ നിശ്ചയമായി അവൾ ഭയപ്പെടും സംശയമില്ല. എനിക്കും രണ്ടു നാലു കുട്ടികൾ ഉണ്ടല്ലൊ എജമാനനെ. പിന്നെ എന്റെ ഭാർയ്യ ഇപ്പോൾ ഗർഭിണിയാണ്. ഈ സ്ഥിതിക്ക് അശേഷം താമസിക്കാതെ ശവം ദഹനം കഴിച്ച് വീട്ട് ശുദ്ധമാക്കുന്നതാണ് നല്ലതു്. ഇതൊന്നും എജമാനൻ അറിയേണ്ട. എജമാനനും ശാരദയും ഇപ്പോൾ തന്നെ എന്റെ മറ്റേ മഠത്തിലേക്ക് പുറപ്പെടുന്നതാണു നല്ലതു്. ഇവിടെ വേണ്ടതെല്ലാം ഞാൻ നടത്തിച്ചു പത്തുമണിക്കു ഞാനും എന്റെ കുട്ടികളും ഭാർയ്യയും അങ്ങോട്ട് എത്തിക്കോളാം ഈ ഗ്രാമത്തിൽ തീ പിടിച്ചതുപോലെ ദീനം തുടങ്ങിയിരിക്കുന്നു. ഒരു വിനാഴിക കുട്ടികളെ ഇവിടെ താമസിപ്പിപ്പാൻ എനിക്കു മനസ്സില്ല. എജമാനനും ശാരദയും ക്ഷണം പുറപ്പെടുന്നതാണ് നല്ലതു്. വണ്ടി ഇവിടെ തയ്യാറുണ്ട്. എന്താണ് ശങ്കരമേനോൻ ഒന്നും പറയാത്തതു്. ഞാൻ പറഞ്ഞപ്രകാരം ചെയ്യുന്നതല്ലെ നല്ലതു്?

ശ:- ഞാൻ എന്താണ് സ്വാമീ പറയേണ്ടതു്. എനിക്കു ഒന്നും പറയാൻ തോന്നുന്നില്ല.

രാമൻമേനോൻ പട്ടരുടെ വാക്കുകൾ കേട്ടു പരിഭ്രമിച്ചു. ആകപ്പാടെ ആലോചിച്ചതിൽ പട്ടർ പറഞ്ഞതുപോലെ ചെയ്യുന്നതാണ് തൽക്കാലം നല്ലതു് എന്നു

തോന്നി. സാധു നമ്പൂതിരിയെ വിചാരിച്ച രാമൻമേനോന്ന അത്യന്തം വ്യസനം ഉണ്ടായെങ്കിലും തന്റെ തൽക്കാലത്തെ സ്ഥിതി ഓർത്തു വൈത്തിപ്പട്ടർ പറഞ്ഞ പ്രകാരം പ്രവർത്തിക്കുക എന്നുറച്ചു.

നമ്പൂതിരിയുടെ ശവം നോക്കിച്ചിട്ട് ഒരു ഫലവുമില്ല. നടപ്പു ദീനം തന്നെയായിരിക്കണം മരണത്തിന്ന കാരണം. ശാരദ ഈ നമ്പൂതിരിയുടെ മരണത്തെ അറിഞ്ഞാൽ ഭയപ്പെടും . നിശ്ചയമാണ്. തനിക്കു തൽക്കാലം എല്ലാറ്റിനും വൈത്തിപ്പട്ടരുടെ സഹായ മല്ലാതെ വേറെ യാതൊരു സഹായവുമില്ല. വൈത്തിപ്പട്ടർ അപ്പോൾ പറഞ്ഞതു ശരിയാണ്. കുട്ടിയേയും കൊണ്ട് ഈ ശവം കിടക്കുന്ന വീട്ടിൽ വളരെ സമയം ഇരിക്കുന്നതു് അശേഷം വെടിപ്പില്ല ഇങ്ങിനെ ആലോചിച്ചുംകൊണ്ട്,

രാ:- ശരി അങ്ങിനെയാവട്ടെ. നിങ്ങൾ ക്ഷണം വണ്ടികൊണ്ടു വരുവിൻ. ശവസംസ്കാരത്തിന്ന പത്തുറുപ്പിക ഇതാ എന്നു പറഞ്ഞു വൈത്തിപ്പട്ടർവശം ഉറുപ്പിക കൊടുത്തു. വൈത്തിപ്പട്ടർ സന്തോഷത്തോടുകൂടി വണ്ടി കൊണ്ടുവരുവാൻ കൃഷ്ണനോടുകൂടി ഓടിപ്പോയി. കൃഷ്ണനെ വഴിയിൽവെച്ച് വൈത്തിപ്പട്ടർ വളരെ ശകാരിച്ചു. അവൻ ചെയ്ത വിവരം എപ്പോഴെങ്കിലും ആരോടെങ്കിലും പറഞ്ഞാൽ അവനെ സർക്കാർ ആൾ തൂക്കിക്കൊല്ലുമെന്നും പറഞ്ഞ് വെടിപ്പായി വിശ്വസിപ്പിച്ചു. പട്ടരു് ഉടനെ വണ്ടിയുംകൊണ്ട് എത്തി. രാമൻമേനോനും ശാരദയും ശങ്കരനും കൃഷ്ണനും ആ മഠത്തിൽനിന്ന് അപ്പോൾ തന്നെ പുറപ്പെട്ടു വൈത്തിപ്പട്ടർ തയ്യാറാക്കിയ ഗൃഹത്തിലേക്ക് പോവുകയും ചെയ്തു. വൈത്തിപ്പട്ടർ ക്ഷണേന ശവദാഹം കഴിച്ച് മഠം ശുദ്ധംവരുത്തി തന്റെ കുടുംബാംഗങ്ങളോടുകൂടി പിറ്റേ ദിവസം പന്ത്രണ്ടുമണിക്കു രാമൻമേനോൻ താമസിക്കുന്ന ഗൃഹത്തിൽ എത്തി വിവരങ്ങൾ എല്ലാം അറിയിച്ച് അവിടെ താമസിച്ചു.

## അഞ്ചാം അദ്ധ്യായം

വൈത്തി:- ഈ പാലിൽ യാതൊരു ദൂഷ്യവും ഉണ്ടാവാൻ സംഗതിയില്ല. എജമാനനും ശാരദയും കുടിച്ച പാലും നമ്പൂതിരി കുടിച്ച പാലും ഈ പാത്രത്തിൽ ഒന്നായി കാച്ചിയതാണ്. പാലിൽ വല്ല ദോഷവുമുണ്ടെങ്കിൽ നിശ്ചയമായി അതു സേവിച്ചവർക്ക് എല്ലാം കാണണ്ടെ. ദ്രസ്സരെ വരുത്തി നോക്കിയശേഷവും ശവം മറവുചെയ്യുന്നതായാൽ നാളെ അസ്തമിക്കുന്നതിന്നു മുമ്പ് അത് സാധിക്കയില്ല. തലേത്തട്ടി കലശലായുള്ള ഈ സമയം ഈ ദീനം പിടിച്ച ചത്താളുടെ ശവം ഈ കുട്ടികളുടെ എടയിൽ എന്റെ മഠത്തിൽ വെച്ച സൂക്ഷിക്കുന്നത് എനിക്കു സങ്കടമാണ്. ശാരദ ഉണർന്ന് ഈ വിവരം അറിഞ്ഞാൽ നിശ്ചയമായി അവൾ ഭയപ്പെട്ടും സംശയമില്ല. എനിക്കും രണ്ടു നാലു കുട്ടികൾ ഉണ്ടല്ലൊ എജമാനനെ. പിന്നെ എന്റെ ഭാർയ്യ ഇപ്പോൾ ഗർഭിണിയാണ്. ഈ സ്ഥിതിക്ക് അശേഷം താമസിക്കാതെ ശവം ദഹനം കഴിച്ച് വീട് ശുദ്ധമാക്കുന്നതാണ് നല്ലത്. ഇതൊന്നും എജമാനൻ അറിയേണ്ട. എജമാനനും ശാരദയും ഇപ്പോൾ തന്നെ എന്റെ മറ്റേ മഠത്തിലേക്ക് പുറപ്പെടുന്നതാണു നല്ലത്. ഇവിടെ വേണ്ടതെല്ലാം ഞാൻ നടത്തിച്ച പത്തുമണിക്കു ഞാനും എന്റെ കുട്ടികളും ഭാർയ്യയും അങ്ങോട്ട് എത്തിക്കോളാം ഈ ഗ്രാമത്തിൽ തീ പിടിച്ചതുപോലെ ദീനം തുടങ്ങിയിരിക്കുന്നു. ഒരു വിനാഴിക കുട്ടികളെ ഇവിടെ താമസിപ്പിപ്പാൻ എനിക്കു മനസ്സില്ല. എജമാനനും ശാരദയും ക്ഷണം പുറപ്പെടുന്നതാണ് നല്ലത്. വണ്ടി ഇവിടെ തയ്യാറുണ്ട്. എന്താണ് ശങ്കരമേനോൻ ഒന്നും പറയാത്തത്. ഞാൻ പറഞ്ഞപ്രകാരം ചെയ്യുന്നതല്ലെ നല്ലത്?

ശ:- ഞാൻ എന്താണ് സ്വാമീ പറയേണ്ടത്. എനിക്കു ഒന്നും പറയാൻ തോന്നുന്നില്ല.

രാമൻമേനോൻ പട്ടരുടെ വാക്കുകൾ കേട്ടു പരിഭ്രമിച്ചു. ആകപ്പാടെ ആലോചിച്ചതിൽ പട്ടർ പറഞ്ഞതുപോലെ ചെയ്യുന്നതാണ് തൽക്കാലം നല്ലത് എന്നു തോന്നി. സാധു നമ്പൂതിരിയെ വിചാരിച്ചു രാമൻമേനോനു അത്യന്തം വ്യസനം ഉണ്ടായെങ്കിലും തന്റെ തൽക്കാലത്തെ സ്ഥിതി ഓർത്തു വൈത്തിപ്പട്ടർ പറഞ്ഞ പ്രകാരം പ്രവർത്തിക്കുക എന്നുറച്ചു.

നമ്പൂതിരിയുടെ ശവം നോക്കിച്ചിട്ട് ഒരു ഫലവുമില്ല. നടപ്പു ദീനം തന്നെയായിരിക്കണം മരണത്തിനു കാരണം. ശാരദ ഈ നമ്പൂതിരിയുടെ മരണത്തെ അറിഞ്ഞാൽ ഭയപ്പെട്ടും . നിശ്ചയമാണ്. തനിക്കു തൽക്കാലം എല്ലാറ്റിനും വൈത്തിപ്പട്ടരുടെ സഹായ മല്ലാതെ വേറെ യാതൊരു സഹായവുമില്ല. വൈത്തിപ്പട്ടർ അപ്പോൾ പറഞ്ഞതു ശരിയാണ്. കുട്ടിയേയും കൊണ്ടു് ഈ ശവം കിടക്കുന്ന വീട്ടിൽ വളരെ സമയം ഇരിക്കുന്നത് അശേഷം വെടിപ്പില്ല ഇങ്ങിനെ

ആലോചിച്ചുംകൊണ്ടു്,

രാ:- ശരി അങ്ങിനെയാവട്ടെ. നിങ്ങൾ ക്ഷണം വണ്ടികൊണ്ടു വരുവിൻ. ശവ സംസ്കാരത്തിന്ന പത്തുറുപ്പിക ഇതാ എന്ന പറഞ്ഞു വൈത്തിപ്പട്ടർവശം ഉറുപ്പിക കൊടുത്തു. വൈത്തിപ്പട്ടർ സന്തോഷത്തോടുകൂടി വണ്ടി കൊണ്ടുവരുവാൻ കൃഷ്ണനോടുകൂടി ഓടിപ്പോയി. കൃഷ്ണനെ വഴിയിൽവെച്ച് വൈത്തിപ്പട്ടർ വളരെ ശകാരിച്ചു. അവൻ ചെയ്ത വിവരം എപ്പോഴെങ്കിലും ആരോടെങ്കിലും പറഞ്ഞാൽ അവനെ സർക്കാർ ആൾ തൂക്കിക്കൊല്ലുമെന്നും പറഞ്ഞ് വെടിപ്പായി വിശ്വസി പ്പിച്ചു. പട്ടരു് ഉടനെ വണ്ടിയുംകൊണ്ട് എത്തി. രാമൻമേനോനും ശാരദയും ശങ്കരനും കൃഷ്ണനും ആ മഠത്തിൽനിന്ന് അപ്പോൾ തന്നെ പുറപ്പെട്ടു വൈത്തിപ്പട്ടർ തയ്യാറാക്കിയ ഗൃഹത്തിലേക്ക് പോവുകയും ചെയ്തു. വൈത്തിപ്പട്ടർ ക്ഷണേന ശവദാഹം കഴിച്ച് മഠം ശുദ്ധംവരുത്തി തന്റെ കുടുംബാംഗങ്ങളോടുകൂടി പിറ്റേ ദിവസം പന്ത്രണ്ടുമണിക്കു രാമൻമേനോൻ താമസിക്കുന്ന ഗൃഹത്തിൽ എത്തി വിവരങ്ങൾ എല്ലാം അറിയിച്ച് അവിടെ താമസിച്ചു.

അഞ്ചാം അദ്ധ്യായം

പുതിയ മഠത്തിൽ രാമൻമേനോനും മറ്റും എത്തിയ ക്ഷണം ഭക്ഷണത്തിന്റെ കാർ യ്യത്തെപ്പറ്റി ഒരു പുതിയ ഏർപ്പാട് ചെയ്തു. വടക്കെ ഇന്ത്യയിൽ അധികകാലം താമസിക്കുന്ന കാലത്തു ഇവരുടെ ആഹാരം പലപ്പോഴും ഗോതമ്പുറൊട്ടിയാ യിരുന്നു. ശാരദയ്ക്കു സാധാരണ അഭിരുചി അന്നത്തിൽ അല്ലാ. ഈ വിധം ആഹാരത്തിലായിരുന്നു. തൽക്കാലം ഈ വിധം ആഹാരം ആക്കണമെന്നുള്ള ശങ്കരന്റെ അഭിപ്രായം രാമൻമേനോൻ സമ്മതിച്ചു. ഈ റൊട്ടി ശങ്കരൻ തന്നെ ഉണ്ടാക്കുവാൻ നിശ്ചയിച്ചു. ശങ്കരൻ അദ്ധ്വാനിക്കേണ്ടാ എന്ന രാമൻമേനോൻ പറഞ്ഞതിന്ന വളരെയെല്ലാം സമാധാനങ്ങൾ പറഞ്ഞ് ഒടുവിൽ രാമൻമേനോന്റെ സമ്മതം വാങ്ങി ഭക്ഷണം ശങ്കരൻ ഉണ്ടാക്കുവാൻ തുടങ്ങി. പിറ്റെ ദിവസം ഉച്ച യാവുമ്പോഴേക്ക് വൈത്തിപ്പട്ടരും കുടുംബാംഗങ്ങളും എത്തി; രാമൻമേനോനും ശാരദയ്ക്കും ഭക്ഷണം ശങ്കരൻ ഉണ്ടാക്കിയ ഗോതമ്പു റൊട്ടിയായിരുന്നു എന്നു വൈത്തിപ്പട്ടർ കേട്ട് ഒന്നു ഭ്രമിച്ചു. അപ്പോൾ ഒന്നും പറഞ്ഞില്ല. വൈകുന്നേ രത്തെ ഭക്ഷണം രാവിലത്തെ പ്രകാരമാണ് ഉണ്ടാക്കുന്നത് എന്ന് അറിഞ്ഞ് വൈത്തിപ്പട്ടർ ശങ്കരനോട് അതിനെപ്പറ്റി ചോദിച്ചു.

വൈ :- എന്താണ് ശങ്കരമേനോന് വെപ്പും വശമുണ്ടോ. ഗോതമ്പുറൊട്ടി എന്റെ അമ്യാർ നല്ലവണ്ണം ഉണ്ടാക്കും. പൊടി അങ്ങട്ടു കൊടുത്താൽ മതിയല്ലോ.

ശ :- ഇത് ഞാൻ തന്നെ ഉണ്ടാക്കി നോക്കട്ടെ. വടക്ക് രാജ്യം വിട്ടശേഷം ഞാൻ ഈ വക പ്രവൃത്തിയിൽ പരിശ്രമിക്കാറില്ല. റൊട്ടി മുമ്പ് ഉണ്ടാക്കാൻ പഠിച്ചിരുന്നത് മറന്നു പോവാറായിരിക്കുന്നു. അതുകൊണ്ട് ഞാൻ തന്നെയാണ്

എനി ഞങ്ങൾക്കു കുറെ ദിവസങ്ങളിൽ ഭക്ഷണം ഉണ്ടാക്കുവാൻ നിശ്ചയിച്ചത്. പഠിച്ച വിദ്യ മറന്നു കളയരുതല്ലോ.
ആകപ്പാടെ വൈത്തിപ്പട്ടർക്ക് വലിയ കുണ്ഠിതമായിത്തീർന്നു.
പുതിയ മഠത്തിലേക്കു പോയതുമുതൽ രാമൻമേനോൻ അവിടെ നിന്ന് എപ്പോൾ പുറപ്പെടാൻ സാധിക്കുമെന്നുള്ള ആലോചനയിൽ ആയിരുന്നു. സാധു നമ്പൂതിരി പറഞ്ഞ പ്രകാരം ഉദയന്തളിയിൽ നിന്ന് ആൾ വരുന്നുണ്ടെങ്കിൽ അവർ വന്നിട്ടു പുറപ്പെടുന്നത് വളരെ ഭംഗിയായിരിക്കും. അതുകൊണ്ട് രണ്ടുദിവസങ്ങൾ ഇതിനായി കാത്തിരിക്കുകതന്നെ എന്നു ഉറച്ചു.
വൈത്തിപ്പട്ടർക്ക് ആകപ്പാടെ ദ്രവ്യത്തിലുള്ള മോഹവും അതു സാധിപ്പാനുള്ള പ്രയാസവും രാമൻമേനോന്റെ ഉദ്ദേശ്യങ്ങളെ തനിക്കു അറിയുവാൻ കഴിയാത്ത അവസ്ഥയും നിമിത്തം ബുദ്ധിക്കു വലിയ പരിഭ്രമവും ചാപല്യതയും ഉണ്ടായി. എന്താണ് രാമൻമേനോൻ ഭാവിച്ചിരിക്കുന്നത് എന്ന് ഒന്നറിയേണമെന്നുള്ള അത്യാഗ്രഹം കലശലായിത്തീർന്നു. ഒടുവിൽ ഈ ആഗ്രഹത്തെ ഉള്ളിൽ അടക്കി നിർത്താൻ വൈത്തിപ്പട്ടര് കേവലം അശക്തനായിത്തീർന്നു. പുതിയ മഠത്തിൽ താമസം തുടങ്ങിയതിന്റെ രണ്ടാംദിവസം രാമൻമേനോൻ പലഹാരം കഴിച്ചു സ്വസ്ഥനായിരിക്കുന്ന നേരം വൈത്തിപ്പട്ടര് രാമൻമേനോന്റെ സമീപത്തു പോയി ഓഛാനിച്ചു നിന്നു. ഇരിക്കാൻ പറഞ്ഞശേഷം ഇരുന്നു. എന്നിട്ട് ഇങ്ങിനെ പറഞ്ഞു.
”പൂഞ്ചോലക്കര എടത്തിൽ നിന്നു മറുപടി ഒന്നും എനിയും അയച്ചിട്ടില്ലല്ലൊ. എന്താണ് അവർ ഭാവിച്ചിരിക്കുന്നത് എന്ന് അറിഞ്ഞി ല്ലല്ലോ. എജമാനൻ എന്താണ് എനി ചെയ്‌വാൻ ഭാവിക്കുന്നതു് എന്നും ഞാൻ അറിഞ്ഞില്ല. ശാരദ യെ വല്ല സംഗീതമോ മറ്റോ പഠിപ്പിക്കേണ്ട കാലമാണല്ലൊ ഇതു്. നമുക്ക് ഒരു പാർപ്പിടം വേണ്ടെ. ഏതെങ്കിലും ചില നിശ്ചയങ്ങൾ ചെയ്തു പ്രവർത്തിക്കേണ്ട കാലമായിരിക്കുന്നു എന്ന് എനിക്ക് തോന്നുന്നു.”
രാ:–ഉദയന്തളി രാമവർമ്മൻ തിരുമുല്പാട്ട് എന്നൊരാളെക്കുറിച്ചു നിങ്ങൾ മുമ്പ് എന്നോടു പറഞ്ഞില്ലേ. അദ്ദേഹത്തിന്റെ ദിക്ക് ഈ മരിച്ച സാധു നമ്പൂതിരിയുടെ ദിക്കാണ് അല്ലേ. ഇവിടെനിന്നു എത്ര ദൂരമാണ് ആ ദിക്ക്?
വൈ:–ഉദയന്തളി എന്ന പ്രദേശം, പൂഞ്ചോലക്കര എടത്തിൽ നിന്ന് ഏകദേശം ഒന്നു രണ്ടു കാതം തെക്കാണെന്നു തോന്നുന്നു. എന്തണ് ഇതു ചോദിപ്പാൻ കാരണമെന്നറിഞ്ഞില്ല.
രാ:–പക്ഷെ ആ പ്രദേശത്തു് എങ്ങാനും ഒരു സ്ഥലം വാങ്ങി ചെറിയ ഒരു വീടും വാങ്ങി അവിടെ താമസമാക്കിയാലോ എന്നു ആലോചിക്കുന്നു.
ഈ വാക്കുകൾ കേട്ടപ്പോൾ വൈത്തിപ്പട്ടരുടെ മുഖം കാണേണ്ടതായിരുന്നു.

സ്വതേയുള്ള ഗോഷ്ഠികൾക്ക് എല്ലാം വളരെ വെളിവും തെളിവും കൂടി. പട്ടര് വല്ലാതെ അന്ധനായി ഒന്നും ഉത്തരം പറയാതെ അല്പനേരം ഇരുന്നു. തന്റെ സകല മോഹങ്ങളും നിഷ്ഫലമായി എന്നു തീർച്ചയായും നിശ്ചയിച്ചു പട്ടര് അത്യന്തം വ്യസനത്തിലായി. ഉദയന്തളി രാമവർമ്മൻ തിരുമുല്പാടിനെ വൈത്തിപ്പട്ടർ നല്ലവണ്ണം അറിയും. രാമൻ മേനോൻ ഉദയന്തളിയിൽ താമസിക്കുന്നതായാൽ പിന്നെ ഇദ്ദേഹത്തിന്റെ സകല കാര്യങ്ങളും രാമവർമ്മൻ തിരുമുൽപാടിന്റെ ചൊല്പടിക്ക് അല്ലാതെ നടക്കുകയില്ലെന്നു നിശ്ചയമാണ്. രാമവർമ്മൻ തിരുമുല്പാട്ട് കൂടി ഇദ്ദേഹത്തിനു സഹായമായാൽ ഒരുനൂറ് ശങ്കരന്മാര് തന്നെ ദ്രോഹിപ്പാൻ രാമന്മേനോന്റെ ഒന്നിച്ചു കൂടിയതുപോലെ ആയി. കഷ്ടം ഇങ്ങിനെ വരുന്നതായാൽ എന്തു നിവൃത്തി, എന്നും മറ്റുമുള്ള വിചാരങ്ങൾ പട്ടരുടെ മനസ്സിൽ കിടന്ന് മിന്നൽ ജ്വലിച്ച് അടിക്കുന്നതുപോലെ പ്രവർത്തിച്ചു.

രാ:- എന്താണ് നിങ്ങളുടെ അഭിപ്രായം. അങ്ങിനെ ആക്കുന്നതല്ലേ നല്ലത്. ആ തിരുമുല്പാടിനു കല്യാണിയോടു സ്നേഹമുണ്ടായിരുന്നുവെന്നും കല്യാണിയുടെ അനുജത്തിയുടെ ഭർത്താവായിരുന്നു എന്നുമല്ലേ നിങ്ങൾ പറഞ്ഞത്? വൈ:- അതെ, അതെ. എന്നാൽ രാമവർമ്മൻ തിരുമുല്പാടു ആൾ വികൃതിയാണ്. പലരുടേയും മുതൽ തട്ടിപ്പറിച്ചിട്ടുണ്ട്. ആ ദിക്കിൽ പോകുന്നത് അത്ര വെടിപ്പുണ്ടെന്നു തോന്നുന്നില്ല. നമ്മളെ മോശപ്പെടുത്തി പണം തട്ടിപ്പറിക്കാൻ നല്ല സാമർത്ഥ്യമുള്ളയാളാണ് ഈ തിരുമുല്പാട്. എജമാനന്റെ പക്കൽ വേണ്ടുന്ന പണമുള്ള അവസ്ഥയ്ക്കു നോം എന്തിന് ഈ ദുഷ്ടന്റെ അടുക്കൽ പോയി താമസിക്കുന്നു. നല്ലോരു വീട്ട് ഈ ദിക്കിൽ എങ്ങാൻ പണിയിക്കാമല്ലോ. എജമാനൻ ഒരു കല്പന തന്നാൽ ഒരു മാസത്തിനുള്ളിൽ ഒന്നാന്തരം ഒരു വീട്ട് ഈ ദിക്കിൽ തന്നെ ഞാൻ പണിയിക്കാമല്ലോ. അതിനു എന്തു പ്രയാസം. ഇത്ര അധികം പണം കയ്യിൽ ഇരിക്കുമ്പോൾ യാതൊന്നിനും നമ്മൾക്കു ബുദ്ധിമുട്ടു വരികയില്ല. നിശ്ചയമല്ലെ.

രാ:- എത്ര അധികം പണം- എന്റെ പക്കൽ വളരെ പണമില്ല. സ്വാമീ നിങ്ങൾ വെറുതെ അന്ധാളിക്കരുത്. ഞാൻ കുറെ അധികം സമ്പാദിച്ചു. ശരിതന്നെ. പക്ഷെ അതെല്ലാം നശിച്ചുപോയി. ഞാൻ ഇപ്പോൾ സൂക്ഷ്മത്തിൽ വലിയ ഒരു ദരിദ്രനാണ്. വലിയ വീടും മറ്റും പണിയിക്കാൻ കേവലം അസാദ്ധ്യമാണ്. തൽക്കാലം വല്ല സ്ഥലവും വാടകയ്ക്കോ മറ്റോ വാങ്ങണമെന്നു വിചാരിച്ചിട്ടേയുള്ളു. ശാരദയെ വിദ്യ അഭ്യസിപ്പിക്കുവാനും എന്റെ പക്കൽ ദ്രവ്യമില്ല. കഷ്ടിച്ചു കുറെ കാലത്തേക്കു ശാപ്പാട്ട് ചിലവിന്നു തന്നെ മുതൽ ഉണ്ടോ എന്നു സംശയമാണ്. നിങ്ങൾ കാര്യം അബദ്ധമായിട്ടാണ് മനസ്സിലാക്കിയിരിക്കുന്നത്. സ്വത്ത് ധാരാളം എനിക്കുണ്ടായിരുന്നുവെങ്കിൽ ഞാൻ ശാരദയെപ്പറ്റി പൂഞ്ചോലക്കര

എടത്തിലേക്കു ഒരിക്കലും എഴുതുകയില്ലായിരുന്നു.

ഈ വാക്കുകൾ കേട്ടപ്പോൾ ആദ്യം വൈത്തിപ്പട്ടരുടെ മനസ്സിനു വലിയ കുണ്ഠിതവും വ്യസനവുമാണ് ഉണ്ടായതു്. എങ്കിലും ക്രമേണ അതിന്നു നിവൃത്തിയും ഉണ്ടായി. ഒരുവന്റെ കയ്യിൽ വളരെ പണമുണ്ടെങ്കിലും അവൻ അങ്ങിനെ ഉണ്ടെന്നു ക്ഷണത്തിൽ മറ്റൊരുവനോട്ട് സമ്മതിക്കുമൊ? ഒരിക്കലും സമ്മതിക്കയില്ല. രാമൻ മേനോൻ തന്നോട്ടു പറഞ്ഞതു് ഒരിക്കലും വാസ്തവമായിരിക്കാൻ പാടില്ല. വളരെ പണം നിശ്ചയമായും ഇദ്ദേഹത്തിന്റെ പക്കൽ ഉണ്ടെന്നുതന്നെ തീർച്ചയാക്കി മ്ലേച്ഛസ്ഥിതിയിൽ നീണ്ടുനില്ക്കുന്ന പല്ലുകളെ ഒരു മന്ദഹാസത്താൽ മുഴുവൻ പുറത്തുകാണിച്ചുകൊണ്ടും തല പതുക്കെ ഒന്നു കുലുക്കിക്കൊണ്ടും വൈത്തിപ്പട്ടരു് ഇങ്ങനെ പറഞ്ഞു. "ആട്ടെ പണത്തിന്റെ കാര്യം എങ്ങനെയെങ്കിലും ഇരിക്കട്ടെ." എന്നു പറഞ്ഞു് പട്ടർ പിന്നെയും ഒരു മന്ദഹാസം ചെയ്തു. "അസംഖ്യം പണം കയ്യിൽ വച്ചിട്ട് ഒന്നുമില്ലെന്നു പറയുകയോ? ഈ വിദ്യ ആർക്കും മനസ്സിലാവുകയില്ലെന്നാണോ ധരിച്ചിരിക്കുന്നതു്?" അതൊക്കെ തനിക്ക് നല്ല നിശ്ചയമുണ്ട് എന്നു വാക്കുകൾകൊണ്ടു പറഞ്ഞാൽ അറിയുന്നതിലുമധികം വെടിപ്പായി മനസ്സിൽ തോന്നിക്കുന്ന വിധം പിന്നെയും പട്ടർ ഒന്നു തല ഇളക്കി മന്ദഹസിച്ചു.

രാ:-എന്താണ് നിങ്ങൾ ചിരിക്കുന്നതു്? സത്യമായിട്ടും ഞാൻ സമ്പാദിച്ചിരുന്ന പണം എല്ലാം നശിച്ചുപോയി. ഞാൻ ഭോഷ്ക്ക് പറയുന്നതല്ല. ഭോഷ്ക്ക് ഞാൻ ഒരിക്കലും പറയുകയില്ല. ഒരു അമ്പതിനായിരം ഉറുപ്പികയോളം ഞാൻ വടക്ക് ആഗ്രാ എന്ന സ്ഥലത്തുള്ള നാട്ടുകാരുടെ ബേങ്കിൽ പലിശയ്ക്കു കൊടുത്തിരുന്നു. ആ ബേങ്കു കടത്തിൽപ്പെട്ടു നശിച്ചുപോയി. എന്റെ പണം സകലവും പോയി.

വൈത്തിപ്പട്ടർ:-(അത്യന്തം ശ്രദ്ധയോടുകൂടി) ഒരു കാശുപോലും ബേങ്കിൽനിന്നു കിട്ടിയില്ലെന്നോ?

രാ:-അല്പം പണം കടക്കാർക്ക് ഓഹരി ഇട്ട കൂട്ടത്തിൽ എനിക്കും കിട്ടീട്ടുണ്ട്.

വൈ:-(ആർത്തിയോടെ) എത്ര പണം കിട്ടി എന്നറിഞ്ഞില്ല.

രാ:-സാരമില്ല. ഒന്നരണ്ടായിരം ഉറുപ്പിക കിട്ടി. അത്ര മാത്രമേ ഉള്ളൂ.

വൈ:-(വലിയ സർപ്പദൃഷ്ടി ഇട്ടുംകൊണ്ട്) കല്യാണിയമ്മയുടെ പക്കൽ പത്തായിരം ഉറുപ്പികയ്ക്കു മീതെ വിലയുള്ള പണ്ടങ്ങൾ ഉണ്ടായിരുന്നുവല്ലൊ. അതും പോയോ?

രാ:-അതുകളിൽ അധികം വില പിടിച്ചതെല്ലാം ഓരോ ആവശ്യങ്ങൾ നിമിത്തം എനിക്കു ചിത്രമെഴുത്തിൽ നല്ല സമ്പാദ്യം തുടങ്ങുന്നതിനു മുൻപു വിറ്റുപോയിരിക്കുന്നു.

വൈ:-(അത്യന്തം വിഷാദിച്ചുകൊണ്ട്)അപ്പോൾ ശാരദയ്ക്കുകൂടി പണ്ടങ്ങൾ ഒന്നും ഉണ്ടാക്കിച്ചുകൊടുത്തിട്ടില്ലെന്നോ?

രാ:-അല്പമായി ചില പണ്ടങ്ങൾ ഉണ്ട്. വളരെ എല്ലാം ഉണ്ടാക്കിച്ചുകൊടുക്കണമെന്നായിരുന്നു മോഹം. അപ്പോഴാണ് ഞാൻ വളരെപ്പെട്ടെന്ന് ദരിദ്രനായിത്തീർന്നത്.

വൈ:-(കഠിന കുണ്ഠിതത്തോടെ) എന്നാൽ ബേങ്കിൽ നിന്നു കിട്ടിയ ഒന്നരണ്ടായിരം ഉറുപ്പികയും ഏകദേശമെല്ലാം വഴിച്ചിലവിനും കല്യാണിഅമ്മയുടെ ദീനച്ചെലവിനും മറ്റും ചിലവായിരിക്കണം. രാ:-ഏകദേശം അങ്ങിനെ തന്നെ.

വൈത്തിപ്പട്ടർക്ക് കാര്യം സാമാന്യം എല്ലാം മനസ്സിലായി. എത്ര വിസ്താരം നിർത്തി. ശുദ്ധാത്മാവായ രാമന്മേനോൻ പിന്നെയും ഉദയന്തളിയിൽ പോയി താമസിക്കേണ്ടുന്ന കാര്യംകൊണ്ടു ചോദിച്ചുതുടങ്ങി.

രാ:-രാമവർമ്മൻ തിരുമുല്പാട്ട് നല്ല മര്യാദക്കാരൻ എന്നാണ് ഞാൻ കേട്ടത്.

വൈത്തിപ്പട്ടർ തൽക്കാലം വലിയ ഒരു ആലോചനയിൽ മഗ്നനായിരുന്നതിനാൽ രാമൻ മേനോൻ ചോദിച്ചത് കേട്ടതെ ഇല്ല.

രാ:-നിങ്ങൾ എന്താണ് ഒന്നും പറയാത്തത്? തിരുമുല്പാട്ട് ആൾ അപകടക്കാരനാണോ?

വൈ:-(പെട്ടെന്ന് ഉറക്കം ഉണർന്ന ഭാവത്തോടെ) അപകടക്കാരനോ എന്തൊ എനിക്ക് അത്രെനിശ്ചയമുള്ളു. ആൾ ഒരു പോക്കിരിയാണെന്നാണ് ഞാൻ കേട്ടത്. ഞാൻ കുളി കഴിഞ്ഞിട്ടില്ല. കുളി കഴിഞ്ഞുവരാം എന്നു പറഞ്ഞ് വൈത്തിപ്പട്ടര് അവിടെ നിന്നു പോവുകയും ചെയ്തു.

രാമൻ മേനോൻ പണത്തിന്റെ കാര്യംകൊണ്ട് പറഞ്ഞതു വൈത്തിപ്പട്ടർ മുഴുവൻ വിശ്വസിച്ചില്ല. എങ്കിലും ആദ്യത്തിൽ കൃഷ്ണന്റെ വാക്കുനിമിത്തം താൻ ഊഹിച്ചപ്രകാരം അൻപതു അറുപതിനായിരം ഉറുപ്പികയില്ലെന്നു നിശ്ചയിച്ചു. പണ്ടങ്ങൾ അടക്കം ഏകദേശം പതിനായിരത്തിൽ ചുരുങ്ങാതെ ഉണ്ടാവുമെന്ന് പട്ടര് തീർച്ചയാക്കി. കഷ്ടം! ഇതിൽനിന്ന് ഒരു പൈസ പോലും തനിക്കു കിട്ടാതായ്പ്പോകയോ എന്നു വിചാരിച്ചു പട്ടർ വിഷാദിച്ചു.

മേല്പറഞ്ഞ സംഭാഷണം കഴിഞ്ഞതിന്റെ പിറ്റേദിവസം ഉച്ചയ്ക്ക് ഉദയവർമ്മൻ തിരുമുല്പാടും 'സ്പെസിഫിക്ക് റില്ലിഫ്' എന്ന് ഇംഗ്ലീഷിൽ പറയപ്പെടുന്ന പ്രത്യേക നിവൃത്തി ആക്ടിനെ "ഇസ്പിഷ്യാൻ റില്ലി" എന്ന പേർ വിളിച്ച കണ്ടൻ മേനോനും ഭൃത്യന്മാരും കൂടി രാമൻ മേനോനെ കാണാൻ എത്തി. രാമന്മേനോനു വളരെ സന്തോഷമായി. നമ്പൂതിരിമരിച്ച വിവരം കേട്ടു കണ്ടൻ മേനോൻ ഭയപ്പെട്ടു ഞെട്ടുങ്ങി. ഗംഭീരഭാവം എല്ലാം പോയി. ഉടനെ നാട്ടിലേക്കു പുറപ്പെടാൻ തിരക്കി; പിറ്റെദിവസം പുലർകാലെ ഉദയന്തളിയിലേക്കു പുറപ്പെടാൻ നിശ്ചയിക്കുകയും ചെയ്തു. ഉദയവർമ്മൻ തിരുമുല്പാടും ആൾക്കാരും എത്തിയത് വൈത്തിപ്പട്ടര് കണ്ടു. ഇതുവരെ അയാൾക്ക് അത്യാഗ്രഹം നിമിത്തം ചെയ്ത പ്രവൃത്തികളിൽ

പലെ പ്രതിബന്ധങ്ങളും നേരിട്ടിരുന്നുവെങ്കിലും; മനസ്സിനു വളരെ കുണ്ഠിതം ചിലപ്പോൾ ഉണ്ടായിരുന്നുവെങ്കിലും തന്റെ ദുരാശയെ കേവലം ത്യജിക്കേണ്ടതിനു മാത്രം ഖണ്ഡിതമായ യാതൊരു സംഗതിയും കണ്ടിരുന്നില്ല. ഉദയന്തളിയിൽ പോയി താമസിക്കണമെന്നു രാമൻ മേനോന് ആഗ്രഹമുണ്ടായി. എങ്കിലും രാമവർമ്മൻ തിരുമുല്പാടിന് ഇത് അത്ര രസമായി വരുമോ എന്നുള്ളതിനെക്കുറിച്ച് വൈത്തിപ്പട്ടര് ഒന്നും ഇതുവരെ അറിഞ്ഞിട്ടില്ല. പക്ഷെ രാമന്മേനോൻ ഉദയന്തളിയിലേക്കു പോവുമായിരിക്കും. എന്നാൽ ഇതു അത്ര വേഗം ഉണ്ടാവുകയില്ല. കുറെ ദിവസങ്ങൾ എങ്കിലും രാമൻ മേനോനും പണപ്പെട്ടിയും തന്റെ പുതിയ ഗ്രഹത്തിൽ തന്നെ ഉണ്ടാവുമെന്നായിരുന്നു വൈത്തിപ്പട്ടര് വിചാരിച്ചിരുന്നത്. പിന്നെ രാമൻ മേനോന്റെ പക്കൽ താൻ വിചാരിച്ചിരുന്നിടത്തോളം പണം ഇല്ലെങ്കിലും ഏതാനും ദ്രവ്യം ഉണ്ടെന്നുള്ളതിനു സംശയമില്ല. താൻ ഒരു കാര്യം പ്രവർത്തിച്ചത് ഫലിച്ചെങ്കിലും എനിയും ആ വക പ്രവർത്തികൾ ചെയ്തു പരീക്ഷിക്കുന്നതിനുള്ള മാർഗ്ഗം കേവലം കാണാതെ ആയിട്ടുണ്ടായിരുന്നില്ല. ശങ്കരൻ തന്റെ കഠിന ശത്രുവായിരുന്നെങ്കിലും അവൻ അപ്പോൾ തന്റെ അധീനത്തിൽത്തന്നെ ആയിരുന്നു. ദ്രവ്യം വച്ച പെട്ടിയുടെ താക്കോൽ ശങ്കരന്റെ വശമായിരുന്നുവെങ്കിലും പെട്ടി ഇരിക്കുന്നത് തന്റെ ഗൃഹത്തിൽ തന്നെയാണ്. വിശേഷിച്ച് ഇപ്പോൾ രാമൻ മേനോൻ താമസമാക്കിയ ഗൃഹം ജനബാഹുല്യമില്ലാത്ത ഒരു ഉൾനാട്ടിലായിരുന്നു. ഈ വക സംഗതികളെ ഓർത്തു വൈത്തിപ്പട്ടര് തന്റെ ദുർമ്മോഹങ്ങളെ ഇതുവരെ കേവലം വിട്ടിരുന്നില്ല. ഉദയവർമ്മൻ തിരുമുല്പാടിനേയും ആൾക്കാരേയും ഒന്നായിക്കണ്ട നിമിഷത്തിൽ അത്യാശാപർവ്വതത്തിന്റെ കൊടുമുടിയിൽ നിന്നിരുന്ന വൈത്തിപ്പട്ടരുടെ മനസ്സ കൊടുമുടിയോടുകൂടി ഇടിഞ്ഞ് അത്യഗാധത്തിൽ ഒരുവിധം കയറുവാൻ വഴി കാണാത്ത അന്ധകാരത്തിൽ വീണുപോയി.

”നമശ്ശിവായ, നമശ്ശിവായ ! കഴിഞ്ഞു. സകലതും കഴിഞ്ഞു. രാമൻ മേനോനും പണപ്പെട്ടിയും നോക്കി നോക്കി ഇരിക്കെ, തൊട്ടു തൊട്ടു ഇരിക്കെ ഇതാ ഇതാ ആകാശത്തിലേക്കു മറഞ്ഞു മറഞ്ഞു പോകുന്നു. ഈശ്വരാ! ഈവിധം വന്നുവല്ലോ. ഒന്നുവാരാൻ സാധിച്ചില്ലല്ലോ! ഇത്ര നിർഭാഗ്യവാനാണല്ലോ; ഞാൻ” എന്നിങ്ങനെ തിരുമുല്പാടും ആൾക്കാരും വന്നുകയറിയ ക്ഷണത്തിൽ പട്ടരുടെ മനസ്സിൽ അത്യന്തസങ്കടത്തോടു കൂടിതോന്നി. എനി എന്തു നിവൃത്തി? ഒരു നിവൃത്തിയും ഇല്ല. ആവട്ടെ ഇപ്പോൾ വല്ലതും ആവശ്യപ്പെട്ടാൽ രാമൻ മേനോൻ തരുമോ എന്നു പരീക്ഷിച്ചുനോക്കണം എന്നു നിശ്ചയിച്ച് വൈത്തിപ്പട്ടര് രാത്രി രാമന്മേനോന്റെ അത്താഴം കഴിഞ്ഞശേഷം അദ്ദേഹത്തിന്റെ മുമ്പില്പ്പോയി വളരെ വിനയപൂർവം ഇങ്ങനെ പറഞ്ഞു.

വൈ:-എജമാനൻ നാളെ രാവിലെ ഉദയന്തളിക്കു പുറപ്പെടുവാൻ നിശ്ചയിച്ചുവായിരിക്കാം. ഞാൻ കൂടി വരണമെന്നു കല്പനയായാൽ വരാം. ഞാൻ കുടുംബിയാണ്. അഹോവൃത്തിക്കു സ്വത്തു ഇല്ലാത്തവനാണ്. കല്പനയായാൽ ഞാൻ വരാം. എന്നേയും കുടുംബത്തേയും എജമാനൻ തന്നെ രക്ഷിക്കണം. എജമാനന്റെ പക്കലും അധികം പണമില്ലെന്നാണല്ലോ പറഞ്ഞതു്.എന്നാൽ ഉള്ളതിന്റെ അവസ്ഥ പോലെ എന്നേയും കുടുംബത്തേയും എജമാനൻ രക്ഷിക്കാതിരിക്കയില്ലെന്നു എനിക്കു നിശ്ചയമുണ്ട്. നമ്മടെ കുട്ടി ശാരദയെ പൂഞ്ചോലക്കര എടത്തിൽനിന്നും സ്വീകരിക്കുന്നുവെങ്കിൽ പിന്നെ യതൊരു ബുദ്ധിമുട്ടും ഇല്ല. സ്വീകരിക്കുന്നില്ലെങ്കിൽ പിന്നെ അതിന്റെ നിവൃത്തിക്കുള്ള വഴി നോക്കണമല്ലോ. ഞാൻ എന്താണ് ഇതിൽ വേണ്ടതു് എന്നു വച്ചാൽ എന്റെ ദേഹത്തെ ഉപേക്ഷിച്ചുംകൂടി പ്രവർത്തിക്കാൻ ഒരുക്കമാണ്. എജമാനനേ, എജമാനന്റെ ദയവു് എല്ലായ്പ്പോഴും വേണം. എന്റെ അപേക്ഷ അത്രമാത്രമേ ഉള്ളു.

ഈ വാക്കുകൾ കേട്ട രാമൻ മേനോൻ നാലെട്ടു നിമിഷം ഒന്നും ഉരിയാടാതെ വിചാരിച്ചശേഷം-

രാ:-നിങ്ങൾ തൽക്കാലം എന്റെ കൂടെവന്നു ബുദ്ധിമുട്ടേണ്ട. നിങ്ങളുടെ സാവകാശം പോലെ എന്നെ കാണാൻ വന്നാൽ മതി.

എന്നുപറഞ്ഞു് എഴുത്തുപെട്ടി തുറന്നു അമ്പതുറുപ്പികയുടെ ഒരു നോട്ടു് എടുത്തു പട്ടരുടെ വശം കൊടുത്തു.

രാ:-നിങ്ങൾ എനിക്കുവേണ്ടി ചെയ്ത പ്രവൃത്തികൾക്കു് ഇതു മതിയായ ഒരു പ്രതിഫലമാവുമോ എന്നു ഞാൻ അറിയുന്നില്ല. എങ്കിലും തൽക്കാലം നിങ്ങൾ ഇതുകൊണ്ടു സന്തോഷിക്കുമെന്നു ഞാൻ കരുതുന്നു. നിങ്ങളുടെ ഭാര്യ എനിക്കും ശാരദയ്ക്കും ഭക്ഷണം ഉണ്ടാക്കിതരുന്നതിലും മറ്റും വളരെ ജാഗ്രതയായി നിന്നിരിക്കുന്നു. ഞാൻ ഇപ്പോൾ തന്ന സംഖ്യ നിങ്ങളുടെ ഭാര്യയ്ക്കും കുട്ടികൾക്കും പ്രത്യേകമായി ചെയ്ത ഒരു സമ്മാനമാണെന്നു വിചാരിക്കണം.

വൈ:-(നോട്ടു സൂക്ഷിച്ചുനോക്കി സംഖ്യ മനസ്സിലായശേഷം) എനിക്കു് ഇന്നതു കിട്ടണമെന്ന് ഒരാഗ്രഹവുമില്ല. എജമാനനേ. ഞാൻ ഒരു അത്യാഗ്രഹിയാണെന്നു എജമാനൻ ഒരിക്കലും വിചാരിക്കരുത്. എന്നെപ്പോലെ ദ്രവ്യത്തിന് അത്യാഗ്രഹമില്ലാതെ ഒരു പട്ടര് ഈ ലോകത്തിൽ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ ഞാൻ കുടുംബിയാണ്. ദരിദ്രനാണ്. എന്തും ചെയ്യും. ഒരുവിധം അഹോവൃത്തി എനിക്കും കുടുംബങ്ങൾക്കും കഴിയണ്ടെ. എനിക്ക് ഇപ്പോൾ ഈ ദിക്കിൽ വളരെ കടം കൊടുപ്പാനുണ്ട്. കടക്കാരുടെ ഉപദ്രവം കൊണ്ടു പുറത്ത് ഇറങ്ങി സഞ്ചരിപ്പാൻ വൈകാതെ ആയിരിക്കുന്നു. എജമാനനെ , ഈ ഗൃഹം ഒന്നു നന്നാക്കണമെന്നു ഞാൻ വളരെ കാലമായി വിചാരിച്ചിരിക്കുന്നു. ഓല

മാറ്റി കെട്ടിക്കാൻ എന്റെ കയ്യിൽ പണമില്ലാത്തതിനാൽ കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ ഓല കെട്ടീട്ടില്ല. വാരി കഴുക്കോൽ മുതലായത് സകലതും നനഞ്ഞ് ദ്രവിച്ചുപോയി. എജമാനന് പാർപ്പാനാണ നന്നാക്കിയിരിക്കുന്നത്. ചിലവ് , എജമാനൻ വച്ചുതരുമെന്ന് പറഞ്ഞ് ഒല , മുള , കമുങ്ങ് മുതലായത് കടമായി വാങ്ങീട്ടാണ് എജമാനനെ ഞാൻ ചിലവിട്ടു നന്നാക്കിച്ചത്. കൂലിക്കാർക്ക് ഒരു പയിസപോലും കൂലി ഇതുവരെ കൊടുത്തിട്ടില്ല. എജമാനനോടു വാങ്ങി തരാമെന്നു പറഞ്ഞു വിശ്വസിപ്പിച്ചു പണി എടുപ്പിച്ചതാണ്. ആകെ എനി ഇരുപത്തേഴു ഉറുപ്പികയോളം ഇതു നിമിത്തം കടമായിട്ടുണ്ട്. എനി ഈ കടക്കാരുമായി യുദ്ധം വെട്ടണം.. രണ്ടു ദിവസം എജമാനൻ ഇതിൽ താമസിച്ചിരുന്നുവെങ്കിൽ എജമാനനോടു വാങ്ങീട്ടുതന്നെ ഞാൻ ഈ കടം വീട്ടുമായിരുന്നു. ഇത്രവേഗം എജമാനൻ ഉദയന്തളിയിലേക്കു പോവുമെന്നറിഞ്ഞിരുന്നുവെങ്കിൽ ഇത്ര വെട്ടപ്പിൽ ഞാൻ ഈ ഗൃഹം നന്നാക്കിക്കുന്നതല്ലായിരുന്നു. എന്തു ചെയ്യാം ഭാഗ്യമില്ലാഞ്ഞാൽ ചെയ്യുന്നത് ഒക്കെയും ഇങ്ങിനെ അല്ലാതെ വരാൻ പാടില്ലല്ലോ.

രാമൻമേനോൻ ഉടനെ ശങ്കരനെ വിളിപ്പിച്ചു. ഇരുപത്തേഴുറുപ്പിക വൈത്തിപ്പട്ടർക്കു കൊടുക്കാൻ പറഞ്ഞു. വൈത്തിപ്പട്ടര് അതു വാങ്ങി.

വൈ :- അത് എനിക്ക് ഇപ്പോൾ , കിട്ടേണമെന്നു വച്ചു ഞാൻ പറഞ്ഞതാണെന്ന് എജമാനൻ ശങ്കിക്കരുത്. ഞാൻ എജമാനനുവേണ്ടി അദ്ധ്വാനിച്ചതിനും ചിലവു ചെയ്തതിന്നും കണക്കു വച്ചു പ്രതിഫലം വാങ്ങാമെന്നു ഈ ജന്മം വിചാരിച്ചിട്ടില്ല. എന്നിൽ എജമാനന്നു പൂർണ്ണദയവ് ഉണ്ടാവണമെന്നെ ഞാൻ ആഗ്രഹിച്ചിട്ടുള്ളു.

രാ :- നിങ്ങൾ എനിക്കുവേണ്ടി വല്ല പണവും ചിലവിട്ടിട്ടുണ്ടോ എനിക്കോർമ്മയില്ല. ഉണ്ടെങ്കിൽ പറയണം. വൈ :- ചിലവ് പറയാൻ മാത്രം ഒന്നും ഇല്ല. സാരമില്ല. എനിക്ക് അത് ഇപ്പോൾ വെച്ചു കിട്ടേണമെന്ന് ആഗ്രഹവുമില്ല. എന്റെ പണവും എജമാനന്റെ പണവും വേറെയാണെന്നു ഞാൻ വിചാരിച്ചിട്ടില്ല.

രാ :- അതുപോരാ , പറയണം. എനിക്കു ഓർമ്മയില്ല. നിശ്ചയമായി പറയണം.

വൈ :- സാരമില്ലാത്ത് സംഖ്യയാണ്. എനിക്ക് ഇപ്പോൾ തന്നതുകൊണ്ട് തൃപ്തനായി. എനി ആ കണക്ക് ഇപ്പോൾ പറയുന്നില്ല. എജമാനനെ ക്ഷണിച്ചു കൂട്ടിക്കൊണ്ടുവന്നിട്ട് കണക്കു പറഞ്ഞു പണം മേടിക്കുന്നത് എനിക്കു പോരാത്തതാണ്. ഞാൻ ഈ കണക്കു പറകയില്ല.

രാ :- നിശ്ചയമായി നിങ്ങൾ പറയണം. എനിക്ക് അതു അറിഞ്ഞേ കഴിയുകയുള്ളൂ. എത്ര സംഖ്യ ചിലവായിട്ടുണ്ട്. എന്തു വകയാണ് പറയിൻ.

വൈ :- ഇതിൽ എജമാനൻ എന്നെ ബുദ്ധിമുട്ടിക്കരുത്. ഞാൻ എല്ലാം പിന്നെ വാങ്ങിക്കൊള്ളാം.

രാ :- അതുപോരാ , തീർച്ചയായി എന്നോട് ഇപ്പോൾ തന്നെ പറയണം. എനിക്ക്

അത് അറിയണം. നിശ്ചയമായിട്ട് പറയണം.

വൈ :- എന്തിനു എജമാനൻ എന്നെ ഇങ്ങിനെ നിർബന്ധിക്കുന്നു.

രാ :- നിർബന്ധം തന്നെ , പറയിൻ , പറയിൻ

വൈത്തിപ്പട്ടർ കുറെനേരം മൗനമായിരുന്നു.

രാ :- പറയിൻ , ഞാൻ ഇത്രയെല്ലാം താല്പർയ്യപ്പെട്ടു ചോദിച്ചാൽ പറയരുതെ, പറയിൻ

വൈ :- കല്പനയ്ക്ക് അനാദരവു ഞാൻ കാണിക്കുന്നില്ല. പറയാം. എന്റെ ബുദ്ധിമോശം കൊണ്ട് "ചെലവ്" എന്ന വാക്കു വായിൽ നിന്നു വീണുപോയി. അബദ്ധം വന്നുപോയി. എനി പറയാതെ നിവൃത്തിയില്ലല്ലോ. എനിക്കു വളരെ ലജ്ജയുണ്ട്. എങ്കിലും പറയാതെ നിവൃത്തിയില്ലല്ലോ. ശാരദയുടെ ജന്മനക്ഷത്രത്തിൻനാൾ ബ്രാഹ്മണർക്കു സമാരാധനകഴിച്ചവകയിൽ പതിനൊന്നിൽ ചില്വാനം ഉറുപ്പിക എന്റെ കയ്യിൽനിന്നു ചിലവു ഉണ്ട്. പിന്നെ രാമേശ്വരത്തിൽനിന്നു പുറപ്പെട്ടു വരുംവഴി ഒരു ദിവസം വണ്ടിക്കാർക്കു നാലുറുപ്പിക എട്ടണ ഞാൻ കൊടുത്തിട്ടുണ്ട്. പാൽ വാങ്ങിയ വക ചില്വാനം ഉറുപ്പികയോ മറ്റോ ഞാൻ കൊടുത്തിട്ടുണ്ട്. പൂഞ്ചോലക്കര എടത്തിലേക്കു ശങ്കരന്റെകൂടെ പോയപ്പോൾ ഒരു രാത്രി ഭക്ഷണച്ചെലവ് രണ്ടണ , മടങ്ങിപ്പൊരുമ്പോൾ കടവു കൂലി 6 പൈ. തീവണ്ടിക്കൂലി 11 ണ , മിനിയാന്ന് ഇങ്ങോട്ടു വരുവാനുള്ള വണ്ടിക്കൂലി. മൂന്നുദിവസമായി കൃഷ്ണന്റെ സാപ്പാട്ടു ചിലവ് ഇത്രമാത്രമേ ഉള്ളു. ഇതെല്ലാം എന്നെക്കൊണ്ട് നിർബന്ധിച്ചു പറയിക്കുന്നതാണ് .

രാ :- ശങ്കരാ ഇദ്ദേഹത്തിന്റെ കണക്കുംപ്രകാരമുള്ള ഉറുപ്പിക കൂടി കൊടുക്ക.

ശങ്കരൻ ഉറുപ്പിക കൊടുത്തു. പട്ടര് വിമുഖതയോടെ വാങ്ങി.

വൈ :- ഞാൻ ഒരു അത്യാഗ്രഹിയെന്നു എജമാനനു തോന്നരുതേ. ദരിദ്രനാണെങ്കിലും അത്യാഗ്രഹം ഒട്ടും ഇല്ല.

രാ :- എനിക്ക് അങ്ങിനെ തോന്നീട്ടില്ലാ , നിങ്ങൾ പുറത്തുപോയി കിടക്കിൻ. രാവിലെ കാണാം.

വൈത്തിപ്പട്ടര് പുറത്തേക്കു പോയി കൃഷ്ണനെ സ്വകാർയ്യമായി വിളിച്ചു.

വൈ :-കൃഷ്ണാ , രാമൻമേനോൻ പുലർച്ചെ പുറപ്പെടുന്നു. ഉദയന്തളിയിൽ ചെന്നാൽ നിണക്ക് ഒരു കാശുപോലും കിട്ടുകയില്ല. ക്ഷണത്തിൽ പോയി മാസ്പടി ചോദിച്ചു വാങ്ങി ഇവിടെ നിന്നു തന്നെ പിരിഞ്ഞോ. ഉദയന്തളി ചെന്നാൽ പിന്നെ നിണക്ക് ആരും സഹായം ഉണ്ടാകയില്ല.

കൃ :- സ്വാമി നമസ്കാരം , സ്വാമി. സ്വാമി ഇപ്പോൾ പറഞ്ഞില്ലെങ്കിൽ ഞാൻ തോറ്റുപോവുമായിരുന്നു. ഞാൻ എങ്ങിനെയാണ് ചെന്നു ചോദിക്കേണ്ടത്. എനിക്കു പേടിയാവുന്നു. എജമാനൻ ദേഷ്യപ്പെട്ടാലോ.

വൈ :- വിഡ്ഢി , പട്ടുവങ്കാ. എനി എന്ത് പേടിക്കാനാണെടാ നിണക്ക്. നീ പിരിഞ്ഞുപോവുമ്പോൾ ആരെ പേടിക്കേണം. മുമ്പിൽ ചെന്നുനിന്നു ധൈർയ്യത്തോടെ പറ. എനിക്കു നാട്ടിൽ പോണം. എന്റെ മാസ്പടി തരണം എന്നു പറ.

കൃ :- എത്ര ഉറുപ്പിക തരണം എന്നാണ് പറയേണ്ടത് സ്വാമി !

വൈ :- മാസത്തിൽ രണ്ടുറുപ്പികപ്രകാരം പതിനാറുകൊല്ലത്തെ മാസ്പടിയിൽ അമ്പതു ഉറുപ്പിക തന്നതുകഴിച്ച് മുന്നൂറ്റനാല്പത്തിനാലു ഉറുപ്പിക വരാനുണ്ടെന്നു പറ. നിന്നോട് ശ്ശുണ്ഠി എടുത്താൽ നീ ഒരു ലേശം കൂട്ടാക്കാതെ എന്റെ മാസ്പടി കിട്ടാതെ ഞാൻ പോവില്ല എന്ന് ഉറക്കെ പറഞ്ഞോ. കൃ :- എന്നെ തല്ലിയാലോ.

വൈ :- തല്ലുകയില്ല. അഥവാ തല്ലിയാൽ വല്ലാതെ നിലവിളി കൂട്ടിക്കൊ. "ആയ്യോ മാസ്പടി ചോദിച്ചിട്ടു എന്നെ തല്ലിക്കൊന്നുവോ" എന്നു വല്ലാതെ ഒച്ചയിട്ടു നിലവിളിച്ചോ. നിലവിളി ഉറക്കെ കേട്ടാൽ ഞാൻ ഓടി വരാം. ഞാൻ വന്നാൽ നിന്നെ ആദ്യം ശകാരിക്കും. പിന്നെ തരംപോലെ രാമൻമേനോനോടു വല്ലതും വാങ്ങി തരാം. നമ്മൾ ചോദിക്കുന്ന സംഖ്യ കിട്ടിയില്ലെങ്കിലും വല്ലതും അതിൽ ചുരുങ്ങിട്ടെങ്കിലും കിട്ടും.

ക :- എല്ലാം സ്വാമിയുടെ ദയ , എനിക്ക് അദ്ദേഹത്തിന്റെ മുമ്പിൽപോയി ചോദിപ്പാൻ പേടിയാകുന്നു.

വൈ :- പേടാ വിഡ്ഢി , എന്തു പേടിക്കാനാണ് . പേടിച്ചിട്ടു നിന്റെ പണം ഒഴിവാക്കുവാൻ പാടുണ്ടോ. പോയി ചോദിക്കു , പണം കിട്ടുന്നതുവരെ അലട്ടിക്കോ.

കൃഷ്ണൻ വൈത്തിപ്പട്ടരുടെ ഉപദേശപ്രകാരം രാമൻമേനോന്റെ മുറിയിലേക്കു ചെല്ലുവാൻ ഭാവിച്ചു. അപ്പോഴേക്കും രാമൻമേനോൻ ഉറക്കായിരിക്കുന്നു. കൃഷ്ണൻ മടങ്ങി വൈത്തിപ്പട്ടരുടെ അടുത്തേക്കു വന്നു. "എനി രാവിലെ ചോദിക്കാ" മെന്നു വൈത്തിപ്പട്ടർ പറഞ്ഞു. പിറ്റേന്നു പുലരാൻ നാലുനാഴിക ഉള്ളപ്പോൾ രാമൻമേനോനും മറ്റും ഉദയന്തളിക്കു പുറപ്പെട്ടു. വൈത്തിപ്പട്ടർക്കു തന്റെ ചെറിയ കുട്ടികളെ എല്ലാം രാമൻമേനോൻ പുറപ്പെടുമ്പോൾ അടുക്കെ കൊണ്ടുപോയി നിർത്തി വല്ലതും കിട്ടുമോ എന്നു പരീക്ഷിക്കേണ്ടതുണ്ടായിരുന്നതിനാൽ തല്ക്കാലം രാമൻമേനവനു ശ്ശുണ്ഠി ഉണ്ടാകാതെ കഴിക്കേണമെന്നു നിശ്ചയിച്ചു കൃഷ്ണനോട് അപ്പോൾ മാസ്പടിയെക്കുറിച്ചു ചോദിക്കേണ്ട എന്നും താൻ ഉദയന്തളിക്കു വന്നു മാസ്പടി വാങ്ങിത്തരാമെന്നും വൈത്തിപ്പട്ടര് പറഞ്ഞപ്രകാരം കൃഷ്ണൻ തന്റെ കാർയ്യത്തെക്കുറിച്ചു ഒന്നും പറയാതെ ഉദയന്തളിക്കു പുറപ്പെട്ടു.

രാമൻമേനവനും ശാരദയും മറ്റും പുറപ്പെടാറായപ്പോൾ വൈത്തിപ്പട്ടരുടെ കുട്ടികൾ എല്ലാം ഉണർന്ന് ഉമ്മറത്ത് ഹാജരായി നിൽക്കുന്നു. അമ്മ്യാര് അകത്ത് ഒരു വാതിൽ മറഞ്ഞുനിന്നു ശാരദയെ കൈകൊണ്ട് മാടിവിളിച്ചു.

ശാ :- അച്ഛാ , അമ്മ്യാര് എന്നെ വിളിക്കുന്നുണ്ട്.

രാ :– പോയി വരു.

അമ്മ്യാര് :– എനിക്കു കയ്യിലിടുവാൻ ഒരു ചെറിയ മോതിരം അമ്മു തരില്ലെ. അമ്മുവിന്നുവേണ്ടി ഞാൻ എത്ര വെച്ചുവിളമ്പി ! ശാരദ :– ഇതു കേട്ടപ്പോൾ തന്റെ ചെറുവിരലിൽ കല്ല് വെച്ച ഒരു മോതിരത്തിനു തട ഇട്ടിരുന്ന ഒരു ഒഴുക്കൻ സ്വർണ്ണമോതിരം ഊരി നിങ്ങളുടെ വിരലിനു ഇതു പാകമാകുമോ എന്നറിഞ്ഞില്ല" എന്നു പറഞ്ഞുംകൊണ്ട് അമ്മ്യാരു പക്കൽ കൊടുത്ത ക്ഷണത്തിൽ അച്ഛന്റെ അടുക്കലേക്കു മടങ്ങി വന്നു.

വൈത്തിപട്ടർ ഉറക്കമുണർന്ന് ഹാജരായി നിൽക്കുന്ന തന്റെ കുട്ടികളെ കണ്ടിട്ട് ആശ്ചര്യഭാവത്തോടെ ചിരിച്ചുംകൊണ്ട് അവരോട് പറഞ്ഞു

വൈ:–കുളന്തകളെ, ഉദിച്ചു 5 നാഴിക പിറകുതാൻ നിങ്ങൾ എഴുന്തിരിക്കറ വഴക്കം, ഇന്നേക്കു ബഹു ജാഗ്രതയായിയിരിക്കേ. എജമാനൻ പോവറതിലെ കുളന്തകളുക്കു റൊമ്പ സങ്കടം. എജമാനൻ എങ്കെ ഇരുന്താലും ഒങ്കളെ രക്ഷിപ്പാർ. എജമാനനും സൗഭാഗ്യവതി ശാരദയും ക്ഷേമമായിരിക്കവേണ്ടുമെന്റു ശൊല്ലി ഉള്ളെ പോയി പടുത്തുക്കൊണ്ട് ുങ്കംകൾ.

കുട്ടികളിൽ മൂത്തവൻ:–എജമാനൻ പോറതെപറ്റി എങ്കൾക്കു അഴുകൈവറത്. ശാരദാവും എജമാനനും നന്നായിരിക്കെട്ടും അപ്പാ. എങ്കളുക്ക് മുട്ടായി വാങ്കറത ക്ക് എജമാനിടത്തിലെ ശൊല്ലി കാശ് വാങ്കി താ അപ്പാ.

വൈ:–നിങ്കൾ ഏഴവയത്തിലെ പിറന്ത കുളന്തകൾ, ഇന്ത മാതിരി ഉപദ്രവം പണ്ണാതുങ്കൾ, എജമാനൻ റൊംബവും കൊടുത്തിരിക്കാർ, പേശാമൽ ഉള്ളെ പോയി പടുത്തുക്കൊണ്ട് ുങ്കംകൾ, ഇല്ലാവിട്ടാൽ പെരൻപാലെ അടിപ്പേൻ, ഉള്ളേപ്പോങ്കൊൾ.

രാമൻ മേനോൻ ഈ സംഭാഷണം കേട്ടു ചിരിച്ച് രണ്ടുറുപ്പിക കുട്ടികൾക്കു കൊടുത്ത് ഉടനെ പുറപ്പെട്ടു പോകുകയും ചെയ്തു.

ഉദയന്തളി എത്തി രാമവർമ്മൻ തിരുമുൽപ്പാടിനു രാമൻ മേനോനെയും ശാ രദയെയും കണ്ടിട്ട് അത്യന്തസന്തോഷമായി. ഉടനെ ഇവർക്ക് പാർപ്പാൻ കോവിലകത്തു സമീപം നല്ലതായ ഒരു മാളികഭവനം ഏർപ്പെടുത്തി. അവിടെ സുഖമായി ഇവർക്കു താമസിപ്പാൻ വേണ്ടുന്ന സകല ശട്ടങ്ങളും ചെയ്തു. ഇപ്പോൾ ഇവർ ഇവിടെ താമസിക്കട്ടെ. നമുക്ക് ഈ കഥയുടെ വേറെ ഭാഗങ്ങൾ പലേതും ഈ ഘട്ടത്തിലേക്ക് എത്തിക്കുവാൻ ബാക്കിയായിരിക്കുന്നു. അതുകൊണ്ട് ആ സംഗതികളെ കുറിച്ചു എനി പറഞ്ഞു കഴിഞ്ഞശേഷം വീണ്ടും ഇങ്ങോട്ടു വരാം.

## ആറാം അദ്ധ്യായം

രാമൻ മേനോന്റെ എഴുത്തു വായിച്ചതിൽ പരിഭവപ്പെട്ട പൂഞ്ചോലക്കര അച്ഛനും മരുമകൻ രാഘവനുണ്ണിയും തമ്മിൽ ഉണ്ടായ സംവാദം കഴിഞ്ഞ ദിക്കിലാണ് ഒന്നാം അദ്ധ്യായം അവസാനിച്ചത്. ഈ സംവാദം കഴിഞ്ഞിട്ടിട്ട് ഈ അദ്ധ്യായത്തിൽ എഴുതുന്ന കഥ നടന്ന കാലത്ത് ഏകദേശം ഒന്നു രണ്ടുമാസങ്ങൾ ആയിരിക്കുന്നു. എന്റെ പ്രിയപ്പെട്ട വായനക്കാരെ, നിങ്ങൾ ഒന്നാം അദ്ധ്യായത്തെ വായിച്ചിട്ട് ഇപ്പോഴേക്ക് എത്ര സമയമായി ? ഇതു കഴിഞ്ഞിട്ട് ഒന്നു രണ്ടു മാസമായി എന്നു നിങ്ങൾ പറയുന്നതാണെങ്കിൽ ഞാൻ ഇനി എഴുതുന്നില്ല. നിങ്ങളുടെ ഉത്തരം ഇപ്പോൾ കിട്ടുവാൻ സാധിക്കുന്നതല്ലല്ലോ. അര മണിക്കൂറായി അല്ലെങ്കിൽ ഒരു മണിക്കൂറായി എന്നാണ് നിങ്ങളുടെ മറുപടി എന്നു മനസ്സിന്ന് അത്യന്തം തൃപ്തിയോടെ തന്നെയാണെങ്കിലും വിശേഷസംഗതി ഒന്നും കൂടാതെ ഞാൻ തന്നെ നിശ്ചയിച്ച് ഇനിയും എഴുതുന്നു. എന്നെപ്പോലെയുള്ള ക്ഷുദ്രകവികൾക്ക് ക്ഷുദ്രദേവതകളെപ്പോലെ ആശ ഏറിയിരിക്കും. അതുകൊണ്ടു ഗ്രന്ഥത്തിന്റെ ഗുണദോഷ ചിന്തയ്ക്കുള്ള കാലമാവുന്നതുവരെ നമ്മുടെ വൈത്തിപ്പട്ടരുടെ മാതിരി മോഹത്തെ ഒട്ടും ഞാൻ ചുരുക്കുന്നില്ല.

എഴുത്തു വായന കഴിഞ്ഞതിൽ പിന്നെ രണ്ടു മൂന്നു ദിവസങ്ങളിൽ പൂഞ്ചോലക്കര എടത്തിലും സമീപസ്ഥലങ്ങളിലും എഴുത്തിലെ സംഗതികളെപ്പറ്റിയുള്ള പ്രസ്താവം പ്രചുരമായിരുന്നു. എവിടെ രണ്ടു പേർ കൂടുന്നുവോ അവിടെയെല്ലാം ഈ പ്രസംഗം തന്നെ. രാഘവനുണ്ണി ഈ സംഗതിയെപ്പറ്റി ആലോചിച്ചതിൽ തത്ക്കാലം ഒന്നും പ്രവർത്തിക്കേണ്ട എന്നാണ് നിശ്ചയിച്ചത്. ശങ്കുനമ്പിക്കും കോന്തനുണ്ണിക്കും കേശവനുണ്ണിക്കും ഈ അഭിപ്രായം തന്നെയാണ് ഉണ്ടായത്. കൃഷ്ണനുണ്ണി ഇതിൽ യാതൊരു അഭിപ്രായവും പറഞ്ഞില്ല. ബി. എൽ. പരീക്ഷയ്ക്കു വായിക്കുന്ന ഗോവിന്ദനുണ്ണി ഈ കാലം എടത്തിൽ ഉണ്ടായിരുന്നു. ഇയാൾക്കും രാഘവനുണ്ണിയുടെ മകൻ കൃഷ്ണമേനോനും എഴുത്തിനു തക്കതായ മറുപടി അയക്കേണമെന്നായിരുന്നു അഭിപ്രായം.

രാഘവനുണ്ണിയുടെ മകൻ കൃഷ്ണമേനോൻ ഹൈക്കോർട്ടിൽ ഒരു വക്കീലാണ്. ഇയാൾ അതിഗംഭീര ബുദ്ധിമാനും ഇംഗ്ലീഷിലും സംസ്കൃതത്തിലും വ്യവഹാരശാസ്ത്രത്തിലും വളരെ വിദഗ്ദനും ആണ്. വയസ്സ് ഇക്കാലം ഇരുപത്തിനാലു മാത്രമേ ആയിട്ടുള്ളൂ. കണ്ടാൽ അതി കോമളനാണ്. ഹൈക്കോർട്ടിൽ വക്കീലായിട്ടു ഇക്കാലം കഷ്ടിച്ചു മൂന്നു മാസമേ ആയിട്ടുള്ളൂ. ഹൈക്കോടതി പൂട്ടിയിരുന്നതിനാൽ ഈ സമയം നാട്ടിൽ വന്നതാണ്. ഇദ്ദേഹത്തിന്റെ ഭവനം പൂഞ്ചോലക്കര എടത്തിനു സമീപമാണ്. എന്നാൽ പകൽ മുഴുവനും ഇദ്ദേഹം അച്ഛനോടുകൂടി പൂഞ്ചോലക്കര എടത്തിലാണ് താമസം. രാമൻ മേനോന്റെ എഴുത്തു കിട്ടീട്ട്

ഏകദേശം ഒന്ന് ഒന്നരമാസം കഴിഞ്ഞ ശേഷമാണ് ഇദ്ദേഹം മദിരാശിയിൽനിന്ന് വീട്ടിൽ എത്തിയത്. ഇദ്ദേഹത്തോടു രാഘവനുണ്ണി വിവരങ്ങൾ എല്ലാം പറഞ്ഞതിൽ ഉടനെ കത്തിനു തക്കതായ ഒരു മറുപടി അയക്കേണ്ടതായിരിന്നു എന്ന് ഇദ്ദേഹം മറുപടി പറഞ്ഞു

രാ:-നിന്റെ അഭിപ്രായത്തോടുകൂടി ഞാൻ യോജിക്കുന്നില്ല, അപ്പു, മറുപടി അയച്ചിട്ടില്ലെങ്കിൽ എന്താണു ദോഷം?

കൃ:-ദോഷം എന്താണെന്ന് അല്ല ഇവിടെ ഒന്നാമതു ചിന്തിക്കേണ്ടത്. ഇത്ര കഠിന ചതി ചെയ്യാൻ ഉറച്ച് ഇങ്ങിനെ ഒരു കത്ത് അയച്ചതു വാങ്ങി മിണ്ടാതിരിക്കുന്നത് എടത്തിലെ മര്യാദയ്ക്കും സ്ഥിതിക്കും മതിയായിട്ടുള്ളതോ എന്നാണ്. ഈ ചതി വെളിച്ചത്താക്കി ഈ എഴുതിയ ദുഷ്ടക്കള്ളനേയും അവനു സഹായിച്ചവരെയും ജേലിൽ വെപ്പിക്കണം, അതാണ് ചെയ്യേണ്ടത്. ഈ എഴുത്ത് എടത്തിലേക്കു വളരെ അപമാനകരമായിട്ടുള്ളതാണെന്നുള്ളതിനു സംശയമില്ല. ഇതു കൂടാതെ മറുപടി ഒന്നും അയക്കാതിരിക്കുന്നത് അവർ വ്യവഹാരം കൊടുത്തുവെങ്കിൽ നമ്മൾക്കു ഗുണകരമായ ഒരു സംഗതിയായി ഒരിക്കലും വരാൻ പാടില്ല.

രാ:-ഈ കത്തു കിട്ടീട്ടുണ്ടെന്നു വ്യവഹാരം കൊടുക്കുന്ന പക്ഷം എന്തിനു സമ്മതിക്കുന്നു.

കൃ:-അച്ഛനെ കൂട്ടിൽ കയറ്റി സത്യത്തിന്മേൽ ഈ എഴുത്തിനെപ്പറ്റി ചോദിച്ചാലോ.

രാ:-ഞാൻ ഒരിക്കലും എഴുത്തു കിട്ടി എന്നു സമ്മതിക്കയില്ലാ, എന്നാൽ എന്താണ് വരാൻ. കത്തു രജിസ്ത്രാക്കി അയച്ചതല്ലല്ലോ. കിട്ടീട്ടില്ലെന്ന് പറഞ്ഞാൽ അവർ എങ്ങിനെ ഉണ്ടെന്നു തെളിയിക്കും.

കൃ:-സത്യത്തിന്മേൽ കളാവു പറവാൻ ഉറയ്ക്കുന്ന പക്ഷം അങ്ങിനെ തന്നെ. ഇങ്ങിനെയാണ് ഭാവമെങ്കിൽ കത്തു രജിസ്ത്രറാക്കി അയച്ചിരുന്നാലും കിട്ടീട്ടില്ലെന്നു പറയാമല്ലോ.

രാ:-രജിസ്ത്രറാക്കിയ കത്തു വാങ്ങിയതാണെങ്കിൽ നമ്മുടെ ഒപ്പുള്ള രശീതി തെളിവിൽ വന്നാലോ? കൃ:-(ചിറിച്ചും കൊണ്ട്) നമ്മടെ ഒപ്പല്ല, കള്ളരശീതിയാണെന്നു പറയാം.

രാ:-സർക്കാർ രേഖയെ കളവാണെന്നു പറയാൻ പാടുണ്ടോ?

കൃ:-(പിന്നെയും ചിറിച്ചും കൊണ്ട്) കളവു പറയാൻ ഉറയ്ക്കുന്ന പക്ഷം നിശ്ചയമായും പറയാം.

രാ:-അതു പാടില്ല. ഈ എഴുത്തുകൊണ്ട് എടത്തിലേക്ക് അപമാനമാണെന്നു പറയുന്നത് എന്താണെന്ന് എനിക്കു മനസ്സിലാവിന്നില്ല. ആ പോക്കിരി വൈത്തിപ്പട്ടർ ഇങ്ങനെ ഒരു കത്ത് എഴുതിപ്പിച്ച് അയച്ചതിൽ നമ്മൾക്കു എന്തു

അപമാനമാണ് ഉള്ളത്?

കൃ:–വളരെ അപമാനമുണ്ട്. ഒരു പോക്കിരി നമ്മളെ ഇത്ര അലക്ഷ്യമാക്കി അച്ഛന്റെ കുടുംബത്തിലെ സ്വത്തിന്ന് അവകാശം പറയിപ്പാൻ ചതിയായും കളവായും ഒരു ആളെ കൊണ്ടുവന്ന് ”ഇതാ ഇയാളെ നിങ്ങൾ കുടുംബത്തിൽ ഒരാളാക്കി എടുത്തോളിൻ” എന്നു പറയുന്നതു കേട്ടുകൊണ്ട് അതിനു യാതൊരു മറുപടിയും പറയാതെ ഇളിഭ്യന്മാരെപ്പോലെ നിൽക്കുന്നതിൽ നമ്മൾക്കു അപമാനം ഒന്നുമില്ലെന്ന് അച്ഛൻ പറയുന്നത് കേൾക്കുമ്പോൾ ഞാൻ ആശ്ചര്യപ്പെടുന്നു. നിശ്ചയമായി മറുപടി അയക്കേണമെന്ന് ആണ് എന്റെ അഭിപ്രായം.

രാ:–(കുറേനേരം ആലോചിച്ചിട്ട് ) ഈ എഴുത്ത് അയച്ചത് എവിടെനിന്നാണെന്നും എഴുത്ത് എഴുതിയ ആൾ ഇപ്പോൾ എവിടെ ഉണ്ടെന്നും ഒരു വർത്തമാനവുമില്ല. എങ്ങോട്ടാണ് എഴുതേണ്ടത്? എന്താണ് എഴുതേണ്ടത്? എനിക്ക് ഒന്നും തോന്നുന്നില്ല.

കൃ:–എഴുത്ത് എഴുതിയ പെരുംകള്ളൻ വൈത്തിപ്പട്ടരുടെ നാട്ടിൽ എങ്ങാനും ഉള്ളവനായിരിക്കണം. അതിന്നു സംശയമില്ല. ആ ദിക്കിൽ അന്വേഷിക്കണം. ഈ കാര്യം വെറുതെ അച്ഛൻ വിട്ടുകളയരുത്. ആ വൈത്തിപ്പട്ടരെയും ഈ കത്തു എഴുതിയ പെരുംകള്ളനെയും കഠിനമായി ശിക്ഷിപ്പിക്കണം. ഈ മാതിരി ചതികൾ ഈ രാജ്യത്ത് ദുർല്ലഭമെ ഉണ്ടാവാറുള്ളൂ. ഉണ്ടാവുംമ്പോൾ നല്ല അമർച്ച കൊടുക്കണം. എന്തു ചിലവായാലും ഈ കാര്യം അച്ഛൻ വെറുതെ വിട്ടുകളയരുത്.

രാ:–ഞാൻ എന്താണ് അപ്പു ചെയ്യേണ്ടത്? ആ വൈത്തിപ്പട്ടർ ഏതു ദിക്കിൽ ആണെന്ന് ആരറിഞ്ഞു. ജ്യേഷ്ടനു നിന്റെ അഭിപ്രായം വളരെ സമ്മതമാവുമെന്നു തോന്നുന്നു. ഞാൻ ഇതിനെപ്പറ്റി ഒന്നു ജ്യേഷ്ടനെ അറിയിക്കാം. ഈ സംഭാഷണം കഴിഞ്ഞു് ഏകദേശം ഒരു മാസത്തോളം ഇതിനെപ്പറ്റി രാഘവനുണ്ണി ഒന്നും ചെയ്തില്ല. അങ്ങിനെ ഇരിക്കുമ്പോൾ ഒരു ദിവസം രാവിലെ രാഘവനുണ്ണിയുടെ സ്വന്തം കാര്യസ്ഥൻ പാച്ചു മേനോൻ എന്തോ ബദ്ധപ്പെട്ട് ഒരു കാര്യം അറിയിക്കാൻ ഉണ്ടെന്നുള്ള ഭാവത്തോടുകൂടി രാഘവനുണ്ണിയുടെ സമീപത്തിൽ പോയി നിന്നു.

രാ:–എന്താണു പാച്ചു വിശേഷിച്ച വല്ലതും പറവാനുണ്ടോ?

പാ:–ഇന്നാൾ വലിയച്ഛന് ഒരു എഴുത്തയച്ചില്ലെ ഒരു രാമൻ മേനോൻ. അയാളും ഒരു പെൺകുട്ടിയും കൂടി ഉദയന്തളി എത്തീട്ടുണ്ടത്രെ. അവിടെ തിരുമുല്പാട്ട് അവർക്ക് പാർപ്പാൻ വീടും മറ്റും ശട്ടമാക്കികൊടുത്തിരിക്കുന്നുപോൽ. വ്യവഹാരം ഉടനെ തുടങ്ങുന്നു പോൽ. എല്ലാം തിരുമുല്പാട്ടിലെ സഹായം തന്നെയാണത്രെ. ഈ വാക്കുകൾ കേട്ടപ്പോൾ രാഘവനുണ്ണിയുടെ മനസ്സ് ഒന്നു കാളി. എടത്തിലേക്ക് ഇത്ര വൈരിയായ തിരുമുൽപ്പാട്ട് എനി സ്വസ്ഥനായിരിക്കയില്ലെന്നുള്ളതിന്നു

സംശയമില്ല. വേഗം രാഘവനുണ്ണി ഇരുന്ന ദിക്കിൽനിന്ന് എഴുന്നേറ്റു നിന്നു.
രാ:-പാച്ചുവോട്ട് ആരാണു ഈ വിവരം പറഞ്ഞതു്?
പാ:-കരിപ്പാട്ടിൽ കണ്ടമ്മേനോൻ എന്റെ അനുജൻ അച്ചുതനോട്ട് ഇന്നലെ പറഞ്ഞുപോൽ. അവനാണ് ഇപ്പോൾ എന്നോട്ട് പറഞ്ഞതു്. അവൻ ഇന്നലെ മുത്തശ്ശ്യാരുകാവിൽ ഉത്സവം കാണാൻ പോയിരുന്നു. അവിടെവെച്ച് കണ്ടമ്മേനോനെ കണ്ടുവത്രെ.
"ഞാൻ ജ്യേഷ്ഠനെ ഒന്നു കാണട്ടെ" എന്നു പറഞ്ഞു് ഉടനെ രാഘവനുണ്ണി അവിടെ നിന്നു പോയി. നേരെ പോയതു് തന്റെ മകൻ ഇരിക്കുന്ന മാളികയിലേക്കാണ്. അവിടെ ചെന്നപ്പോൾ കൃഷ്ണമേനോനെയും ഗോവിന്ദനുണ്ണിയെയും കണ്ടു.
രാ:- അപ്പു വർത്തമാനം അറിഞ്ഞുവോ? പണ്ടു് എഴുത്തയച്ച കൂട്ടർ ഉദയന്തളി എത്തീട്ടുണ്ടത്രെ.
കൃ:-ശരി, എനി പത്രിക തയ്യാറാക്കാൻ ഒരുങ്ങുക തന്നെ. ഞാൻ അന്നു പറഞ്ഞതു് അച്ഛനു ബോദ്ധ്യമായില്ലല്ലോ. അവർ ഇതുവരെ വേണ്ടുന്ന ഒരുക്കങ്ങൾ എല്ലാം ചെയ്യുകയായിരുന്നു. എനി സമൻസ്സ് വരുന്നതു കാണാം. തിരുമുൽപ്പാട് ഈ കൂട്ടരെകൊണ്ട് എന്തൊക്കെയാണു ചെയ്യിക്കുന്നതെന്ന് ആർക്കറിയാം. കാര്യത്തിൽ പരമാർത്ഥമില്ലെന്ന് അച്ഛനു നല്ല ധൈര്യമുണ്ടോ? രാ:-സർവ്വശക്തനായ ദൈവം സാക്ഷിയായി ആ കല്യാണി എന്ന സ്ത്രീ ഇവിടെനിന്ന് ഒളിച്ചുപോയി ഒരു രണ്ടു മാസങ്ങൾക്കുള്ളിൽ കുടകിന്നു സമീപം ഒരു സ്ഥലത്തുവെച്ച് മരിച്ചുപോയിരിക്കുന്നു. ഇതെന്തു കഷ്ടമാണ്. ഇങ്ങിനത്തെ നിർമ്മര്യാദയുണ്ടോ? വൈത്തിപ്പട്ടരെ കുറ്റം പറയേണ്ട. ഇതെല്ലാം തിരുമുൽപ്പാടിന്റെ വിദ്യയാണ്. സംശയമില്ല. അയാൾക്കു വലിയ ആപത്തിനുള്ള സമയം അടുത്തിരിക്കുന്നു സംശയമില്ല. ഈ കാര്യത്തിൽപ്പെട്ട ആളുകൾ മുഴുവനും ജേലിൽ ആയിപ്പോവുമെന്നുള്ളതിനു എനിക്കു സംശയമില്ല. എനി ഇപ്പോൾ നോം എന്താണു പ്രവർത്തിക്കേണ്ടതു്, അപ്പു?
കൃ:-തൽക്കാലം എന്ത് പ്രവർത്തിപ്പാനാണ്? സമൻസ്സു വരുന്നതു കാത്തിരിക്കുക. എഴുത്തിന്നു മറുവടി അയപ്പാൻ ഭാവമില്ലല്ലോ.
രാ:-മറുവടി അയയ്ക്കണമെങ്കിൽ അയച്ചു കളയാം. നീ ഒരു മറുപടി കൊടുക്കു. അതു റജിസ്റ്ററാക്കി അയച്ചുകളയാം. ഞാൻ ക്ഷണം ജ്യേഷ്ഠനെ കണ്ടു വിവരം അറിയിക്കട്ടെ.
എന്നു പറഞ്ഞയുടനെ അച്ഛനെ കാണ്മാനായി രാഘവനുണ്ണി പോയി. അച്ഛനോടു വിവരം പറഞ്ഞപ്പോഴേക്കു അദ്ദേഹം ചുകപ്പു വസ്ത്രം കണ്ടു ഞെട്ടിയ കാളയുടെ മാതിരി ഉള്ളിൽ അടക്കാൻ പാടില്ലാത്തവിധമുള്ള ക്രോധവും പരിഭ്രമവും നിമിത്തം ഒരു ഭ്രാന്തനെപ്പോലെ രാഘവനുണ്ണിയെ കലശലയായി ശകാരിച്ചു തുടങ്ങി.

അ:-ഈ അത്യാപത്ത്ു് ഒക്കെ വരുത്തിയത് നീയാണ്. അന്ന് എഴുത്തുവന്ന ദിവസം ആ വൈത്തിപ്പട്ടരെ ഇവിടെ കൂട്ടിക്കൊണ്ടുവന്നിരുന്നുവെങ്കിൽ ഞാൻ അയാളെ സ്വാധീനമാക്കി യാതൊരു കൂട്ടവും ഇല്ലാതെ കാര്യം അവസാനിപ്പിക്കുമായിരുന്നു. അതു ചെയ്യാനയക്കാതെ ഇതു വരെ ഇതിൽ ഒന്നും പ്രവർത്തിക്കാതെ കാര്യം നമ്മുടെ കഠിനശത്രുവിന്റെ കയ്യിൽ പെടുത്തിയതു് നീയാണ്. എനി നല്ല വണ്ണം കോടതി കയറി എടത്തിലെ സ്ത്രീകളുടെ വർത്തമാനങ്ങൾ കയ്യുംകെട്ടി പറയുകയേവേണ്ടു. തിരുമുൽപ്പാട്ട്, ഈ ജന്മം ഞാൻ സന്ധിക്കാൻ ആവശ്യപ്പെടുകയില്ല. നീ ഇത്ര ബുദ്ധി ഇല്ലാതെ പ്രവർത്തിച്ചുവല്ലോ. കഷ്ടം ഉടനെ വക്കീൽ കർപ്പൂരയ്യനേയും ശാമുമേനോനേയും വരുത്തണം. എനിയെങ്കിലും ആൾ വേഗം പോവട്ടെ.

രാ:ആളെ ഉടനെ അയയ്ക്കാം. കൃഷ്ണൻ ഇവിടെ ഉണ്ടു്. ഈ കത്തിന്ന് ഒരു മറുവടി അവൻ തെയ്യാറാക്കുന്നുണ്ടു്. മറുവടി അയയ്ക്കണം എന്നാണ് അവന്റെ പക്ഷം.

അ:-നീ കർപ്പൂരയ്യന്റെ അടുക്കലേക്ക് ആളെ ഓടിക്കു. ശാമുമേനോനും വരട്ടെ. അവരു വന്നിട്ടു് എല്ലാം നിശ്ചയിക്കാം. "അങ്ങിനെ തന്നെ" എന്നു പറഞ്ഞു രാഘവനുണ്ണി ശങ്കുനമ്പിയെ വിളിച്ച് ഈ വക്കീലന്മാരുടെ അടുക്കലേക്ക് ആളെ അയപ്പാൻ ഏല്പിച്ചു. കരിപ്പാട്ടിൽ കണ്ടമ്മേനോനെപ്പോലെ ഈ എടത്തിലേക്ക് ഒരു വ്യവഹാരകാര്യസ്ഥനുണ്ടായിരുന്നു. അയാളുടെ പേരു് താശ്ശാരുമേനോൻ എന്നായിരുന്നു. അയാളെ ഉടനെ കർപ്പൂരയ്യനേയും ശാമുമേനോനേയും കൂട്ടിക്കൊണ്ടു വരുവാൻ അയച്ചു.

താശ്ശൻമേനോൻ ഉടനെ പുറപ്പെട്ടു് ഈ വക്കീലന്മാർ താമസിക്കുന്ന ദിക്കിൽ എത്തി. അന്ന് ഒരു ഞായറാഴ്ചയായിരുന്നു. കച്ചേരിക്കു വക്കീലന്മാർ പോയിരിക്കയില്ലെന്നു നിശ്ചയിച്ച് വക്കീൽ ശാമുമേനോന്റെ വീട്ടിലേക്കു ഒന്നാമതായി താശ്ശമ്മേനോൻ കയറി വന്നു ശാമുമേനോനെ വീട്ടിൽ കണ്ടില്ല.

"ശാമുമേനോൻ വക്കീൽ ഇവിടെ ഇല്ലേ" എന്നു താശ്ശമ്മേനോൻ ചോദിച്ചതിന് (ഉമ്മറത്തുനിന്നിരുന്ന ഒരു ഭൃത്യൻ) "ഇല്ല കൊളമ്പിൽ വായിക്കാൻ പോയിരിക്കുന്നു." എന്നു പറഞ്ഞു.

താ:- കൊളമ്പിലോ ?

ഭൃത്യൻ:- അതെ

താ:- എവിടെയാണ് കൊളമ്പ് ?

ഭൃത്യൻ:- വലിയ അമ്പലത്തിന്റെ കിഴക്കുഭാഗത്ത്ു്.

താശ്ശമ്മേനോൻ വ്യവഹാരകാര്യമായി പലപ്പോഴും ഈ ദിക്കിൽ വന്നിട്ടുണ്ടെങ്കിലും ഒന്ന് ഒന്നര കൊല്ലമായിട്ട് വ്യവഹാരകാര്യങ്ങൾ വിശേഷവിധിയായി ഇല്ലാത്തതിനാൽ ഈ ദിക്കിൽ വന്നിട്ടില്ലായിരുന്നു. ഈ കാലത്തിനുള്ളിൽ

ഉണ്ടായതാണ് ഈ ഭൃത്യൻ പറഞ്ഞ "കൊളമ്പും" "വായനയും" ഏതെങ്കിലും താശ്ശമേനോന് ഈ വാക്ക് അശേഷം മനസ്സിലായില്ലെങ്കിലും അന്വേഷിക്കാമെന്നുവച്ച് അവിടെ നിന്നിറങ്ങി. കുറെ നടന്നപ്പോൾ സ്കൂളിൽ പഠിക്കുന്ന ഒരു ചെറുപ്പക്കാരനെ വഴിയിൽ കണ്ടു.

താ:- കുളമ്പ് എവിടെയാണ് അറിയുമോ ?

സ്കൂൾകുട്ടി:- കുളമ്പ് സിലോണിലാണ്.

താ:- വിഷമമായി. ഇപ്പോൾ രണ്ടു സംശയമായി . സിലോൺ എവിടെയാണ് ?

സ്കൂൾകുട്ടി:- അത് ഒരു ദ്വീപാണ്. തെക്കെ സമുദ്രത്തിലാണ്.

താ:- ദ്വീപോ, വക്കീലന്മാർ വായിക്കുന്നത് ദ്വീപിൽ നിന്നാണോ? സ്കൂൾകുട്ടി:- എന്താണ് നിങ്ങൾക്കു ഭ്രാന്തുണ്ടോ? എന്താണു തുമ്പില്ലാതെ സംസാരിക്കുന്നത്? താശ്ശമ്മേനോനു കലശലായി ദേഷ്യം വന്നു.

താ:- എന്താണ് താൻ പറഞ്ഞത്? തുമ്പില്ലാതെ താനല്ലെ വിശേഷം പറയുന്നത്. സ്കൂൾകുട്ടിയായിരിക്കും അല്ലെ. ആ ധിക്കാരം നല്ല വണ്ണം പുറത്തു കാണ്മാനുണ്ട്. വക്കീലന്മാർ വായിക്കുന്ന കുളമ്പ് ഏതാണെന്നു ചോദിച്ചാൽ ദ്വീപിലാണെന്നും മറ്റും പറയുകയാണ്. ഭ്രാന്തന്റെ മാതിരി പറഞ്ഞതു താനല്ലേ?

സ്കൂൾകുട്ടി :- തന്റെ തലയുടെ കല്ല് എളകിപ്പോയിരിക്കുന്നു. എന്നു തോന്നുന്നു. ഞാൻ തന്നോടു പറവാൻ ആളല്ല. എന്നു പറഞ്ഞു നടന്നു.

സഹിപ്പാൻ പാടില്ലാത്ത ദേഷ്യത്തോടുകൂടി താശ്ശമ്മേനോൻ ഒന്നുനോക്കി. തനിക്ക് ആ ചെറുപ്പക്കാരന്റെ ചെകിടത്തു രണ്ടു കൊടുക്കേണമെന്ന് ആഗ്രഹം ഉണ്ടായിരുന്നു. പക്ഷെ വയോധികൃത്താൽ തന്റെ അപ്പോഴത്തെ ദൗർബ്ബല്യതയും ചെറുപ്പക്കാരന്റെ ദേഹമിടുക്കും മാത്രം ഓർത്തു ദേഷ്യത്തെ അടക്കിവെക്കേണ്ടിവന്നു. കഷ്ടം ഇപ്പോഴത്തെ ഈ ചെറുപ്പക്കാരെല്ലാം ഇങ്ങിനെ ഗുരുത്വം ഇല്ലാത്ത വഷളന്മാരായി തീരുന്നുവല്ലൊ. കലിയുഗവൈഭവം. എന്നു മനസ്സിൽ വിചാരിച്ചുംകൊണ്ടു താശ്ശമ്മേനോൻ അമ്പലത്തിലേക്കുള്ള വഴിയിൽക്കൂടി നടന്നു. അമ്പലത്തിന്റെ ഉമ്മറത്തു സ്കൂൾകുട്ടികളെ ആണ് അധികം കണ്ടത്. തന്റെ ഉടുപ്പും കുപ്പായവും മറ്റുംനോക്കി ഈ കൂട്ടർ കുറേശ്ശ പരിഹാസം , താൻ അമ്പലത്തിന്റെ ഗോപുരവാതുക്കൽ എത്തിയപ്പോൾ തന്നെ , തുടങ്ങിയിരിക്കുന്നു എന്നു താശ്ശമ്മേനോനു വെളിവായി മനസ്സിലായി. ഈ കൂട്ടരോടു തനിക്ക് എനിയും മനസ്സിലാവാത്ത കൊളമ്പു എന്ന സ്ഥലത്തെപ്പറ്റി വല്ലതും കടന്നു ചോദിച്ചാൽ ഇവർ കലസൽ കൂട്ടുമെന്നുള്ള നല്ല ഭയം ഉണ്ടായിരുന്നതിനാൽ താശ്ശമ്മേനോൻ അമ്പലത്തിന്റെ നടയിൽ ഒരു ഇളിഭ്യന്റെ മാതിരി വശായി. കുറെ സമയം കഴിഞ്ഞപ്പോൾ ഒരു പട്ടർ അമ്പലത്തിലേക്കു വരുന്നതു കണ്ടു. അയാൾ സ്കൂൾക്കാരനല്ലെന്നു കണ്ടപ്പോൾ തന്നെ താശ്ശമ്മേനോൻ നിശ്ചയിച്ചു.

താ:- സ്വാമി, വക്കീലന്മാർ വായിക്കുന്ന കുളമ്പ് എവിടെയാണ്?

പ:- കുളമ്പൊ, കുളമ്പല്ല, കൊളൊബ്ബ് എന്നാണ് പറയുക. അതു ആ കാണുന്നതാണ് എന്നു പറഞ്ഞു സ്ഥലം ചൂണ്ടിക്കാണിച്ചുകൊടുത്തതിന്റെ ശേഷം താശ്ശന്മേനോൻ ആ കാണിച്ചുകൊടുത്ത സ്ഥലത്തേക്കായി പുറപ്പെട്ടു. എന്തൊരു സ്ഥലമായിരിക്കണം ഇത് എന്നു താശ്ശന്മേനോൻ അവിടെ ചെന്നു കയറുന്നതുവരെ യാതൊരു വിവരവും ഉണ്ടായിരുന്നില്ല. താൻ ചെന്നു കയറിയപ്പോൾ കണ്ടു തനിക്കു വളരെ പരിചയമുള്ള ഒരു പഴയ മഠത്തെ താശ്ശന്മേനോൻ വ്യവഹാരാവശ്യങ്ങൾക്കായി മുമ്പേ വന്നിരുന്ന കാലങ്ങളിൽ ഹരിഹരൻ പട്ടര് എന്നു പേരായ ഒരു ചോറ്റുകച്ചവടക്കാരൻ ചോറുവച്ചു വിറ്റിരുന്ന ഒരു സ്ഥലമായിരുന്നു ഇത്. താശ്ശന്മേനോൻ വ്യവഹാരങ്ങൾക്കായി വന്നാൽ ഒന്നും രണ്ടും മാസം ഒന്നായി ഈ മഠത്തിലാണ് താമസിച്ചുവന്നത്. മഠം മുമ്പത്തേതിലും വളരെ ജീർണ്ണിച്ചിരിക്കുന്നു. കിഴക്കുഭാഗം മുമ്പ് ഒരു ചുമരുണ്ടായിരുന്നത് ഇടിഞ്ഞുവീണ സ്ഥിതിയിൽ കിടക്കുന്നു. കാറ്റിന്റെയും മഴയുടെയും അസഹ്യതയെ തടുപ്പാൻ ആ ചുമരുണ്ടായിരുന്ന സ്ഥലത്ത് ഒരു ഓലപ്പായ് കെട്ടി തൂക്കിയിരിക്കുന്നു. ആ തൂക്കിയ പായ് പൊന്തിച്ചിട്ടുവേണം അകത്തേക്കു കടപ്പാൻ. താശന്മേനോൻ പായ് പൊന്തിച്ച് അത്തേക്കു തല ഇട്ടു നോക്കിയപ്പോൾ മുമ്പു താനും വഴിപോക്കരും പലപ്പോഴും ഉണ്ണാനിരുന്ന മുറിയിൽ എട്ടു പത്തു വലിയ യോഗ്യന്മാർ വളരെ ഘനത്തോടെ വർത്തമാനക്കടലാസ്സുകളേയും പുസ്തകങ്ങളേയും വായിക്കുന്നതു കണ്ടു. മുമ്പു താശ്ശന്മേനോൻ താമസിച്ചിരുന്നകാലത്തു ഈ മുറിയിൽ ഇപ്പോൾ കണ്ടതുപോലെയുള്ള വെളിച്ചം ഉണ്ടായിരുന്നില്ല. ഇത് ഈ മുറിക്ക് വലിയ ജാലകങ്ങൾ പിന്നെ ഉണ്ടാക്കിവെച്ചതുകൊണ്ടാണെന്ന് എന്റെ വായനക്കാർ ശങ്കിക്കരുതെ. മേൽപ്പുരകെട്ടാൻ സമയപ്രകാരം വരിപ്പണം കിട്ടാത്തതുകൊണ്ടു പുരയുടെ ഓല അവിടവിടെ ദ്രവിച്ചു നശിച്ചുണ്ടായ ദ്വാരങ്ങളിൽക്കൂടി സൂര്യരശ്മി ധാരാളമായി അകത്തേക്കു പ്രവേശിച്ചുണ്ടാകുന്ന വെളിച്ചമാണ് ഈ അധികമായ വെളിച്ചം. വൃത്താകൃതിയായുള്ള ഈ രശ്മികളിൽ ചിലത് അവിടെ ഇരിക്കുന്ന ചില യോഗ്യന്മാരുടെ തലമണ്ടയിൽ അടിക്കുന്നതിനെ വേഷ്ടിയാലും തോർത്തുമുണ്ടിനാലും തൽക്കാലം ആച്ഛാദനം ചെയ്തുകൊണ്ടു ഗാംഭീര്യഭാവത്തിന് ഒട്ടും കുറവില്ലാതെ ചിലർ വായിക്കുന്നു. ഈ അറയുടെ നടുവിൽ ഒരു മേശ ഇട്ടിട്ടുണ്ട്. അതിന്ന് ആകെ മൂന്നു കാലുകൾ മാത്രമേ ഉള്ളു. കഴിച്ചുള്ള ഒരു ഭാഗം സമമാക്കി നിർത്തീട്ടുള്ളത് കല്ലുകളും മരക്കഷണങ്ങളും മേൽക്കുമേൽവച്ച് ഉയർത്തീട്ടാണ്. തന്റെ സ്നേഹിതൻ വക്കീൽ ശാമുമേനോനവർകൾ ഇരിക്കുന്നതു കണ്ടത് ഒരു പഴയ വാതിൽ പലകയിന്മേലാണ്. ഹരിഹരൻപട്ടരുടെ പഴയ അടുപ്പുകല്ലുകൾ പറിച്ചെടുത്തു രണ്ടുഭാഗത്തും ചുമരുപോലെ ഉയർത്തിവെച്ച് അതിന്മേൽ വാതില്പ

ലകവെച്ച് അതിന്മേലാണ് ശാമുമേനോനവർകൾ ഇരിക്കുന്നത്. പ്രസിദ്ധനായ വക്കീൽ കർപ്പൂരയ്യനും അവിടെ ഉണ്ടായിരുന്നു. അദ്ദേഹം ഇരിക്കുന്നത് ശാമുമേനോനെക്കാളും ഭേദമായിട്ടാണ്. ഇംഗ്ലീഷിൽ ഈസി ചെയർ എന്നു പേർ പറയപ്പെടുന്ന ഒരു വക ചാരിക്കിടക്കുന്ന കസാലയുടെ ഏതാനും ഒരംശത്തിന്മേലാണ് ഇദ്ദേഹം ഇരിക്കുന്നത്. ഏതാനും ഒരംശം എന്നുവെച്ചാൽ വളരെ കുറച്ചേ ബാക്കിയുള്ളു. കാലുകളും കൈകളും വെക്കുന്ന രണ്ടു തണ്ടുകളും അതുകൾ നിർത്തിയിരുന്ന രണ്ടു കുറ്റികളും വെക്കുന്ന ചാരുന്ന ഭാഗം ഉള്ള തണ്ടുകൾ പൊട്ടിപ്പോയിരിക്കുന്നു. ചാരിക്കിടക്കുന്ന ഭാഗത്തു ബാക്കിയുള്ള തണ്ടിന്മേൽ ചൂരൽ മുഴുവനും പൊയ്പ്പോയിരിക്കുന്നു. കഷ്ടിച്ച് ഇരിക്കാനുള്ള സ്ഥലത്തു മാത്രമേ ചൂരൽ ഉള്ളു. കാൽ നാലുണ്ട്, എന്നാൽ അതിൽ ഒന്നിനു കലശലായുള്ള എളക്കമോ വല്ല കേടോ ഉണ്ടെന്നു കർപ്പൂരയ്യൻ വായിക്കുന്നതിനിടയിൽ കൂടെക്കൂടെ ബദ്ധപ്പെട്ട് ആ കാലിന്മേലേക്കു നോക്കുന്നതുകൊണ്ടു നിശ്ചയിക്കാം. വായിക്കുന്നതിൽ ഒന്നു രണ്ടാൾ ഈ അറയുടെ നടുവിൽ ഇട്ടിരിക്കുന്ന മേശയുടെ വക്കിന്മേൽ സന്ധിച്ച് ഇരുന്നുവായിക്കുന്നു. ഒരാൾ മൂന്നു കാലുകൾ മാത്രമുള്ള ഒരു ചെറിയ കസാലമേൽ ഇരുന്നുവായിക്കുന്നു. ഒരാൾ മൂന്നു കാലുകൾ മാത്രമുള്ള ഒരു ചെറിയ കസാലമേൽ ഇരുന്ന് വീഴാതിരിപ്പാൻ എടത്തെ കൈകൊണ്ടു ചെറിയ ഒരു കിളിവാതലിന്റെ അഴി മുറുക്കെ പിടിച്ചു വലത്തെ കയ്യിൽ വർത്തമാനക്കടലാസ്സുവച്ചു വായിക്കുന്നു. മറ്റൊരു യോഗ്യൻ ഹരിഹരൻ പട്ടര് വേണ്ടെന്നുവെച്ച് ഇട്ടേച്ചുപോയിട്ടുള്ള ഒരു പഴയ അരിപ്പെട്ടിയിന്മേൽ കയറി ഇരുന്നു വായിക്കുന്നു. മറ്റൊരാൾക്ക് ഇരിപ്പാൻ സാധനം ഒന്നും കിട്ടാത്തതിനാൽ ഹരിഹരൻ പട്ടരുടെ പഴയ അടുക്കളയുടെ മുറിമണ്ണിന്മേൽ തോർത്തുമുണ്ട് മടക്കിഇട്ട് ഇരുന്നു വായിക്കുന്നു. താശ്ശുമേനോന്റെ തല പായുടെ ഇടയിൽക്കൂടെ കണ്ട ഉടനെ,

ശാമുമേനോൻ:- ഓഹൊ, താശ്ശുന്മാൻ എപ്പോൾ വന്നു. വളരെ കാലമായല്ലോ കണ്ടിട്ട്.

എന്നു പറഞ്ഞു വാതിൽ പലകമേൽ നിന്ന് എഴുനീറ്റു താശ്ശുമേനോനെ അകത്തേക്കു ക്ഷണിപ്പാൻ നിവൃത്തി ഇല്ലാത്തതിനാൽ പുറത്തേക്കു പുറപ്പെട്ടു.

താ:- ഞാൻ നിങ്ങളുടെ വീട്ടിൽ പോയി. ഇവിടെയാണ് നിങ്ങൾ എന്നു മനസ്സിലായില്ല. ഈ മഠത്തിന്ന് ഇപ്പോൾ കുളമ്പ് എന്നു പേരിട്ടത് ഞാൻ അറിഞ്ഞിട്ടില്ല. ഞാൻ നിങ്ങളെ വളരെ തിരഞ്ഞു.

ശാ:- എന്താണ് വിശേഷിച്ചോ വന്നത്? താ:- എടത്തിൽനിന്ന് അടിയന്തിരമായി ഒരു കാര്യംകൊണ്ടു പറവാൻ അയച്ചതാണ്. കർപ്പൂരയ്യനോടും നിങ്ങളോടും പറഞ്ഞു നിങ്ങൾ രണ്ടുപേരേയും ഇന്നുതന്നെ എടത്തിലേക്കു കൂട്ടിക്കൊണ്ടു ചെല്ലുവാൻ അച്ചൻ പറഞ്ഞയച്ചിരിക്കുന്നു.

ശാ:– എനിക്കു തൽക്കാലം വരാൻ സാധിക്കില്ല. കർപ്പൂരയ്യനും തരമാവില്ലെന്നു തോന്നുന്നു. ഞാൻ ചോദിക്കാം. എന്താണ് കാര്യം?

താശ്ശുമ്മേനോൻ വിവരങ്ങളെല്ലാം പറഞ്ഞു.

ശാ:– ഇതു ഞങ്ങൾ കേട്ടിരിക്കുന്നു. ഇതിന്ന് ഇപ്പോൾ ഞങ്ങൾ വന്നിട്ട് എന്താണ് വേണ്ടതു്? വ്യവഹാരം അവരു കൊടുക്കുന്നുണ്ടെങ്കിൽ കൊടുക്കട്ടെ. അതിന്റെ ശേഷമല്ലെ നോം വല്ലതും പ്രവർത്തിക്കേണ്ടതുള്ളു.

താ:– അപ്പോൾ ഈ കത്തിന്ന് മറുപടി അയക്കണ്ടേ?

ശാ:– വന്ന കത്തു് ഇങ്ങട്ട് കൊണ്ടുവന്നിട്ടുണ്ടോ?

താ:– ഇല്ല.

ശാ:– പിന്നെ എങ്ങനെ മറുപടി എഴുതും? ആകട്ടെ ഞാൻ കർപ്പൂരയ്യനോട് ഒന്നു ചോദിക്കട്ടെ. നിങ്ങൾ വീട്ടിൽ പോയി താമസിക്കിൻ. ഞാൻ ഒരുമണിക്കൂറിനകത്തു് അങ്ങട്ട് വരാം.

എന്നു പറഞ്ഞു ശാമുമേനോൻ വീണ്ടും വായിക്കുന്ന മുറിയിലേക്കു ചെന്നു കർപ്പൂരയ്യനോടു സംസാരിച്ചു. മലയാളത്തിൽ തന്നെയാണു സംസാരിച്ചതു്. എങ്കിലും ഇംഗ്ലീഷ് പഠിച്ച മലയാളികൾ ഈ കാലത്തു മലയാളം സംസാരിക്കുന്ന മാതിരിയിൽ തന്നെയാണ് ഞാൻ ഈ സംവാദം ഇവിടെ എഴുതുന്നതും.

വക്കീൽ ശാമുമേനോൻ:– എന്താണ് സാർ വായിക്കുന്നതു്? പൂഞ്ചോലക്കര എടത്തിൽനിന്ന് ഒരാൾ വന്നിരിക്കുന്നു. നമ്മൾ രണ്ടാളും ഒന്നു അവിടത്തോളം ചെല്ലേണമെന്നു പറഞ്ഞയച്ചിരിക്കുന്നു.

കർപ്പൂരയ്യൻ:– വരട്ടെ ഒരു പത്തു മിനിട്ടു താമസിക്കിൻ. ഞാൻ ഈബുക്കിൽ നാലഞ്ചു പേജുകൾകൂടി വായിച്ചോട്ടെ. എന്നിട്ടു നോക്കി സംസാരിക്കാം.

ശ:– എന്താണ് ബുക്ക്?

ക:– ഒരു മലയാളനോവൽ. എഴുതിയ വിദ്വാൻ എന്റെ ഒരു സ്നേഹിതനാണ്. ബുക്കിനെപ്പറ്റി എന്റെ ഒപ്പിനിയൻ കിട്ടുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. ഞാൻ ഇത്രനേരം വായിച്ചതു് നോവൽ അല്ല. അതിനെപ്പറ്റി ഓരോരുത്തർ കൊടുത്തിട്ടുള്ള സ്തുതിലിഖിതങ്ങളെ യാണ്. ബുക്ക് ഇത്ര വണ്ണം കാണുന്നതു് ന്യൂസ്പേപ്പർ റിവ്യൂകളും സർട്ടിഫിക്കറ്റുകളും ഇതിൽ അച്ചടിച്ചു ചേർത്തതുകൊണ്ടാണ്. ഇതു മുഴുവനും വായിച്ചു. ഇതിലൊന്നുപോലെ ഒന്നു ഞാനും എഴുതി അയിച്ചേക്കാമെന്നു വെച്ചു ഈ സർട്ടിഫിക്കറ്റുകൾ വായിക്കുകയാണ്. എനി ഒരു ആറേഴെണ്ണങ്ങൾകൂടി വായിപ്പാനുണ്ട്.

ശാ:– ഇപ്പോൾ വായിക്കുന്നതു് ആരുടെ സർട്ടിഫിക്കറ്റാണെന്നറിഞ്ഞില്ല.

ക:– നോക്കട്ടെ പറയാം. നഗരം ചാർജ് ഹെഡ്കാൺസ്റ്റേബിൾ കൊന്നുണ്ണി പെരുമ്പ്രനായരുടെ ഒപ്പാണ് സർട്ടിഫിക്കെറ്റിനു ചോടെ കാണുന്നതു്.

ശാ:- എന്താണ് ബുക്കിന്റെ പേരു?
ക:- പേരു വളരെ വലിയ പേരാണ്. ( ഒന്നാമത്തെ പേജു നോക്കിക്കൊണ്ടു്) പേരു വളരെ നീളമായിരിക്കുന്നു. ഇതിൽ കാണുന്നതു്. "ലീലാലോലാകി, അല്ല, ലീലാവല്ലി."
ശാ:- ഞാൻ നോക്കാം എന്നു പറഞ്ഞു ബുക്കു കർപ്പൂര്യേനോടു വാങ്ങി നോക്കി. ഓ, അതു ഞാൻ വായിച്ചിരിക്കുന്നു. ഇതിന്റെ പേരു് "ലീലാലോലകല്ലോല്ലവല്ലീകോലാഹലം" എന്നാണ്. ഈ ബുക്കു ബഹുവിശേഷമാണെന്ന് അന്നംഭട്ടി ദീക്ഷിതർ സമ്മതിച്ചിരിക്കുന്നുവത്രെ.
വക്കീൽ രാഘവമേനോൻ:- അദ്ദേഹം സമ്മതിച്ചാൽ ബുക്കു നന്നായിപ്പോകുമായിരിക്കും.
ശാ:- ഇന്നു ഈ ത്രിഭ്രുവനങ്ങളിലും അദ്ദേഹത്തിന്റെ സമ്മതത്തിന്നു മീതെ ഒന്നും വേണ്ടതില്ല.
രാ:- എന്താണ് ഹെ. തിഭ്രുവനങ്ങൾ എന്നു വെച്ചാൽ.
ശാ:- ഈ ലോകം മുഴുവനും തന്നെ. യൂർറാപ്പു്, ഏഷ്യാ, ആഫ്രിക്ക, അമേരിക്ക, പിന്നെ ദ്വീപുകളും സമുദ്രങ്ങളും തന്നെ.
രാ:- ശരി എനിക്കു ബോദ്ധ്യമായി. എന്താണ് ഈ ബുക്കിന്റെ നീണ്ട പേരിന്റെ അർത്ഥം.
ശാ:- ലീലാലോലകല്ലോലവല്ലി ഈ കഥയിലെ നായികയാണ്, അവളുടെ കോലാഹലം എന്നർത്ഥം.
രാ:- (ചിരിച്ചുംകൊണ്ടു്) നായികയുടെ കോലാഹലം എന്നു പറഞ്ഞാൽ എന്താണ് ഹെ, ഇതിന്റെ സാരം?
ശാ:- കോലാഹലം എന്ന വാക്കിന്റെ അർത്ഥം മനസ്സിലാവുന്നില്ലേ? രാ:- വാക്കിന്റെ അർത്ഥം എനിക്കറിയാം. അതുകൊണ്ടാണ് നായികയുടെ കോലാഹലം എന്നു പറയുമ്പോൾ അർത്ഥം മനസ്സിലാവാത്തതു്.
വക്കീൽ ചാപ്പുമേനോൻ:- നിങ്ങൾക്ക് ഈ ഭ്രുഖണ്ഡത്തിൽ കാണുന്നതും കേൾക്കുന്നതും ആയ യാതൊരു വസ്തുവേയും ഇതുവരെ ബോദ്ധ്യമായിട്ടില്ല. അതു നിങ്ങളുടെ സ്വഭാവമാണ്. ഈ നോവലിന്റെ പേരു് ഒന്നാം തരമായിരിക്കുന്നു, ബഹു ലളിതമായിരിക്കുന്നു. മൃദുളമായിരിക്കുന്നു.
രാഘ:- മദ്ദളമായിർക്കുന്നു, ചെണ്ടയായിരിക്കുന്നു എന്നു കൂടി പറഞ്ഞോളൂ 'ല' 'ള' എന്നക്ഷരങ്ങൾ കുറെ അധികം ചേർത്തു ഒരു മാലയാക്കി ഒരു പേർ പറഞ്ഞാൽ അതു മൃദുളമായിപ്പോയി അല്ലെ? കഥയില്ലാതെ പറയുന്നതിനു എന്തു നിവൃത്തി?
ചാപ്പു:- അതുതന്നെയാണ് ഞാനും പറയുന്നതു്. രസം അറിയാതെ പറയുന്നതിനു എന്തു നിവൃത്തി? ഈ നോവലിന്റെ പേർ വിശേഷമാണ്, സംശയമില്ല. ബഹുസു

രളമായിരിക്കുന്നു.

രാഘ:- അങ്ങനെതന്നെ "ലരളം" തന്നെ സമ്മതിച്ചു. നായികയുടെ കോലാഹലം എന്താണെന്നു അറിഞ്ഞാൽ കൊള്ളാമായിരുന്നു.

ചാപ്പു:- ബുക്കു് വായിച്ചറിഞ്ഞോളൂ.

രാഘ:-അതിനുമാത്രം മഹാപാപം ഞാൻ ചെയ്തിട്ടുണ്ടെന്നു വിചാരിക്കുന്നില്ല.

ചാപ്പു:- നോക്കുക ദുഷ്ടത നോക്കു. ഇത്ര അസൂയ അരുതു്. ഇതുപോലെ ഒരു ബുക്കു് നിങ്ങൾക്കു് എഴുതാൻ സാധിക്കുമോ?

രാഘ:- ദൈവം സാക്ഷിയായിട്ടു പറയുന്നു, ഒരിക്കലും സാധിക്കുകയില്ല എന്നു തീർച്ചതന്നെ.

ചാപ്പു:- പിന്നെ ഈ ബുക്കിനെ ദുഷിക്കുന്നതു എന്തിനു്?

രാഘ:- ശിക്ഷ! ഒരാൾ വിഡ്ഢിത്വം വല്ലതും കാണിച്ചാൽ അതിനെക്കുറിച്ചു പരിഹസിക്കണമെങ്കിൽ അതുപോലെ മറ്റൊരു വിഡ്ഢിത്വം കാണിച്ചിട്ടു വേണമോ?

ചാ:- നിങ്ങളോടു ഞാൻ ഒന്നും പറയുന്നില്ല. ഈ നോവലിന്റെ പേർ ചീത്തയാണെന്നു പറയുന്ന നിങ്ങളോടു് ഞാൻ എന്തു പറയാനാണു്? നിങ്ങൾക്കു പേർ ബോദ്ധ്യമാവണമെങ്കിൽ "ശൂർപ്പണഖ" എന്നോ "ഇന്ദുലേഖ" എന്നോ മറ്റോ ദൃക്ഷമായ ഒരക്ഷരത്തിൽ അവസാനിക്കണം അല്ലേ, എന്നാൽ ബോദ്ധ്യമായി.

രാഘ :- "ശൂർപ്പണഖാ" "ഇന്ദുലേഖാ " ശരി , ശരി. ദൃക്ഷാക്ഷരം വിശേഷം തന്നെ. ബഹുരസികൻ തന്നെയാണു് നിങ്ങൾ. നിങ്ങൾക്കു ദൈവം തുണയ്ക്കട്ടെ. മറ്റു ഞാൻ എന്തു പറയട്ടെ. നായികയുടെ "കോലാഹലം" എന്നു പറയുന്നതു് എത്ര അപഹസിക്കത്തക്ക ഒരു വാക്കാണു്.

ചാ :- അശേഷം അപഹസിക്കത്തക്ക വാക്കു് അല്ല, കോലാഹലം എന്നു പറഞ്ഞാൽ വിനോദം എന്നാണു് അർത്ഥം. നിങ്ങളെപ്പോലെ ഞാൻ പഠിച്ചിട്ടില്ലെങ്കിലും കുറെ സംസ്കൃതം എനിക്കും അറിയാം. നാഴികമണിയുടെ കോലാഹലം എന്നു പറയുന്നതിൽ ഒരബദ്ധവുമില്ലാ. വാക്കിനു നല്ല ഭംഗിയുമുണ്ടു്. ഈ വാക്കു കേട്ടപ്പോൾ രാഘവമേനോനും സംസ്കൃതത്തിൽ നല്ല സമർത്ഥനും രസികനും മൂന്നു കാലുകൾമാത്രം ഉള്ള കസാലമേൽ ഇരുന്നു കിളിവാതിലിന്റെ അഴിപിടിച്ച് ഇരുന്നു വായിക്കുന്നാളും ആയ മാധവമേനോനും ചിറിച്ചു. മാധവമേനോൻ കസാലമേൽനിന്നു എഴുനീറ്റും കസാല ഉടനേ മറിഞ്ഞുവീണു.

മാധവമേനോൻ :- കോലാഹലം എന്ന പദത്തിന്നു വിനോദം എന്നർത്ഥമില്ലാ. ഹെ , അഥവാ വിനോദം എന്നർത്ഥംവെക്കുന്ന പക്ഷം തന്നെ നായികയുടെ വിനോദം എന്ന പേരിട്ടാൽ നല്ല ഭംഗിയുണ്ടോ ?

ചാ :- കോലാഹലം എന്ന വാക്കിന്നു സംസ്കൃതത്തിൽ ജീവനായ അർത്ഥം എന്താണു് ? മാധവമേനോൻ പറയൂ , സംസ്കൃതത്തിൽ പരീക്ഷ കൊടുത്ത

ആളല്ലേ ?

മാ :- 'കോലാഹലം' 'കളകള' എന്നാണ് അപിധാനം . ഒരു കളകള ശബ്ദം എന്നു മാത്രമാണ് ജീവനായ അർത്ഥം.

ചാ :- ശരി , ശരി. എന്നാൽ ഈ പേരു വളരെ യുക്തമാണെന്നു എനിക്കു തോന്നുന്നു.

രാ :- ശരി , 'ള' കാരം രണ്ടുണ്ടല്ലോ ഇല്ലേ ?

ചാ :- അതെ. 'ള' കാരം ബഹു മൃദുളമാണ്.

രാ :- ശരി. പിരളമാണ്, മദ്ദളമാണ് , എലത്താളമാണ് , ശരി തന്നെ. എന്നാൽ "ലീലാലോലകല്ലോലവല്ലീ കളകള" എന്നാക്കുക പേര്.

മാ :- ഇതിലും നല്ലതു 'വളവള' എന്നു ചേർക്കുന്നതാണെന്ന് എനിക്കു തോന്നുന്നു. "ലീലാലോലകല്ലോലവല്ലീ വളവള" എന്നായ്ക്കോട്ടേ. പേരു ഇങ്ങിനെ ഇട്ടാൽ ബുക്കിന്നു യഥാർത്ഥനാമത്വം എന്ന ഒരു ഗുണം കൂടി ഉണ്ടെന്നു ജനങ്ങൾ സമ്മതിക്കും. ചാ :- അസൂയ്യ , അസൂയ്യ , അസൂയ്യ തന്നെ , നിങ്ങൾ എത്ര അസൂയപ്പെട്ടാലും അന്നംഭട്ടിദീക്ഷിതർ സമ്മതിച്ച ഒരു ബുക്കിന്നു യാതൊരു ന്യൂനതയും വരുന്നതല്ല.

രാ :- ഞാൻ ബുക്കിലെപ്പറ്റി എന്താണ് ദുഷിച്ചത് ? ബുക്കിന്റെ പേരിനെ പറ്റിയല്ലെ വ്യവഹാരമുണ്ടായത് ?

ചാ :- (ചിറിച്ചുകൊണ്ട് ) അപ്പോഴേക്ക് ഇതും വ്യവഹാരമായോ ? എന്താണ് സല ചേർക്കേണ്ടത്. ഗോഷ്ടിമയം എന്നേ പറവാനുള്ളൂ.

വക്കീൽ ശിവരാമമേനോൻ :- നിങ്ങൾ തമ്മിൽ ശണ്ടകൂടണ്ട. നിങ്ങൾക്ക് എല്ലാ പേർക്കും ഒരുപോലെ രസിക്കാൻ തക്കവണ്ണം ഞാൻ ഒരു നോവൽ എഴുതുവാൻ പോവുന്നു.

ശാ :- എന്താണു കഥ ? എന്താണു ബുക്കിന്റെ പേര്.

ശി :- ബുക്കിന്റെ പേര് പാതാള രാജാവ് എന്നാക്കേണമെന്നാണ് തല്ക്കാലം ഞാൻ വിചാരിക്കുന്നത്. ഒറച്ചിട്ടില്ല. കഥ എന്താണെന്ന് ഞാൻ പറകയില്ലാ. എന്നല്ല ബുക്കു വായിച്ചാലും എന്താണ് അതിലെ കഥ എന്നു അത്രവേഗം മനസ്സിലാവുമൊ എന്നും സംശയം. വായിച്ചു നന്ന ബുദ്ധിമുട്ടിയശേഷം ഒരു സമയം മനസ്സിലാവാനും മതി. അങ്ങിനെയാണ് ഞാൻ എഴുതുവാൻ ഭാവം.

ശാ :- ഇങ്ങിനെ ബുക്ക് എഴുതിയാൽ നിങ്ങളുടെ ബുക്ക് ആരു വായിക്കും.

ശി :- ബഹുജനങ്ങൾ വായിക്കും. തലകുലുക്കി രസിക്കും. അതിനു വിദ്യയുണ്ട്. നിങ്ങൾ നോക്കിക്കൊള്ളിൻ.

ശാ :- കഥ മനസ്സിലാവാതെ ജനങ്ങൾ രസിക്കുമോ ?

ശി :- കഥ വേഗം മനസ്സിലാവാഞ്ഞാലാണ് ബുദ്ധിമാന്മാർ രസിക്കുക. ബുദ്ധിമാ

ന്മാർ രസിച്ചാൽ സാധാരണ ജനങ്ങൾ എല്ലാവരും രസിക്കും. ഗാംഭീർയ്യമുള്ള നോവലുകളുടെ ലക്ഷണങ്ങൾ നിങ്ങൾക്കു നിശ്ചയമില്ല. ഗാംഭീർയ്യമുള്ള നോവലുകൾ വായിച്ചാൽ? ഒന്നാമതു മനസ്സിനു യാതൊരു സ്തോഭങ്ങളും ഉണ്ടാവരുത്. വായിക്കുന്നിടത്തോളം മനസ്സു സ്തംഭിച്ചു ഘനമായി യാതൊരു വികാരങ്ങളും കൂടാതെ നില്ക്കണം. വായിച്ചു മുഴുവനായാൽ ഒരു ആശ്ചർയ്യരസംമാത്രം മനസ്സിനു തോന്നണം.

ശാ :- എന്ത് ആശ്ചർയ്യരസമാണ് മനസ്സിന്നു കഥ മനസ്സിലാവാഞ്ഞാൽ തോന്നുന്നത്. ശി :- ഇത്ര മനസ്സിരുത്തി വായിച്ചിട്ടും കഥ വഴിപോലെ മനസ്സിലായില്ലല്ലോ എന്നും നാന്നൂറു അഞ്ഞൂറു പേജ് വായിച്ചിട്ടും മനസ്സിന്നു ഒരു വികാരവും ഒരേടത്തും വായിക്കുമ്പോൾ ഉണ്ടായില്ലല്ലൊ എന്നു ഉള്ള ആശ്ചർയ്യരസം തന്നെ. ഇങ്ങിനെ ബുക്കു എഴുതേണമെങ്കിൽ പ്രയാസമില്ലെ , ഇതാണ് ബുക്കിന്റെ ഗാംഭീർയ്യം. നിങ്ങൾക്കു നോവലിന്റെ തത്വം മനസ്സിലായിട്ടില്ല. നോവലിൽ ”പ്ലോട്ട്”എന്ന കഥാരചനാവൈഭവം കാണിക്കുന്നതായാൽ കഥാസംബന്ധത്തെ വായനക്കാരനു ക്ഷണത്തിൽ മനസ്സിലാവാത്ത വിധം എഴുതിക്കൊണ്ടുപോണം. ചിലേടങ്ങളിൽ ലേശം മനസ്സിലാവരുത്. എത്ര വായിച്ചാലും മനസ്സിലാവരുത്. ഗ്രന്ഥകർത്താവുതന്നെ പിന്നെ വായിക്കുമ്പോൾ പരിഭ്രമിച്ചു വശാവണം. അതാണ് ഈ നോവലുകളുടെ ഗാംഭീർയ്യം. അദ്ധ്യായങ്ങൾ വളരെ വേണം. ഒരു അദ്ധ്യായത്തിൽ പറഞ്ഞ കഥയുടെ വാൽ പിന്നെ വളരെ അദ്ധ്യായങ്ങൾ കഴിഞ്ഞതിന്റെ ശേഷമേ അല്പം കാണാവൂ. അതു കണ്ടാൽ തന്നെ ഏതിന്റെ വാലാണ് അത് എന്നു ക്ഷണേന മനസ്സിലാവരുത്. എന്നിട്ട് വായനക്കാർ തപ്പിത്തിരിഞ്ഞു ബുദ്ധിമുട്ടേണം. ഇങ്ങിനെ വന്നാൽ ബുക്കിന്നു ഗാംഭീർയ്യമായി. അങ്ങിനെയാണ് ഞാൻ എഴുതുവാൻ ഭാവം.

രാ :- മഹാപാപം ! നിങ്ങൾ എന്തിന് ഈശ്വരാ ഇംഗ്ലീഷ നോവലുകളെ വഷളാക്കുന്നു. ഇങ്ങിനെയാണ് നിങ്ങൾ ബുക്ക് എഴുതുന്നവെങ്കിൽ എനിക്കു നിങ്ങൾ അയക്കുന്ന കോപ്പി ഞാൻ വായിക്കാതെ ചുട്ടുകളയും.

ശി :- നിങ്ങൾക്കു ഞാൻ കോപ്പി അയക്കാൻ ഭാവമില്ല. എന്റെ ബുക്കിനെ രസിച്ചു വായിപ്പാൻ മാത്രം ബുദ്ധിശക്തിയുള്ളവർ ദൈവകൃപയാൽ മലയാളത്തിൽ വളരെയുണ്ട്. അവരെല്ലാം രസിക്കും. അവർ രസിച്ചാൽ സർവ്വജനങ്ങളും രസിക്കും.

രാ :- ആകട്ടെ , ഇംഗ്ലീഷിൽ പ്ലോട്ടിന്റെ രസം നിങ്ങൾ പറഞ്ഞ വിധമാണെന്നു മലയാളികളെ തെറ്റായി ധരിപ്പിക്കരുതെ. നിങ്ങളുടെ രസം ഇങ്ങിനെയാണെന്നു പറഞ്ഞോളിൻ. പ്ലോട്ടിന്റെ ലക്ഷണം നിങ്ങൾ പറഞ്ഞവിധമാണെന്നു പറഞ്ഞാൽ അറിവുള്ളോർ നിങ്ങളെ പരിഹസിക്കും.

ഇവരുടെ സംവാദം ഇത്രത്തോളമാവുമ്പോഴേക്കു കർപ്പൂരയ്യന്റെ വായനകഴിഞ്ഞ്

അദ്ദേഹം എഴുനീറ്റു.

ക :- കുട്ടരെ , ഒരു കഷണം കടലാസ്സുണ്ടോ ഇവിടെ എങ്ങാനും ഈ ബുക്കയച്ച സ്നേഹിതന് എന്റെ അഭിപ്രായം എഴുതി ഇപ്പോൾ തന്നെ അയച്ചുകളയാമായിരുന്നു. ശ :- കടലാസ്സ് ഇല്ല. ഇതാ മദ്ധ്രാസ്സ് ലൊത്ധർനലിൽ ആദ്യത്തെ കടലാസ്സ് ഒഴിവുണ്ട്. അതു മതി എങ്കിൽ കീറി തരാം.

ക :- ഓഹോ മതി. തടിച്ച കടലാസ്സൊ. കൂലി അധികമാവുമോ ?

ശാ :- സാമാന്യം തടി ഉണ്ട്. നേർപകുതി അരയണയ്ക്കു പോവുമെന്നു തോന്നുന്നു.

ക :- എന്നാൽ അതു കീറി എടുക്കിൻ.

ശാമുമേനോൻ കടലാസു കീറി എടുത്തുകൊടുത്തു.

ക :- എനി തുവലും മഷിയും വേണമല്ലൊ. മഷിക്കും തുവലിന്നും അന്വേഷണം തുടങ്ങി. അവിടെ എങ്ങും ആ രണ്ടു സാധനങ്ങളേയും കാണാൻ കഴിഞ്ഞില്ല. ഒടുവിൽ അയൽ മഠത്തിൽ ചോറ്റുകച്ചവടക്കാരൻ ചോറു വിറ്റതിന്റെ കണക്ക് എഴുതിക്കൊണ്ടിരിന്നേടത്തു നിന്ന് അയാളെ ഉപദ്രവിച്ച് ഒരു പഴയ കുറ്റി തുവലും ഒരു ചിരട്ടക്കഷണത്തിൽ ഉള്ള മഷിയും തട്ടിപ്പറിച്ചു കൊണ്ടുവന്നു ക്ലബിലെ മേശമേൽ വെച്ച് എഴുത്തു തുടങ്ങി. എഴുത്തു തുടങ്ങിയപ്പോൾ മേശ കുലുങ്ങിത്തുടങ്ങി. അപ്പോൾ ഒരു ഭാഗത്തു കാലില്ലാത്തതിന്നു പകരം കുട്ടി ഉയർത്തിവെച്ചിരുന്ന മരക്കഷണങ്ങളും കല്ലിന്റെ കഷണങ്ങളും കുറേശ്ശെ കുറേശ്ശെ വീണുതുടങ്ങി . മേശ ഒന്നു ചെരിഞ്ഞു. അതിന്മേൽ ഇരുന്നു വായിക്കുന്നവർ എഴുനീറ്റു നിന്നു. ഒരുവിധം അപ്പോഴേക്കു കർപ്പൂരയ്യന്റെ എഴുത്ത് അവസാനിച്ചു.

ക :- നമ്മൾക്കു നല്ല ഒരു മേശ വാങ്ങണം.

ശാ :- സംശയമില്ല വാങ്ങണം. ഒരുവരി പട്ടിക ഉണ്ടാക്കണം. ആൾ ഒന്നുക്ക് നാലണ.

ക :- വയ്യാ , വയ്യാ , അത്ര അധികമായാൽ ആരും പണം തരികയില്ല. ഒരണ വെച്ചോളൂ. മാവുപലക വാങ്ങി ഉപായത്തിൽ ഉണ്ടാക്കിക്കാം. എന്നാൽ മതി.

ശാ :- മതി , മതി . എന്താണ് സർട്ടിഫിക്കറ്റ് ? ഒന്നു വായിച്ചു കേൾക്കാമൊ. ഇംഗ്ലീഷിലൊ മലയാളത്തിലൊ.

ക :- മലയാളത്തിൽ. മലയാളത്തിലുള്ള ബുക്കിന്നു ഇംഗ്ലീഷിൽ സർട്ടിഫിക്കറ്റ് കൊടുത്തതുകൊണ്ട് ന്യൂസ്പേപ്പർകാർ പരിഹസിച്ചിരിക്കുന്നു. എനിക്കു സംസ്കൃതവും മറ്റും വെച്ചു മലയാളത്തിൽ ഭംഗിയായി എഴുതുവാൻ വയ്യ. ഒരുവിധം ഇതാ ഞാൻ എഴുതിയിരിക്കുന്നു എന്നു പറഞ്ഞു് താഴെ പറയുംപ്രകാരം വായിച്ചു. "ദയവുചെയ്തു അയച്ച നോവൽബുക്കും കത്തും കിട്ടി. ഇപ്പോൾ ഈയ്യിടെ ഉണ്ടാക്കിയ നോവലുകൾ എല്ലാം ഓരോ അസഭ്യകഥകളും നേരംപോക്കും അടങ്ങീട്ടുള്ള ദുർദ്ദേവതമാരെപ്പോലെ തന്നെ മലയാളത്തിനെ ബാധിച്ചിരിക്കുന്നു. വായിപ്പാൻ

അറയ്ക്കുന്നു. അനാവശ്യമായി ബ്രാഹ്മണരേയും മറ്റും ദൂഷിക്കുന്നു. നിങ്ങളുടെ ബുക്കിന്ന് അതൊന്നുമില്ലെന്നു കൂടാതെ വളരെ പ്രശംസനീയമായിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. നിങ്ങളുടെ കഥ വളരെ രസമുണ്ട്. നിങ്ങളുടെ വാചകത്തിന്നു നല്ല സുഖവും ഭടത്വവും ആകുന്നു. ആകപ്പാടേ നല്ല ഞെറിയുണ്ടെന്നു കൂടി ഇവിടെ പ്രസ്താവിക്കേണ്ടിവന്നുപോയിരിക്കുന്നു. അതു കൊണ്ട് ഈ സർട്ടിഫിക്കെറ്റു തരുന്നതിൽ എനിക്കു വളരെ കൃതജ്ഞതയും സത്വരവും ബഹുമാനവും സന്തോഷവും കൂടി ഉള്ളതു വീണ്ടും ആവർത്തിച്ചു ആവർത്തിച്ചു പറയുന്നു."

ക :- എന്താണ് ശാമുമേനോൻ പോരെ ?

ശാ :- ധാരാളം മതി. സർട്ടിഫിക്കറ്റ് ഒന്നാന്തരം. ഈ പുസ്തകത്തിന്റെ യോഗ്യതയ്ക്ക് ഒത്ത് സർട്ടിഫിക്കേറ്റു തന്നെ.

ഇവിടെ എന്റെ വായനക്കാരോട് എനിക്ക് ഒന്നു പറവാനുണ്ട്, കർപ്പൂരയ്യന്റെ മേൽക്കാണിച്ച കത്തിൽനിന്ന് അദ്ദേഹത്തിന്റെ വക്കീൽപ്രവൃത്തിയിൽ ഉള്ള സാമർത്ഥ്യത്തെയോ പഠിപ്പിനെയോകുറിച്ച് നിങ്ങൾ ഒന്നും അനുമാനിക്കരുത്. പട്ടർ അതിസമർത്ഥനായ ഒരു വക്കീലാണ്. പട്ടർ വ്യവഹാരശാസ്ത്രത്തിൽ അതിനിപുണനും കാര്യം ഗ്രഹിക്കുന്നതിലും ഗ്രഹിച്ചാൽ അതിനെപ്പറ്റി പ്രവർത്തിക്കുന്നതിലും വളരെ നൈപുണ്യമുള്ള ആളും ആകുന്നു. എന്നാൽ വ്യവഹാരകാര്യങ്ങൾ ഒഴികെയുള്ള സംഗതികളിൽ ഒന്നും അറിവു വളരെ കുറയുമെന്നല്ല സംസ്കൃതത്തിൽ പരിജ്ഞാനവും മലയാളവാചകങ്ങൾ എഴുതുവാനുള്ള വൈഭവവും ലേശംപോലും ഇദ്ദേഹത്തിന്ന് ഉണ്ടായിരുന്നില്ല. അതുകൊണ്ടുമാത്രം മേൽക്കാണിച്ച കത്ത് അല്പം അപകടമായി വന്നുപോയതാണ്.

മേൽക്കാണിച്ച എഴുത്തു പൂട്ടിവെച്ചശേഷം കർപ്പൂരയ്യനും ശാമുമേനോനും കൂടി ക്ലബ് മുറിയിൽ നിന്നു പുറത്തേയ്ക്കു വന്നു മിറ്റത്ത് നിന്നു.

ക :- എന്തിനാണ് പൂഞ്ചോലക്കരനിന്ന് ആൾ വന്നിരിക്കുന്നത് ? ഇന്നാൾ നോം കേട്ട ടിച്ചബോറൻ കേസ്സു തുടങ്ങാൻ ഭാവമുണ്ടോ ?

ശാമു :- ഇങ്ങിനെ ഒരു അന്യായമുണ്ടോ , രാമവർമ്മൻ തിരുമുല്പാടും ഒരു പട്ടരും തിരുവനന്തപുരക്കാരൻ ഒരു പിള്ളയും കൂടിയാണ് ഈ ചതിക്കു വട്ടം കൂട്ടിയിരിക്കുന്നതത്രേ. മഹാ അന്യായം , ഈ മാതിരി ചതി ഈ നാട്ടിൽ ഇതുവരെ ഉണ്ടായിട്ടില്ല.

ക :- വരട്ടെ , കാര്യത്തിന്റെ സത്യം ഇപ്പോൾ എങ്ങിനെ നിശ്ചയിക്കാം. എന്താണ് ഇപ്പോൾ നോം പ്രവർത്തിക്കേണമെന്നു ആവശ്യപ്പെടുന്നത്, അന്യായം കൊടുത്തിട്ടില്ലല്ലൊ; കൊടുത്തശേഷം നോക്കാം.

ശാ :- വ്യവഹാരം കൊടുക്കുമെന്നു നോട്ടീസ്സു വന്നിരിക്കുന്നുവത്രെ. അതിന്ന് ഒരു മറുവടി അയപ്പാൻ നോം രണ്ടാളും അത്രത്തോളം ചെല്ലുവാൻ ആവശ്യപ്പെട്ടിരി

ക്കുന്നു.

ക :- നോൺസൻസ് , നോട്ടീസ്സ ഇങ്ങട്ടയച്ചാൽ ഇവിടെനിന്നു ഒരു മറുപടി ഡ്രാഫ്ട്ചെയ്തു അയക്കരുതേ , അനുമതി. വന്നാൾ പോയിട്ടില്ലെങ്കിൽ അയാളോടു ഈ വിവരം പറഞ്ഞയച്ചാൽ മതി , നോട്ടീസ്സ് കൊണ്ടുവന്നിട്ടുണ്ടോ ?

ശാ :- ഇല്ല. എന്നാൽ ഞാൻ വിവരം പറഞ്ഞയക്കാം.

എന്നും പറഞ്ഞു ശാമുമേനോൻ അദ്ദേഹത്തിന്റെ വീട്ടിലേക്കു പോയി. ഈ വിവരങ്ങൾ പറഞ്ഞു താശ്ശുമ്മേനോനെ തിരിയെ അയച്ചു.

താശ്ശുമ്മേനോൻ പൂഞ്ചോലക്കര എത്തി അച്ചനോടു വിവരങ്ങളെ അറിയച്ചപ്പോൾ അച്ചൻ വല്ലാതെ കോപിച്ചു.

അച്ചൻ :- പണം വാങ്ങാനും നിലം ചാർത്തി വാങ്ങാനും പഠിച്ചാൽ പോരാ. നമുക്ക് ആവശ്യമുള്ള പ്രവൃത്തികൾക്കുടി ചെയ്യണമെന്നു കർപ്പൂരവും ശാമുവും ഓർക്കാത്തത് ആശ്ചര്യം. കർപ്പൂരത്തിനു പക്ഷെ തിരക്കുണ്ടായിരിക്കാം , അയാൾക്കു വളരെ നമ്പ്രകൾ ഉണ്ട്. ഈ പൊട്ട ശാമുവിനുകുടി ഇത്ര ധാർഷ്ട്യമായിപ്പോയോ. ഇവിടുത്തെ വക നമ്പ്രല്ലാതെ അവന് ഒന്നും ഇല്ല. ഇന്നാൾ ആ നിലം ചാർത്തി കൊടുത്തത് തെറ്റായിപ്പോയി. അതു കിട്ടുന്നതുവരെ അവൻ ഇവിടെനിന്നും ഒരു സമയവും വിടാറില്ല. അപ്പോൾ നമ്പറും തിരക്കും ഒന്നും കണ്ടില്ലാ. രാവുപകൽ എന്റെ പിന്നാലെ തന്നെ. മനുഷ്യര് ഇങ്ങിനെ കൃതഘ്നന്മാരായി വന്നാൽ എന്തു ചെയ്യും. ആട്ടെ തല്ക്കാലം നമ്മളല്ലെ കുഴക്കിൽപെട്ടിരിക്കുന്നത്. ഉടനെ താച്ചു ഇവിടെ വന്ന കത്തുംകൊണ്ടുപോയി അവരെ കാണിക്കു. മറുവടി വളരെ നന്നായിരിക്കണം. രണ്ടാളുംകൂടി ദീർഘാലോചന ചെയ്ത് ഉണ്ടാക്കേണം എന്നു പറയു. മറുവടി കണ്ടാൽ പിന്നെ വ്യവഹാരംകൊടുത്തി ജയിക്കാമെന്നുള്ള മോഹം ഈ കള്ളന്മാർക്ക് വിട്ടുപോണം. അത്ര വിശേഷമായിരിക്കണം എന്നു പറയു. അച്ചൻ പറഞ്ഞപ്രകാരം താശ്ശുമ്മേനോൻ പുറപ്പെട്ടു. അപ്പോഴേക്കു രാഘവനുണ്ണി തന്റെ മകൻ കൃഷ്ണമേനോനെക്കൊണ്ട് ഒരു മറുവടി ഉണ്ടാക്കിച്ചുവച്ചിട്ടുണ്ടായിരുന്നു. അതു താശ്ശുമ്മേനോന്റെ പക്കൽ കൊടുത്തു. അതു കർപ്പൂരയ്യനേയും ശാമുനേനോനെയും കാണിച്ച് അതിൽ വേണ്ട ഭേദം ചെയ്യിച്ച് അസ്സൽ എഴുതിച്ചുകൊണ്ടുവന്നാൽ മതി , എന്നു രാഘവനുണ്ണി പറഞ്ഞയച്ചപ്രകാരം താശ്ശുമ്മേനോൻ പുറപ്പെട്ടു പോവുകയും ചെയ്തു.

താശ്ശുമ്മേനോൻ കത്ത് ഒന്നാമത് ശാമുമേനോനെ കാണിച്ചു. കോടതിവളപ്പിൽ ശാമുമേനോന്റെ ആഫീസ്സുമുറിയിൽവച്ചാണ് കത്തു കൊടുത്തത് , ശാമുമേനോന്റെ ആഫീസ്സുമുറിയെ എന്റെ വായനക്കാർക്ക് ഒന്നു വർണ്ണിച്ചു കേൾക്കണമൊ ? വേണ്ട മുഷിയും.. ഏകദേശം ”കൊളമ്പിന്റെ” മാതിരി തന്നെ എന്നു അനുമാനിച്ചുകൊൾവിൻ. ശാമുമേനോൻ കത്തു വായിച്ചിട്ട്. ”ഇതു കൃഷ്ണമേനോൻ

ഉണ്ടാക്കിയതോ ? ”

താ :- അതെ.

ശാ :- ഈ മാതിരിക്കാരെ ഹൈക്കോർട്ട് വക്കീലന്മാരാക്കുന്നുവല്ലോ. കഷ്ടം ! ഈ കത്ത് അയച്ചാൽ പകുതിയും വ്യവഹാരം സമ്മതിച്ചപോലെതന്നെ. ആവട്ടെ. ഞാൻ ഇതൊന്നു കർപ്പൂരയ്യനെ വായിച്ചു കേൾപ്പിക്കട്ടെ. നിങ്ങൾ ഇവിടെത്തന്നെ നിൽക്കിൻ.

എന്നും പറഞ്ഞു ശാമുമേനോൻ കർപ്പൂരയ്യന്റെ മുറിയിൽ ചെന്നു നോക്കി. അദ്ദേഹം വിചാരണയിൽ കോടതി മുമ്പാകെയാണെന്ന് അറിഞ്ഞ് കോടതിയിലേക്കു ചെന്നു. ബാറിൽപോയി ഇരുന്നു. കർപ്പൂരയ്യൻ ഒരു വ്യവഹാരത്തിൽ പ്രസംഗം ചെയ്യുന്നു. പ്രസംഗത്തിനു ഇടയിൽ എന്തോ ഒരു റിക്കാർട്ടു നോക്കി പറവാനുണ്ടായിരുന്നതിനാൽ ഇരുന്നു റിക്കാർട്ട് തിരയുന്ന മദ്ധ്യേ ശാമുമേനോൻ സ്വകാര്യം കർപ്പൂരയ്യന്റെ ചെവിയൽ ”പൂഞ്ചോലക്കരനിന്നു കത്തിന്റെ പകർപ്പ് ഉണ്ടാക്കി അയച്ചിരിക്കുന്നു , പുതിയ വക്കീൽ കൃഷ്ണമേനോന്റെ കൃതിയാണ്. മഹാ അബദ്ധം ! ഇതൊന്നു നോക്കുന്നില്ലേ ” എന്നു പറഞ്ഞു.

ക :- ഇതു മഹാ ഉപദ്രവം തന്നെ. നിങ്ങൾ നന്നായി ഒന്നു എഴുതിവെക്കിൻ.. ഈ പ്രസംഗം കഴിഞ്ഞു ഞാൻ വന്നു നോക്കാം. ഇപ്പോൾ എന്നെ ഒന്നും അലട്ടരുത്. വേഗം ശാമുമേനോൻ തിരികെ തന്റെ മുറിയിലേക്കു വന്നു സ്വയമായി ഒരു കത്തു ഉണ്ടാക്കു വെച്ചു. വൈകുന്നേരം 5 മണി ആയപ്പോൾ കർപ്പൂരയ്യൻ തന്റ്റെ ആഫീസ്സുമുറിയിലേക്കു മടങ്ങിവന്നു എന്നു അറിഞ്ഞു ശാമുമേനോൻ അങ്ങോട്ടു ചെന്നു.

ക:–എന്താണ് സാർ. ടിച്ചബോറൻ കേസിന്റെ നോട്ടീസിന്നു മറുവടി തയ്യാറായോ? കൃഷ്ണമേനോൻ തയ്യാറാക്കിയ മറുവടി ഒന്നു വായിക്കു. അത് ഒന്നാമതു കേൾക്കട്ടെ. ഞാൻ ആ കുട്ടിയെ കണ്ടിട്ടില്ല. സമർത്ഥനാണെന്ന് എന്നോടു ഹൈക്കോർട്ടുവക്കീൽ പറഞ്ഞു.

ശാ:–നല്ല സമർത്ഥൻ. ബങ്കാറയ്യന്റെ എപ്രണ്ടീസ്സായിരുന്നു കൃഷ്ണമേനോൻ! അതുകൊണ്ടു പറഞ്ഞതായിരിക്കും. ഈ കത്തു വായിച്ചുകേട്ടാൽ സാമർത്ഥ്യത്തെക്കുറിച്ച് എല്ലാം സ്വാമിക്കു മനസ്സിലാവും. എന്നു പറഞ്ഞു് കത്ത് എടുത്തു താഴെ പറയുന്നപ്രകാരം വായിച്ചു.

”അയച്ച കത്തു കിട്ടി. നമ്മുടെ എടത്തിലേക്ക് അപമാനത്തെയും ഉപദ്രവത്തേയും ഉണ്ടാക്കിത്തീർക്കണമെന്നുള്ള അത്യാഗ്രഹത്തോടെ ഇരിക്കുന്നു ചില ദുഷ്ടന്മാരുടെ ദുരുപദേശത്താൽ മാത്രം സത്യത്തേയും മര്യാദയേയും ലജ്ജയേയും കേവലം വിട്ടു താൻ വ്യാജമായ ചില വിവരങ്ങളെ കുറിച്ച് എഴുതിയ ഈ കത്തിനു താൻ ആവശ്യപ്പെടുന്ന പ്രകാരം എന്തൊരു മറുപടിയാണ് തനിക്കു അയക്കേണ്ടതു്

എന്നു അറിയുന്നില്ല."

"നമ്മുടെ എടത്തിൽനിന്ന് ഈ രാജ്യം വിട്ടു പൊയ്ക്കളഞ്ഞതായി താൻ പറയുന്ന സ്ത്രീയിൽ തനിക്ക് ഒരു പെൺകുട്ടി ഉണ്ടായിരിക്കുന്നു എന്നു താൻ പറയുന്നത് ഏറ്റവും കഠിനമായ വ്യാജമാണെന്നും, നിർല്ലജ്ജനായ താൻ ഈ വിധം ഉള്ള ഒരു വ്യാജത്തെ നിലനിർത്തി വല്ലതും സമ്പാദിക്കേണമെന്നോ, ഈ എടത്തിലേക്കു വല്ല അപമാനം വരുത്താമെന്നോ, ഉള്ള ദുർമ്മോഹത്തെ ക്ഷണേന വിടുന്നില്ലെങ്കിൽ അതു തനിക്കും തന്റെ ഉപദേഷ്ടാക്കന്മാർക്കും ഒരുപോലെ നാശത്തിനു ഹേതുവായി വരുമെന്നും മാത്രം തന്റെ കത്തിനു മറുപടിയായി അറിയിക്കുന്നു."

"തന്റെ രാജ്യവും വീടും ഏതു ദിക്കിലാണെന്ന് ഇതുവരെ ഇവിടെ ആർക്കും അറിവാൻ കഴിയാഞ്ഞതിനാൽ ഈ മറുവടി ഇതുവരെ അയക്കാഞ്ഞതാണ്. ഇപ്പോൾ താൻ എടത്തിലെ പരമശത്രുവും തന്റെ മുഖ്യ ഉപദേഷ്ടാവുമായ ഉദയന്തളി രാമവർമ്മൻ തിരുമുല്പാടിലെ അധീനത്തിൽ അദ്ദേഹത്തിന്റെ ഒരു മഠത്തിൽവന്നു താമസിക്കുന്നുണ്ടെന്നു അറിഞ്ഞതിനാൽ ഈ കത്ത് അങ്ങോട്ട് അയച്ചിരിക്കുന്നു." പൂഞ്ചോലക്കര വലിയച്ചൻ. ക :- എനി നിങ്ങൾ ഉണ്ടാക്കിയ മറുവടി വായിക്കിൻ

ശാമുമേനോൻ താഴെ പറയുന്ന പ്രകാരം വായിച്ചു.

"രാമൻ എന്നു പേർ വെച്ച് എഴുതിയ ആൾക്ക് അയക്കുന്ന മറുവടി. രാമന്റെ കത്തിനെ നാം ഇതിനാൽ നിഷേധിച്ചിരിക്കുന്നു. രാമന്റെ കത്തിൽ പറയുന്ന സകല സംഗതികളും വെവ്വേറെ ആയും എല്ലാം കൂടിയും ഇതിനാൽ നിഷേധിച്ചിരിക്കുന്നു."

"കല്യാണി എന്ന ഒരു സ്ത്രീ നമ്മുടെ എടത്തിൽനിന്നു നാടുവിട്ടുപോയിട്ടില്ലെന്നു ഇതിനാൽ നിഷേധിക്കുന്നു. രാമൻ ആ സ്ത്രീയുടെ ഭർത്താവല്ലെന്നു ഇതിനാൽ നിഷേധിക്കുന്നു. ശാരദ എന്നു പേരായി ആ സ്ത്രീയിൽ രാമന് ഒരു കുട്ടി ഉണ്ടായിട്ടില്ലെന്നു ഇതിനാൽ നിഷേധിക്കുന്നു. ആ കുട്ടിക്ക് എടത്തിലെ സ്വത്തിന്മേൽ യാതൊരു അവകാശവുമുണ്ടാവാൻ പാടില്ലെന്നു ഇതിനാൽ നിഷേധിക്കുന്നു."

"കാര്യം ഇങ്ങിനെ ഇരിക്കെ രാമൻ നമ്മുടെമേൽ വല്ല വ്യവഹാരവും കൊടുത്താൽ ആ വ്യവഹാരത്തിൽ രാമന് ഉണ്ടാകുന്ന സകല ചിലവുകളും രാമൻ സഹിക്കേണ്ടതും നമുക്കുണ്ടാവുന്ന സകല ചിലവുകളും രാമൻ തരേണ്ടതും ആണെന്ന് ഇതിനാൽ അറിയിക്കുന്നു."

ക :- ഒന്നാമത് വായിച്ച കത്തു മതിയെന്ന് എനിക്കു തോന്നുന്നു. അവരുടെ സ്വന്തം ആളുകൾ ഉണ്ടാക്കിയ കത്തല്ലേ. അതുതന്നെ അയക്കട്ടെ. അതിൽ രണ്ടുപോയിണ്ടുകൾ ഉണ്ട്. കല്യാണി അമ്മ നാടുവിട്ടുപോയിട്ടുണ്ടെന്നുള്ള

സംഗതിയെ തെളിവായി സമ്മതിച്ചിട്ടും നിഷേധിച്ചിട്ടും ഇല്ല. അതു അങ്ങിനെതന്നെയാണ് ഇപ്പോൾ വെക്കേണ്ടതു്. പിന്നെ കത്തിന്നു മറുവടി ഇതുവരെ അയപ്പാൻ താമസിച്ചതിന്റെ സംഗതി പറഞ്ഞതു് വളരെ നല്ലതായ മാതിരിയിൽ ആയിരിക്കുന്നു. നല്ല ഗൗരവം ഉണ്ടു്. എന്നാൽ വാചകപുഷ്ടി നിങ്ങളുടെ കത്തിനായിരിക്കും. അതിനെക്കുറിച്ച് എനിക്കു പറവാൻ സാധിക്കയില്ല.

കർപ്പൂരയ്യൻ ഇത്രത്തോളം പറയുമ്പോഴേക്കു വക്കീൽ മാധവമേനോനും രാഘവമേനോനും കർപ്പൂരയ്യന്റെ മുറിയിലേക്കു കടക്കുന്നു. അവരോട്.

ക:– ആട്ടെ, നിങ്ങൾ രണ്ടാളും ഈ കത്തുകൾ നോക്കിൻ. ടിച്ച ബോറൻ കേസ്സിലെ ലോയർനോട്ടീസ്സിന്റെ മറുപടിയാണ് ഇത്. ഇതിൽ ഒന്നു ഹൈക്കോർട്ടുവക്കീൽ കൃഷ്ണമേനോൻ ഉണ്ടാക്കിയതാണ്. മറ്റൊന്നു നമ്മുടെ സ്നേഹിതനുണ്ടാക്കിയതാണ്. ഏതാണ് നന്നായതെന്നു പറയിൻ.

മാധവമേനോൻ ഒന്നാമതു കൃഷ്ണമേനോൻ ഉണ്ടാക്കിയ മറുപടി വായിച്ചു. അതു രാഘവമേനോനു കൊടുത്തു. എന്നിട്ടു ശാമുമേനോൻ എഴുതിയ കത്തു വായിച്ചു. വായിച്ചുതുടങ്ങിയതുമുതൽ ചിറിയും തുടങ്ങി. ഏകദേശം പകുതിയായപ്പോൾ ചിറി കലശലായി. ചിറിച്ചു ചിറിച്ചു വായിപ്പാൻ വയ്യാതെയായി. കടലാസ്സ് മേശമേൽ ഇട്ടു. രാഘവമേനോൻ ഉടനെ ആ കടലാസ്സ് എടുത്തു വായിച്ചു. ചിറിച്ചു ശാമുമേനോന്റെ മുഖത്തേക്ക് ഒന്നു നോക്കി.

ക:– എന്താണ് കത്തിൽ വാചകത്തിനു വല്ല അബദ്ധവുമുണ്ടോ?

രാ:– കഷ്ടം, സർവ്വാബദ്ധം. ഈ കത്തിൽ രാമൻമേനോൻ പറയുന്ന സകല സംഗതികളേയും സമ്മതിച്ചിരിക്കുന്നുവല്ലോ.

ശാ:– (കഠിനദ്വേഷ്യത്തോടുകൂടി) നിങ്ങളോട് ഞാൻ എന്റെ കത്തിനെ കുറിച്ച് അഭിപ്രായം ചോദിച്ചിട്ടില്ല.

എന്നു പറഞ്ഞു കത്തുകൾ രണ്ടും കയ്യിൽ എടുത്തു് കർപ്പൂരയ്യനോട്.

ശാ:– സ്വാമീ ഏതാണ് ഇതിൽ അയക്കേണ്ടതു്? ആൾ താമസിക്കുന്നു. വേഗം തീർച്ച പറയുക.

ക:– കൃഷ്ണമേനോൻ തയ്യാറാക്കിയതു് അസ്സൽ എഴുതിച്ച് അയച്ചോളു. അതു മതി. ഭാരം നമുക്കു വേണ്ട.

ഈ വാക്കുകൾ കേട്ട ഉടനെ അങ്ങനെതന്നെ എന്നു പറഞ്ഞു ശാമുമേനോൻ വലിയ ക്രോധത്തോടെ കർപ്പൂരയ്യന്റെ മുറിയിൽ നിന്നു കടന്നുപോവുകയും ചെയ്തു.

രാഘവമേനോൻ:– സ്വാമീ ഈ കൃഷ്ണമേനോൻ അതിസമർത്ഥനായ ഒരു കുട്ടി തന്നെ ആണ്. അയാളുടെ വാചകം ബഹുവിശേഷം തന്നെ.

ക:– സംശയമില്ലാ. അയാളുടെ കത്തിൽ രണ്ടു മൂന്നു പോയിണ്ടുകൾ കാണുന്നതു് അസ്സലായിരിക്കുന്നു.

എന്നു പറഞ്ഞ ഇവർ എല്ലാവരും പിരിഞ്ഞു. കർപ്പൂരയ്യന്റെ അഭിപ്രായപ്രകാരം വളരെ കുണ്ഠിതത്തോടുകൂടി ശാമുമേനോൻ കൃഷ്ണമേനോൻ തയ്യാറാക്കിയ കത്ത് അസ്സൽ എഴുതിച്ച താശ്ശൻമേനോൻ വശം കൊടുത്തയച്ചു. താശ്ശൻമേനോൻ കത്തു കൊണ്ടുപോയി അച്ചന്റെ പക്കൽ കൊടുത്തു. അച്ചൻ വായിച്ച കേട്ടു വളരെ സന്തോഷിച്ചു. അച്ചൻ :- കത്ത് വിശേഷമായിരിക്കുന്നു. കർപ്പൂരം ആൾ സമർത്ഥൻ തന്നെ. ഇതു കർപ്പൂരം ഉണ്ടാക്കിയതോ ശാമുവിന്റെ വാചകമോ ?

താ:- അവർ രണ്ടാളുടേതുമല്ല. നമ്മടെ കുട്ടി കൃഷ്ണമേനോൻ ഉണ്ടാക്കിയതാണ്. ഞാൻ ഈ പകർപ്പു ഇവിടുന്ന പോവുമ്പോൾ കൊണ്ടുപോയിരുന്നു. അതു കർപ്പൂരയ്യനും ശാമുമേനോനും നോക്കി സമ്മതിച്ചതാണ്.

അച്ചൻ:- (ക്രോധത്തോടെ) അതു് എന്താണ്. അവർക്കുതന്നെ ഒരു കത്ത് ഉണ്ടാക്കി അയക്കരുതേ? ഇവർ ഇത്ര ഉപേക്ഷ കാണിക്കുന്നത് എന്താണ്? കൃഷ്ണന് ഇതിൽ ഒന്നും പരിചയമായിട്ടില്ല. അവർ എഴുതുവാനുള്ള മടികൊണ്ട് ഇതു മതി എന്നു പറഞ്ഞയച്ചതായിരിക്കും. അങ്ങിനെ വരട്ടെ. കത്തു വായിച്ച കേട്ടപ്പോൾ തന്നെ ഇതു മുഴുവനും സംഗതികൾക്ക് മറുപടിയായിട്ടില്ലെന്ന് എനിക്കു തോന്നി. ഇങ്ങട്ട് അയച്ച കത്തിന്റെ ഒരു പകുതിയോളംകൂടി ഇല്ല. മറുവടി ഇതു പോരാ. താച്ചു വീണ്ടും പോയി കർപ്പൂരത്തെക്കൊണ്ടും ശാമുവെക്കൊണ്ടും തന്നെ ഒരു മറുവടി ഉണ്ടാക്കിച്ചുകൊണ്ടുവരണം. മടങ്ങി വീണ്ടും പോവാൻ വളരെ മടിയുള്ള താശ്ശന്മേനോൻ:- അങ്ങിനെയല്ല. ഈ കത്ത് വളരെ വിശേഷമായിരിക്കുന്നു എന്ന് എല്ലാ വക്കീലന്മാരും സമ്മതിച്ചിരിക്കുന്നു. വക്കീൽ രാഘവമേനോൻ, മാധവമേനോൻ ഇവർക്കു എല്ലാം സമ്മതമായിരിക്കുന്നു. എന്നല്ല കർപ്പൂരയ്യനും വളരെ ആലോചിച്ചു നോക്കിയശേഷമാണ് സമ്മതിച്ചതു്.

അച്ചൻ കുറഞ്ഞൊന്നു ആലോചിച്ചിട്ട്.

"കർപ്പൂരം ഈ കത്തു വേണ്ടുവോളം മതി എന്നു സമ്മതിച്ചുവോ?"

താ:- വേണ്ടുവോളം മതി. ബഹുവിശേഷമായിരിക്കുന്നു എന്നു പറഞ്ഞു.

അ:- എന്നാൽ അങ്ങിനെയാവട്ടെ. ഇത്ര വലിയ പ്രഭുക്കന്മാരെ വക്കീലന്മാരാക്കിയാൽ ഇങ്ങനെ ഇരിക്കും. ആവട്ടെ. ഈ കത്ത് ഒരാൾ ഉദയന്തളിയിലേക്കു കൊണ്ടുപോയി കൊടുക്കട്ടെ.

അച്ചൻ കല്പിച്ച പ്രകാരം പിറ്റേദിവസം ഈ കത്തുംകൊണ്ടു് ഒരാൾ ഉദയന്തളിയിലേക്കായി പുറപ്പെടുകയും ചെയ്തു.

## ഏഴാം അദ്ധ്യായം

ഉദയന്തളിക്കു കത്തയച്ചതിന്റെ ഏഴാം ദിവസം പൂഞ്ചോലക്കര അച്ചനു റജിസ്റ്റു ചെയ്തതായ ഒരു കത്തുകിട്ടി. കത്തു തുറന്നു താഴെ പറയും പ്രകാരം വായിച്ചു.

”രാജമാന്യരാജശ്രീ”

പൂഞ്ചോലക്കര വലിയ അച്ചൻ അവർകൾ അറിവാൻ,

താങ്കളുടെ മരുമകളായ മരിച്ച കല്യാണിഅമ്മയുടെ മകൾ ശാരദ എന്നപെൺകുട്ടിയെ ആ കുട്ടിയുടെ സ്ഥിതിക്കും യോഗ്യതയ്ക്കും തക്കവിധം രക്ഷിപ്പാൻ താങ്കൾ വീഴ്ച ചെയ്യുന്നതിനാൽ ആ കുട്ടി തന്റെ രക്ഷിതാവായ അച്ഛൻ രാമൻമേനോൻ മുഖാന്തിരം തന്റെ അവകാശങ്ങളെ സ്ഥാപിച്ചു കിട്ടുവാൻ സിവിൾ കോർട്ടിൽ ഒരു വ്യവഹാരം തുടങ്ങുവാൻ വിചാരിക്കുന്നു എന്നും താങ്കൾ ഇന്നു മുതൽ പതിനഞ്ചു ദിവസങ്ങൾക്കുള്ളിൽ ആ കുട്ടിയെ താങ്കളുടെ എടത്തിലെ സന്തതിയായി കൈക്കൊണ്ടു വേണ്ടുന്ന എല്ലാ സംരക്ഷണങ്ങളും ചെയ്യുമെന്ന് രേഖാ മൂലമായി എന്നെ അറിയിക്കുന്നില്ലെങ്കിൽ താങ്കളുടെയും താങ്കളുടെ അനന്തരവന്മാരുടേയുംമേൽ മേല്പറഞ്ഞപ്രകാരമുള്ള ഒരു സിവിൾ വ്യവഹാരം നടത്താൻ മേല്പറഞ്ഞ കുട്ടി രക്ഷിതാവ് രാമൻമേനോൻ മുഖാന്തിരം എന്നെ നിശ്ചയിച്ചിരിക്കുന്നു എന്നും ഈ കത്തിനു താങ്കൾ മറുവടി അയപ്പാൻ വിചാരിക്കുന്നുണ്ടെങ്കിൽ അത് എനിക്ക് അയക്കേണ്ടതാണെന്നും ഇതിനാൽ അറിയിച്ചിരിക്കുന്നു.

രാഘവമേനോൻ

ഒന്നാം ഗ്രേഡ് വക്കീൽ

ഈ കത്തു വായിച്ചപ്പോൾ അച്ചന് ഉണ്ടായ വ്യസനവും ലജ്ജയും ക്രോധവും ഇന്നപ്രകാരമെന്ന് പറവാൻ പ്രയാസം. ഉടനെ രാഘവനുണ്ണിയെ വിളിച്ചു.

അച്ചൻ:- എനിയും നോം താമസിക്കുന്നതത്ര വെടിപ്പല്ലാ. ആ വൈത്തിപ്പട്ടരെ ക്ഷണത്തിൽനോക്കി പാട്ടിൽ പിടിക്കണം. എന്നാൽ ഈ കാര്യം എല്ലാം വെളിവാവും. പക്ഷെ എന്തു ചിലവു വന്നാലും വേണ്ടതില്ല. ഉടനെ ആൾ പോവട്ടെ. തക്കതായ ഒരാളെ അയയ്ക്കണം. നോം ആളെ അയയ്ക്കുമ്പോൾ പട്ടരു് വീർയ്യം നടിച്ചു വരാൻ മടിക്കും. പോവുന്നാൾ സമർത്ഥനായാൽ അയാളെ കൊണ്ടുവരാം.

രാഘവനുണ്ണി :- കല്പിച്ചതു ശരിയാണ്. ഉടനേ ആളെ അയച്ചു കളയാം.

എന്നു പറഞ്ഞു എടത്തിൽ ഉള്ള കാർയ്യസ്ഥന്മാരിൽ കുറെ അധികം സാമർത്ഥ്യമുള്ളവനെന്നു വിചാരിക്കപ്പെട്ടു വന്ന കുഞ്ചുമേനോനെയും രണ്ടു ഭൃത്യന്മാരേയും ഉടനേ വൈത്തിപ്പട്ടരുടെ നാട്ടിലേക്കായി അയച്ചു.

നമ്മുടെ പൂഞ്ചോലക്കര അച്ചനു മനസ്സിനുണ്ടായ വ്യസനവും, അസ്വാസ്ഥ്യതയും നിമിഷംതോറും വർദ്ധിച്ചു വർദ്ധിച്ചു വന്നു. സ്വഭാവത്തിൽ ഇദ്ദേഹത്തിനു രണ്ടു വിശേഷവിധിയായ അവസ്ഥകൾ ഉണ്ട്. എന്തെങ്കിലും തനിക്കു മനസ്സിന്

ഒരു വ്യസനമോ, തന്റെ കാർയ്യങ്ങൾക്കു വല്ല ദോഷമോ, തട്ടാൻ എടയുണ്ടെന്നു കാണുന്ന സമയങ്ങളിലെല്ലാം ജാതകപരീക്ഷയും പ്രശ്നവും കലശലായി നടത്തും. അതും പ്രകാരംതന്നെ മന്ത്രവാദത്തിലും വളരെ പ്രതിപത്തിയാണ്. പ്രശ്നം വെച്ചു പറയുന്നതു് എല്ലാം ഇദ്ദേഹത്തിനു ബഹുവിശ്വാസമാണ്. ഒരു കാർയ്യത്തിൽ ജയിക്കുമെന്ന് പ്രാശ്നികൾ തീർച്ചയായി പറഞ്ഞാൽ പിന്നെ ആ കാർയ്യത്തിൽ യഥാർത്ഥത്തിൽ അപജയം വന്നാൽകൂടി വന്നു എന്ന് അച്ചന്റെ മനസ്സിൽ തോന്നുവാൻ പ്രയാസം. അത്ര വിശ്വാസമാണ് പ്രശ്നത്തിൽ. ജയിക്കുമെന്ന് തീർച്ചയായി പ്രശ്നക്കാരൻ പണിക്കരു് പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ജയം വരാതിരുന്നാൽ കൂടി "ആട്ടെ വരട്ടെ ഇതുകൊണ്ട് ആയില്ല. ചാത്തുപ്പണിക്കരുടെ വാക്കു വെറുതെ ആയി ഇതുവരെ കണ്ടിട്ടില്ല. ഇതുകൊണ്ടു് കാര്യം തീർച്ചയാവുകയില്ല." എന്നും മറ്റും പറഞ്ഞു ഉടനെ രണ്ടാമതും ചാത്തുപ്പണിക്കരെക്കൊണ്ടു പ്രശ്നം വെപ്പിക്കും. "ഇതു ഒരു തോല്മയല്ല. ഈ കാര്യത്തിൽ പര്യവസാനത്തിൽ ഇവിടുന്നു ജയിച്ചില്ലെങ്കിൽ അടിയൻ കവിടിസഞ്ചി കിണറ്റിൽ ഇട്ടിട്ട് ചാടി കാശിക്കുപോവും." എന്നു ചാത്തുപ്പണിക്കരു പറയും. ഈ വാക്കുകൾ ഓലയിൽ കുറിച്ചു വെപ്പിക്കും. ആ ഓല എടുത്തു വായിച്ചാൽ മനസ്സിനു കൃതാർത്ഥതയായി. ദോഷമായി ഒരു കോടതി കല്പിച്ച വിധിപകർപ്പ വായിക്കുമ്പോൾ അച്ചനു മനസ്സിന്നു ഉണ്ടാവുന്ന കുണ്ഠിതം ചാത്തുപ്പണിക്കരുടെ കുറിപ്പു വായിച്ചാൽ തീർന്നു. ഇങ്ങനെയാണ് ഈ ശുദ്ധാത്മാവിന്റെ സ്വഭാവം. എന്നാൽ ചാത്തുപ്പണിക്കരോ, ഇവൻ അതിസമർത്ഥനായ ഒരു പ്രാശ്നികനാണ്. ഇവന്റെ പാർപ്പിടം ഉദയന്തളിക്കു സമീപമാണ്. ഉദയന്തളി രാമവർമ്മൻ തിരുമുല്പാട്ടിലെ ഒരു കുടിയായ്മകൂടി ഉണ്ട്. എങ്കിലും അച്ചന്റെ വക വസ്തുക്കളാണ് ഇവൻവശം അധികം ഉള്ളതു്. എടത്തിലെ ഒരു പ്രത്യേക ആശ്രിതന്റെ നിലയിലാണ് അച്ചൻ ഇവനെ വിചാരിച്ചു വന്നിട്ടുള്ളതു്. അങ്ങിനെ വിചാരിപ്പാൻ വേണ്ടുന്നതിലധികം നാട്യം നടിപ്പാൻ ചാത്തുപ്പണിക്കർക്ക് ബഹുവശതയും ഉണ്ട്. ഉദയന്തളിയിൽനിന്നു തന്റെ വസതി വിട്ടു പൂഞ്ചോലക്കര എടത്തിനു സമീപം പാർപ്പ് ആക്കേണമെന്നുള്ള അച്ചന്റെ ഉപദേശം അത്യാദരവോടെ അനുഷ്ഠിപ്പാൻ ചാത്തുപ്പണിക്കരു് ഒരുങ്ങി, ഒരുങ്ങി, നില്ക്കുന്നു എന്ന് അച്ചനെ പൂർണ്ണമായും വിശ്വസിപ്പിച്ചിട്ടുണ്ട്. ഇങ്ങിനെ വിശ്വസിപ്പിച്ചുതുടങ്ങീട്ട് അഞ്ചെട്ടു കൊല്ലങ്ങളായി എങ്കിലും അതുപ്രകാരം യഥാർത്ഥത്തിൽ പ്രവർത്തിക്കാത്തതുകൊണ്ടുള്ള ഒരു പരിഭവം ലേശംപോലും അച്ചന് ഉണ്ടാക്കാതെ കഴിച്ചുവന്നു. അത്ര സമർത്ഥനാണ് ഈ ചാത്തുപ്പണിക്കരു്.

ഒടുവിൽ പറഞ്ഞ കത്തുകിട്ടിയ ഉടനെ ചാത്തുപ്പണിക്കരെ വിളിപ്പാൻ ആൾ പോയി. ചാത്തുപ്പണിക്കരു് വിളിക്കാൻ വന്ന ആളോട്കൂടി എടത്തിലേക്കായി ഉടനെ പുറപ്പെട്ടു. വഴിയിൽവെച്ച് വിളിപ്പാൻ വന്ന ആളോടു ചാത്തുപ്പണിക്കരു

പറഞ്ഞു.

"മുമ്പു എവിടെയോ വെച്ചു കണ്ടതായി തോന്നുന്നു. എടത്തിൽ വെച്ചു തന്നെയോ, അറിഞ്ഞില്ല."

"അതെ പണിക്കരെ, ഞാൻ എടത്തിൽ വെച്ചു പലപ്പോഴും കണ്ടിട്ടുണ്ട്."

"ശരിതന്നെ എനിക്ക് ഓർമ്മത്തെറ്റു വന്നുപോയി. വലിയ തമ്പുരാനു ദേഹസുഖക്കേട് ഒന്നും ഇല്ലല്ലൊ ? അവിടത്തെ ഒരു ആശ്രയം മാത്രമാണ് എനിക്കുള്ളത്. വെറെ യാതൊരു തമ്പുരാക്കന്മാരുടെയും ആശ്രയത്തിൽപെടാതെ കാലം കഴിക്കേണമെന്നാണ് എന്റെ ആഗ്രഹം. ഇന്നലെ ഉദയന്തളിയിൽനിന്ന് ആൾ വന്നിരുന്നു, ഞാൻ പോയില്ലാ. ഏതായാലും ഉദയന്തളി പ്രദേശം വിടേണമെന്നു, ഞാൻ തീർച്ചയാക്കിയിരിക്കുന്നു. വലിയ തമ്പുരാനു അങ്ങിനെയാണ് തിരുമനസ്സ്. ഞാൻ അതിനെ അനുവർത്തിച്ചു നില്ക്കുകയല്ലാതെ മറ്റ് ഒരു പ്രകാരത്തിലും ഒന്നും പ്രവർത്തിക്കയില്ലാ. ഉദയന്തളിക്കാരും എടത്തിൽ നിന്നും എനിയും എന്തോ ഒരു വ്യവഹാരമുണ്ടാവാൻ പോവുന്നുപോൽ. ഉള്ളതുതന്നെ ആയിരിക്കും അല്ലെ?"

"അതെ ഉദയന്തളിക്കാരും എടത്തിൽ നിന്നും നേരിട്ടിട്ടല്ല വ്യവഹാരം."

"പിന്നെയോ, എങ്ങിനെയാണു ഭാവം എന്നറിഞ്ഞില്ല." "മുമ്പ് എടത്തിൽനിന്നു കല്യാണിഅമ്മ എന്ന ഒരു സ്ത്രീ നാട്ടുവിട്ടുപോയിട്ടുണ്ടായിരുന്നുവത്രെ. ആ സ്ത്രീയുടെ മകളാണെന്നു പറഞ്ഞു കൊണ്ടു തിരുവനന്തപുരക്കാരൻ ഒരു പിള്ള ഒരു പെൺകിടാവിനെ ഉദയന്തളിയിൽ കൊണ്ടു വന്നു പാർപ്പിച്ചിരിക്കുന്നു. ആ കുട്ടിക്ക് എടത്തിൽനിന്നു ചെലവു കൊടുക്കേണമെന്നും മറ്റും പിള്ള അച്ചന്ന് എഴുതി അയച്ചിരിക്കുന്നു. രാമവർമ്മൻ നിരുമുല്പാടിന്റെയും വൈത്തിപ്പട്ടരുടേയും ഉത്സാഹത്തിന്മേലാണത്രെ ഈ കൂട്ടം ഉണ്ടാവാൻപോകുന്നത്."

"വൈത്തിപ്പട്ടർ തമ്പുരാൻ ഏതാണു ഞാൻ അറിയില്ല."

"വൈത്തിപ്പട്ടർ ഒരു വലിയ കള്ളനാണ്. ഞാൻ ഒരു പ്രാവശ്യമേ കണ്ടിട്ടുള്ളു. കണ്ടാൽ ഭയമാവും. എപ്പോഴും സർപ്പദൃഷ്ടിയാണ് പട്ടർക്ക്. ഒരു പിശാചിനെപ്പോലെയാണ്'"

"പട്ടർ ഇപ്പോൾ എവിടെ ഉണ്ട്."

"അയാളുടെ സ്ഥലത്തു തന്നെ. അവിടേക്ക് എടത്തിൽനിന്നു ആളെ അയച്ചിരിക്കുന്നു. പട്ടരെ പിടിച്ച പിടിയാലെ കൂട്ടിക്കൊണ്ടുവരുവാൻ കുഞ്ചുമേനോൻ ആൾക്കാരോടുകൂടി പോയിരിക്കുന്നു."

"പട്ടർതമ്പുരാനെ കൂട്ടിക്കൊണ്ടു വന്നിട്ട് എന്താണു കാര്യം. അദ്ദേഹം എടത്തിലേക്കു വൈരിയാണെങ്കിൽ അദ്ദേഹം വരുമോ?"

"വരും , വരും പണത്തിന്മേൽ അയാൾക്കു ബഹു ആർത്തിയാണത്രെ. പണം

കൊടുത്താൽ അയാൾ നമ്മടെ ഭാഗത്തു ചേരുമെന്ന് എല്ലാവരും തീർച്ചയായി പറയുന്നു."

"പട്ടർ തമ്പുരാനെ നമ്മടെ ഭാഗത്തു ചേർത്താൽ നമ്മൾക്ക് എന്തൊരു ഗുണമാണു വിശേഷവിധിയായി ഉണ്ടാവാൻ ഉള്ളത് എന്നറിഞ്ഞില്ല."

"പട്ടരു് നമ്മുടെ ഭാഗമായാൽ അവർ സകലാളുകളും തോല്ക്കും എന്നു സകലാളുകളും പറയുന്നു. ഈ പട്ടരാണ് എടത്തിൽ നിന്നും കല്യാണിഅമ്മയെ കൊണ്ടുപൊയ്ക്കളഞ്ഞതുപോൽ. അതു നിമിത്തം എടത്തിലേക്കു പട്ടരോടു വിരോധമായി. പട്ടരെ പൂഞ്ചോലക്കര ദിക്കിൽനിന്ന് ആട്ടിക്കളഞ്ഞുവത്രേ."

"അപ്പോൾ നാടുവിട്ടുപോയ പട്ടർ അങ്ങിനെ പൂഞ്ചോലക്കരയ്ക്കു മടങ്ങിവന്നു."

"കല്യാണിഅമ്മ വഴിയിൽവെച്ച് ഇവിടം വിട്ടുപോയ ഉടനെ മരിച്ചുപോയത്രെ. അതാണ് പട്ടർ മടങ്ങിപ്പോന്നത്."

"ഈ പട്ടർ വൃദ്ധനോ?" "വളരെ വയസ്സായിരിക്കുന്നു"

"ഉദയന്തളി കൊണ്ടുവന്നു പാർപ്പിച്ചിട്ടുള്ള കുട്ടി വളരെ ചെറുപ്പമായിരിക്കും"

"പത്തുപതിനൊന്നു വയസ്സേ ആയിട്ടുള്ളു എന്നാണ് കേട്ടത്"

"കല്യാണി എന്നു പേരായ തമ്പുരാട്ടി ഈ ദിക്കുവിട്ടു പോയിട്ടു എത്ര കൊല്ലമായോ അറിഞ്ഞില്ല "

"അതു എനിക്കു നിശ്ചയമില്ല. പത്ത് ഇരുപത് കൊല്ലമായി എന്നു ചിലർ പറയുന്നു."

"ഉദയന്തളിക്കാർ വ്യവഹാരത്തിന്നു പുറപ്പെട്ടാൽ അതിന്നു വേണ്ടുന്ന തെളിവു കൊടുത്താലല്ലെ അവർ ജയിക്കയുള്ളു. എന്തു തെളിവാണ് അവർക്കു കൊടുക്കാൻ കഴിയുന്നത്? ആ വക വല്ല പ്രസ്താവവും കേട്ടുവോ എന്നറിഞ്ഞില്ല"

"ഞാൻ യാതൊന്നും കേട്ടില്ലാ. പട്ടരു സ്വാധീനമായാൽ അവർ കേവലം തോറ്റുപോവുമെന്നു തീർച്ചയായും ആളുകൾ പറയുന്നു."

"ഈ വന്നിട്ടുള്ള കുട്ടിയും പിള്ളയും സൂക്ഷ്മത്തിൽ എന്തു ജാതിക്കാരാണെന്നാണ് ആളുകൾ പറയുന്നത്. എന്നറിഞ്ഞില്ലാ."

"ശൂദ്രർ തന്നെയാണുപോൽ. താണ ജാതിക്കാരാണത്രെ."

"എന്തൊരു കഷ്ടമാണ്. ഈ മാതിരി വ്യാജം പ്രവർത്തിച്ചു തുടങ്ങിയാൽ എന്തു നിവൃത്തി. എന്നെ തല്ക്കാലം വിളിപ്പാൻ കല്പിച്ചതിന്നു വിശേഷകാരണം ഒന്നും ഉണ്ടായിരിക്കയില്ലാ."

"പതിനഞ്ചു ദിവസത്തിനകത്ത് അന്യായം ഫയലാക്കുമെന്ന് ഒരു രജിസ്തൃകത്ത് അയച്ചിരിക്കുന്നു. അതു കിട്ടിയ ഉടനെ പണിക്കരെ വിളിക്കാൻ കല്പനയായി."

ഇങ്ങിനെ ഓരോ വിശേഷങ്ങൾ പറഞ്ഞുകൊണ്ട് ഇവർ വഴി നടന്നു എടത്തിൽ എത്തി.

ചാത്തുപ്പണിക്കർ കണ്ടാൽ സുമുഖനാണ്. വെളുത്ത നിറമാണ്. കഷണ്ടിയാണ് തലയിൽ എങ്കിലും മുഖത്തിന് ആകപ്പാടെ നല്ല ശ്രീയുണ്ട്. നല്ല പാവുമുണ്ട് രണ്ട് അടി അമരം താഴ്ത്തി ഉടുത്തിട്ടുണ്ട്. നെറ്റിയിലും മാറത്തും വെളുത്ത് ഭസ്മക്കുറി ഇട്ടിരിക്കുന്നു. കഴുത്തിൽ സ്വർണ്ണം കെട്ടിയ ഒരു വലിയ പഞ്ചമുഖരുദ്രാക്ഷം ഒരു ചെറിയ നൂലിന്മേൽ ധരിച്ചിട്ടുണ്ട്. വൃത്തിയായി തുന്നിച്ച കവിടിസഞ്ചിയും ഓലപ്പഞ്ചാംഗവും മുഴുവൻ വെള്ളികെട്ടി. ഒരു എഴുത്താണിയും ഒരു വെളുത്ത തോർത്തുമുണ്ടുകൊണ്ടു മൂടി എടത്തെ കക്ഷത്തിൽ വെച്ചിട്ടുണ്ട്. അച്ചനെ കണ്ട ഉടനെ താണു വലിച്ച് കുട്ടി തൊഴുതു. ഒന്നാമതു താണു തല വണങ്ങി തൊഴുത ശേഷം പിന്നെ നീർന്നുനിന്ന് അച്ചന്റെ മുഖത്തേക്കു നേരെ നോക്കി അല്പം ഒരു മന്ദഹാസത്തോടും അതിഭക്തിരസത്തോടും കൂടി നോക്കി മാർവിടത്തിന്നു നേരെ കൈകൾകൊണ്ടു വന്നു ഒരു അഞ്ചെട്ടു പ്രാവശ്യം തൊഴുതു.

അച്ചൻ:- എന്താണ് ഈയ്യിടെ ഇങ്ങോട്ട് വരവ് ചുരുക്കുന്നു?

പണിക്കർ:- അടിയൻ ഒരു മാസമായി ഇവിടെ ഉണ്ടായിരുന്നില്ല. തേഞ്ചേരി കോവിലകത്ത് ഒരു തറവാട്ടു പ്രശ്നത്തിനായി വിടകൊണ്ടിരുന്നു. അടിയൻ തിരുമനസ്സിലെ ഒരു കാരുണ്യത്തെയല്ലാതെ വേറെ യാതൊന്നിനേയും ഇച്ഛി ക്കുന്നവനല്ല. ഇവിടെ തല്ക്കാലം തിരക്കുകൾ ഇല്ലെന്ന് അറിഞ്ഞതിനാൽ തേഞ്ചേരിനിന്ന് ആൾ വന്നപ്പോൾ വിടകൊണ്ടതാണ്.

അ:- ഇവിടെ ചുരുങ്ങീട്ട് ഒരു പ്രശ്നം വേണം.

ഇതു പറഞ്ഞപ്പോൾ പണിക്കർ മേലോട്ടു രണ്ടു ഭാഗത്തേക്കും ഒന്നു നോക്കി. വലത്തെ കൈ മൂക്കിന്റെ മദ്ധ്യത്തിൽ വച്ചു വായുവേ ഉറച്ചുവിട്ടു. ഇതിന് ശരം എന്നു പറയും.

അ:- എന്താണ് നോക്കിയതു്. ശരം എങ്ങിനെ. ശുഭമോ, അശുഭമോ?

പ:- ശുഭം, ശുഭം, അത്യന്തശുഭം.

അ:- ഈശ്വരോ രക്ഷതു.

പ:- ഭഗവൽകൃപ പൂർത്തിയായി ഉണ്ട്. വിളിപ്പാൻ വന്നപ്പോൾ തന്നെ രണ്ടു മൂന്നു ശുഭലക്ഷണങ്ങൾ കണ്ടിരിക്കുന്നു.

അകായിൽ നിന്നു പുറത്തേക്കു കടന്ന ഒരു ചെറുപ്പക്കാരൻ കാർയ്യസ്ഥൻ പറഞ്ഞു പ്രശ്നംവേണമെന്ന് കല്പിച്ചപ്പോൾ ഞാൻ ഈ വാതുക്കൽ നില്ക്കുന്നുണ്ടായിരുന്നു. കല്പിച്ച ഉടനെ ഒരു ഗൌളി ഈ പടിയിന്മേൽ നിന്നു ശബ്ദിച്ചു.

അ:- (വലിയ ബദ്ധപ്പാടോടുകൂടി) എത്ര ശബ്ദിച്ചു എത്ര ശബ്ദിച്ചു?

പണി:- എത്ര ശബ്ദിച്ചു. എത്ര ശബ്ദിച്ചു?

കാർയ്യസ്ഥൻ:- ഞാൻ എണ്ണീട്ടില്ല.

അ:- (വലിയ ക്രോധത്തോടെ) കഴുതെ കടന്നു പുറത്തുപോ. ഗൌളി ശബ്ദിക്കു

മ്പോൾ എണ്ണുണ്ടെ. നീ എന്തൊരു ബുദ്ധിഹീനനാണ്. ഈ വക അസത്തുക്കൾ ചോറ്റു ചിലവിനു തന്നെ. കടന്നു പുറത്തുപോ വിഡ്ഢി. കാര്യസ്ഥൻ ഇളിഭ്യനായി അകത്തേക്കു തന്നെ പോയി.

പണിക്കർ പ്രശ്നത്തിനായി കിഴക്കെ കോലായിൽ ഇരുന്നു. വിശേഷമായ ഒരു വീരാളിപ്പുല്ലുപായ് മടക്കി ഇട്ട് അതിൽ കിഴക്കോട്ട് അഭിമുഖമായി ചാത്തുപ്പണിക്കർ ഇരുന്നു. ഇരിക്കുന്നതിനു മുമ്പ് പുല്ലുപായ് തൊട്ട് ഒന്നു വന്ദിച്ചു. കസാലമേൽ ഇരിക്കുന്ന അച്ഛനേ വീണ്ടും ഒന്നു തൊഴുതശേഷമാണ് ഇരുന്നത്. നല്ല ചുവന്ന പട്ടുകോണ്ട് കസവുവെച്ച് ഉണ്ടാക്കീട്ടുള്ള സഞ്ചിയിൽ നിറയെ നിറച്ചു വച്ച കവിടിയും ഓലയും എടുത്ത് എടുത്തുഭാഗത്തു വച്ചു. പായയിൽ ഇരിക്കുമ്പോഴേക്ക് പണിക്കരുടെ മുഖത്തിൽനിന്ന് സ്ഫുരിക്കുന്ന ഒരു ഭക്തിരസം ഇന്നപ്രകാരമെന്നു പറവാൻ പ്രയാസം. കണ്ണ് ഭക്തിരസപാരവശ്യത്താൽ പകുതിയെ മിഴിയുന്നുള്ളു. പ്രശ്നത്തിന് പണിക്കർ ഇരുന്ന ഉടനെ എടത്തിൽ ഉള്ള ഉണ്ണിമാരും മറ്റും കോലാമൽ വന്നു നിറഞ്ഞുനിന്നിരുന്നു. പണിക്കർ മന്ദമായി കവിടി എടുത്തു മുമ്പിലെവെച്ചു തൊഴുതു. സഞ്ചി അഴിച്ച് അത്യന്ത ധവളമായിരിക്കുന്ന ഒരു ഇരുന്നാഴിയോളം കവിടി വീരാളിപ്പായയിൽ ചൊരിഞ്ഞു. ചെറു വക കവിടികളിൽ പത്തും പതിനഞ്ചും വലിയ കവിടികളും സ്ഫടിക മഷിക്കുപ്പിയോ മറ്റൊ പൊളിഞ്ഞതിൽനിന്ന് എടുത്ത ആറേഴ സ്ഫടികക്കഷണങ്ങളും ഉണ്ടായിരുന്നു. കവടി ചൊരിഞ്ഞ് ഉടനെ പണിക്കർ അതിനെ അത്യന്ത ഭക്തിരസത്തോടുകൂടി തൊട്ട് അഭിവാദ്യം ചെയ്തു. കവിടിയെ അഭിവാദ്യം ചെയ്തതു കണ്ടാൽ ആ കവടിയാണ് സാക്ഷാൽ ജഗദീശ്വരൻ എന്നു തോന്നും. ഇതു കഴിഞ്ഞയുടനെ രാശിചക്രം ഉണ്ടാക്കി ഗണപതിക്കു വിടകൾ നിരത്തി പലേപ്രകാരമുള്ള അഭിവാദ്യങ്ങളും ജപങ്ങളും കഴിഞ്ഞശേഷം പ്രശനത്തിനു ആരംഭിച്ചു. ഒരു നാഴികയിൽ ചെറുകവിടി തന്റെ മുമ്പിലേ നീക്കിവെച്ചു വലത്തേ കൈകൊണ്ടു അതിനെ തൊട്ടുകൊണ്ട് അച്ചന്റെ മുഖത്തേക്കു പണിക്കർ ഭാക്തിയോടെ ഒന്നു നോക്കി. അച്ചൻ ഭക്തിവിശ്വാസത്താൽ കണ്ണു പകുതി അടച്ചും കൈകൾ രണ്ടും കൂപ്പുകൈയ്യാക്കി മാറത്ത് അടുപ്പിച്ചുവെച്ചും കൊണ്ട് പറഞ്ഞു. ”ഞാൻ എന്റെ മനസ്സിൽ ഇപ്പോൾ ഒരു കാർയ്യത്തെകുറിച്ച് വിചാരിക്കുന്നുണ്ട്. അതിൽ എനിക്കു വരുവാൻ പോകുന്ന ഗുണദോഷത്തെ ഈ പ്രശ്നം സത്യമായി അറിഞ്ഞു തരട്ടെ.”

ഈ വക്കുകൾ പറഞ്ഞുകഴിഞ്ഞ ഉടനെ പണിക്കർ മന്ദമായി മുമ്പിൽ കൂട്ടിവെച്ച കവിടികളെ തലോടി തലോടി ചുഴറ്റിതുടങ്ങി. കണ്ണുകൾ രണ്ടും തീരെ അടച്ച മന്ത്രജപവും തുടങ്ങി. പണിക്കരുടെ ചുണ്ടുകൾ ഈ ജപത്താൽ അതികലശലായി എളകിത്തുടങ്ങി. വിറപ്പനി ഉണ്ടായാൽ ഇത്രവേഗം വിറയ്ക്കുകയില്ല. വിറ ക്രമേണ കലശലായി തുടങ്ങി. കവിടി തലോടലും മുറുകി മുറുകി ക്രമേണ

കലശലായി. അതുപ്രകാരം തന്നെ ചുണ്ടുകളുടെ വിറയലും. അച്ചനും ഈ സമയം വെറുതെ ഇരുന്നില്ല. തന്റെ ഭഗവതിയേയും മുമ്പു മരിച്ചു പോയ അച്ഛന്മാരേയും ധ്യാനിച്ചു കണ്ണ് അടച്ച് തൊഴുതുംകൊണ്ടിരുന്നു. ഒടുവിൽ കവിടിയുടെ ചലനവും നിന്നു. ധ്യാനശക്തിയാൽ ഒരു നിമിഷം പണിക്കർ കവിടി ചുഴറ്റാതെ മന്ത്രം ജപിക്കാതെ കയ്യ് കവിടിമേൽവച്ചുകൊണ്ട് നിശ്ചഞ്ചലനായി ഇരുന്നു. കവിടി ചുഴറ്റുന്ന ശബ്ദം മാറിയപ്പോൾ അച്ചൻ കണ്ണുകൾ മിഴിച്ചു. പണിക്കർ ചുഴറ്റിയിരുന്ന കവിടിയിൽനിന്ന് ഒരു പിടി വാരിയെടുത്ത് വേറെ വെച്ചു. കണ്ണുമിഴിച്ച് ഉടനെ വേറെ വാരിവെച്ച കവിടികളിൽനിന്നു ക്രമപ്രകാരമുള്ള കിഴിവുകൾ കിഴിച്ചു.

അച്ചന് പ്രശ്നത്തിൽ വളരെ ഭ്രമമാണെങ്കിലും പ്രശ്നശാസ്ത്രത്തെക്കുറിച്ചു യാതൊന്നും നിശ്ചയമില്ല.

അച്ചൻ:- എന്താണു രാശി?

പണിക്കർ:- കന്നിരാശിയാണ് ഉദയം. ലഗ്നത്തിൽ ശനിയും, രണ്ടിൽ കേതുവും, മൂന്നിൽ ഗുളികനും, നാലിൽ ചന്ദ്രനും, അഞ്ചിൽ ചൊവ്വായും, ഏഴിൽ വ്യാഴവും, അഷ്ടമത്തിൽ രാഹുവും, പത്തിൽ ആദിത്യബുധന്മാരും, പതിനൊന്നിൽ ശുക്രനും. ഇങ്ങനെയാണ് ഗ്രഹസ്ഥിതി. ശീർഷോദയരാശിയാണ്.

അച്ചൻ:- അതുകൊണ്ട്.

പ:- വളരെ നല്ലതാണ്. ശീർഷോദയേ സമഭിവാഞ്ചിത കാർയ്യ സിദ്ധി പൃഷ്ടോദയ വിഫലതാ എന്നാണ് പ്രമാണം. ഉദയരാശിയാകുകൊണ്ട് ഇഷ്ടാർത്ഥസിദ്ധിയുണ്ടാവുമെന്നുള്ളതിനു സംശയമില്ല.

അ:- ഈശ്വരോ രക്ഷതു.

പ:- പിന്നെ മൂർദ്ധോദയവും നരരാശിയും മറ്റും വന്നിട്ടുള്ളതുകൊണ്ടും ഇഷ്ടാർത്ഥം ലഭിക്കേണ്ടതാണ്.

അ:- ഇവിടെ ഞാൻ വിചാരിച്ച കാർയ്യം എന്താണെന്നുകൂടി പറഞ്ഞിട്ട് പിന്നെ ഫലത്തെക്കുറിച്ചു പറയാം.

പ:- പറയാം (കുറേനേരം ഗ്രഹസ്ഥിതികൾ നോക്കിയശേഷം) അടിയന്റെ മനസ്സിൽ തോന്നുന്നതു് ഇതു് ഒരു വ്യവഹാരസംബന്ധമായ പ്രശ്നമാണെന്നാണ്. പ്രമാണങ്ങൾ പറയാം. അ:- (മന്ദഹസിച്ചുംകൊണ്ട്) "അതെ, പണിക്കർക്ക് സമനായ ഒരു ജ്യോതിഷക്കാരനെ ഞാൻ ഇതുവരെ കണ്ടിട്ടില്ല. എനി ഗുണദോഷങ്ങൾ പറയുകയേ വേണ്ടു. ഒരു വ്യവഹാരത്തെപ്പറ്റി തന്നെയാണ് പ്രശ്നം. അങ്ങിനെ ആയാൽ ഈ രാശികൊണ്ടുള്ള ഫലം വെടിപ്പായി കേൾക്കട്ടെ.

പ:- വ്യവഹാരപ്രശ്നത്തിൽ ശനിയുടെ ഉദയം ഉണ്ടാവുന്നതു വളരെ വിശേഷവിധിയായിട്ടുള്ളതാണ്. "വിവാദേ ശത്രുഹനനേരണേ സങ്കടകേപി വാ ക്രൂരമൌമൂർത്തൌ ശഭോജ്ഞേയഃ ക്രൂരതൃഷ്ട്യാ പരാജയഃ:" എന്നാണ് പ്രമാണം. ഉദയ

രാശിയിൽ പാപോദയം വ്യവഹാരകാർയ്യത്തിന്നും ശത്രുനാശത്തിന്നും വളരെ ഗുണമായുള്ളതാണ്. പിന്നെ ”ഭാനുവിന്ദുബലിനൌ ചതുഷ്ടയഗതൌ ക്ഷേത്രം താങ്കയോർവ്വാ ഭവേ ദാരുഢംയദിവൊ ദ്യദിസ്ഥി നൃപതേ രാജ്യാനുഭ്രതിഃപരം. ഏതൌ ചേദ്വി പരിതതാമുപഗതൌ രാജ്ഞാനുഭ്രയെ തനോ രാജ്യം സമ്യഗ തീരയേദവനിഭുദ്യോഗാശ്ചചിന്ത്യാ ഇഹ” ആദിത്യചന്ദ്രന്മാർ ബലവാന്മാരായും കേന്ദ്രസ്ഥന്മാരായും വരികയും അവരുടെ ക്ഷേത്രം ആരൂഢമായോ ഉദയമായോ വരികയും ചെയ്താൽ രാജപ്രീതിക്കും മറ്റും യോഗമുണ്ടാവുന്നതാണ്. പിന്നെ നിവൃത്തിരാശിയിൽ വ്യാഴം സ്വക്ഷേത്ര ബലത്തോടുകൂടി ഇരിക്കുന്നതും ശുഭപ്രദം തന്നെ. ”ജീവസ്ഥഗേ ബലവതി ദ്രവിണാദിലാഭോ മാനോന്നതിർന്നരപതേർ ന്നിതരാം പ്രസാദഃ ശത്രുക്ഷയശ്ചയശസാഞ്ച സമാഗമോഥ ദൈവൈനുകൂല്യമപി സർവ്വഹിതാർത്ഥ സിദ്ധി” വിചാരിച്ച സകല കാർയ്യവും സാധിക്കും. കീർത്തി താനേ അധികമായി ഉണ്ടാകും. രാജാവിന്റെ പ്രീതിയുണ്ടാവും. ശത്രു ക്ഷയിക്കും എന്നാണ്.

അ :– (രാഘവനുണ്ണിയെ നോക്കീട്ട്) ഈമാതിരി വ്യാജങ്ങൾ പ്രവർത്തിക്കുന്ന വർക്ക് ക്ഷയമല്ലാതെ വരുമോ. പ്രശ്നശാസ്ത്രം മിത്ഥ്യയാവുമോ ?

രാ :– ഒരിക്കലും ആവുകയില്ല. ഈ മഹാവ്യാപ്തി നടത്തുവാൻ ഉത്സാഹിക്കുന്നവർ ആസകലം ജേലിലാവാതിരിക്കുമോ ?

പ :– (മന്ദഹസിച്ചുംകൊണ്ട്) ഏകദേശം അത്രത്തോളം എല്ലാം വരുമെന്നുതന്നെ അടിയനു തോന്നുന്നു. ശനിയുടെ ഉദയം ഈ വക പ്രശ്നത്തിൽ അത്യന്തവിശേഷമാണ്. ശത്രുസംഹാരിയാണ് ശനി. പിന്നെ ഇവിടെ ലഗ്നകർമ്മപതിയായ ബുധൻ നിപുണയോഗപ്രദനായിട്ടു സ്വക്ഷേത്രത്തിൽ കർമ്മഭാവത്തിങ്കൽ ഇരിക്കുന്നു. ഇത് അത്യന്തശുഭമാണ്. അതുകൂടാതെ സർവ്വാഭീഷ്ടസ്ഥാനപതിയായ ചന്ദ്രൻ ലഗ്ന കർമ്മപതിയായ ബുധനെ ദൃഷ്ടിചെയ്തുംകൊണ്ട് നാലിൽ ഇരിക്കുന്നത് അഭീഷ്ടകാർയ്യസിദ്ധിയെ കൊടുക്കുന്നതാണ്. പിന്നെ ധനഭാഗ്യപതിയായ ശുക്രൻ പതിനൊന്നാം ഭാവത്തിലിരിക്കുന്നത് ഏറ്റവും ശുഭപ്രദം തന്നെ. ”ഭാഗ്യം നൃണാം പ്രഥമമത്ര വിചാരണീയം ഭാഗ്യം ഹി സർവ്വശുഭകാരണമാഹുരാർയ്യഃ ഭാഗ്യാധിപേഭിമതരാശിഗതേ നരാണാം ജീവേക്ഷിതേ നനുഭവേദഖിലാർത്ഥ സിദ്ധിഃ”. ഇത്യാദികളായ അനേകപ്രമാണങ്ങൾ നോക്കിയാലും ഇവിടേക്ക് ഈ കാർയ്യത്തിൽ ജയംവരാതെ ഇരിപ്പാൻ തരമില്ല. അത്രയുമല്ല വ്യാഴശുക്രന്മാർക്ക് ഇഷ്ടഭാവസ്ഥിതിയും മറ്റും ഉണ്ടായാൽ രാജമന്ത്രിയുടെ അനുകൂലതകൊണ്ട് ഒരു വിശേഷവിധി ഈ കാർയ്യത്തിൽ സിദ്ധിക്കേണ്ടതാണ്. ”ഉദയഭംശശിനസ്സുത ഈക്ഷതേ ഹിമരുചിം യ ദിവ പരമശ്ശുഭഃ വിജയഭൃത് ധനലബ്ധി മിരാദിശോശ്ശുഭ തം പുനരത്ര ന കിഞ്ചന” എന്നാണ് പ്രമാണം.

അച്ചൻ :- ആ മഹാപാപി ഉദയന്തളി ഈ കാർയ്യത്തിൽ ജേലിൽ കുടുങ്ങാതിരിക്കില്ല. അത്രയ്ക്കുമാത്രം വിശേഷത് കാണുന്നുണ്ട്. ഈ പ്രശ്നവശാൽ ഇല്ലെ പണിക്കരെ ?

പ :- നിസ്സംശയമായി ഉണ്ട്. സംശയം തിരുമനസ്സിലേക്കു ലേശം വേണ്ട. എന്നല്ല ബുധൻ ഉദയരാശിയെ നോക്കുകയോ ചന്ദ്രനെ ശുക്രൻ നോക്കുകയോ ചെയ്താൽ അത്യന്തശുഭോദയമാണ്. "ശുഭവർഗ്ഗലഗ്നഗതേ ലഗ്നേവാ സൌമ്യ യോഗമായാതേ ബ്രൂയാദഭിമതസിദ്ധിം പൃഷ്ടസ്ഥആനാന്തവാപ്തീം."

പണിക്കർ ഇത്രത്തോളം പറയുമ്പോഴേക്ക് അമ്പലത്തിൽനിന്നു വാദ്യശബ്ദവും ശംഖുവിളിയും കേട്ടു. ഉടനെ പണിക്കർ "ഇത്ര വിശേഷമായ ഒരു ലക്ഷണം എനി ഒന്നും ഉണ്ടാവാനില്ല. പ്രശിനകാലത്ത് ഭേരിനാദവും ശംഖദ്ധ്വനിയും ഒരു അത്യന്ത വിശേഷണ ലക്ഷണമാണ്. "ഭേരീമൃദംഗമൃദുമദ്ദള ശംഖ വീണാ വേദദ്ധ്വനിനിർമ്മധുരമംഗലഗീതഘോഷഃ" എന്നാണ് പ്രമാണം.

അച്ചന്റെ മനസ്സു തെളിഞ്ഞു. വക്കീൽ രാഘവമേനോന്റെ കത്തു വായിച്ചതിനാലുണ്ടായ സകല വ്യസനവും മൌഢ്യവും തീർന്ന് വ്യവഹാരത്തിൽ ജയിച്ച് , രാമവർമ്മൻ തിരുമുല്പാടിനേയും , രാമൻമേനോനെയും പതുപ്പത്തുകൊല്ലം തടവിൽ വെപ്പാൻ കല്പിച്ചതിൽ ഉണ്ടാവുന്നപ്രകാരം സന്തോഷിച്ചു. പണിക്കർക്ക് സമ്മാനം കൊടുത്തു അയച്ച് വൈത്തിപ്പട്ടരുടെ വരവും കാത്തിരുന്നു. ചത്തുപ്പണിക്കരെ നമ്മൾക്ക് അത്രവേഗം വിടാൻ പാടില്ല. ഈ കള്ളജോത്സ്യൻ ഇയാളുടെ വീട്ടിൽ തിരിയെ എത്തിയത് അറിഞ്ഞ ഉടനെ രാമവർമ്മൻ തിരുമുല്പാട് ഇയാളെ വിളിപ്പാൻ ആളെ അയച്ചു. എടത്തിൽ പ്രശ്നംകഴിഞ്ഞാൽ എല്ലാം തിരുമല്പാട് ഉടനെ പണിക്കരെ വരുത്തി സകല വിവരങ്ങളും ചോദിച്ചറിയുമാറുണ്ട്. അച്ചനെപ്പോലെതന്നെ പ്രശ്നശാസ്ത്രത്തിൽ തിരുമുല്പാട്ടിലേക്കും ബഹു വിശ്വാസമാണ്. പണിക്കര് രണ്ടുദിക്കിലും തരംപോലെ പറഞ്ഞ് പണം പിടുങ്ങുന്നതിൽ അതിനിപുണനും ആയിരുന്നു.

ചാത്തുപ്പണിക്കര് ജാഗ്രതയായി ഉദയന്തളി കോവിലകത്തു കല്പനപ്രകാരം ഹാജരായി. അച്ചനെ തൊഴുത് അഭിവാദ്യം ചെയ്തതിലും ഭംഗിയായി ആ വക ആചാരങ്ങളെ എല്ലാം കാണിച്ചു പഞ്ചപുച്ഛമടക്കി മുമ്പാകെ നിന്നു.

തിരുമുല്പാട് :- എന്താണ് ഇന്നലെ പൂഞ്ചോലക്കര പ്രശ്നത്തിന്നു പോയിരുന്നുവോ ? എന്തു സംബന്ധമായിട്ടിയിരുന്നു പ്രശ്നം ?

ചാ :- (മന്ദഹസിച്ചുംകൊണ്ട്) ഒരു വ്യവഹാരപ്രശ്നമായിരുന്നു.

തി :- എങ്ങിനെ പ്രശ്നവശാൽ , എടത്തിലേക്കു ഗുണമായിട്ടോ കണ്ടത് ?

ചാത്തുപ്പണിക്കര് ഒരു മന്ദഹാസത്തോടുകൂടി തല പതുക്കെ ഒന്നു താഴ്ത്തി നിന്നു.

ത :- എന്താണ് പറയാൻ മടിക്കേണ്ട. പ്രശ്നവശാൽ ഗുണമായിട്ടാണ് കണ്ടത്

എങ്കിൽ ഇവിടെ അതുകൊണ്ടു ഒരു മൌഢ്യവും ഇല്ല. ധാരാളമായി പറയാം. എന്തായിരുന്ന രാശി ?

പ :- കന്നി രാശിയായിരുന്നു. ശനി ഉദയമാണ്.

തി :- അതുകൊണ്ടോ ?

പ :- റാൻ. ഗുണം പോരാ. വ്യവഹാരപ്രശ്നത്തിന്ന പാപോദയം കേവലം വിരോധം തന്നെ. 'പാപേ ലഗ്നതേ പരാജയ ശിരോരുഗ്ദുഃഖദുഷ്കീർത്തായാഃ സ്ഥാനഭ്രംശ ധനക്ഷയാഖില ശരീരാസ്വസ്ഥ്യ ദുഃഖാധികാഃ പാപേ വിത്തഗദേ സ്വപൂർവ്വനിചത ദ്രവ്യക്ഷയോ വക്രുഗ് ഭർത്തവ്യമായ ദക്ഷണാംബഗരുജാ ദുഷ്ടോക്തി പാത്രക്ഷതി '. ഈ പ്രമാണം കൊണ്ട് പാപൻ ലഗ്നഗതനായിരിക്കും വിഷയത്തിങ്കൽ പരാജയം , കാര്യത്തിൽ തോൽമതന്നെ , മനോദുഖം , അപകീർത്തി , സ്ഥാനഭ്രംശം മുതലായ കഠിനദോഷഫലങ്ങളാണ്. അത് ഇവിടെ വന്നിട്ടുണ്ട്. ശനി വിശേഷിച്ചും ദോഷവാൻ തന്നെ ഹോരാ ശാസ്ത്രത്തിൽ പറയുന്ന "അദൃഷ്ടാർത്ഥോരോഗീ മദനവശഗോത്യന്ത മലിന ശ്ശിശുത്വേപീഡാർത്ത സവിതൃസുതലഗ്നേത്യലസവാൻ. ഗുരുസ്വക്ഷോച്ചസ്ഥേ നൃപതിസദൃശോ ഗ്രാമ പുരപസ്സവിദ്വാംശ്ചാർവ്വാംഗൊ ദിനകരസമോന്യത്ര കഥിത!". ഇത്ര മാത്രമല്ല ദോഷം. ദുരിതാധിപനാണ് ലഗ്നാധിപനോട്ടുകൂടി കർമ്മത്തിൽ-അതുതന്നെ പരാജയത്തിന്ന മതി . 'അരാതി രോഗാദ്യ മരാധിനാഥോ മൃതിശ്വരോ മൃത്യുഭയം കരോതി വ്യായാധിപോ ഭ്രംശദരിദ്രതാദ്യം യോഗേക്ഷണാദ്ദ്യൈരശ്ശുഭോ വിശേഷാൽ" പിന്നെ ഇവിടെ ബുധമൌഢ്യം ഉള്ളതു ഏറ്റവും ദോഷം തന്നെ. വലുതായ ഒരു വ്യവഹാരം ഇപ്പോൾ സംഭവിക്കുകയും ആറാം ഭാവാധിപന്റെ ഉദയം ലഗ്നത്തിൽ വരികയും അഷ്ടമത്തിൽ പാപൻ ഉണ്ടായിരിക്കുകയും അഞ്ചാമെടത്ത് അഷ്ടമാധിപനായ ആദിത്യൻ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ അത്യന്തദേഷമാണ് ഫലമെന്ന നിശ്ചയമായി അനുമാനിക്കേണ്ടതാണ്. ഇതിന്നു പ്രമാണമുണ്ട്. "ഷഷ്ഠം ദ്വാദശമഷ്ടമം ചമുനയോ ഭാവാനനിഷ്ടാൻ വിദുസ്തന്നാഥന്വിതവീക്ഷിതായദധിപായേ ചാവിഭാവാസ്സ്വയം തത്ര സ്ഥാംശ്ച യദീശ്വരാസ്ത്വയയിമേ നശ്യന്തിഭാവാനൃണാം ജാതാവാ വിഫലാ വിനഷ്ടവികലാസ്ത്രാദികഷ്ടോഷ്ടമഃ" ! വിശേഷിച്ച അഷ്ടമാധിപൻ സുകൃതസ്ഥാനത്തു നിന്നതും സുകൃതക്ഷയം തന്നെ. ലഗ്നത്തിൽ ശനിയും അഞ്ചിൽ ചൊവ്വായും നിന്നതുകൊണ്ടു ഈ ലഗ്നത്തിന്നു പരാജയം. തോൽമ ഭവിക്കുമെന്നു മാത്രമല്ല പക്ഷെ അതു നിമിത്തം വല്ല ഉന്മാദമോ ചിത്തഭ്രമമോ കൂടിയുണ്ടാവാൻ ഇടയുള്ളതായിട്ടാണു വിചാരിക്കേണ്ടത്. പ്രമാണമുണ്ട് ലഗ്നംസ്ഥേഥി ക്ഷണേ ദിവാകരസുതോ ഭൌമോധവാദ്യാനഗോ. മന്ദേലഗ്നഗതെ മദാത്മജതപസ്സംസ്ഥൊ മഹീനന്ദന: മൂർത്തൊ മൂഢശശീന്ദു ജൌ കൃശശശി മന്ദശ്ചരഃ ഫേസ്ഥിതൌപാപോപേതകൃ

ശാമൃതാശ്രുരുദയായുസ്സ്വാന്ത്യധർമ്മോപഗൌ.

അടിയൻ ഇത്ര ദോഷകരമായ ലക്ഷണങ്ങൾ ഈയ്യിടെ എങ്ങും ഒരു പ്രശ്നത്തിലും കണ്ടിട്ടില്ല. പ്രശ്നം വേണമെന്നു അവിടുന്നു കല്പനയായ ഉടനെതന്നെ ഒന്നു രണ്ടു കഠിനദുർലക്ഷണങ്ങളാണ് ഉണ്ടായത്. ഒന്നാമത് അടിയൻ നിന്നിരുന്നതിനു നേരെ മേൽഭാഗത്തിൽ ഒരു ബലിഭുക്കു മുറിയെ പറന്നുപോയി. ഉടൻ ഒരു മാർജ്ജാരൻ അടിയന്റെ മുമ്പിൽകൂടി ഓടിപ്പോയി. എന്തൊ ഇത് അവിടേക്ക് ഒരു ആപൽക്കാലമാണെന്നാണ് അടിയന് ആകപ്പാടെ തോന്നിയത്.

തിരുമുല്പാട്ടിലേക്ക് ബഹു സന്തോഷമായി. നമ്മുടെ പെരുങ്കള്ളൻ പണിക്കരു് രണ്ടു മുണ്ടുകൾ ഓണപ്പുടവയായി വാങ്ങി വീട്ടിലേ ക്കു മടങ്ങിപ്പോരികയും ചെയ്തു. പ്രശ്നത്തിന്നു ഉടനെ കോവിലകത്തേക്കു ചെല്ലുണമെന്നു ഏറ്റിട്ടാണ് പോന്നത്. എന്നാൽ ഈ പെരുങ്കള്ളന്റെ വർത്തമാനത്തെക്കുറിച്ച് ഞാൻ എനി എഴുതുന്നില്ല. ഈ കള്ളത്തൊഴിൽകൊണ്ടു നാട്ടുകാരെ ഭ്രമിപ്പിച്ചു പണം പിടുങ്ങി നടന്നുകൊള്ളട്ടെ.

വൈത്തിപ്പട്ടരെ കൂട്ടിക്കൊണ്ടുപോയ വർത്തമാനത്തെക്കുറിച്ചാണ് എനി ഈ അദ്ധ്യായത്തിൽ പറവാനുള്ളത്. എടത്തിലെ കാര്യസ്ഥൻ കുഞ്ചുമേനോനും ഭൃത്യന്മാരും വൈത്തിപ്പട്ടരെ കൂട്ടിക്കൊണ്ടുവരുവാൻ പുറപ്പെട്ട വിവരം മുമ്പു പറഞ്ഞിട്ടുണ്ടല്ലോ.

രാമന്മേനോനും മറ്റും ഉദയന്തളിക്കു പുറപ്പെട്ടുപോയ മുതൽ വൈത്തിപ്പട്ടരു ടെ ആലോചനകൾ എല്ലാം അതുവരെ ഉണ്ടായിരുന്ന പ്രകൃതികളിൽനിന്നു കേവലം മാറിയിരിക്കുന്നു. രാമൻമേനോൻ കൂടെ ഉണ്ടായിരുന്നപ്പോൾ ഏതു വിധമെങ്കിലും അദ്ദേഹത്തിന്റെ കയ്യിൽനിന്നു പണം തട്ടിപറിക്കേണമെന്നുള്ള ദുരാശയായിരുന്നു ഇദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നത്. അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോവാൻ ഉദയന്തളിയിൽനിന്ന് ഉദയവർമ്മൻ തിരുമുല്പാടും ആൾക്കാരും എത്തിയതു കണ്ടനിമിഷം മുതൽ രാമൻമേനോനെ സേവിച്ചിട്ട് തനിക്കു യാതൊരു പ്രയോജനവും ഉണ്ടാകയില്ലെന്നു പട്ടരു തീർച്ചയാക്കിയിരിക്കുന്നു. എനി ഈ കാര്യസംബന്ധമായി തനിക്കു വല്ലതും സമ്പാദിക്കേണമെങ്കിൽ പൂഞ്ചോലക്കര എടക്കാരുടെ ഭാഗം ചേർന്ന് രാമൻമേനോടു മത്സരിച്ചാൽ മാത്രമേ സാധിക്കയുള്ളൂ എന്ന് പട്ടര് ഉറപ്പായി നിശ്ചയിച്ചിരിക്കുന്നു. രാമൻമേനോൻ വ്യവഹാരത്തിന്നു പുറപ്പെടും എന്നുള്ളതിനെപ്പറ്റി പട്ടർക്ക് ലേശംപോലും സംശയം ഉണ്ടായിരുന്നില്ല. ഉദയന്തളി രാമവർമ്മൻ തിരുമുല്പാടും പൂഞ്ചോലക്കര എടക്കാരും തമ്മിൽ ഉള്ളസ്ഥിതിയെപ്പറ്റി വൈത്തിപ്പട്ടർക്ക് നല്ല അറിവുണ്ട്. എന്തെങ്കിലും ഒരു സംഗതി കിട്ടിയാൽ പൂഞ്ചോലക്കര എടക്കാരോടു വ്യവഹാരത്തിന് പുറപ്പെടേണമെന്ന് അത്യാഗ്രഹത്തോടു കൂടിയാണ് തിരുമുല്പാട്

ഇരിക്കുന്നത് എന്ന് വൈത്തിപ്പട്ടര് നല്ലവണ്ണമറിയും. രാമൻമേനോൻ വ്യവഹാരം തുടങ്ങിയാൽ പൂഞ്ചോലക്കര ഒന്നു ഭയപ്പെടും. അപ്പോൾ തനിക്കു കടന്നു വീഴാം. രാമൻമേനോന്റെ ഭാഗം ചേർന്നതിനാൽ വിശേഷപ്രയോജനങ്ങൾ ഒന്നും ഉണ്ടാകയില്ല. ശങ്കരനും തിരുമുല്പാടും അത്യാവശ്യത്തിലധികം ഒന്നും രാമൻമേനോനെക്കൊണ്ടു ചിലവിടീക്കുകയില്ല. പിന്നെ രാമൻമേനോൻവശം ആദ്യം താൻ ഊഹിച്ചിരുന്നതുപോലെ യുള്ളദ്രവ്യം ഇല്ല. അത്രയുമല്ല, സ്വതേ തിരുമുല്പാട് ലുബ്ധനാണ്, അദ്ദേഹം വ്യവഹാരഭ്രാന്ത് നിമിത്തം പണം കുറെ അധികം ചെലവു ചെയ്തു ക്ഷീണിച്ചിരിക്കുന്ന കാലമാണ്. പൂഞ്ചോലക്കാരോ ദ്രവ്യത്തിൽ നീന്തിക്കുളിക്കുന്നവരാണ്. ഇങ്ങിനെ ദ്രവ്യപുഷ്ടിയും പ്രബലതയും ചെലവു ചെയ്‌വാൻ അലക്ഷ്യതയും ഉള്ള ഒരു കൂട്ടരെ വേറെ കാണുകയില്ല. വലിയച്ചൻ സന്തോഷിച്ചാൽ ഒരു ചെറിയ കളപ്പാട ചാർത്തിക്കിട്ടിയാൽ പോരേ? ഒരു ചേരിക്കല്ല കാര്യം കിട്ടിയാൽ മതിയല്ലോ. നിശ്ചയമായും കഴിയുമെങ്കിൽ എടത്തിലെ ഭാഗം തന്നെയാണ് ചേർന്നുത്സാഹിക്കേണ്ടത്. ഇങ്ങിനെ ആയിരുന്നു വൈത്തിപ്പട്ടരുടെ വിചാരം. എന്നാൽ പട്ടർക്കു എടക്കാരെ ഉള്ള ഭയം വിട്ടിട്ടില്ല. താനെ കടന്നു ചെന്നു സേവയ്ക്കു കൂടികളയാം എന്നുള്ള ആലോചന ഉണ്ടയതേയില്ല. തന്നെ എടത്തിൽനിന്നു വിളിപ്പിക്കണം. എന്നാൽ ഭാഗ്യമായിപ്പോയി. വിളിപ്പിക്കുമോ അതാണു സംശയം. താൻ രാമൻമേനോന്റെ ഭാഗിയണെന്നല്ലെ അപ്പോൾ ഉള്ള ശ്രുതി. അങ്ങിനെ ഇരിക്കുമ്പോൾ തന്നെ വിളിപ്പിക്കുമോ, സംശയം.എന്നാൽ ഉദയന്തളിക്കു രാമൻമേനോന്റെ കൂടെ താൻ പോയിട്ടില്ലല്ലൊ. ആ വർത്തമാനം എടത്തിൽനിന്ന് അറിയാതിരിക്കുമോ ഒരിക്കലും ഇല്ല. അപ്പോൾ ഒരു സമയം വിളിപ്പിക്കാൻ ആളെ അയച്ചുവെന്നുകൂടെ വരാം, വരാം, ഇങ്ങിനെ പട്ടര് ഇരുഭാഗവും ആലോചിച്ച് ഒരു ഭാഗവും ഉറയ്ക്കാതെ വശായി. എന്നാൽ തന്നെ പൂഞ്ചോലക്കര എടക്കാർ വിളിപ്പിച്ചാൽ എന്തെല്ലാം കളവുകളാണു രാമൻമേനോനെക്കൊണ്ടും ശാരദായെക്കൊണ്ടും പറയേണ്ടത് എന്നുള്ളത് പട്ടർ മുമ്പുതന്നെ ആലോചിച്ചു നിശ്ചയിച്ചിട്ടുണ്ട്. പട്ടർ ഇങ്ങനെ സംശയിച്ചികൊണ്ടിരിക്കുന്ന കാലത്താണ് ഒരു ദിവസം രാവിലെ എടത്തി ലെ കാര്യസ്ഥൻ കുഞ്ചുമേനോനും ഭൃത്യന്മാരും തന്റെ ഗൃഹത്തിലേക്കു കയറിവരുന്നതു കണ്ടത്. കണ്ടപ്പോൾതന്നെ പട്ടർക്കു കാര്യം മനസ്സിലായി, മനസ്സിന് അത്യന്തം സന്തോഷമായി.

വൈ:-ഓ, ഹൊ, ഓ, ഹൊ, ശിവ! ശിവ! എത്ര കാലമായി കുഞ്ചുമേനോനെ കണ്ടിട്ട്. ഇരിക്കിൻ, ഇരിക്കിൻ. എടത്തി ൽ നിന്നു തന്നെയായിരിക്കും വരുന്നത്.

കുഞ്ചുമേനോൻ:- അതെ, അച്ചൻ കല്പിച്ചിട്ട് വന്നതാണ്. സ്വാമിയെ ഉടനെ അങ്ങ

ട്ടു കൂട്ടിക്കൊണ്ടു ചെല്ലുവാൻ കല്പനായായിരിക്കുന്നു. വൈ:- (സന്തോഷത്താൽ ചിറിച്ചുംകൊണ്ടു) എന്തിനാണപ്പാ തല്ലിക്കാനൊ? പണ്ടത്തെ കറ എനിയും വലിയ എജമാനെന്നു തീർന്നിട്ടില്ലെന്നു തോന്നുന്നു.

ക:-ശിക്ഷ, തല്ലിക്കാനും മറ്റുമല്ല. സ്വാമിയെ കാണ്മാൻ അവിടുന്നു വഴുകി നിൽക്കുന്നു. ഉടനെ പുറപ്പെടുന്നില്ലേ? നിങ്ങളോട് അവിടത്തേയ്ക്കുള്ള സകല മുഷിച്ചിലും തീർന്നു. മനസ്സു തെളിഞ്ഞിരിക്കുന്നു. ആ തിരുവനന്തപുരക്കാരൻ കള്ളൻപിള്ളയും കുട്ടിയും നിങ്ങളുടെ അടുക്കെവന്നു താമസിച്ചിരുന്നുവെന്നും നിങ്ങൾ ഈ കള്ളക്കാര്യത്തിനു സഹായിക്കുകയില്ലെന്നു തീർച്ചയായി പറഞ്ഞശേഷം അവർ നിങ്ങളെ വിട്ട് ഉദയന്തളിക്കു കടന്നുപോയി എന്നും കേട്ടിട്ട് അവിടുന്നും ഉണ്ണിമാരും എല്ലാവരും ഒരുപോലെ സന്തോഷിച്ചിരിക്കുന്നു. ഒട്ടും താമസിക്കാതെ എനി പുറപ്പെടണം. നിങ്ങൾ ചെറുപ്പം മുതൽക്കെ അവിടെ ആശ്രയിച്ചു വന്നാളല്ലെ? അവസാനംവരെ ആശ്രയം തന്നെയാവട്ടെ.

വൈ:-ഈശ്വരൻ സത്യസ്വരൂപനാണല്ലൊ. അച്ഛന്റെ മനസ്സിൽ ദൈവംതന്നെ സത്യത്തെ ഉദിപ്പിക്കട്ടെ. ഞാൻ അവിടേക്കു ഒരിക്കലും ഒരു ദോഷവും ചെയ്കയില്ല. ഞാൻ അവിടുന്നു കല്പിക്കുന്നതുപോലെ പ്രവർത്തിപ്പാൻ എല്ലായ്പ്പോഴും ഒരുക്കമാണ്. ഞാൻ ആ പിള്ളയ്ക്കു ഒരു സഹയവും ചെയ്കയില്ലെന്നു പറഞ്ഞതു അച്ഛൻ അറിഞ്ഞു ഇല്ലേ? ഈശ്വരാധീനം, സത്യം അറിഞ്ഞുവല്ലോ.

ക:-വെടിപ്പായി അറിഞ്ഞു. പലരും ആ ദിക്കിൽ ഈ വിവരങ്ങൾ പറയുന്നുണ്ടല്ലോ.

വൈ:-ഈശ്വരോ രക്ഷതു. ഞാൻ ചെയ്തത് ഉറക്കത്തിൽ കാലു തലോടി കൊടുത്തതുപോലെ ആയില്ലല്ലോ. അതെന്റെ ഒരു ഭാഗ്യം.

ക:-വലിയ ഭാഗ്യം തന്നെ. അവിടുന്ന് ഒന്നു കടാക്ഷിച്ചാൽ സ്വാമി കുബേരനായി പോയല്ലോ.

വൈ:-കടാക്ഷിക്കണ്ടേ?

ക:-കടാക്ഷിക്കും.

വൈ:-എപ്പോൾ കടാക്ഷിക്കുമോ?

ക:-നിങ്ങൾ അവിടെ ചെന്ന നിമിഷം കടാക്ഷിക്കും.

വൈ:-എന്തൊ അപ്പാ. ഈ നിർഭാഗ്യമണ്ടയുംകൊണ്ടു ചെല്ലുന്നേടത്ത് എല്ലാം അനർത്ഥം

ക:-നിർഭാഗ്യമണ്ട എല്ലാം തീർന്നു. ഭാഗ്യമുണ്ടായിപ്പോയി. അതിഭാഗ്യമണ്ട. ആട്ടെ എപ്പോഴാണ് പുറപ്പെടുന്നത്. വൈ:-രാവിലത്തെ വണ്ടിക്കല്ലെ എനി തരമുള്ളു.

അന്ന് കുഞ്ചുമേനോനും കൂടെയുള്ളവരും പട്ടരുടെ കൂടെ താമസിച്ചു. പിറ്റെ

ദിവസത്തെ വണ്ടിക്കു വൈത്തിപ്പട്ടരും കുഞ്ചുമേനോനും ഭൃത്യന്മാരും പൂഞ്ചോലക്കരക്കായി പുറപ്പെടുകയും ചെയ്തു. കുഞ്ചുമേനോൻ പലേവിധം ശ്രമിച്ചിട്ടും വൈത്തിപ്പട്ടർ രാമന്മേനോന്റെയും ശാരദായുടെയും യഥാർത്ഥസ്ഥിതികളെ കുറിച്ച യാതൊന്നും കുഞ്ചുമേനോടു പറഞ്ഞില്ല. അതു ഗോപ്യമായിട്ടുള്ളതാണെന്നും വലിയച്ഛനോടു മാത്രം സ്വകാര്യമായിട്ടെ പറവാൻ പാടുള്ളുവെന്നും പറഞ്ഞു ശഠിച്ച യാതൊരു വിവരത്തേയും അറിയിച്ചില്ല.

വൈത്തിപ്പട്ടർ എടത്തിൽ എത്തിയത് ഒരു വൈകുന്നേരം അഞ്ചുമണി സമയമാണ്. പട്ടരെ കണ്ടപ്പോഴേക്കു എടത്തിലുള്ളവർക്ക് ഒക്കെയും ഒരു പരിഭ്രമം. എന്താണ് ഈ പരിഭ്രമത്തിന്നു സംഗതി എന്ന് അവർക്കുതന്നെ നിശ്ചയമില്ല. എടത്തിൽ ഉള്ളവരിൽ കൃഷ്ണനുണ്ണി ഒഴികെ മറ്റു സകല ആളുകൾക്കും ശാരദായേയും രാമൻമേനോനേയും വൈത്തിപ്പട്ടർ വേഷംകെട്ടി പുറപ്പെടീച്ചതാണെന്നായിരുന്നു വിചാരം. കൃഷ്ണനുണ്ണി ഒന്നും തീർച്ചയാക്കീട്ടില്ല. ഒരു സമയം കാര്യം നേരായിരിക്കാം എന്ന് ഒരു സംശയമുണ്ടായിരുന്നു. വൈത്തിപ്പട്ടരെ കണ്ടപ്പോൾ അദ്ദേഹത്തിന്നു ഈ സംശയം മിക്കവാറും തീർന്നു എന്നു തന്നെ പറയാം. പട്ടരുടെ ക്രൂരവക്ത്രവും സർപ്പദൃഷ്ടിയും കണ്ടപ്പോൾ ഇയ്യാൾ ഒരു മഹാപാപിതന്നെയാണ്, ഇയ്യാൾ ചെയ്യുന്നത് പാപകർമ്മങ്ങളായിട്ടാണ് വരുവാൻ അധികം സംഗതിയുള്ളത്. പട്ടരുടെ കള്ളപ്രവൃത്തി തന്നെയായിരിക്കണം ഇത് എന്നും മറ്റും കൃഷ്ണനുണ്ണിക്കും കൂടി തോന്നിപ്പോയി. പട്ടർ എടത്തിൽ പൂമുഖത്തു കയറിയപ്പോഴേക്കു മാളികമുകളിൽനിന്നു പട്ടരെ വിളിക്കാൻ ഒന്നുരണ്ടുപേർ ബദ്ധപ്പെട്ട് ഓടിയെത്തി. മുകളിൽ വൈത്തിപ്പട്ടർ കയറിച്ചെന്നു. അച്ചൻ തെക്കിനിമാളികമുകളിൽ തളത്തിൽ നിൽക്കുന്നു. പട്ടരെ കണ്ട ഉടനെ-

അച്ചൻ:-നിങ്ങൾ ആവശ്യപ്പെട്ടപ്രകാരം ക്ഷണത്തിൽ വന്നുവല്ലോ. സന്തോഷമായി.

വൈ:-ഞാൻ ഇവിടത്തെ ആശ്രിതനാണെന്നുള്ള വിചാരം ഇതു വരെ വിട്ടിട്ടില്ല. കാലദോഷത്താൽ ഇവിടത്തേക്കു എന്റെ മേൽ അപ്രീതി ഉണ്ടാവാൻ കാരണമായി. ഏതായാലും എനിക്ക് ഇവിടുത്തെ അന്നം ഭക്ഷിച്ച വളർന്നവനാണെന്നുള്ള സ്മരണയും ഇതുവരെ വിട്ടിട്ടില്ലാ. ഈ ജന്മം വിടുകയുമില്ല. അ:-നിങ്ങൾക്കു ആ ഭക്തിയുണ്ടെന്ന് ഞാൻ ഈയ്യിടെ ചില വിവരങ്ങൾ കേട്ടതിൽ നിശ്ചയിച്ച.

വൈ:-(കണ്ണുനീർ തുടച്ചും എടത്തൊണ്ട വിറച്ചുംകൊണ്ട്) ദൈവം സത്യസ്വരൂപനാണ്. സത്യംതന്നെയാണു പ്രമാണം എന്നുള്ളത് എനിക്കു നല്ല ബോദ്ധ്യമുണ്ട് എജമാനനെ, സത്യം വിട്ട് ഒന്നും ഞാൻ പ്രവർത്തിക്കയില്ല.

അ:-എന്താണു വൈത്തിപ്പട്ടരെ ഈ ഘോഷങ്ങൾ എല്ലാം കേൾക്കുന്നത്? ഇവിടെ നേരിട്ടു രണ്ടു എഴുത്തുകളായി വരുന്നു. ആരാണ് ഇതെല്ലാം ചെയ്യിപ്പിക്കു

ന്നത്? എന്താണ് വിവരങ്ങൾ. എല്ലാം കേൾക്കട്ടെ.

വൈ:-എല്ലാ വിവരങ്ങളും ബോധിപ്പിക്കാം. കുറെ സ്വകാര്യമായിട്ടേ ഇപ്പോൾ ബോധിപ്പിപ്പാൻ പാടുള്ളൂ. ഇവിടെ പുറമെ ആരും ഇല്ലായിരിക്കും.

എന്നു പറഞ്ഞു വൈത്തിപ്പട്ടർ തളത്തിന്റെ ഉമ്മറത്തെ മുറിയിലേക്കു നോക്കിയപ്പോൾ ഒരു പത്തിരുപത് ആളുകൾ ശ്വാസം കഴിക്കുന്ന ഒച്ചകൂടി അടക്കി ചെവികൾ കൂർപ്പിച്ച് വൈത്തിപ്പട്ടരുമായുള്ള അച്ചന്റെ സംഭാഷണം ഒട്ടൊഴിയാതെ കേൾപ്പാൻ ഒളിച്ചു നിൽക്കുന്നതുകണ്ടു. ഉടനെ അച്ചനും മുറിയിലേക്കു നോക്കി. ”എന്താണ് ഇവിടെ ആൾക്കൂട്ടം? എല്ലാവരും തഴത്തിറങ്ങി പോവിൻ. അസത്തുക്കൾ. സ്വകാര്യമായി എനിക്കു ഒന്നും സംസാരിക്കാൻ കൂടി വയ്യ. ഇവിടെ” എന്ന് അച്ഛൻ പറഞ്ഞത് കേട്ട് എല്ലാവരും ബദ്ധപ്പെട്ടു താഴത്തിറങ്ങിപ്പോയി. ആ കൂട്ടത്തിൽ രണ്ടു നാല് രസികന്മാർ അച്ഛനും വൈത്തിപ്പട്ടരും വീണ്ടും സംസാരം തുടങ്ങിയപ്പോൾ മടങ്ങി മുമ്പത്തെ സ്ഥാനത്തുതന്നെ പോയി നിന്നു സംഭാഷണം മുഴുവനും കേട്ടതായി വിചാരിപ്പാൻ എടയുണ്ട്.

അ:-(വൈത്തിപ്പട്ടരോട്) വിവരങ്ങൾ എല്ലാം പറയിൻ കേൾക്കട്ടെ.

വൈ:-എല്ലാം കേൾപ്പിക്കാം. എനിക്കു നാളെ അസ്തമനം വരെ എടതരണം. അപ്പോൾ ഞാൻ എല്ലാ വിവരവും വഴിപോലെ അറിയിക്കാം.

അ:-അതെന്തിനാണ്? എല്ലാം ഇപ്പോൾതന്നെ പറയാമല്ലോ?

വൈ:-അങ്ങിനെയല്ല. എനിക്ക് ഒരാളെ ഇവിടുത്തെ മുമ്പാകെ കൊണ്ടുവരാനുണ്ട്. അയാൾക്കാണ് വിവരങ്ങൾ എല്ലാം നിശ്ചയമുള്ളത്. അയാൾ എന്റെ സ്വാധീനത്തിൽ ഉണ്ട്. അയാളെ ഒന്നു കൂട്ടിക്കൊണ്ടുവരണം.

അ:-ആരാണ് ഈ ആൾ? എവിടെയുണ്ട് ഈയാൾ?

വൈ:-ആ തിരുവനന്തപുരത്തുകാരൻ പിള്ളയുടെ കൂടെ ഉണ്ട്. നമ്മുടെ രാജ്യക്കാരൻ കൃഷ്ണൻ എന്നു പേരായ ഒരു ചെക്കനാണു ഇവൻ. ഇവനാണ് എന്നോടു എല്ലാ വിവരങ്ങളും പറഞ്ഞത്. ഇവൻ വിവരങ്ങൾ പറഞ്ഞശേഷമാണ് എന്റെ മനസ്സിന്നു കേവലം വിരോധം തോന്നി ഞാൻ പിള്ളയുമായി തെറ്റിയത്.

അ:-എന്താണ് വിവരങ്ങൾ? അതു പറയൂ.

വൈ:-അത് ഇവിടെ അവൻതന്നെ ബോധിപ്പിക്കും. എനിക്ക് ഇവിടെ അറിയിപ്പാൻകൂടി ഭയവും ലജ്ജയും തോന്നുന്നു. അതുകൊണ്ട് എജമാനൻ ഇന്നു രാത്രിയത്തെ എട എനിക്ക് കല്പിച്ചു അനുവദിച്ചാൽ സകല വിവരങ്ങളേയും ഞാൻ നാളെ ഇവിടുത്തെ മനസ്സിലാക്കിക്കൊള്ളാം. എന്റെ കൂടെ ഉദയന്തളിയോളം വരുവാൻ ആ ദിക്കു പരിചയമുള്ള ഒരാളേയും അയച്ചു തരുവാൻ കല്പനയാവണം.

അ:-അങ്ങിനെ തന്നെ, എന്നാൽ നാളെ വെളിച്ചാവുമ്പോഴേക്ക് എത്തുമല്ലോ. ആ

ചെക്കൻ ഇപ്പോഴും പിള്ളയുടെ കൂടെ തന്നെയോ? അവൻ നിങ്ങൾ വിളിച്ചാൽ വരുമോ?

വൈ:-അവൻ എന്റെ സ്വന്തം ആളാണ്. മുമ്പ ഞാൻ ഒരബദ്ധം പ്രവർത്തിച്ച പ്പോൾ ഒന്നിച്ച കൂട്ടിക്കൊണ്ടു പോയതാണ്. അവൻ ഞാൻ പറഞ്ഞപ്രകാരം എല്ലാം കേൾക്കും. അവനെ എനി ഇവിടുന്നു രക്ഷിക്കണം. ഈ നേര് അവൻ പറയുന്നത് ഇവിട്ടത്തെ ഒരു കാരുണ്യം മാത്രം ഇച്ഛിച്ചിട്ടാണ്.

അ:-അതിനെന്തു സംശയം. നിശ്ചയമായി അവനെയും അവന്റെ കുടുംബത്തേയും ഞാൻ രക്ഷിക്കും. ഉടനെ പോയി കൂട്ടിക്കൊണ്ടുവരിൻ.

എന്നും പറഞ്ഞു വൈത്തിപ്പട്ടരുടെ കൂടെ ഗൂഢമായി ഒരാളെയും അയപ്പാൻ അച്ഛൻ കല്പിച്ചു. പട്ടര് ഊൺ കഴിഞ്ഞ് രാത്രിതന്നെ പുറപ്പെട്ടു. ഉദയന്തളി പ്രദേശം നല്ല പരിചയമുള്ള ഒരാളോട്ടുകൂടി ആ ദിക്കിലേക്കു പോയി. രാമൻമേനോൻ താമസിക്കുന്ന മഠത്തിനു സമീപം ഒരു ദിക്കിൽ താമസിച്ചു. കൂടെയുള്ളവനെ പ്രഭാതസമയത്തു രാമൻമേനോൻ പാർക്കുന്ന മഠത്തിലേക്ക് അയച്ചു. കൃഷ്ണൻ എന്നു പേരായി അവിടെ ഒരുവനുണ്ട്. അവനെ സ്വകാര്യമായി വിളിച്ച് വൈത്തിപ്പട്ടര് ഒന്നു സംസാരിപ്പാൻ വിളിക്കുന്നു. പട്ടര് അടുക്കെ വന്നു നിൽക്കുന്നുണ്ടെന്ന് പറഞ്ഞു കൂട്ടിക്കൊണ്ടു വരുവാൻ പറഞ്ഞയച്ചു. വൈത്തിപ്പട്ടരുടെ ആൾ ചെല്ലുമ്പോൾ കൃഷ്ണൻ കുളത്തിലേക്കു പോവാൻ പുറപ്പെട്ടു മഠത്തിന്റെ മിറ്റത്തു നിൽക്കുന്നു. അന്വേഷിച്ചതിൽ കൃഷ്ണനാണെന്നു അറിഞ്ഞശേഷം "വൈത്തിപ്പട്ടര് വിളിക്കുന്നു "എന്ന് പട്ടരുടെ ആൾ പറഞ്ഞു. കൃഷ്ണൻ സന്തോഷിച്ചു മദിച്ചു കുതിച്ച് ഓടി പട്ടരുടെ അടുക്കെ എത്തി.

"സ്വാമീ , സ്വാമീ, സ്വാമി വന്നുവോ ? എന്നെ ഇന്നുതന്നെ വല്ലതും വാങ്ങിത്തന്നു പറഞ്ഞയക്കണേ."

വൈ :- ആട്ടെ നീ അവിടെ പോയി നിന്റെ മുണ്ടുകളോ മറ്റൊ ഉണ്ടെങ്കിൽ അതുകൾ ആരു കാണാതെ എടുത്ത് ഇങ്ങട്ടുവാ , എനി നീ രാമൻമേനോന്റെ കൂടെ താമസിക്കേണ്ട. നിണക്കു നല്ല സമ്പാദ്യത്തിന്നു എല്ലാം വഴിയായിപ്പോയി.

കൃ :- അപ്പോൾ മാസ്സപ്പടി ചോദിക്കണ്ടെ ?

വൈ :- ഒരക്ഷരവും ഉരിയാടൊല്ല. ഉടനെ ഒളിച്ചുപോന്നോ. കാര്യം എല്ലാം നീ ഇവിടെ വന്നിട്ടു ഞാൻ പറഞ്ഞു തരാം. കാൽനാഴികയ്ക്കുള്ളിൽ നീ ഇവിടെ എത്തണം.

കൃ :- അങ്ങിനെ തന്നെ സ്വാമീ. എനിക്കെല്ലാം സ്വാമിയുടെ കല്പന തന്നെ.

എന്നു പറഞ്ഞു കൃഷ്ണൻ മടങ്ങിപ്പോയി. തനിക്കുണ്ടായിരുന്ന രണ്ടു മൂന്നു മുണ്ടുകളും കുടയും എടുത്ത് രാമൻമേനോന്റെ മഠത്തിൽ ആർക്കും സംശയം തോന്നിക്കാതെ ചാടി മടങ്ങി വൈത്തിപ്പട്ടരുടെ അടുക്കെ ചെന്നു. ഉടനെ മൂന്നുപേരും

പൂഞ്ചോലക്കരയ്ക്ക് പുറപ്പെട്ടു. വൈത്തിപ്പട്ടരും കൃഷ്ണനും വഴിയിൽ ഒരു മഠത്തിൽ ഭക്ഷണത്തിനാണെന്നു പറഞ്ഞു കയറി. അവിടെ വെച്ചും പിന്നെ പൂഞ്ചോലക്കര സാവധാനത്തിൽ നടന്നു എത്തുന്നതുവരേക്കും ശാരദയേയും രാമൻമേനോനേയും കുറിച്ച് അച്ചൻ ചോദിച്ചാൽ പറയേണ്ടുന്ന വിവരങ്ങളെ എല്ലാം കൃഷ്ണനെ ഉരുക്കഴിപ്പിച്ച് പഠിപ്പിച്ചു. പറഞ്ഞു കൊടുത്തതുപോലെ പറയാറായോ എന്നറിവാൻ രണ്ടു മൂന്നു പ്രാവശ്യം വൈത്തിപ്പട്ടര് തന്നെ കൃഷ്ണനെക്കൊണ്ട് കഥ പറയിച്ചു. വെടിപ്പായി പറയാറായി എന്നു പട്ടർക്ക് പൂർണ്ണബോദ്ധ്യമായശേഷം മാത്രം കൃഷ്ണനേയുംകൊണ്ടു വൈത്തിപ്പട്ടര് എടത്തിലേക്കു കയറിച്ചെന്നു. അപ്പോഴേക്കു രണ്ടു മൂന്നു നാഴിക രാവായിരിക്കുന്നു. അച്ചൻ അപ്പോൾ നാമത്തിന് ഇരിക്കുകയായിരുന്നു. വൈത്തിപ്പട്ടർ എത്തിയാൽ ഏതു സമയമായാലും ക്ഷണത്തിൽതന്നെ അറിയിക്കണമെന്നു കല്പിച്ചിരുന്നതിനാൽ നാമ ത്തിനിടയിൽ തന്നെ അച്ചനെ ഭൃത്യന്മാർ വൈത്തിപ്പട്ടര് എത്തി എന്നുള്ളവിവരം അറിയിച്ചു. അച്ചൻ ബദ്ധപ്പെട്ടു നാമം ഒരു വിധം എല്ലാം ജപിച്ചു എഴുനീറ്റു വൈത്തിപ്പട്ടരേയും കൂടെയുള്ളവനേയും മുകളിലേക്കു വിളിപ്പാൻ കല്പിച്ചു.

അച്ചൻ വേഗത്തിൽ വൈത്തിപ്പട്ടരോടും കൃഷ്ണനോടും അകത്തേക്കു കടക്കാൻ പറഞ്ഞു. അകത്തു കടന്ന ഉടനെ-

അച്ചൻ :- ഇവനോ , നേരുകളെ എല്ലാം നിങ്ങളോട് പറഞ്ഞത് ?

പ :- അതെ ഇവൻ എല്ലാ വിവരങ്ങളേയും ഇവിടെ ബോധിപ്പിക്കും.

കൃ :- ഞാൻ എല്ലാ വിവരവും അങ്ങേക്ക് പോതിപ്പിക്കട്ടെ ?

അ :- പറ കേൾക്കട്ടെ.

കൃ :- ഞാൻ കളവ് ഒന്നും പറയില്ല. നേരേ പറയുള്ളു. എന്നെ തമ്പുരാൻ തിരുമനസ്സുതന്നെ രക്ഷിക്കണം !

അ :- അങ്ങിനെ തന്നെ. വിവരങ്ങൾ എല്ലാം നീ എന്നോട് പറ.

കൃ :- കല്യാണി അമ്മ ഇവിടംവിട്ടു പോകുമ്പോൾ വൈത്തിപ്പട്ടർ സ്വാമിയും ഞാനും കൂടെപ്പോയി. കാശിവരയ്ക്ക് കൂടെ പോയി. കാശിയിൽ ഞങ്ങൾ താമസിച്ചു. അപ്പോഴേക്ക് രാമപിള്ളയെ കണ്ടെത്തി. രാമപിള്ള ഞങ്ങളുടെ കൂടെ താമസമായി. അപ്പോഴേക്ക് വൈത്തിപ്പട്ടർ സ്വാമിക്ക് ദ്വേഷ്യമായി. ഞങ്ങളെ അവിടെ തന്നെ വിട്ടുംവെച്ചു സ്വാമി ഇങ്ങോട്ടു പോന്നു. കല്യാണിഅമ്മ ഉടനെ മരിച്ചുപോയി. രാമപിള്ള കല്യാണി അമ്മയുടെ കയ്യിൽ ഉണ്ടായിരുന്ന പണ്ടങ്ങളും പണവും എല്ലാം കയ്ക്കലാക്കി. എനിക്കു ഒന്നും തന്നില്ല. മടങ്ങിവരാൻ ചിലവും തന്നില്ല. പിന്നെ രാമപിള്ള ഉശാനി ദിക്കിലേക്കു പോയി. ഉശാനിനിന്ന് ഒരു പട്ടാണിച്ചി ജാതിക്കാരത്തി തേവടിസ്ത്രീയുമായിട്ട് സംസർഗ്ഗമായി. ഒരു കൊല്ലത്തോളം അവടെ ഒന്നിച്ചുതന്നെ താമസിച്ചു. അവർക്ക് ഒരു പെങ്കിടാവ്

ഉണ്ടായിരുന്നു. രാമപിള്ളയുടെ സംസർഗ്ഗത്തിന്ന് മുമ്പുതന്നെ പട്ടാണിച്ചിക്ക് ഉണ്ടായ പെൺകിടാവാണ്. ആ പെൺകിടാവ് കണ്ടാൽ നന്നാണ്. വളരെ നന്നാണ്. ഈ പട്ടാണിച്ചി സ്ത്രീ മരിച്ചുപോയി. പിന്നെ ഈ പെൺകിടാവിനെയും കൊണ്ട് ഞങ്ങൾ വടക്കു രാജ്യമെല്ലാം തെണ്ടി. ഞങ്ങളുടെ കൂടെ ഒരു ശങ്കരനുണ്ട്. അയാൾ അപ്പാ വലിയ വികൃതിയാണ്. അയാൾക്ക് ചൂതാട്ടവും റാക്കു കുടിയും ആണ് വേല. ഒരു പത്തുകൊല്ലം ഞങ്ങൾ തെണ്ടിത്തിരിഞ്ഞു നടന്നു. രാമപിള്ളയുടെ കയ്യിലുള്ള മുതൽ മുക്കാലും തീരാറായി. കടം കൊടുത്തിട്ടു കിട്ടാതെയും. കള്ളു കുടിച്ചിട്ടും ചൂതാട്ടത്തിലും കൂടി ശങ്കരമേനോൻ തന്നെയാണു മുക്കാലും പണം കളഞ്ഞത്. പിന്നെ ഞങ്ങൾ ശെലവിനു ഞെരുക്കമായി, ശങ്കരമേനോൻ ഒരു ചതിക്കു വട്ടംകൂട്ടി. തമ്പുരാന്റെ ഈ എടത്തിൽ വളരെ കോപ്പുണ്ടെന്നു കല്യാണിഅമ്മ പറഞ്ഞിട്ടുണ്ട്. ഈ പട്ടാണിച്ചി പെൺകിടാവ് വളരെ നന്നാണല്ലോ. ഇതു കല്യാണിഅമ്മയുടെ മകളാണെന്നു പറഞ്ഞു തമ്പുരാന്റെ എടത്തിൽ വന്നു കൂട്ടംകൂടിയാൽ വല്ലതും കിട്ടുമെന്നു ശങ്കരമേനോൻ പറഞ്ഞ് പിള്ളയെ ബോധിപ്പിച്ചു. ഞാനും അങ്ങനെ തന്നെ പറയണമെന്ന് പൊന്നും വിളക്കും വെച്ച് സത്യം ചെയ്യിച്ചു. ഞാൻ സത്യം ചെയ്തു. ഞങ്ങൾ പിന്നെ രമേശ്വരത്തുവന്നു. അവിടെ വൈത്തിപ്പട്ടർ സ്വാമിയെ കണ്ടു. ശങ്കരമേനോൻ ഈ പട്ടാണി പെണ്ണെ കല്യാണിഅമ്മയുടെ മകളാണെന്നു പറഞ്ഞു വിശ്വസിപ്പിച്ചു. സ്വാമി കല്യാണിഅമ്മ മരിച്ചതു കേട്ടു വ്യസനംകൊണ്ട് പെൺകുട്ടിയേയും ഞങ്ങളേയും സ്വാമീന്റെ ഗൃഹത്തിൽ കൊണ്ടെന്നു അവിടുന്നു തമ്പുരാനു എഴുത്തയച്ചു. അതിന്റെ ശേഷം സ്വാമിക്കു ഈ പട്ടാണിച്ചി കുട്ടിയുടെ നിറവും ഉടുപ്പുടവയും കണ്ടു സംശയമായി എന്നോട് തെരക്കി ചോദിച്ചു. സത്യം ചെയ്തു ചോദിച്ചപ്പോൾ ഞാൻ നേരെല്ലാം പറഞ്ഞു. സ്വാമിക്കു ബഹുദ്വേഷ്യമായി. ശങ്കരമേനോൻ അപ്പോഴേക്കു ഉദയന്തളിനിന്ന് ആളെ വരുത്തി, ഞങ്ങൾ ഉദയന്തളിക്കു പോന്നു. ഇതാണു തമ്പുരാനെ സത്യം.

അ:- ശിവ, ശിവ, നാരായണ! കേട്ടതു മതി, മതി, മതി, പട്ടാണിച്ചി ജാതിയാണു പെണ്ണ്.

കൃ:- അതെ, തമ്പുരാനെ.

അ:- ഈ മുസൽമാൻ ജാതി മാപ്പിളജാതിയോ?

കൃഷ്ണൻ വൈത്തിപ്പട്ടരുടെ മുഖത്തു നോക്കി.

വൈ:- അതെ, ശുദ്ധ ബൗദ്ധൻ ബൗദ്ധജാതിതന്നെ.

അ:- കഷ്ടം, ശിവ! ശിവ! കഷ്ടം വൈത്തിപ്പട്ടരെ, നിങ്ങൾ എന്തുകൊണ്ട് ഈ വിവരം ഉടനെ ഉദയന്തളിക്കു അറിയിച്ചില്ല. ഉദയന്തളിക്കാരും ഇവിടെയും ബദ്ധ മത്സരമായാലും അവരുടെ ക്ഷേത്രം മുതലായതു അശുദ്ധം വരുത്തുന്നതു

ബ്ര്രാഹ്മണർക്കു പരക്കെ ദോഷം വരുന്ന കാര്യമണല്ലൊ. നിങ്ങൾ എന്തുകൊണ്ട് ഇതുവരെ അറിയിച്ചില്ല.

വൈ:- ഞാൻ എന്താണ എജമാനനെ അറിയിക്കേണ്ടത്? ഉദയന്തളിയിൽനിന്ന് ഉദയവർമ്മൻ തിരുമുല്പാടുതന്നെ വന്നു ഈ കുട്ടിയേയും രാമൻപിള്ളയേയും കെട്ടിവലിച്ചുകൊണ്ടു പോവുമ്പോൾ ഞാൻ എന്തു പറയാനാണ്, ഉദയന്തളിക്കാർ ഒരു സമയം അവരുടെ ജാതിപോയാലും ഇവിടെ അപമാനം വരുത്തേണ മെന്നായിരിക്കും വിചാരിക്കുന്നത്. ഞാൻ ഇതെല്ലാം പറഞ്ഞാൽ വഷളായി തീർന്നുവെങ്കിലോ ?

അ :- ഛെ , ഛെ. അതുപോരാ. നാം ഇപ്പോൾ ഉദയന്തളി തിരുമുല്പാട്ടിലേക്കും മറ്റ് ആ ദിക്കിൽ ഉള്ള പ്രമാണപ്പെട്ട നമ്പൂതിരിപ്പാടുമാർക്കും മറ്റും വെടിപ്പായി വേണ്ടുന്ന അറിവു രേഖാമൂലം കൊടുക്കണം. സംശയമില്ല. എനി അതിനു വാദമുണ്ടോ ? ആരടോ അവിടെ. ശങ്കു നമ്പിയെ വിളിക്കട്ടെ ? രാഘവനുണ്ണി എവിടെ ?

എന്നു പറഞ്ഞുകൊണ്ട് അച്ചൻ ക്രോധത്താലും , ശൌര്യത്താലും , ലജ്ജയാലും , തെളിവു കിട്ടിപ്പോയി എന്നുള്ള സന്തോഷത്താലും , ആകപ്പാടെ ഒരു ഭ്രാന്ത ചിത്തത്തിന്റെ നിലയിൽ ആയി ബദ്ധപ്പെട്ട് മാളികമുകളിൽനിന്ന് താഴത്തേക്ക് ഇറങ്ങി.

ആ ധൃതഗതി ആകപ്പാടെ കണ്ടപ്പോൾ വൈത്തിപ്പട്ടർക്ക് അല്പം ഭയം ഉണ്ടായി. തന്റെ ഈ പെരുംകളവ് ക്രമേണ ഉറപ്പിച്ചു കൊണ്ടുവന്നിട്ട് ലേശം ലേശമായി പുറത്തുവിട്ടു ക്രമേണ ജനങ്ങളെ മനസ്സിലാക്കി വന്നാലേ ഒരു സമയം നില നില്ക്കുകയുള്ളൂ എന്നും ഒന്നായിട്ട് കൊട്ടിഘോഷിച്ച് ക്ഷണേന പരത്തിയാൽ ഒരു സമയം ക്ഷണത്തിൽ വെളിവായിപ്പോയാലോ എന്നും കുരുട്ട് ആലോചന യിൽ വൻപനായ വൈത്തിപ്പട്ടർക്ക് തോന്നിയതിനാൽ അച്ചന്റെ ഗോഷ്ടികൾ കണ്ടപ്പോൾ കുറെ ഭയവും വ്യസനവുമാണ് വൈത്തിപ്പട്ടർക്ക് ഉണ്ടായത്. പട്ടാ ണിജാതിയാണ് കുട്ടി എന്നു കൃഷ്ണന്റെ മുഖത്തിൽനിന്നു കേട്ടപ്പോൾ വെടികേട്ടു ശീലമില്ലാത്ത ഒരു ആന അടുത്തു വെടിപൊട്ടുന്ന ശബ്ദം കേട്ട് ഞെട്ടി മെരളുന്ന മാതിരി അച്ചൻ മെരളുന്നതുകണ്ട് വൈത്തിപ്പട്ടർ ഭയപ്പെട്ടു. ആട്ടെ വന്നതെല്ലാം വരട്ടെ. വല്ലതും ഇതിൽ തകരാറു വന്നാൽ അത് ഒഴിക്കാനും മാർഗ്ഗമുണ്ടെന്നു കണ്ടു പട്ടരുടെ ഭീതിക്ക് വളരെ ആധിക്യത ഉണ്ടായില്ല.

## എട്ടാം അദ്ധ്യായം

അച്ചൻ മാളികമേൽ നിന്ന് താഴത്തിറങ്ങി രാഘവനുണ്ണിയെയും ശങ്കു നമ്പി യെയും വിളിച്ച് ഉടനെ വൈത്തിപ്പട്ടരു് മുഖേന അറിഞ്ഞ വിവരങ്ങളെക്കുറിച്ച് ഉദയന്തളിയിലുള്ള നമ്പൂതിരിമാർക്കും മറ്റും തിരുമുല്പാടിനു തന്നെയും കത്തുകൾ തെയ്യാറാക്കി അയയ്ക്കണം എന്നു കല്പിച്ചു. രാഘവനുണ്ണിക്ക് എല്ലായ്പ്പോഴും തന്റെ മകൻ കൃഷ്ണമേനോന് കത്തുകൾ എഴുതുവാനും മറ്റുമുള്ള സാമർത്ഥ്യത്തെ വലിയച്ചനേയും മറ്റും അറിയിക്കണമെന്നായിരുന്നു താല്പര്യം. അതുകൊണ്ടു് കത്തയക്കേണമെന്നു പറഞ്ഞ ഉടനെ കൃഷ്ണമേനോനെ വിളിച്ച് അച്ചന്റെ മുമ്പാകെ കൊണ്ടുപോയി. ഈ കൃഷ്ണമേനോൻ എനി ഈ കഥയിൽ പറവാൻ പോവുന്ന സിവിൽ വ്യവഹാരസംഗതിയിൽ മുഖ്യനായി വരുന്ന ഒരു ദേഹമാകയാൽ ഇദ്ദേഹത്തിന്റെ പ്രകൃതത്തേയും മറ്റും പറ്റി അല്പം വിവരമായി ഇവിടെ ഞാൻ പ്രസ്താവിക്കുന്നു.

കൃഷ്ണമേനോന് ഇരുപത്തിനാലാം വയസ്സാണ് ഈ കഥയിൽ പ്രവേശിക്കുന്ന കാലമെന്നും നല്ല പഠിപ്പുള്ള അതിയോഗ്യനായ ഒരു കുട്ടിയാണെന്നും ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. സൃഷ്ടിയിൽ ഇദ്ദേഹത്തിന്റ്റെ ദേഹലാവണ്യം എത്ര ധാരാളമായി കാണപ്പെട്ടുവോ അത്ര ധാരാളമായിതന്നെ ഇദ്ദേഹത്തിന്റെ ശരീ രകാന്തികൊണ്ടും ബുദ്ധിവിദശതകൊണ്ടും ബുദ്ധിമാന്മാരായ എല്ലാ മനുഷ്യരും ഇദ്ദേഹത്തെ വളരെ സ്നേഹിച്ചു വന്നു. ഇംഗ്ലീഷ് പഠിച്ച ബി.എ., ബി.എൽ, പരീ ക്ഷകൾ ജയിച്ചവരു് എല്ലാവരും വളരെ പഠിപ്പുള്ളവരും അതിബുദ്ധിമാന്മാരും ആണെന്നു സാധാരണ ഇപ്പോൾ വചാരിച്ചുവരുന്നുണ്ടല്ലോ. അതു് എത്രയോ കാര്യങ്ങളിൽ അബദ്ധമായ ഒരു വിചാരമാണെന്ന് സൂക്ഷ്മമായി അലോചിച്ചാൽ നമ്മൾക്കു് അറിയാം. പരീക്ഷകളിൽ ജയിക്കുന്നതുകൊണ്ടു് അങ്ങിനെ ജയിക്കു ന്നുവരെ ആ പരീക്ഷകൾക്കായി നിയമിക്കപ്പെട്ട ചില പുസ്തകങ്ങൾ വായിച്ച് അറിവു വരുത്തീട്ടുണ്ടെന്നു് പക്ഷെ ഊഹിക്കാം എന്നു മാത്രമല്ലാതെ പഠിപ്പുള്ളവെ ന്നു് ഞാൻ ഒരുവനെ സമ്മതിക്കണമെങ്കിൽ അവന്റെ അറിവിന്റെ വലിപ്പത്തെ സാധാരണ അവന്റെ വിചാരങ്ങളിലും ആലോചനകളിലും പ്രവൃത്തികളിലും പ്രത്യക്ഷമായി കാണണം. നമ്മുടെ കൃഷ്ണമേനോൻ സ്കൂൾവകയായ ഉയർന്നതരം പരീക്ഷകൾ എല്ലാം കൊടുത്തു ജയിച്ചശേഷമാണ് യഥാർത്ഥമായ പഠിപ്പ് ആരം ഭിച്ചതു് എന്നു പറയേണ്ടതാണ്. ദ്രവ്യസ്ഥനായ തന്റെ അച്ഛൻ രാഘവനുണ്ണിയുടെ അത്യന്തം പ്രിയപ്പെട്ട മകനായ കൃഷ്ണമേനോന് ദ്രവ്യം ചെലവുചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാവാൻ എടയില്ലല്ലോ. എന്നാൽ ചില ദ്രവ്യസ്ഥരായ ചെറുപ്പക്കാരു് ചെയ്യുന്നതുപോലെ ജോഡ് ഒത്ത വലിയ വൈരക്കടുക്കൻ അഞ്ഞൂറും ആയിരവും ഉറുപ്പിക കൊടുത്തു വാങ്ങുന്നതിലും സ്വർണ്ണനൂലുകളും രത്നമോതിരങ്ങളും ഉണ്ടാ

ക്കുന്നതിലും കുതിര വണ്ടികൾ വാങ്ങുന്നതിലും വിലപിടിച്ച പട്ടുകൾ കൊണ്ടും മറ്റും ഉടുപ്പുകൾ ഉണ്ടാക്കുന്നതിലും മറ്റും അല്ല കൃഷ്ണമേനോൻ തന്റെ പണം ചില വിട്ടതു്. ഈ കുട്ടി ചിലവു ചെയ്തതു് ഇന്ന വിഷയത്തിലാണെന്നു് അദ്ദേഹത്തിന്റെ പഠിപ്പുമുറി നോക്കിയാൽ കാണാം. മദിരാശിയിൽ താൻ പാർക്കുന്നേടത്തും മലയാളത്തിലെ തന്റെ സ്വഗൃഹത്തിലും കൂടി ഏകദേശം രണ്ടായിരത്തിൽ ചുരുങ്ങാതെ പലേ വിധങ്ങളായ പുസ്തകങ്ങൾ ഇദ്ദേഹത്തിനുണ്ടായിരുന്നു. തർക്കം, സൃഷ്ടിതത്വജ്ഞാനം, മനോവികാരതത്വജ്ഞാനശാസ്ത്രം, ഐഹികവൃത്തി, തത്വശാസ്ത്രം, ശരീരശാസ്ത്രം, പദാർത്ഥഗുണജ്ഞാനശാസ്ത്രം, ലോകചരിത്രങ്ങൾ, വ്യവഹാരശാസ്ത്രം, മുതലായ സംഗതികളെപ്പറ്റി മഹാവിദ്വാനാമാരു് ഇംഗ്ലീഷ് ഭാഷയിൽ എഴുതീട്ടുള്ള അസംഖ്യം പുസ്തകങ്ങളും സംസ്കൃതത്തിൽ എഴുതീട്ടുള്ള അനേകം പുസ്തകങ്ങളും ഇദ്ദേഹം വളരെ പണം ചെലവുചെയ്തു വാങ്ങി തന്റെ പഠിപ്പു മുറിയിൽ നിറച്ചിട്ടുണ്ടായിരുന്നു. ഈ വക ഗ്രന്ഥങ്ങളാൽ ഉള്ള കാലക്ഷേപമേ ഇതേവരെ ഇദ്ദേഹത്തിനുണ്ടായിട്ടുള്ളു. ബിലാത്തിയിൽ ഏതെങ്കിലും ഒരു പുതിയ പുസ്തകം എഴുതീട്ടുണ്ടെന്നു അറിയുന്ന ഉടനേ അതിനെ കൃഷ്ണമേനോൻ വരുത്താതിരിക്കുകയില്ല. പുതിയ പുസ്തകങ്ങൾ വല്ലതും ഒരു ദിവസമെങ്കിലും തപ്പാലിൽ ഇദ്ദേഹത്തിനു കിട്ടാതിരിക്കുകയില്ല. ഒരു സമയമെങ്കിലും ഒരു പുസ്തകം വായിച്ചുകൊണ്ടല്ലാതെ കൃഷ്ണമേനോൻ ആരാലും കാണപ്പെട്ടിട്ടില്ല. സ്വതേ അതിബുദ്ധിയും ഗ്ഹഹണശക്തിയും ഉള്ള ഒരാൾക്കു് ബുദ്ധിക്കു് അറിവുണ്ടാകാൻ ഇത്ര ശ്രമം താനേ ഉണ്ടായാൽ അയാളുടെ പഠിപ്പിന്റെ അവസ്ഥയെക്കുറിച്ച് പറവാനുണ്ടോ? ഇദ്ദേഹത്തെ പഠിപ്പിച്ചിരുന്ന മഹാവിദ്വാന്മാരെല്ലാം ഇദ്ദേഹത്തിന്റെ അറിവിനേയും, അതിനെ പ്രയോഗിപ്പാനുള്ള ഒരു ചതുരതയും കണ്ടു് ആനന്ദിക്കുകയും ചിലപ്പോൾ ലജ്ജിച്ചു് അസൂയപ്പെടുകയും ചെയ്തു. എനി ഇദ്ദേഹത്തിന്റെ സ്വഭാവത്തെക്കുറിച്ചു പറയുന്നതായാൽ ഒന്നു രണ്ടു സംഗതികളെ കുറിച്ചു മാത്രമേ വിശേഷവിധിയായി പറവാനുള്ളു. ബുദ്ധിക്കു് ഇത്ര സ്വതന്ത്രത ഉണ്ടായിട്ടുള്ള ആൾ വേറെ ഹിന്ദുക്കളിൽ ദുർല്ലഭമാണെന്നു തന്നെ പറയാം. ഇദ്ദേഹത്തിന്റെ ഗുണഗണങ്ങളെ അറിഞ്ഞു് ഗവർമ്മെണ്ടു് ഇദ്ദേഹത്തിനു തക്കതായ ഒരു ഉദ്യോഗം കൊടുപ്പാൻ ഭാവിച്ചു. തന്റെ സ്വാതന്ത്ര്യഹാനിയെ വിചാരിച്ചു് ഇദ്ദേഹം സർക്കാരുദ്യോഗത്തിൽ പ്രവേശിച്ചില്ല. എന്നാൽ അപാരമായ അറിവുണ്ടായിരുന്നതിനാൽ ആ സ്വതന്ത്രത നിമിത്തം ഇദ്ദേഹത്തിനു ബുദ്ധിക്കു് അഹങ്കാരം ലേശം ഉണ്ടായിരുന്നില്ല. തന്റെ സമസൃഷ്ടിയിൽ അത്യന്തം ദയാലുവും സത്യനിരതനും ആയിരുന്നു. എല്ലായ്പ്പോഴും പഠിപ്പിൽ മഗ്നനായി കാലം കഴിച്ചതിനാൽ തനിക്കു് സ്നേഹിതന്മാരായി വളരെ ആളുകൾ ഉണ്ടായിരുന്നില്ലാ. ഒന്നുരണ്ടുപേരെ ഉണ്ടായിരുന്നുള്ളു. അവരുമായിത്തന്നെ സംസാരിപ്പാനും മറ്റും ഇദ്ദേഹത്തിനു

സമയം ഉണ്ടാവുന്നതു് ദുർലഭമാണ്. ഇദ്ദേഹം കാഴ്ചയിൽ അതികോമളനാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. സ്ത്രീകളുടെ സൌന്ദര്യത്തെക്കുറിച്ചു വർണ്ണിക്കുന്നമാതിരിയിൽ പുരുഷന്മാരുടെ സ്വരൂപവിശേഷതയെക്കുറിച്ചു അംഗപ്രത്യംഗവർണ്ണന ചെയ്യുന്നത് അനാവശ്യമാകുന്നു. എങ്കിലും അല്പമൊന്നു പറഞ്ഞേക്കാം.

കൃഷ്ണമേനോൻ ദിർഘം ധാരാളമുള്ള ആളാണ്. വർണ്ണം തങ്കവർണ്ണം എന്നു തന്നെ പറയണം. മുഖത്തിന്റെ ആകപ്പാടെയുള്ള കാന്തി എനിക്കു തോന്നുന്നതു വളരെ ദളമുള്ള അശേഷം വാട്ടംതട്ടാത്ത ഒരു ചെന്താമരപുഷ്പത്തിന്റെ കാന്തിപോലെ ഇരിക്കും എന്നാണ്. കണ്ണുകൾ വിശാലമായി ദീർഘിച്ച് നിബിഢമായ് രോമങ്ങളാലുള്ള പക്ഷ്മങ്ങളോടുകൂടിയാണ്. നേത്രങ്ങളിൽനിന്നു സ്ഫുരിക്കുന്ന രസംതന്നെ ബുദ്ധിക്കു അനുസരിച്ച ശാന്തതയോടുകൂടിയ ഗാംഭീർയ്യമാണ്. ശൃംഗാരരസം ലേശംപോലും ഉണ്ടെന്നു സാധാരണ ആളുകൾക്കു തോന്നുകയില്ല. രണ്ടുമൂന്നിഞ്ചു നീളത്തിൽ വെട്ടിനിരത്തി നിറുത്തിയ അഗ്രം ചുരുണ്ട അതിനീലവർണ്ണമായ തലമുടിയും ചുരുണ്ടു ഘനമായി നിൽക്കുന്ന കുടുമയും അതിമോഹനമായുള്ള ഫാലത്തിന്റെ സ്വതേയുള്ള വർണ്ണത്തെ അത്യന്ത മനോഹരമാക്കിതീർത്തു എന്നേ പറവാനുള്ളൂ. അത്യന്ത രക്തവർണ്ണങ്ങളായി അതികോമളങ്ങളായിരിക്കുന്ന ഇദ്ദേഹത്തിന്റെ അധരങ്ങളെ കാണുന്ന യുവതികൾക്ക് എന്താണു ഗതി എന്ന് എനിക്കു പറവാൻ പ്രയാസം. ദേഹം സൃഷ്ടിസ്വഭാവേന ഉള്ളതിനു പുറമെ കൃത്യമായ വ്യായാമത്താലും അതിഭംഗിയായി ഇരിക്കുന്നു എന്നേ പറവാനുള്ളൂ. ആകപ്പാടെ കൃഷ്ണമേനോൻ ഒരു വിശേഷവിധിയായ സുന്ദരനാണെന്നു ദൃഷ്ടമാത്രത്തിൽ ഏവനും തോന്നും. ബുദ്ധി ചാതുർയ്യവും പഠിപ്പുംകൊണ്ടു ബുദ്ധിമാന്മാരായ പുരുഷന്മാർ എങ്ങിനേ കൃഷ്ണമേനോനെ ആശ്ചർയ്യപ്പെട്ടുവോ അതുപ്രകാരംതന്നെ സുന്ദരികളായുള്ള യുവതികൾ എല്ലാം ദൃഷ്ടമാത്രത്തിൽ കൃഷ്ണമേനോനിൽ ലയിക്കാതിരുന്നില്ല. കണ്ടാൽ മന്മഥമന്മഥനായിരുന്നു എന്നുവരികിലും, തന്നെ കാണുന്ന ഏതു സുന്ദരിക്കും തന്നിൽ ഭ്രമം ഉണ്ടായി എന്നു അറിവാൻ കൃഷ്ണമേനോന് ധാരാളമായി ബുദ്ധിശക്തി ഉണ്ടായിരുന്നുവെങ്കിലും അതിൽനിന്നു യാതൊരു ചാപല്യങ്ങളും ഇതുവരെ കൃഷ്ണമേനോന്റെ മനസ്സിനെ ബാധിച്ചിട്ടില്ല. നല്ല സുന്ദരികളായ യുവതികൾ യദൃച്ഛയാ കൃഷ്ണമേനോനോടു സംസാരിപ്പാൻ എടവന്നാൽ അത്ര ഉപദ്രവം തനിക്കു വേറെ ഒന്നുംകൊണ്ടും ഉണ്ടാവുകയില്ലെന്നുള്ള നാട്യമാണ് കൃഷ്ണമേനോനു ഉണ്ടായി കാണുമാറ്. പൂഞ്ചോലക്കരപ്രദേശത്തു പലേ പ്രമാണപ്പെട്ട വീടുകളിലും അതിസുന്ദരികളായ ജാതി സാമർത്ഥ്യത്തോടും അറിവോടും കൂടിയുള്ള യുവതികൾ എല്ലാം കൃഷ്ണമേനോൻ എനിക്ക്, എനിക്ക് ഭർത്താവായിവരേണമെന്നു അത്യാഗ്രഹപ്പെടാത്തവർ ആരും ഉണ്ടായിരുന്നില്ല. ഇദ്ദേഹത്തോട് ഒന്നു സംസാരിച്ചാൽ മതി, ഇദ്ദേഹത്തിന്റെ ഒരു മന്ദഹാസം

കണ്ടാൽ മതി, ഒരു വാക്കു പറയുന്നതു കേട്ടാൽ മതി, രണ്ടുനിമിഷം അടുത്തു കണ്ടാൽ മതി, എന്നു ആഗ്രഹിക്കാത്ത തരുണികൾ ആ ദിക്കിൽ ആരും ഉണ്ടായിരുന്നില്ലെന്നു തന്നെ പറയാം. എന്നാൽ ഈ ആഗ്രഹനിവൃത്തി കൃഷ്ണ മേനോൻ ഒരിക്കലും ചെയ്തുകൊടുത്തിരുന്നില്ല. അതുകൊണ്ട് ഇദ്ദേഹത്തിന്റെ സ്വഭാവം വളരെ ചീത്തയാണെന്നും, ഇദ്ദേഹം ദുഷ്ടനാണെന്നും, ഇദ്ദേഹത്തിന്റെ ബുദ്ധിക്കു ശൃംഗാരമില്ലെന്നും, ഇദ്ദേഹം വെട്ടിക്കടഞ്ഞു തെളിയിക്കാത്ത ഒരു വൈരക്കല്ലുപോലെയാണെന്നും, ചളിയിൽ കുടുങ്ങിക്കിടക്കുന്ന ചെന്താമരപ്പൂവി നെപ്പോലെയാണെന്നും, ആർക്കും ഉപകാരമില്ലാത്ത, വനപ്രദേശത്ത് ഉണ്ടായി വികസിച്ചു നില്ക്കുന്ന അതിസുരഭിയായ ഒരു പുഷ്പത്തെപ്പോലെയാണെന്നും അസ ത്താണെന്നും കോമളാംഗികളായ പലേ പെണ്ണുങ്ങളും സങ്കടത്തോടുകൂടി പറഞ്ഞു വന്നു. വഴിയിലോ ക്ഷേത്രത്തിലൊ മറ്റോ വെച്ചു ചിലപ്പോൾ ഒരു സുന്ദരിയായ സ്ത്രീ കൃഷ്ണമേനോനെ എതിരേ കണ്ടു എന്നു വരാം. കാണുമ്പോഴേക്ക് അവളുടെ മനസ്സ് എളകി കലശലായ അനുരാഗത്താൽ പരവശപ്പെട്ടു ലജ്ജിച്ചു കൃഷ്ണമേ നോൻ ഇതിന്റെ അർത്ഥം ഒന്നും മനസ്സിലായില്ലെന്നു നടിച്ച് ശുദ്ധകുട്ടികളുടെ മാതിരി നേരെ നടന്നുപോവും. പരിചയമുള്ള സ്ത്രീയാണെങ്കിൽ മുഖത്തേക്കു നേരെ നോക്കി തന്റെ പ്രവാളാധരങ്ങളെ ഒന്നു ചുളിച്ചു മന്ദഹാസത്തിന്റെ ഒരു ലക്ഷണം അല്പമായി ഒന്നു കാണിച്ചു എന്നു വരുത്തി പൊയ്ക്കുളയും. ഇതിൽ അധികം ഒന്നും കാണുകയില്ല. തന്റെ പുസ്തകങ്ങളും താനും. മറ്റു യാതൊരു ചിന്തയും ഇല്ല. ഇങ്ങിനെയാണ് കൃഷ്ണമേനോൻ ഇക്കാലം കഴിച്ചുവന്നത്.

കൃഷ്ണമേനോൻ അച്ഛന്റെ മുമ്പാകെ പോയി നിന്നു എന്നു പറഞ്ഞിട്ടുണ്ടല്ലോ. കണ്ട ഉടനെ, അച്ഛൻ "കുട്ടാ നീ ഇന്നാൾ ഉണ്ടാക്കിയ മറുപടി ബഹുവിശേഷമെന്നു സകല വക്കീലന്മാരും സമ്മതിച്ചുപോയത്രെ." എനിക്കു വളരെ സന്തോഷമായി. എഴുത്തയച്ച കള്ളന്മാരുടെ യഥാർത്ഥരീതി എല്ലാം രാഘവൻ കുട്ടനോടു പറഞ്ഞി ല്ലേ. എന്തൊരു കഷ്ടമാണ് ഇതു്.

കൃ:-വലിയ കഷ്ടം തന്നെ.

അ:-ഇവരുടെ ജാതി ഇന്നതാണെന്നു നോം ഇപ്പോൾ അറിഞ്ഞതിനാൽ എനി ആ വിവരം എല്ലാവരേയും അറിയിച്ചു ക്ഷേത്രം, കുളം മുതലായത് ഇവരെക്കൊണ്ടു തൊട്ടു അശുദ്ധമാക്കിക്കാതെ കഴിക്കേണ്ടിയിരിക്കുന്നു. അതിന് ഈ വിവരങ്ങൾ കാണിച്ച് കുട്ടൻ എഴുത്തുകൾ ഉണ്ടാക്കണം.

കൃഷ്ണ:-നോം കേട്ട വിവരം സൂക്ഷ്മമല്ലെങ്കിൽ ഇങ്ങിനെ എഴുതുന്നതിൽ വൈ ഷമ്യമുണ്ടെന്ന് എനിക്കു തോന്നുന്നു. പിന്നെ നോം ഇപ്പോൾ അവരുടെ വൈരികളാണെന്ന് എല്ലാവരും അറിയുന്നതുകൊണ്ടു കേട്ട വിവരം സൂക്ഷ്മമാ യിരുന്നാൽ തന്നെ ഇതിനെപ്പറ്റി നോം നേരിട്ടു ഓരോരുത്തർക്കെഴുതുന്നതു

ഭംഗിയായിരിക്കുമോയെന്ന് ഞാൻ സംശയിക്കുന്നു.

അച്ഛൻ:-(അല്പം ക്രോധത്തോടെ) കാര്യം സൂക്ഷ്മമാണ്, യാതൊരു സംശയവുമില്ല. നോം ഈ ദിക്കിൽ പ്രഭുക്കളല്ലെ. ഈ വിധം നമ്മുടെ ആചാരങ്ങളിൽ അക്രമങ്ങൾ കാണിച്ചാൽ ഒരിക്കലും അതുകളെ അമർച്ച ചെയ്യാതിരിപ്പാൻ പാടുണ്ടോ? കുട്ടൻ ആലോചിച്ചുനോക്കു. ക്ഷണത്തിൽ എഴുത്തു തെയ്യാറാക്കണം. പക്ഷേ ശങ്കനമ്പി ഒപ്പിട്ടയക്കട്ടെ. ഞാൻ കല്പിച്ചപ്രകാരം എഴിയതാണെന്ന് എഴുത്തിൽ കാണിക്കട്ടെ. അല്ലേ രാഘവാ—

രാഘവനുണ്ണി:-കല്പനപോലെ

എന്നും പറഞ്ഞു് എല്ലാവരും പിരിഞ്ഞു. കൃഷ്ണമേനോൻ എഴുത്തെഴുതുവാൻ തന്നാൽ സാധിക്കയില്ലെന്നു പറഞ്ഞു. ശങ്കനമ്പിയും കുഞ്ചുമേനോനും കൂടി ആലോചിച്ച് ഉടനെ എഴുത്തുകളുണ്ടാക്കി. ഒന്നു ഉദയന്തളി രാമവർമ്മൻ തിരുമുല്പാട്ടിലേക്കും മറ്റൊന്ന് ഉദയന്തളിപ്രദേശത്ത് കലിങ്ങമണ്ണ് ഇല്ലത്ത് വലിയ നമ്പൂതിരിപ്പാടവർകൾക്കും മൂന്നാമത്തേതു് ഉദയന്തളി ക്ഷേത്രത്തിനു സമീപമുള്ള നമ്പൂതിരിമാരുടെ അദ്ധ്യായനമഠത്തിലേക്കുമാണ്. കത്തുകൾ അയപ്പാൻ നിശ്ചയിച്ചത്. ഉടനെ എഴുത്തുകളെ അയച്ചു.

ഉദയന്തളിക്കുള്ള എഴുത്തുംകൊണ്ടു് ആൾ ചെന്നപ്പോൾ രാമവർമ്മൻ തിരുമുല്പാടും കണ്ടൻമേനവനും തമ്മിൽ വ്യവഹാരത്തെക്കുറിച്ചു ചെയ്യേണ്ടുന്ന ഏർപ്പാടുകളെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. എഴുത്തുകൊണ്ടുവന്നവൻ സമീപത്തെത്തിയപ്പോൾ തിരുമുല്പാട് ചോദിച്ചു.

”ആരുടെ എഴുത്താണിത്?”

”പൂഞ്ചോലക്കര കാര്യസ്ഥൻ ശങ്കുനമ്പിയുടെ”

തി:- ശങ്കുവിനു നമുക്കെഴുതുവാനെന്താവശ്യം

”അതു എനിക്കു നിശ്ചയമില്ല ”എന്നു പറഞ്ഞുകൊണ്ടു വന്നവൻ എഴുത്തിനെ കോലാമൽ വെച്ചു അവൻ തിരിയെ പോരുകയും ചെയ്തു.

തിരുമുല്പാട്ട് വളരെ ആശ്ചര്യപ്പെട്ടു.

തിരു:- കണ്ടാ, എഴുത്തെടുത്ത് തുറന്നു വായിക്കു. ഇതു് എന്തു കഥയാണ്? പുതുതായി നമ്മുടെ നേരെ വല്ല വ്യവഹാരവും ഭാവിച്ചിട്ടുണ്ടായിരിക്കും.

കണ്ടമ്മേനോൻ എഴുത്തെടുത്ത് തുറന്നു പറയുംപ്രകാരം വായിച്ചു.

ശ്രീ.

”തിരുവനന്തപുരത്തുകാരൻ രാമൻപിള്ള എന്നൊരാൾ ഒരു പെൺകുട്ടിയോടുകൂടി അവിടത്തെ വക മഠത്തിൽ അവിടത്തെ ചിലവിന്മേൽ താമസിച്ചുവരുന്നുണ്ടല്ലോ. ആ പെൺകുട്ടി മുസൽമാൻജാതിയായ ഒരു ബൗദ്ധസ്ത്രീയിൽ ജനിച്ച കുട്ടിയാണെന്നും നായർജാതി അല്ലെന്നും നായർജാതിയാണെന്നു രാമൻപിള്ള പറയുന്നതു

വ്യാജമാണെന്നും ഇവിടെ വലിയച്ചന്നു സൂക്ഷ്മമായ അറിവുകിട്ടിയിരിക്കുന്നു. ഇവിടുന്നും അവിടുന്നുമായി വ്യവഹാരം നിമിത്തം തമ്മിൽ നല്ല രസമില്ലെങ്കിലും ക്ഷത്രിയജാതിയിലുള്ള അവിടേക്കും അവിടത്തെ ക്ഷേത്രം, കുളം മുതലായതു കൾക്കും അശുദ്ധി വന്നുപോകുന്നത് ഇവിടെ വ്യസനമാകകൊണ്ട് ഈ വിവരം അറിയിപ്പാൻ വലിയച്ചൻ എന്നോടു കല്പിച്ചിരിക്കുന്നു. എന്ന് പൂഞ്ചോലക്കര ഒന്നാം കാര്യസ്ഥൻ, "പൂമഠത്തിൽ ഗോവിന്ദനെന്ന ശങ്കുനമ്പി."

തിരുമുല്പാട്:- ഓ, ഇതു ശുദ്ധ കളവ്. ഇങ്ങിനെ കളവ് എഴുതിയാൽ ആരു ബഹുമാനിക്കും? ഇവിടത്തെ ജാതി പോവുന്നതിന് അച്ചന്നു വലിയ സങ്കടം ഇല്ലെ. ആ മഹാപാപി, ചണ്ഡാളൻ, കരിമ്പോത്ത് എന്റെ ജാതി കളയാൻ ഒരു നീചജാതി സ്ത്രീയെക്കൊണ്ട് ഗർഭത്തിന്റെ ചിലവുവാങ്ങികൊടുപ്പാൻ കള്ള അന്യായം കൊടുപ്പിച്ചില്ലേ. അപ്പോൾ ഇവിടുത്തെ ജാതി പോവുന്നതിന് സങ്കടം ഇല്ലേ. കണ്ടാ ആ എഴുത്ത് കീറി ചുട്.

ക:- വരട്ടെ, വരട്ടെ. ബദ്ധപ്പെടേണ്ട. ബദ്ധപ്പെടേണ്ട. ഇത് അസാരം ആലോ ചിക്കേണ്ട കാർയ്യമാണ്. അവർക്കു നല്ല സൂക്ഷ്മം കിട്ടാതെ ഈ വക എഴുതാൻ ഒരിക്കലും പാടുണ്ടോ. സ്ഹീനൽകോർട്ടുപ്രകാരം ഇല്ലാത്ത കാർയ്യത്തെപ്പറ്റി ഇങ്ങിനെ എഴുതുന്നാൾ ചങ്ങലയിലായി പോവുമല്ലോ.

"സ്ഹീനൽകോർട്ട്" എന്ന് ഇയ്യാൾ പറഞ്ഞതു് "പീനൽകോഡ് "എന്ന ശിക്ഷാ നിയമത്തെക്കുറിച്ചാണ്. സാധാരണ ഇംഗ്ലീഷ് അറിഞ്ഞുകൂടാത്ത ആളുകൾ ഇംഗ്ലീഷ് ബുക്കുകളുടെ പേരുകൾ മലയാളത്തിൽ ഉച്ചരിക്കുന്നതുപോലെതന്നെ ഉച്ചരിച്ചാൽ തന്റെ അവസ്ഥയ്ക്കു പോരെന്നുള്ള വിചാരത്തിന്മേലും ഇംഗ്ലീഷിൽ പ എന്ന അക്ഷരമില്ലെന്നും ആ അക്ഷരത്തിന്നു പകരം "എഫ്" 'F' എന്ന അക്ഷരം മാത്രമേ ഉള്ളു എന്നും ചിലർ ധരിച്ചിരിക്കുന്നതുപോലെ ഉള്ള ധാരണയിന്മേലും ആണ് കണ്ടന്മേനോൻ പീനൽ കോഡിനെ "സ്ഹീനൽ കോർട്ട്" എന്നു പറഞ്ഞതു്.

ക:- പിന്നെ അതുകൂടാതെ നമ്മൾക്ക് ഇതിൽ ഒരു വ്യവഹാരകാരണം കിട്ടീട്ടുണ്ട ല്ലോ. വ്യവഹാരം കൊടുക്കണം. മാനനഷ്ടത്തിന്നു നല്ല സല കൂട്ടിക്കൊടുക്കണം. രണ്ടു വ്യവഹാരങ്ങൾ ഒന്നായി ഫയലാവട്ടെ. ഈ എഴുത്ത് ഒരിക്കലും നശി പ്പിക്കരുതു്. ഈ ഏഴുത്ത് നമുക്കു നല്ലതായി. ഒരു വ്യവഹാരകാരണത്തെ തന്നിരിക്കുന്നു. ഇതു് ഇപ്പോൾ കിട്ടിയതു നമ്മളുടെ ഒരു ഭാഗ്യമാണ്. 'റില്ലി' ആക്ട് പ്രകാരം നോം ഇപ്പോൾ തെയ്യാറാക്കിയ വ്യവഹാരത്തിനെ ഈ മാ നനഷ്ടവ്യവഹാരം വളരെ പിൻതാങ്ങും. രണ്ടു വ്യവഹാരവും കൂടി ഒന്നായി ചെല്ലുമ്പോൾ അച്ചൻ നിശ്ചയമായും ഒന്നു അമ്പരക്കും സംശയമില്ല. പിന്നെ നമ്മൾക്ക് ഈ രണ്ടു വ്യവഹാരച്ചിലവിനുള്ള പണങ്ങളൊക്കെയും ഈ മാനന ഷ്ടവ്യവഹാരത്തിൽ ഒന്നു രണ്ടുമൂവ്വായിരം ഉറുപ്പിക വിധിച്ചുകിട്ടിയാൽ അതിൽ

നിന്നു കഴിക്കാമല്ലോ. ഇതു നല്ല കാര്യമാണ്.

തിരുമുല്പാട്ട്:- (കുറഞ്ഞൊന്ന് ആലോചിച്ചതിന്റെ ശേഷം) അവർ എഴുത്തിലെഴുതിയ വിവരം ശരിയല്ലെന്നു കാണിച്ചാലല്ലേ മാനനഷ്ടം വിധിച്ചു കിട്ടുകയുള്ളു.

ക:- തെളിവും കൊടുക്കണം. തെളിവു കൊടുക്കണം. നല്ല തെളിവു കൊടുക്കണം. തെളിവു കൊടുക്കാഞ്ഞാൽ കാർയ്യം ജയിക്കുമോ?

തി:- ആട്ടെ, വരട്ടെ. രാമൻമേനോന്റെ മഠത്തിൽപോയി ഈ എഴുത്ത് ഒന്ന് അദ്ദേഹത്തിന്നു കാണിക്കുക. കണ്ടനും വരു.

എന്നും പറഞ്ഞു തിരുമുല്പാടും കണ്ടന്മേനോനും രാമന്മേനോന്റെ മഠത്തിലേക്കായി പുറപ്പെട്ടു.

നമ്പൂതിരിമാരുടെ മഠത്തിൽ എഴുത്തു കിട്ടിയശേഷം ഉദയന്തളിയിൽ ജനങ്ങൾ മുഴുവനും ഒരു ഭൂകമ്പം ഉണ്ടായാൽ ഉള്ളതുപോലെ ഈ വർത്തമാനം കേട്ടു ഒന്നു പരിഭ്രമിച്ചുവശായി. ക്ഷേത്രത്തിലും കുളവക്കിലും മറ്റും ഈ ഒരു സംസാരം പ്രചുരമായി. മഠത്തിൽ അദ്ധ്യയനത്തിന്നും മറ്റു വന്ന നമ്പൂതിരിമാരുടെ സംഘം വലുതായിരുന്നു. ഈ എഴുത്ത് ഓതിക്കോൻ നമ്പൂതിരി വായിക്കുമ്പോഴേക്ക് അവിടെ ഉള്ളവര് ആസകലം അദ്ദേഹത്തിനെ ചുറ്റി വളഞ്ഞിരിക്കുന്നു. ചിലര് കൗപീനമാത്രവസ്ത്രന്മാരായിട്ട്, മൂക്കുപിടിച്ചു ജപിക്കുന്നേടത്തുനിന്ന് എഴുനീറ്റ് ഓടിക്കൊണ്ട് ചിലത്, കുളിപ്പാൻ പോവാൻ ഭാവിച്ചു മുണ്ടു അഴിച്ചു കയ്യിൽ പിടിച്ചു നാഭിപ്രദേശം എടക്കിടെ മാത്രം കഥകളിക്കു തിരപിടിക്കുമ്പോലെ മറച്ചുംകൊണ്ടു ചിലര്, വെറ്റില മുറുക്കിക്കൊണ്ടിരിക്കുന്നേടത്തു നിന്ന് അതു മുഴുവനാവുന്നതിന്നു മുമ്പ് എണീറ്റ് ഓടിക്കൊണ്ട് ചിലര്, മൂത്രശങ്കയ്ക്കു ഇരുന്നേടത്തുനിന്നു ശൗചം കഴിക്കുന്നതിന്നു മുമ്പ് ഇവരിൽ കാണപ്പെടുന്ന ഗോഷ്ടിവേഷത്തിൽ തന്നെ ഓടിക്കൊണ്ടു ചിലര്. ആകപ്പാടെ ഓതിക്കോൻ നമ്പൂതിരി എഴുത്തു വായിക്കമ്പോൾ അയാളുടെ ചുറ്റുമുള്ള തിരക്കു ഘോഷവും ഒച്ചയും പറവാനില്ല. "എന്താണ്. എന്താണ്ബൗദ്ധനോ ബൗദ്ധസ്ത്രീയോ, ച്ഛെ അബദ്ധം, എന്തൊരു കഥയാണിത്, കുളം അശുദ്ധമായോ ക്ഷേത്രം അശുദ്ധമായോ എന്താണ് ഹെ. എഴുത്ത് ആര്, എന്ത് , എവിടെ , എങ്ങിനെ." എന്നിങ്ങനെ നമ്പൂതിരിമാർ കലശൽ കൂട്ടിത്തുടങ്ങി.

നീലമനനമ്പൂതിരി:- എവിടെയാണ് ഈ കുട്ടി. ദുർഘടം. ഇന്നത്തെ കുളി മുട്ടിയോ?

ചാങ്കാട്ട്:- ഇന്നു കുളിക്കാൻ പുഴയിലേക്കു പൊയ്ക്കോളു.

ചെർപ്പാട്ട്:- വിഡ്ഢിത്വം ഒന്നും പറയേണ്ട. ഇതൊക്കെ ആ പൂഞ്ചോലക്കര അച്ചന്റെ വിദ്യകളാണ്. കുട്ടിയെ ഞാൻ ഇന്നലെ കണ്ടു.

അത്തിപ്പറ്റ:- താൻ കുട്ടിയെ കണ്ടാൽ , കുട്ടിയുടെ ജാതി നന്നാവുമോ?

ചെർപ്പാട്ട്:- കഥയില്ലാതെ വല്ലതും പറഞ്ഞാൽ , കച്ചേരി കയറേണ്ടി വരും.

പൊന്നടക്കം:- കുട്ടിയെ ഞാൻ കണ്ടു. അതി സുന്ദരിതന്നെ. നിറം അതിവിശേഷം. വെള്ളക്കാരുടെ പെണ്ണുങ്ങളുടെ നിറം തന്നെ.

ചെർപ്പാട്ട്:- നിറം മാത്രമോ? സ്വരൂപത്തിന്റെ ഒരു ഭംഗി പറഞ്ഞറിയിപ്പാൻ പാടില്ല.

നീലമന:- സ്വരൂപം എങ്ങിനെ എങ്കിലും ആയ്ക്കോട്ടെ. കുളിപ്പാൻ പുഴയിലേക്കു തന്നെ പോകേണ്ടിവരുമോ? ആ കാർയ്യം പറയൂ.

ഇവർ ഇങ്ങിനെ സംസാരിക്കുമ്പോൾ കുളിപ്പാൻ കുളത്തിൽ പോയേടത്തുനിന്നു രണ്ടു നമ്പൂതിരിമാർ ഓടി എത്തി. കുളം അശുദ്ധമായി. ഒരു മാപ്പിളയും ഉമ്മയും കുളത്തിൽ കുളിച്ചുപോൽ. പുണ്യാഹം കഴിക്കാൻ ഭാവിക്കുന്നു.

ചെർപ്പാട്ട്:- ഇതെന്തു ഗോഷ്ടിയാണ്. മാപ്പിളജാതിയാണ് കുട്ടി എന്നു തീർച്ചയാണോ? പൂഞ്ചോലക്കര അച്ചൻ കളവായി എഴുത്തു അയച്ചതാണെങ്കിലോ?

നീലമന:- താൻ കുട്ടിയെ കണ്ടു വളരെ ഭ്രമിച്ചിരിക്കുന്നു എന്നു നിശ്ചയം. ജാതി സൂക്ഷിച്ചോളു.

എന്നും മറ്റും നമ്പൂതിരിമാർ ഘോഷിച്ചുതുടങ്ങി.

തിരുമുല്പാടും കണ്ടമമ്മേനോനും എഴുത്തിലെ വിവരത്തെക്കുറിച്ച് പറവാൻ രാമൻമേനോന്റെ മഠത്തിലേയ്ക്കു പോയി എന്നു പറഞ്ഞിട്ടുണ്ടല്ലോ. ഈ വർത്തമാനം രാമൻമേനോനെ അറിയിച്ച മുതൽ നടന്ന സംഗതികളുടെ സ്വഭാവം നോക്കുമ്പോൾ അതുകളെക്കുറിച്ച് പറയുന്നത് പ്രത്യേകം ഒരു അദ്ധ്യായത്തിൽ ത്തന്നെ വേണ്ടതാകയാൽ അതുകളെപ്പറ്റി പറവാൻ ഒമ്പതാം അദ്ധ്യായത്തിൽ ആരംഭിക്കാം.

## ഒമ്പതാം അദ്ധ്യായം

എഴുതിക്കഴിഞ്ഞിട്ട് ഇപ്പോഴേക്ക് കാലം വളരെ കഴിഞ്ഞു. എട്ടാം അദ്ധ്യായത്തിൽ വിവരിക്കപ്പെട്ട കഥ നടന്നിട്ടും ആ വിവരത്തെക്കുറിച്ച് കവി അറിഞ്ഞിട്ടും ഉള്ള കാലമേറി ഇതും വളരെയായി. എന്നിട്ടും ഈ പുസ്തകത്തെ ഇതുവരെ പര്യവസാനത്തോളം എഴുതി തീർക്കാതിരുന്നിട്ടുള്ളത് എന്റെ പക്കൽ ഒരു വലിയ തെറ്റല്ലയോ? തെറ്റാണെന്നു ഞാൻ സമ്മതിക്കേണ്ടി വന്നിരിക്കുന്നു. ഒരു വലിയ തെറ്റുതന്നെയാണ്. അതിനെ എന്റെ വായനക്കാർ സദയം ക്ഷമിപ്പാനും ഈ കാലത്തിന്നു മദ്ധ്യേ അല്പം ചില ദൈവീകമായ പ്രതികൂലസംഗതികൾ ഉണ്ടായിട്ടുണ്ടെന്നു കൂടി സവിനയം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ തെറ്റിനെ മുഴുവനുമായിട്ടോ അല്ലെങ്കിൽ ഏതാനുമായിട്ടോ പരിഹരിക്കാൻ ആ സംഗതികൾ മതിയാവുന്നതല്ലെന്ന് എനിക്കു തന്നെ തൃപ്തിവന്നിരിക്കുന്നു. അതുകൊണ്ട് ഏതെങ്കിലും ഈ കാര്യത്തിൽ വന്നിട്ടുള്ള ഉപേക്ഷയോ അമാന്തമോ ഹേതുകമായ അപരാധത്തെ എന്റെ പ്രിയപ്പെട്ട വായനക്കാർ സസന്തോഷം ക്ഷമിച്ച് ഈ കഥയെ സ്വീകരിച്ച് അതിന്റെ അവസ്ഥാന്തസാരം രസിക്കുമെന്നാണ് എന്റെ വിശ്വാസം. ഒന്നാം പുസ്തകത്തിൽ ഒടുവിൽ കാണിച്ചിരുന്നതു തിരുമുല്പാട്ടും കണ്ടമേനോനും പൂഞ്ചോലക്കര എടത്തിൽ അച്ഛൻ പറഞ്ഞ എടം വക ഒന്നാം കാര്യസ്ഥൻ പൂമഠത്തിൽ ഗോവിന്ദൻ എന്ന ശങ്കുനമ്പി എഴുതിയ എഴുത്തിനെ രാമൻ മേനോന്നു വായിച്ചു കേൾപ്പിക്കണമെന്ന വിചാരത്തോടുകൂടി രാമന്മേനോൻ പാർക്കുന്ന മഠത്തിലേക്കു പോയ സംഗതിയാകുന്നു. എഴുത്തു രാമന്മേനോനെ സ്വകാര്യമായി വായിച്ച കേൾപ്പിച്ചു. രാമന്മേനോൻ:- (ചിരിച്ചുംകൊണ്ട്) മുസൽമാൻ ജാതിയായ ഒരു ബൗദ്ധസ്ത്രീയിൽ ശാരദാ ജനിച്ചകുട്ടിയാണെന്നു പറഞ്ഞതു ശരിയായിരിക്കാം. കല്യാണി ബൗദ്ധസ്ത്രീയായിരിക്കാം. ഞാൻ ഇത് അറിഞ്ഞിട്ടില്ല. അവളുടെ ശൈശവകഥകളിൽ ഉള്ള രഹസ്യങ്ങളിൽ ഒന്നായിരിക്കാം അത്. ആർക്കറിയാം. എനിക്കു യാതൊരു സംശയം കൂടി ഉണ്ടായിട്ടില്ല. അഥവാ പൂഞ്ചോലക്കര എടക്കാർക്ക് തന്നെ വല്ല ഭ്രഷ്ടും ഉണ്ടായിരിക്കാം. അത് അവർക്കല്ലെ നിശ്ചയമുള്ളു. എന്നു പറയുമ്പോഴേക്ക് തിരുമുല്പാട്ടും കണ്ടന്മേനോനും വളരെ ചിരിച്ചു. കണ്ടന്മേനോൻ "റില്ലി ആക്ട്" പ്രകാരമുള്ള വ്യവഹാരത്തി ന്ന് ഈ കത്തിലെ സംഗതി പ്രത്യേകം പിൻതാങ്ങുന്ന ഒരു വ്യവഹാരസംഗതിയായി തീരുമെന്നു പറഞ്ഞു ഘോഷിച്ചു.

രാമവർമ്മൻ തിരുമുല്പാട് :- എനിക്ക് ഈ കത്തിൽ പറയുന്ന സംഗതി ഭോഷ്കാണെന്നുള്ളതിലേക്കു യാതൊരു സംശയവും ഇല്ല. കല്യാണി ഇവിടെ നിന്നു പൊയ്ക്കളഞ്ഞത് അറിയാത്ത പേർ ഒരു മുപ്പത്തഞ്ചു വയസ്സിന്നു മീതെ ആരെങ്കിലും ഈ രാജ്യത്തു ഉണ്ടാവുമോ എന്നു ഞാൻ സംശയിക്കുന്നു. പിന്നെ കല്യാണി

ബൌദ്ധസ്ത്രീയല്ലെന്നു പരബോദ്ധ്യമല്ലെ? ഇതിനു വൈത്തിപ്പട്ടർ സാക്ഷിയായി ഇപ്പോഴും ഇരിക്കുന്നുവല്ലൊ?

കണ്ടമ്മേനോൻ:- വൈത്തിപ്പട്ടരുടെ കാര്യം അത്ര ഉറയ്ക്കേണ്ട. അയാൾ പണം കിട്ടിയാൽ ഏതു പുറവും എങ്ങിനെ എങ്കിലും ലപിഡൻസ് കൊടുക്കും.

രാമവർമ്മൻ തിരുമുല്പാട്:- അങ്ങിനെ നീ പറയുന്ന ലപിഡൻസ് കൊടുത്താൽ അങ്ങിനെ എന്തെങ്കിലും പറഞ്ഞാൽ അയാൾ കുടുങ്ങിപ്പോകും. നോം എല്ലാവരും കൂടി ഒന്നിച്ചല്ലെ അയാളുടെ ഗ്രാമത്തിൽ നിന്ന് രാമമ്മേനോനേയും കുട്ടിയേയും ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വന്നതു്. ഇതെന്തൊരു കഥയാണ്. ഇല്ലാതാക്കുവാൻ ആ പട്ടരുമേലൊ മറ്റാരാലോ കഴിയുമോ?

കണ്ടമ്മേനോൻ:- അങ്ങിനെ പറയേണ്ട. ഇതു് ഒരു ജഡ്ജിക്കു ബോദ്ധ്യം വന്നു ഓപ്യം ആവണ്ടുന്ന കാര്യമാണ്. ജഡ്ജിമാർക്കു ലപിഡൻസ് അല്ലാതെ മറ്റെന്താണുള്ളതു്. എന്നാൽ നമ്മുടെ ഇപ്പോഴത്തെ മൂപ്പർക്കു് (ബകരാക്ഷസൻ എന്ന് രാമവർമ്മൻ തിരുമുല്പാട് മൂന്നാം അദ്ധ്യായത്തിൽ പറഞ്ഞ ആൾ) ഇതൊന്നും വേണ്ടാ. എന്ത് ലിപിഡൻസ് കൊടുത്താലും തരക്കേടില്ലാ. അവിടെ പണം മാത്രം ശരിയായി കിട്ടണം. എന്നാൽ മറ്റു ജഡ്ജിമാർ ഈ കാര്യത്തെക്കുറിച്ച് വിചാരണ ചെയ്യുമ്പോൾ ലപിഡൻസ്സ് നോക്കി കോഡ്ഡീസ്സ് പ്രകാരം ഓപ്യം ഉണ്ടാവുന്നതല്ലാതെ മറ്റ് അവർക്ക് എന്തു നിവൃത്തി. ആ വക സ്ഥലങ്ങളിൽ വൈത്തിപ്പട്ടരുടെ ലപിഡൻസ്സ് നമുക്ക് വളരെ ആവശ്യമുള്ളതാണ്.

രാമവർമ്മൻ തിരുമുല്പാട്:- നിന്റെ ലപിഡൻസ്സുകൊണ്ടു ബുദ്ധിമുട്ടായി. എന്നാൽ വൈത്തിപ്പട്ടരെ പിടിക്കുക. അത്രതന്നെ. എനിക്കു ഈ കാര്യത്തിൽ വൈത്തിപ്പട്ടരുടെ പ്രകൃതത്തിലും പ്രവൃത്തിയിലും കുറെ സംശയം ഉണ്ടു്. ഇവിടെ താമസിച്ചിരുന്ന കൃഷ്ണനിൽ പോയി?? ആരുടെ കൂടെ പോയി? ഇവിടെ ചോദിച്ചിട്ടുതന്നെയോ പോയതു്?

രാമൻമേനോൻ :- അവൻ ഇവിടെനിന്ന് ആരോടും ചോദിക്കാതെ ഒളിച്ചു പൊയ്ക്കളഞ്ഞു. ഒരു ദിവസം രാത്രി ഊൺ കഴിഞ്ഞു് ഇവിടെ പതിവു പ്രകാരമുള്ള സ്ഥലത്തു് ഉറങ്ങിയിരുന്നു എന്നും പിറ്റെദിവസം നോക്കിയപ്പോൾ അവനേയും അവന്റെ കര, മുണ്ടുകൾ ഇതുകളേയും കാണ്മാനില്ലെന്നും ശങ്കരൻ പറഞ്ഞു. ഇവരെ വൈത്തിപ്പട്ടർക്കല്ലാതെ ഇത്രവേഗം ഇവിടെനിന്നു കൊണ്ടുപോവൻ സാധിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. ഇവന്ന് വൈത്തിപ്പട്ടരോടുള്ള സ്നേഹം അതികലശലാണെന്നു ശങ്കരൻ പറഞ്ഞു ഞാൻ അറിഞ്ഞു. ഇവനെ കല്യാണിയുടെ കൂടെ ആക്കിയതുതന്നെ വൈത്തിപ്പട്ടരാണെന്നു ഇവൻ തന്നെ പലപ്പോഴും പറയാറുണ്ടത്രെ. കല്യാണിയെ ഒന്നാമതു കണ്ടപ്പോൾ ഇവനും വൈത്തിപ്പട്ടരും കല്യാണിയുടെ കൂടെ ഉണ്ടായിരുന്നു.

കണ്ടൻമേനോൻ:- ഈ വൈത്തിപ്പട്ടർ ഈ കാര്യത്തിൽ എന്തൊ അപകടം പ്രവർത്തിച്ച നിമിത്തം ഈ കൂട്ടം ഇത്ര വൈഷമ്മിച്ച കാണുന്നതാണെന്നു ഞാൻ തീർച്ചയായും ഓപ്യം കൊടുക്കുന്നു. കഴിയുന്ന വേഗത്തിൽ ആ പട്ടരെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവന്നു അയാളെ പാട്ടിൽ പിടിച്ച് "റില്ലി ആക്റ്റ് പ്രകാരം" വ്യവഹാരങ്ങൾ ഉടനെ കൊടുക്കണം എന്നാണ് എന്റെ അഭിപ്രായം.

ഈ സംസാരമെല്ലാം ഉണ്ടായപ്പോൾ ശങ്കരൻ ആ സ്ഥലത്തിനു സമീപം നിന്നിരുന്നു. രാമവർമ്മൻ തിരുമുല്പാട്ട് ശങ്കരനെ കണ്ടു. തന്റെ പക്കൽ ഉള്ള എഴുത്തു ശങ്കരനെ കാട്ടാമോ എന്ന ഭാവസൂചകമായ തിരുമുല്പാട്ടിലെ സ്ഥിതി കണ്ടിട്ടു ക്ഷണേന രാമൻമേനോൻ അതിനു അനുവദിച്ചതായ ഭാവം കാട്ടി. ഉടനെ എഴുത്തിനെ ശങ്കരൻ പക്കൽകൊടുത്തു. ശങ്കരൻ എഴുത്തു വാങ്ങി വായിച്ചു. അതിനെ തിരുമുല്പാട്ടു പക്കൽ തന്നെ കൊടുത്തു.

രാ: തി:- ഞാൻ ഇപ്പോൾ രാമൻമേനോനോട്ടു കൃഷ്ണന്റെ വർത്തമാനത്തെ കുറിച്ചു പറയുകയായിരുന്നു. അവൻ എവിടേക്കു കടന്നുപോയിരിക്കുന്നുവോ എന്നു അറിയുന്നില്ല. അവന്നു ഇവിടെനിന്നു താനെ പൊയ്ക്കളയുവാൻ എങ്ങിനെ ധൈര്യം ഉണ്ടായതു്? അവൻ എത്രയോ കാലം - എന്നുവെച്ചാൽ കല്യാണിയും രാമന്മേനോനും തമ്മിൽ കണ്ട മുതല്ക്കു കൂടെ താമസിച്ചുവല്ലൊ. ഇവൻ മുമ്പെ വൈത്തിപ്പട്ടരുടെ ഒരു ഭൃത്യനായിരുന്നു എന്നും ഇപ്പോൾ അറിഞ്ഞു. ഒരു സമയം വൈത്തിപ്പട്ടരുടെ വിദ്യയൊ ഇതു എന്നിറിഞ്ഞില്ല.

ശങ്കു:- (കുറെ മന്ദഹാസത്തോടുകൂടി) ഒരു സമയം അങ്ങിനെ ആയിരിക്കാം. വൈത്തിപ്പട്ടരുടെ അവസ്ഥ ഏതെല്ലാം പ്രകാരത്തിലും വിധത്തിലും ആണെന്ന് എനിക്കു അറിഞ്ഞുകൂടാ. ഈ എഴുത്തിലെ താൽപ്പര്യപ്രകാരം എന്താണ് ഇവിടെ നിന്ന് പ്രവർത്തിക്കുന്നതെന്നറിഞ്ഞില്ല.

രാ. തി:- ആ അസത്ത്, ദുഷ്ടൻ, ചണ്ഡാളൻ, ആ പാപി, ദുർബുദ്ധി അച്ചൻ പറഞ്ഞിട്ട് കാര്യസ്ഥൻ ഗോവിന്ദൻ എഴുതീട്ടുള്ള ഈ വിലയില്ലാത്ത കത്തിനെ ആരു കൈക്കൊള്ളും. ഞാൻ ഈ എഴുത്തിനു ഒരു മറുപടി അയപ്പാൻ പോകുന്നു. അതു നീ എഴുതി തരണം. ഇങ്ങിനെ കളവായ വിവരത്തെക്കുറിച്ച് എഴുതി അയച്ചു കളയാമെന്ന് ഒരു ധൈര്യം ഉണ്ടായല്ലൊ.

ക:- വരട്ടെ, ബദ്ധപ്പെടേണ്ട. നോക്ക് ആ പട്ടരേ പിടിക്കുവാൻ നോക്കുക. അയാൾ വന്നാൽ വളരെ വിവരങ്ങൾ നോക്ക് അറിവാൻ കഴിയും.

രാ.തി:- എന്താണ ശങ്കരാ. അങ്ങിനെയോ അഭിപ്രായം. പട്ടരെ ഈ കത്തിനു മറുപടി അയക്കുന്നതിനു മുമ്പെ ഒന്നാമതു വരുത്തേണമെന്നുണ്ടോ?

ശ:- ഈ കത്തിനു മറുപടിയായി എന്തെങ്കിലും അയപ്പാൻ ഭാവമുണ്ടെങ്കിൽ അതു കഴിഞ്ഞിട്ടു മതി എന്നാണ് ഞാൻ വിചാരിക്കുന്നതു്. ഒന്നാമതു പട്ടരെ കിട്ടുമോ

എന്നു സംശയമാണ്. കിട്ടിയാലും നമ്മൾക്കുവേണ്ടി എന്തെങ്കിലും ചെയ്യുമോ എന്നും സംശയമാണ്. പട്ടരുടെ സ്വഭാവം കണ്ടന്മേനോൻ ഇപ്പോൾ ഇവിടെ പ്രസ്താവിച്ചതു് വാസ്തവമാണ്. എടത്തിലെ പണത്തിന്നു മീതെ ഒരു വിധത്തിലും പട്ടരുടെ മനസ്സു പൊന്തുന്നതല്ല. അയാൾ ഇപ്പോൾ എടത്തിൽ ആയിരിക്കും എന്നുള്ളതിനു അധികം സംശയംതോന്നുന്നില്ല. കൃഷ്ണനും അവിടെത്തന്നെ ആയിരിക്കും. ഇവിടെനിന്നു കൃഷ്ണന്റെ ഗോപ്യമായ യാത്രയും, അവൻ ഇവിടെ വൈത്തിപ്പട്ടരെ കണ്ടശേഷം പ്രവർത്തിച്ചിട്ടുള്ള അവസ്ഥകളും ഓർത്താൽ അതിനെപ്പറ്റി ഇങ്ങഇനെ സംശയം ഉണ്ടാവാതിരിപ്പാൻ പാടുള്ളതല്ല.

ശങ്കരൻ പറഞ്ഞതു തിരുമുല്പാട്ടിലേക്കു ബോദ്ധ്യമായി. കണ്ടന്മേനോനും തൽ ക്കാലം കേവലം വിരസമല്ലാതെ ബോദ്ധ്യമായിതീർന്നു. താൻ പറഞ്ഞിട്ടുള്ള അഭിപ്രായത്തോടുകൂടി യോജിച്ചല്ല. എങ്കിലും വൈത്തിപ്പട്ടരുടെ സ്വഭാവത്തെ ക്കുറിച്ചു താൻ പറഞ്ഞിട്ടുള്ളതു മുഴുവനും അനുകരിച്ചിട്ടാണു തന്റെ അഭിപ്രായം എന്നുള്ള ഏക സംഗതി മാത്രം ഓർത്തിട്ടാണ്. രാമൻമേനോനും അങ്ങിനെ തന്നെയെന്നു അഭിപ്രായപ്പെട്ടു.

ശ:- എന്നാൽ ഈ കത്തിന് എന്താണ് മറുവടി അയക്കേണ്ടതു്? എന്നുവെച്ചാൽ അത് ഉടനെ തയ്യാറാക്കുന്നതു് ഏറ്റവും നല്ലതാണെന്ന് എന്റെ താഴ്മയുള്ള ബുദ്ധി യിൽ തോന്നുന്നതു് ഇവിടെ കേൾപ്പിക്കുന്നു.

രാ.തി:- ശങ്കരൻതന്നെ കത്തുണ്ടാക്കി തരണം. വേഗം കടലാസ്സ്, ത്തൂവൽ, മഷി ഇതുകളെ കൊണ്ടുവരിക.

ശ:- കടല്ലാസ്സും മറ്റും കൊണ്ടുവരാം. കത്ത് എഴുതുന്നതു് കണ്ടമ്മാമൻ അല്ലെ, വളരെ നല്ലതു്.

രാ.തി:- കത്തു നീ തന്നെ എഴുതണം. കടലാസ്സും മറ്റും വേഗം കൊണ്ടുവരണം. കണ്ടന്മേനോന്ന് ഈ കാര്യത്തിൽ വളരെ എഴുതുവാൻ എനി എടയുണ്ടാകുമല്ലോ. കണ്ടന്മേനോന് ഇതു് അത്ര രസിച്ചില്ല. എന്നാൽ ഒന്നും പറയാതെ നിൽക്കുന്നതു് നല്ലതല്ലെന്നു വിചാരിച്ച് ”ഓ,ഹോ, കത്തു എഴുതുന്നതു ശങ്കരൻ തന്നെ ആകട്ടെ, ഞാൻ സമ്മതിച്ചു. നമുക്ക് ഇവന്റെ വാചകത്തിന്റെ രീതിയും ഒന്നറിയാമല്ലോ.” ഇതു കേട്ടപ്പോൾ ശങ്കരൻ എഴുത്ത് എഴുതുന്നതു് ഇപ്പോൾ പറഞ്ഞപ്രകാരം തന്നെ മതിയായിരിക്കും. അങ്ങനെയാണെങ്കിൽ ഞാൻ അതുപ്രകാരം എഴുത്തുണ്ടാക്കി ക്കൊണ്ടുവന്നു വായിച്ചു കേൾപ്പിക്കാം.

രാ.തി:- ഓ, ഹൊ, ധാരാളം മതി. ഒന്നു എഴുതിക്കൊണ്ടുവരിക. ശങ്കരൻ എഴുതിയാൽ വളരെ നന്നാവുമെന്ന് എനിക്കു ബോദ്ധ്യമാണ്.

ശങ്കരൻ ഉടനെ അകായിൽ പോയി എഴുത്ത് എഴുതിക്കൊണ്ടു വന്നു. താഴെ പറയും പ്രകാരമായിരുന്നു എഴുത്ത്.

ശ്രീ

”തന്റെ എഴുത്തു കിട്ടി. തിരുവനന്തപുരത്തുകാരൻ രാമൻപിള്ള എന്നു തന്റെ എഴുത്തിൽ കാണുന്ന രാമൻമേനോൻ എന്ന ആൾ ഒരു പെൺകുട്ടിയോടുകൂടി നമ്മുടെ വക ഒരു മഠത്തിൽ താമസിച്ചുവരുന്നുണ്ട്. അതു താൻ എഴുത്തിൽ കാണിച്ചപ്രകാരം നമ്മുടെ ചിലവിന്മേലല്ല അവരുടെ സ്വന്തം ചിലവിന്മേലാണ്. ആ പെൺകുട്ടി മുസൽ മാൻ ജാതിയായ സ്ത്രീയിൽ ജനിച്ച കുട്ടിയല്ല. മേൽപറഞ്ഞ രാമൻമേനോനു പൂഞ്ചോലക്കര എടത്തിൽ കല്യാണി എന്നു പേരായ സ്ത്രീയിൽ ജനിച്ച ഒരു കുട്ടിയാകുന്നു. നായരുജാതി എന്നു പ്രസിദ്ധമായി അറിയപ്പെടുന്ന പൂഞ്ചോലക്കര എടത്തിൽ മേലാൽ സന്തതിക്കും വേറെ വളരെ അഭ്യുദയങ്ങൾക്കും ആയി പൂഞ്ചോലക്കര എടത്തിൽ ഒരു സ്ത്രീയെ സംബന്ധത്തിന് എല്ലാവിധത്തിലും അർഹനായ രാമൻമേനോനു പൂഞ്ചോലക്കര എടത്തിൽ കല്യാണി എന്ന സ്ത്രീയിൽ പുത്രിയായി ജനിച്ചതുകൊണ്ടു എങ്ങിനെയാണ് ആ കുട്ടിക്ക് ഇപ്പോൾ ജാതിവൈരൂപ്യം കല്പിക്കുന്നതു എന്നു മനസ്സിലാകുന്ന വിധം ഒന്നും തന്നെ എഴുത്തിൽ പ്രസ്താവിച്ചു കാണുന്നില്ല. സൂക്ഷ്മമായി അറിവു കിട്ടിയിരിക്കുന്നു. എന്നു താൻ എഴുതിയതു വളരെ നിസ്സാരമായി വിചാരിപ്പാനേ പാടുള്ളൂ. അവിടുന്നും ഇവിടുന്നും തമ്മിൽ വ്യവഹാരം നിമിത്തം രസമില്ലെങ്കിലും, സൂക്ഷ്മമായി കിട്ടിയ വിവരത്തെ അറിയിപ്പാനുണ്ടായ അനുകമ്പ വളരെ യഥോചിതം തന്നെ. ക്ഷത്രിയനായ നമുക്കും നമ്മുടെ കുടുംബങ്ങൾക്കും ക്ഷേത്രം, കുളം മുതലായതുകൾക്കും സദാചാര വിശുദ്ധി ഉണ്ടായി വരുന്നതു തന്റെ പൂഞ്ചോലക്കര അച്ചനു സന്തുഷ്ടിയാണെന്ന് ഇപ്പോൾ ലോകപ്രസിദ്ധമാണല്ലോ. എനിക്കു ഈ വിധം ഒരു കത്ത് തനിക്ക് എഴുതുവാൻ ആവശ്യമില്ലാത്തതാണ്. അതു തന്റെ പൂഞ്ചോലക്കര അച്ചൻ പറഞ്ഞാലും പറഞ്ഞിട്ടില്ലെങ്കിലും ഒരുപോലെ തന്നെ. ഹ്ംകൃതിയോടുകൂടി ഇങ്ങിനെ ഒരു ഭീഷണി ഉണ്ടാക്കിത്തീർത്തുകളയാമെന്നുള്ള വിചാരം മാത്രം സർവ്വത്ര സ്ഫുരിക്കുന്നതായും നിസ്സാരമായും ഉള്ള തന്റെ കത്തനു മേൽകാണിച്ചപ്രകാരമാണ് ഇവിടെനിന്നു മറുപടി പറയുന്നതു് എന്ന് അറിയിക്കുന്നു.

ഉദയന്തളി രാമവർമ്മൻ തിരുമുല്പാട്.

ഈ കത്തു വായിച്ചു കേട്ടപ്പോൾ രാമവർമ്മൻ തിരുമുല്പാട്ടിലേക്കു അതിയായി ഉണ്ടായ സന്തോഷത്തിനാൽ ഒന്നും പറയാതെ മന്ദഹസിച്ചുംകൊണ്ടു കണ്ടന്മേനോന്റെ മുഖത്തു നോക്കി.

കണ്ടന്മേനോൻ:- കത്തു് വളരെ നന്നായി. ഇതിൽ ലാപോയിന്റ് കൂടി ഉണ്ട്.

രാമവർമ്മൻ തിരുമുല്പാട്:- എനിക്ക് അതു് അറിഞ്ഞുകൂടാ. എന്നാൽ ഇവിടെനിന്നു പൂഞ്ചോലക്കരക്ക് ഇതുവരെ എഴുതീട്ടുള്ള എഴുത്തുകൾ മുഴുവൻ ശങ്കരൻ

ആണെന്നു തോന്നും ഈ എഴുത്തു വായിച്ചു കേട്ടാൽ. ഇവന്റെ ബുദ്ധി വളരെ വിശേഷമായിട്ടുള്ളതാണെന്നു ഓർത്തു ഞാൻ ആശ്ചര്യപ്പെടുന്നു. ഉടനെ എഴുത്തു വാങ്ങി പൂട്ടി മേൽവിലാസം എഴുതി തന്റെ ഒരാൾക്കാരൻ പക്കൽ തിരുമുല്പാട് കൊടുത്തു.

തിരുമുല്പാടും കണ്ടമ്മേനോനും ഊൺ കഴിഞ്ഞു വരാം എന്നു പറൻഞ്ഞു ഉടനെ അവിടെനിന്നു പുറപ്പെടുകയും ചെയ്തു. വഴിയിൽ വെച്ചു ചോദിച്ച നമ്പൂതിരിമാരോട് ഇതെല്ലാം പൂഞ്ചോലക്കര അച്ഛൻ കളവായി ഉണ്ടാക്കിയ നിർമ്മര്യാദമായ ഒരു കഥയാണെന്നു പറയുകയും അതു ചിലർ വിശ്വസിക്കുകയും ചെയ്തു.

## പത്താം അദ്ധ്യായം

പൂഞ്ചോലക്കര എടവും ഉദയന്തളി രാമവർമ്മൻ തിരുമുല്പാട്ടിലെ കോവിലകവും മറ്റ് ഇതിൽ പറയപ്പെടുന്ന വൈത്തിപ്പട്ടര്, കണ്ടന്മേനോൻ മുതലായവരുടെ വസതിയും ഒരേ ജില്ലയിൽ എന്നു മുമ്പ് പേർ അറിയപ്പെട്ടിരുന്ന പ്രകാരമുള്ള ഒരേ ഡിസ്ത്രിക്കിൽ ആയിരുന്നു. ആ ഡിസ്ത്രിക്ക് മുഴുവനും ഒർള്ളേ ഡിസ്ത്രിക്ട് ജഡ്ജിയുടെ സിവിലും ക്രമിനാലും അധികാരങ്ങൾക്കു കീഴടങ്ങപ്പെട്ടതായിരുന്നു. എന്നാൽ ഈ ഡിസ്ത്രിക്കിന്റെ വലിപ്പം നിമിത്തം രണ്ടായിരത്തി അഞ്ഞൂറു ഉറുപ്പികക്കു മീതെ സലയായുള്ള എല്ലാവക സിവിൽ ആദ്യവ്യവഹാരങ്ങൾ ഡിസ്ത്രിക്ട് ജഡ്ജി അയക്കുന്ന അപ്പീലുകൾ, അമ്പതു ഉറുപ്പികക്കുമീതെയുള്ള എല്ലാ സ്മാൾക്ലാസ്സ് വ്യവഹാരങ്ങൾ ഇതുകളേയും മറ്റും തീർച്ചപ്പെടുത്തുവാനായി ഒരു സവോഡി നേറ്റു ജഡ്ജികൂടെ ഉണ്ടായിരുന്നു. ഈ ഡിസ്ത്രിക്ട് ആറ് മുൻസിപ്പുമാരുടെ അധികാരത്തിൽ കീഴിൽ വിഭജിക്കപ്പെട്ടിരുന്നു. ഇതിൽ ഒരു മുനിസിപ്പിന്റെ അധികാര അതിർത്തിയിൽ ഉൾപ്പെട്ടിട്ടുതന്നെയാണു നമ്മുടെ പൂഞ്ചോലക്കര എടവും രാമവർമ്മൻ തിരുംല്പാട്ടിലെ കോവിലകവും കിടന്നിരുന്നത്. അതിന്നു ആ ജില്ലയുടെ കസബസ്റ്റേഷൻ എന്ന് ജനങ്ങൾ പറഞ്ഞുവന്നു. ഈ ജില്ല എന്ന ഡിസ്ത്രിക്ട്കോർട്ടും സബോർഡിനേറ്റ് ജഡ്ജിയുടെ കോർട്ടും കസബാ മുനിസിപ്പുകോർട്ടും സ്ഥിതി ചെയ്യുന്നത് ഒരേ മതിൽകൊണ്ട് ചുറ്റപ്പെട്ടിട്ടുള്ള വിശാലമായ ഒരു സ്ഥലത്തായിരുന്നു.

കോടതിയിലെ ജഡ്ജിമാർ, കോടതിയില്ലുള്ള ഉദ്യോഗസ്ഥന്മാർ, വക്കീലന്മാർ, വക്കീലന്മാരുടെ കീഴുദ്യോഗമായിരിക്കുന്നവർ, അവരുടെ കീഴ്ശ്രമക്കാർ, വ്യ വഹാരകാര്യസ്ഥന്മാർ, നാട്ടുകാര്യസ്ഥന്മാർ കച്ചവടക്കാർ, കൃഷിപ്രവൃത്തിക്കാർ, വിദ്യാപരിശ്രമക്കാർ, കൈവേലപ്രവൃത്തിക്കാർ, കൂലിക്കാർ, വ്യഭിചാരവൃന്ദങ്ങൾ മുതലായ അനേകവിധമായ ജനങ്ങളുടെ സാമഗ്ര്യത്താൽ തിങ്ങിവിങ്ങി ഇരിക്കു ന്ന ഒരു പട്ടണമാണ് ഇത്. പലവിധങ്ങളായ ജനങ്ങളുടെ വസതിക്കായിക്കൊണ്ടു പലവിധമായ എടുപ്പുകളോ, ഭവനങ്ങളോ മറ്റു കൗതുകമായുള്ള ചില വെൺമ ണിമാടക്കുടമേടങ്ങളോ ഈ പരന്ന വിശാലമായി കിറ്റക്കുന്ന സ്ഥലത്തു എങ്ങും ഏവരും കാണ്മാൻ കഴിയുന്നതാകുന്നു. പ്രഭാതം മുതൽ പ്രഭാതം വരെ ഈ സ്ഥല ത്തുള്ള ഒരു ഘോഷം ഇന്നപ്രകാരമായിരുന്നു എന്ന് വാഴാമഗോചരമാണ്. ഈ സ്ഥലത്തിന്റെ അതിപ്രൗഢമതയേയും ഔന്നത്യത്തേയും മാഹാത്മ്യത്തേയും അറിഞ്ഞിട്ടോ എന്നു തോന്നും ഇവിടെയുള്ള ശ്രീരാമസ്വാമിയുടെ ക്ഷേത്രത്തിന്റെ പരിണാമഹീനമായ വിശേഷത. നാലുപുറവും അഞ്ചാറാൾ ഉയരം, അതി ഭംഗിയായി കെട്ടി ഉയർത്തിയിരിക്കുന്ന ക്ഷേത്രത്തിന്റ് കൺമതിലുകളും ആ കൺമതിലുകൾ തന്നെ കെട്ടി ഉയർത്തപ്പെട്ടിട്ടുള്ള ഉയർന്നു നിൽക്കുന്നതായ

സ്ഥലത്തേയും പററി എന്താണ് ഞാൻ പറയേണ്ടതു്. ഒരു രണ്ടുമൈൽ ദൂരം എങ്ങും കാണ്മാൻ തക്കതും കുറെ ഉയർന്നതുമായ ഒരു സ്ഥലത്തിൽ ഒരു മനുഷ്യൻ നിന്നു് ഈ പട്ടണത്തിലേക്കു നോക്കിയാൽ ജനസമുദായത്തിനാൽ തിങ്ങി വിങ്ങി നിൽക്കുന്ന ഭവനങ്ങളുടെ മദ്ധ്യത്തിൽ ഈ ക്ഷേത്രം അനേകവിധമായ ചെറുവക നവരത്നങ്ങളെക്കൊണ്ടു പതിക്കപ്പെട്ടിട്ടുള്ള ഒരു മോതിരത്തിന്റെ മദ്ധ്യത്തിൽ നിൽക്കുന്ന മഹത്തായി ഉജ്ജ്വലത്തായ ഒരു നായകമണി എന്നു സങ്കല്പിക്കപ്പെടാവുന്ന വൈഡൂര്യമോ വൈരക്കല്ലോ ആണെന്നു നിശ്ചയമായി ഉപമിക്കപ്പെടും. ഈ ക്ഷേത്രത്തിന്റെ കിഴക്കുപടിഞ്ഞാറു ഭാഗങ്ങളിൽ വളരെ ഉയർന്നു പരന്നു നിൽക്കുന്ന രണ്ടു ഗോപുരങ്ങൾ ഉണ്ടായിരുന്നു. ആ ഗോപുരങ്ങളിൽനിന്നു് കീഴ്ഭാഗത്തേക്കുള്ള കരിങ്കൽപടവുകൾ കിഴക്കും പടിഞ്ഞാറും കെട്ടി വരിവരിയായി താഴ്ത്തീട്ടുള്ളതിന്റെ ഒരു ഭംഗി അവിടെയുള്ള രണ്ടു ചിറകളുടെ മനോരമ്യമായ കിടപ്പിനാലല്ലാതെ മറെറാന്നുകൊണ്ടും ജയിക്കപ്പെടുമോ എന്നു സംശയിക്കുന്നു. ഈ ക്ഷേത്രത്തിന്റെ കിഴക്കും പടിഞ്ഞാറും ഉള്ളതായ ഈ ചിറകളുടെ വിസ്തീർണ്ണവും വിശാലതയും അതിലുള്ള ജലത്തിന്റെ സ്വച്ഛതയും നിമ്മലത്വവും കണ്ടാൽ അത്ര അധികം ജനങ്ങൾ അതിൽ കുളിച്ചിട്ടുകൂടി വെള്ളത്തിന്നു യാതൊരു മലിനതയോ അശുദ്ധിയോ കാഴ്ചക്കു വല്ല ദുസ്സഹത്വമോ ഗന്ധവൈപരീത്യമോ കേവലം ഇല്ലാതിരിക്കുന്നത് ഈശ്വരസഹായത്താൽ മാത്രമാണെന്നു പൊതുവില്ലുള്ള ആളുകൾക്കു തോന്നാം.

ഈ ക്ഷേത്രത്തിന്റെ ഉന്നതമായ ഭാഗത്തിലെല്ലാം ശാതകുംഭസ്തൂപകൾ അവിടവിടെ ഉണ്ടായിരുന്നതുകളിൽനിന്നു ഉപരിതലത്തിലാകവെ മൂടിയിരുന്ന ചെമ്പുപലകകളിൽ സൂർയ്യപ്രഭ രാവിലേയും വൈകുന്നേരവും തട്ടുമ്പോൾ ഉണ്ടാവുന്ന കനകമയങ്ങളായും പിംഗലങ്ങളായും രക്തോച്ഛ്റാനങ്ങളായും സംഗതിവശാൽ എടയ്ക്കിടയ്ക്കു രൂപ്യമയങ്ങളായും ഉള്ള വർണ്ണങ്ങൾ ഏതെല്ലാം പ്രകാരത്തിൽ ഉള്ള ശോഭയെ ഈ ചെമ്പടിച്ച മേൽപുരകൾക്കും ഈ പൊൻതാഴികക്കുടങ്ങൾക്കു തന്നെയും കൊടുക്കുന്നു എന്നു മനസ്സുകൊണ്ട് ആലോചിച്ചാൽ ഏവനും തോന്നും. പിന്നെ ജനങ്ങളുടെ വസതികൾ ഇന്നപ്രകാരത്തിൽ തിക്കിത്തിരക്കീട്ടാണെന്നു പറഞ്ഞാൽ അവസാനമില്ലാത്ത ഈ സ്ഥലത്ത് ഈ ക്ഷേത്രത്തിന്റ ഒരു കാഴ്ച എന്തായിരിക്കുമെന്നു സാധാരണയായി ഏവനും മനസ്സിലാവുന്നതാണ്. രാവിലെ നേരം അഞ്ചുമണി മുതൽ രാത്രി പന്ത്രണ്ടുമണിവരെ ഈ ക്ഷേത്രത്തിൽ മഹോത്സവമായിട്ടുതന്നെ ദിനംപ്രതി കഴിഞ്ഞുവരുന്നതാണ്. ഇതിന്റെ വിശേഷതകൾ എല്ലാം ഈ പുസ്തകത്തിൽ പ്രത്യേകിച്ചു പറവാൻ ഞാൻ ഭാവിക്കുന്നില്ല. നമ്മൾക്ക് ഇവിടെ പറയേണ്ടുന്ന കഥ ഒരു സിവിൽ വ്യവഹാരത്തെക്കുറിച്ചു മാത്രമാകയാൽ അതിനെ സംബന്ധിച്ചുള്ള മനുഷ്യരുടെ കഥ മാത്രം ഇവിടെ

അല്പം പറയേണ്ടതു യോഗ്യമാണ്.

ഉയർന്നതരം പരീക്ഷകൾ കൊട്ടുത്തു ജയംപ്രാപിച്ച് ആ അവസ്ഥയെ കാണിക്കുന്നതായ വാചകത്തോട്ടുകൂടി ഉണ്ടാക്കപ്പെട്ടിട്ടുള്ള ഓട് , ചെമ്പ് , മരം , കാൻവാസ് മുതലായ സാധനങ്ങളിൽ എഴുതി പതിച്ചിട്ടുള്ള വക്കീൽമാരുടെ വീട്ടുകൾ അസംഖ്യം. ബാരിസ്റ്റർ അറ്റ് ലൊ , എം.എ., എം.എൽ , എം.എ.ബി.എൽ , ബി.എ.,ബി.എൽ, എൽ.എൽ.ബി. , എഫ്.എ.ബി.എൽ എന്നിങ്ങനെയുള്ള പരീക്ഷകൾ ഒന്നും ജയിച്ചിട്ടില്ല. എന്നാൽ, കർപ്പൂരയ്യന്റെ ബുദ്ധിസാമർത്ഥ്യം വിശേഷപ്രാപ്തിയും നിമിത്തം അയാൾ വ്യവഹാര കാർയ്യം സംബന്ധമായി ഈ പട്ടണത്തിലുള്ള തിരക്ക് അതികലശൽ തന്നെ. വക്കീൽമാരും കക്ഷികളും കൂടി ഒരു തെരക്ക് , മറ്റൊരേടത്ത് വക്കീൽമാരും വക്കീൽമാരുംകൂടി ഒരു തെരക്ക് മറ്റൊരേടത്ത് കക്ഷികളും കക്ഷികളുംകൂടി ഒരു തെരക്ക് , മറ്റൊരേടത്ത് വ്യവഹാരകാർയ്യസ്ഥന്മാരും കക്ഷികളുംകൂടി ഒരു തെരക്ക് , മറ്റൊരേടത്ത് ചോറുവെച്ച് വിൽക്കുന്ന പട്ടന്മാരു കക്ഷികളുംകൂടി ഒരു തെരക്ക് , മറ്റൊരേടത്ത് ചോറുവെച്ചു വില്ക്കുന്ന നായന്മാരും കക്ഷികളുംകൂടി ഒരു തെരക്ക് , മറ്റൊരേടത്ത് ചായവെച്ചു വിൽക്കുന്ന പട്ടന്മാരും ചായ വെച്ചു വില്ക്കുന്ന നായന്മാരുംകൂടി ഒരു തെരക്ക് , ഇതെല്ലാം സാമാന്യം ശമനമാവണമെങ്കിൽ നേരം പത്തുമണി കഴിയണം. പത്തുമണിക്ക് കോടതി സംബന്ധപ്പെട്ടിട്ടുള്ളവർ എല്ലാം കോടതിയിലേക്കായി പോകും.

നമ്മൾ പറഞ്ഞിരുന്ന സബ് ജഡ്ജി അവർകളും , മുൻസിഫ് അവർകളും ഈ തിരക്കിലുള്ള പട്ടണത്തിൽതന്നെ ആയിരുന്നു അധിവാസം ചെയ്തിരുന്നത്. ഡിസ്ട്രിക്ട് ജഡ്ജി അവർകൾ ഈ സ്ഥലത്തുനിന്നു രണ്ടു നാഴിക ദൂരം ഉള്ള ഒരു സ്ഥലത്തായിരുന്നു പാർപ്പ്. നമുക്ക് ഇതിന്നു മുമ്പെ പരിചയമായ കരിപ്പാട്ടിൽ കണ്ടേൻമേനോൻ ഉദയന്തളിമഠത്തിൽനിന്നു പിരിഞ്ഞ് ഊൺ കഴിഞ്ഞതിന്റെ ശേഷം തനിക്ക് സഹജമായുള്ള നാരദസ്വഭാവം തന്നെ വളരെ അലട്ടി. സ്വതേ തന്റെ സ്വഭാവത്തിലുള്ള ദുർഗ്ഗുണങ്ങൾ വെളിവായി പുറത്തേക്കു കണ്ടുതുടങ്ങി. തനിക്ക് ഇപ്പോൾ സ്വതെ ഉള്ളതായി തീർന്നിട്ടുള്ള ഗംഭീരഭാവവും ധാർഷ്ട്യാതിരേകമായ വാക്കുകളും ഒന്നു കവിഞ്ഞു. ”ഇതു ബഹുരസം തന്നെ. വ്യവഹാരത്തിൽ ഉണ്ടാകുന്ന കുണ്ടാമണ്ടികൾ കലശലായി തീരും. ഈ വ്യവഹാരം പറഞ്ഞതുപോലെയോ വിചാരിക്കുംപോലെയോ ഒന്നും നിൽക്കുകയില്ല. ”റില്ലി” ആക്ട് പ്രകാരം വ്യവഹാരം കൊട്ടുപ്പാനായി ഞാൻ പറഞ്ഞു. ആ ആക്ടതന്നെ എന്താണെന്ന് ഇനിയും ഞാൻ വായിച്ചിട്ടില്ല. എങ്ങിനെയാണ് ആ ആക്ടട് പ്രകാരം വ്യവഹാരം തയ്യാറാക്കേണ്ടത് എന്നുകൂടി എനിക്കു നല്ല ശീലമില്ല. ഈ വ്യവഹാരംസംഗതിയെപ്പറ്റി ഇനി തിരുമുല്പാട്ടുമായിട്ടോ മറ്റോ

സംസാരിക്കണമെങ്കിൽ ”റില്ലി ആക്ടി” ന്റെ ഗുണദോഷം വെടിപ്പായി വിചാരിച്ചിട്ടു വേണം. ഇതിന്നു നോട്ടീസ്സ് അയച്ച വക്കീൽ രാഘവമേനോനുമായി കണ്ടു സംസാരിക്കണം.”

എന്നു വിചാരിച്ചു നിശ്ചയിച്ചു ചെരിപ്പും , കുടയും , ചൂരൽവടിയും എടുത്തു മേൽ പറഞ്ഞ പട്ടണത്തിലേക്കായി ക്ഷണേന പോവുകയും ചെയ്തു. പട്ടണത്തിൽ എത്തുമ്പോൾ അസ്തമിച്ചിരിക്കുന്നു. രാഘവമേനോൻ കച്ചേരിയിൽനിന്നു മടങ്ങിവന്നിരിക്കുന്നു. കണ്ടന്മേനോനെ കണ്ടപ്പോൾ ആചാരപൂർവ്വം ഇരിപ്പാൻ പറഞ്ഞു. കണ്ടന്മേനോൻ ഇരുന്ന ഉടനെ നോട്ടീസ്സിന്റെ കാർയ്യത്തെക്കുറിച്ചു പ്രസ്താവിച്ചു. ഈ രാഘവമേനോൻ ബി.എ.ബി.എൽ ജയിച്ചിട്ടുള്ള ഒരു വക്കീലാകുന്നു. അഞ്ചുകൊല്ലം കഴിഞ്ഞിട്ടു ഹൈക്കോടതി സന്നത്ത് വാങ്ങാമെന്നുവച്ച് തൽക്കാലം ഒന്നാംഗ്രേഡ് വക്കീൽപണിയിൽ പ്രവേശിച്ചിട്ടുള്ള ഒരു ദേഹമാകുന്നു. ഇംഗ്ലീഷിൽ നല്ല പഠിപ്പും വ്യവഹാരശാസ്ത്രത്തിൽ നല്ല അറിവും ഉള്ള ഒരു ആളായിരുന്നു.

രാഘവമേനോൻ :- അതെ , ആ നോട്ടീസ്സ് അയച്ചിട്ട് ഇപ്പോൾ ദിവസം കുറെ അധികമായല്ലോ. എന്താണ് അവർ വ്യവഹാരം കൊടുക്കുന്നില്ലെ ? കണ്ടന്മാമന് നല്ല തരമായല്ലോ.

കണ്ടൻമേനോൻ :- നിശ്ചയമായി കൊടുക്കുന്നു. അന്യായഹർജി എഴുതി തരണം. അതിനായിട്ടാണ് ഞാൻ വന്നത്. ഈ അന്യായം കൊടുക്കുന്നത് ”റില്ലി” ആക്ട് പ്രകാരമല്ലേ വേണ്ടത് ?

രാ :- എന്താക്ട് ? എന്നു പറഞ്ഞ് കുറെ ചിറിച്ചു.

ക :- നിങ്ങൾ ഇംഗ്ലീഷിൽ പറയുന്ന പേര് ഒരുവിധത്തിൽ ഞാൻ പറഞ്ഞതാണ് ”റില്ലി” ”റില്ലി” ആക്ട്. റില്ലി ആക്ട് എന്ന് ഒരാക്ട് ഇല്ലേ ?

രാഘവമേനോൻ ചിരിച്ചു. ഇയാൾ എന്താക്ടിനെ കുറിച്ചാണു പറയുന്നത് എന്നു തനിക്കു ഒട്ടും തന്നെ മനസ്സിലായില്ല.

രാ :- ഇത് മഹാ ദുർഘടംതന്നെ . എന്ത് ”റില്ലി” ആക്ട്. ഞാൻ ഇങ്ങിനെ ഒരാക്ട് ഇംഗ്ലീഷിൽ കേട്ടിട്ടേ ഇല്ല. ഈ ആക്ടിനു മലയാളത്തിൽ പേരില്ലേ ?

ക :- മലയാളത്തിൽ പ്രത്യേക നിവൃത്തി ആക്ട് എന്നു പേർ കേട്ടിട്ടുണ്ട്.

രാ :- ശിക്ഷ , ശിക്ഷ. നിങ്ങൾ ഇങ്ങിനെ സംസാരിച്ചുതുടങ്ങിയാൽ ഇംഗ്ലീഷ് അറിയുന്ന ആളുകളെല്ലാം അമ്പരന്നുപോകും. എന്തു കഥയാണ്. ഹെ , ഇതു സ്പെസിഫിക്ക് റിലീഫ് ആക്ട് എന്ന ആക്ടിനെ ”റില്ലി” അക്ട് , ”റില്ലി” ആക്ട് എന്നു പറയുന്നത് വളരെ സങ്കടം തന്നെ. പിന്നെ മലയാളത്തിൽ പേർ തർജ്ജമാക്കീട്ടുണ്ടല്ലോ. തർജ്ജമയാക്കിയതും നല്ലമാതിരിയിലാണ്. ”പ്രത്യേകനിവൃത്തി ആക്ട്” എന്നു മലയാളത്തിൽ പേർ വിളിച്ചിരിക്കുന്നു. ഇതിന്

"റില്ലി" ആക്ട് എന്നു പേർ പറയുന്നത് എന്തോരു കഷ്ടമാണ്.  ഈ ആക്ട് പ്രകാരമോ വ്യവഹാരം കൊടുക്കുന്നത്. എന്റെ നോട്ടീസ്സിൽ കാണിച്ച സംഗതി ഈ വിധമല്ല.  കുട്ടിയെ സംരക്ഷിപ്പാനുള്ള ചിലവ് വാങ്ങി കിട്ടുവാനുള്ള ഒരു വ്യവഹാരം കൊടുക്കുമെന്നാകുന്നു.  ഇപ്പോൾ ഈ പ്രത്യേക നിവൃത്തി ആക്ട് എങ്ങിനെ ഇതിൽ ചാടി വന്നു.

കാ :- അതെ , അങ്ങിനെ തന്നെയാണ് നോട്ടീസ്സിന്റെ അർത്ഥം. എന്നാൽ നോട്ടീസ്സ് "അവകാശങ്ങളെ സ്ഥാപിച്ചുകിട്ടുവാൻ" എന്നു ഒരു വാചകം ഉള്ളതിനാൽ

രാ :- അസംബന്ധമായി എന്തെങ്കിലും സംസാരിക്കേണ്ട. സ്ഥാപന എന്നൊരു വാക്ക് ഒരു അന്യായ ഹർജിയിൽ എഴുതിയാൽ ആ അന്യായഹർജിയിൽ കാണിക്കുന്ന നിവൃത്തി സ്ഥാപനമായി പോവുമോ ?  എന്താണ് കണ്ടന്മാമൻ ഇങ്ങിനെ എല്ലാം പറയുന്നത്.

കണ്ടന്മേനോൻ എന്തെങ്കിലും ഒരു സംഗതി പിടിച്ചു വ്യവഹാരങ്ങളെപ്പറ്റി ദുസ്തർക്കം ചെയ്വാൻ വളരെ മനസ്സുള്ള ആളാണല്ലോ.

ക :- ഞങ്ങൾക്ക് ഇങ്കരീസ്സ് അറിഞ്ഞുകൂടാ.  അതിരിക്കട്ടെ, എന്നാലും ഞങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്കു നിങ്ങൾ മുഴുവൻ ഉത്തരം പറഞ്ഞു മടക്കീട്ടു വേണം നിങ്ങളുടെ അഭിപ്രായപ്രകാരം ഞങ്ങളെക്കൊണ്ടു നടത്തിക്കുവാൻ. സ്ഥാപനയ്ക്കുള്ള വ്യവഹാരമല്ലേ ഇത് , എന്നു ഒരു സംശയം. ആക്ട് ഇവിടെ ഉണ്ടോ ?

രാ :- ഈ വ്യവഹാരം ഒരു സാധാരണവ്യവഹാരമാണ്.  ചിലവിനു വാങ്ങി കിട്ടുവാൻ ഉള്ള ഒരു വ്യവഹാരം.  അതിന് "റില്ലി ആക്ടുമായി" യാതൊരു സംബന്ധവും ഇല്ല.

ക :- അപ്പോൾ ഈ 'സ്ഥാപിച്ചുകിട്ടുവാൻ'എന്ന് എഴുതിയതോ ?

രാ :- എന്താണ് അങ്ങിനെ എഴുതിയതുകൊണ്ട് ?

ക :- അവിടെയാണ് കുറച്ചു വൈഷമ്യം.  ഈ കുട്ടി കല്യാണി അമ്മയുടെ മകളാണെന്നും പിന്നെ ആ അമ്മ പൂഞ്ചോലക്കര എടത്തിൽ ജനിച്ചു വളർന്നതാണെന്നും അല്ലേ സ്ഥാപിക്കേണ്ടത്.  സ്ഥാപനവ്യവഹാരമായില്ലേ ഇത് ?  അതാണ് ഒരു സംസയം.  "സ്ഥാപന ആക്ട് "ഈ വക വ്യവഹാരങ്ങളെ കുറിച്ചു എന്തു പറയുന്നു.  ഈ "പ്രത്യേക നിവൃത്തി ആക്ട് "ഇവിടെ ഉണ്ടോ. അതുണ്ടെങ്കിൽ ഒന്നു കണ്ടാൽ കൊള്ളാം.

രാ :- (കുറെ ദേഷ്യത്തോടുകൂടി) "ആക്ട് ഇവിടെ ഉണ്ട് . അതു ഇംഗ്ലീഷിൽ അണ്."

ക :- അതു തർജ്ജമയായി ഒന്നു പറഞ്ഞു കേൾപ്പിക്കാമോ ?

രാ :- എനിക്കു ഇപ്പോൾ ആ പുസ്തകം തർജ്ജമയായി പറവാൻ വയ്യ.  പുസ്തകം വേണമെങ്കിൽ തരാം. ആരെക്കൊണ്ടെങ്കിലും തർജ്ജമയാക്കിച്ചു നോക്കിക്കോളു.

ക :- മലയാളത്തിൽ ഈ പുസ്തകം ഇല്ലേ ?

രാ :- ഉണ്ട് എന്റെ കൈവശം ഇല്ല.

കണ്ടൻമേനോന് ഈ സംവാദം അത്ര രസിച്ചില്ല. താൻ പഴയ ഒരു മനുഷ്യൻ തന്നെ. എന്നാലും ഒരു വസ്തുവെക്കുറിച്ചെങ്കിലും സിവിൽ വ്യവഹാരസംബന്ധമായി അറികയില്ലെന്ന് ഈ ചെറുപ്പക്കാരായ വക്കീൽമാർക്ക് ഇത്ര ക്ഷണത്തിൽ മനസ്സിലാവുന്നതും അതിനെ പുറത്താക്കുന്നതും തനിക്ക് പരമസങ്കടമായിട്ടുള്ള ഒരവസ്ഥയായിരുന്നു. തന്റെ അപ്പോഴത്തെ പണമില്ലാത്ത സ്ഥിതിയേയും മറ്റും ക്ഷണത്തിൽ ഓർമ്മ വന്നു. താൻ കാർയ്യങ്ങളിൽ പണ്ടത്തെപ്പോലെ വാദിക്കുമാറില്ല. എന്നാലും ഇത്ര ലഘുവായ ഒരു സംഗതിയിന്മേൽ തന്നെ നിന്ദിച്ചു പറഞ്ഞുവല്ലോ . ഹാ , കഷ്ടം . ദൈവം ഓരോരോ കാലത്തിന്റെ അവസ്ഥയ്ക്കനുസരിച്ച് ഓരോരുത്തനെ ശിക്ഷിക്കുകയും ചെയ്യുന്നതാണ് എന്നുറച്ച് ഉടനെ അവിടെ നിന്ന് പോവാൻ സമ്മതം ചോദിച്ചു.

രാ :- അപ്പോഴേക്കു പോവാൻ ബദ്ധപ്പാടായോ ? ഇന്ന് ഇവിടെ ഊണു കഴിച്ച് രാത്രി ഇവിടെ കെടക്കാമല്ലോ ?

ക :- അല്ല എനിക്ക് അസാരം ബദ്ധപ്പാടുണ്ട്. എനിക്ക് ഒന്നു വക്കീൽ ശാമുമേനോന്റെ അടുക്കെ പോവേണ്ട ആവശ്യമുണ്ട്.

രാ :- എന്നാൽ അത്രെ വേണ്ടു. അങ്ങിനെയാവട്ടെ.

ക :- അന്യായഹർജി എഴുതുന്നതു നാളെ ആക്കാം. അതിന്നായി ഞാൻ ഇങ്ങോട്ടു വരാം.

രാ :- അങ്ങിനെയാവട്ടെ.

വക്കീൽ ശാമുമേനോനെക്കുറിച്ച് എന്റെ വായനക്കാർ ഈ പുസ്തകത്തിന്റെ ആറാം അദ്ധ്യായത്തിൽ വായിച്ചിട്ടുണ്ടായിരിക്കാം. ഈ ശാമുമേനോൻ പൂഞ്ചോലക്കര എടത്തിൽ ഏകദേശം ഒരു ആശ്രിതനെപ്പോലെ ആയിരുന്നു എന്നും അറിഞ്ഞിരിക്കാം. ഇയാളും കണ്ടമ്മേനോനുമായി പഴെ ചങ്ങാതിമാരായിരുന്നു. തൽക്കാലം ശാമുമേനോനെ കാണേണമെന്ന് ഒരു താല്പർയ്യം ഉണ്ടായത് എന്തുകൊണ്ടായിരുന്നു എന്ന് എനി പറയാന പോകുന്ന കഥയിൽനിന്ന് അറിയാവുന്നതാണ്. പിന്നെ കണ്ടൻമേനോൻ വടിയും , കുടയും ചെരുപ്പുമായി ശാമുമേനോന്റെ വീട്ടിൽ ചെന്നു. ശാമുമേനോൻ കുശലപ്രശ്നങ്ങൾ കഴിഞ്ഞ ഉടനെ വന്നതു വല്ല വിശേഷസംഗതി ഉണ്ടായിട്ടോ എന്നു ചോദിച്ചു. ക :- വിശേഷസംഗതി ഒന്നുമില്ല. എന്നാൽ ഒരു കാർയ്യത്തിൽ കുറച്ചു സംശയം. "പ്രത്യേകനിവൃത്തി ആക്ട്" ഇവിടെ ഉണ്ടോ ? ഉണ്ടെങ്കിൽ അത് ഒന്ന് നോക്കേണ്ടിയിരിക്കുന്നു.

ശാമുമേനോൻ :- ഇവിടെ ഉള്ളത് ഇംഗ്ലീഷിൽ ആണ്. അത് കൊണ്ടു വിരോധമില്ല. മലയാളത്തിൽ തർജ്ജമയാക്കി ഞാൻ പറഞ്ഞുതരാം. എന്നു പറഞ്ഞു ശാമുമേനോൻ പുസ്തകം എടുത്തുകൊണ്ടു വരാൻ പോയി.

ക :- ഈശ്വരോ ! രക്ഷതു ! ഇങ്ങിനെയും ആളുകൾ ഉണ്ടാവുന്നതു നമ്മുടെ ഭാഗ്യം തന്നെ. എന്നോർത്തുംകൊണ്ട് പുറത്തു കാത്തിരുന്നു: അപ്പോൾ ശാമുമേനോൻ പുസ്തകം എടുത്തുകൊണ്ടു വന്നു. ഇതാണ് സ്പെസിഫിക്ക് റിലീഫ് ആക്ട് എന്നു പറഞ്ഞു . ശരി , ഇതൊന്നു വായിച്ചുകേട്ടാ. നന്നായിരുന്നു. ശാമുമേനോൻ വായിച്ചു തുടങ്ങി. കണ്ടൻമേനോൻ അതു കേൾക്കാനായി അതിശ്രദ്ധയോടെ ചെവി കൊടുത്തു സന്നദ്ധനായിരുന്നു. ഇയാൾ ഒരു മാതിരി ഒന്നുമുതൽ 57 വരെ വകുപ്പുകൾ തർജ്ജമ ചെയ്തുകൊണ്ടുപോയി. കണ്ടമ്മേനോൻ സശ്രദ്ധനായി കേൾക്കുകയും ചെയ്തു. ഒരു ശ്രദ്ധകൊണ്ടും ഉത്സാഹംകൊണ്ടും കാര്യം വിചാരിച്ച വഴിക്കു ഒന്നും വന്നില്ല. ആക്ട് യാതൊന്നും മനസ്സിലായില്ല.

ക :- ഈ ആക്ട് വലിയ കഠിനം തന്നെ. എല്ലാ ആക്ടു പോലെയല്ല അപ്പാ , വലിയ ഉഗ്രവേഷം തന്നെ. എനിക്ക് ഇതിൽ സ്ഥാപനവിധിയുടെ തത്വമാണ് അറിയേണ്ടത്. അതിനുള്ള സെക്കിൻ വായിച്ചില്ലല്ലോ.

ശാ :- ഓ, ഹൊ , ഇതാണ് ആവശ്യം. ഇതു 42-ം സെക്ഷ്യനിൽ ഉണ്ടല്ലോ. അതിന്റെ തർജ്ജിമ ഒന്നുംകൂടി വായിച്ചു കേൾപ്പിച്ചു തരാമല്ലോ.

ക :- ഈശ്വരാ ! എന്നാൽ നന്നായിരുന്നു.

ശാമുമേനോൻ പുസ്തകത്തിൽ 42-ം സെക്ഷ്യൻ താഴെ പറയും പ്രകാരം വായിച്ചു. ”42 യാതൊരുത്തനും വല്ല വസ്തുവെ സംബന്ധിച്ചോ , വല്ല ശാസ്ത്രീയമായ സ്ഥിതിയെ സംബന്ധിച്ചോ അതിനെ സ്ഥാപിച്ചു കിട്ടുവാനായി , വല്ല ഒരുത്തന്റെ മേലും വ്യവഹാരം കൊടുക്കാവുന്നതും കോടതിയുടെ യുക്തപ്രകാരം ആ കാര്യത്തിൽ ആ മനുഷ്യനെ അങ്ങിനെ അവകാശമുണ്ടെന്നു ഒരു വിധി കൊടുക്കാവുന്നതും എന്നാൽ അങ്ങിനെയുള്ള വ്യവഹാരത്തിൽ അന്യായക്കാരൻ വേറെ സംഗതികൾക്കു ഒരു വിധി കൊടുപ്പാൻ ആവശ്യപ്പെടേണമെന്നില്ലാത്തതും ആകുന്നു. എന്നാൽ അന്യായക്കാരന്ന് അധിക അവകാശങ്ങൾ കൂടി ചോദിപ്പാൻ പാടുണ്ടെന്നു കാണുന്ന പക്ഷം മേല്പറഞ്ഞമാതിരി വ്യവഹാരം കോടതി സമ്മതിക്കേണ്ടതുമില്ല.”

ക :- ശരി , ശരി , ശരി . അങ്ങിനെ വരട്ടെ , ഇപ്പോൾ എനിക്കു കാര്യമെല്ലാം മനസ്സിലായി. അങ്ങിനെ വരട്ടെ. ഇതു അവകാശസ്ഥാപനയ്ക്കു പറ്റുന്ന ഒരു വ്യവഹാരമല്ലേ ? എന്താ വിചാരിക്കുന്നത്.

ശാ :- അതെ. സംശയമില്ല.

ക :- ഒരു തറവാട്ടിലെ ഒരു കുടുംബക്കാരനെ തറവാട്ടുകാർ രക്ഷിക്കാതിരുന്നാൽ അവനുള്ള നിവൃത്തി ഈ 42-ം സെക്കിൻ പ്രകാരം അന്യായം കൊടുത്തിട്ടല്ലേ ?

ശാ :- അതെ , സംശയം കൂടാതെ.

ക :- ഈ മഹാ കേമന്മാരായ വക്കീൽമാർ അല്ല എന്നു പറയുന്നു.

ശാ :- ആരാണ് പറഞ്ഞത് ? ഇങ്ങനത്തെ വക്കീൽമാർ ഇവിടെ ഉണ്ടെന്ന ഞാൻ ഓർത്തിരുന്നില്ല. ഒരു സമയം പുതിയ വക്കീൽ കൃഷ്ണമേനോനോ ? ഇവിടെ രാമപിള്ള എന്നൊരാൾക്ക് അസംബന്ധമായി ഒരെഴുത്ത് ഈ മേൽപറഞ്ഞ കൃഷ്ണമേനോൻ ഉണ്ടാക്കിയതു ഞാൻ കണ്ടു. എന്തു ഗോഷ്ടിയാണ്. ഈ സെ ക്ഷ്യന്റെ ആവശ്യം പൂഞ്ചോലക്കര എടക്കാരുമായി രാമപിള്ള വ്യവഹാരത്തിന് ഒരുമ്പെട്ടിരിക്കുന്ന കാർയ്യത്തിലല്ലേ ? കണ്ടന്മേനോനോട് ചോദിക്കുന്നതിന് ഒന്നും വിരോധമില്ലല്ലോ.

ക :- അതിനെന്താണ് വിരോധം. നമ്മൾക്ക് അന്യന്മാരുടെ കാർയ്യം കൊണ്ട് എപ്പോഴും സംസാരിക്കാമല്ലോ ? ഞാൻ ഈ സംശയം ചോദിച്ചറിയേണമെന്നു ള്ള ആഗ്രഹത്തോടുകൂടി നമ്മുടെ നോട്ടീസ്സ് അയച്ച വക്കീലായ രാഘവമേനോനെ ഇന്നു കണ്ടു. കുറേ സംസാരിച്ചതിന്റെ ശേഷം എനിക്ക് മതിയായി. ഇംഗ്ലീഷ് അറിവു തന്നെപ്പോലെ ആർക്കുമില്ലെന്നു തനിക്കുള്ള ദുരഭിമാനത്താൽ പണ്ടു ദൈവം കൊടുത്തിരുന്ന ബുദ്ധിയും കൂടിപ്പോയി. അഹങ്കാരത്താലും ദുർമ്മദ ത്താലും ഇംഗ്ലീഷിലോ മറ്റോ തന്നോടാരെങ്കിലും സംസാരിച്ചുപോയിട്ടുണ്ടെങ്കിൽ അതിനെ ഒക്കെയും അബദ്ധമാക്കുന്ന പ്രവൃത്തിയാണ് ഇപ്പോൾ രാഘവമേനോനു എന്നു എനിക്കു തോന്നുന്നു.

ശാ :- അസൂയ ഇങ്ങിനെ ഉണ്ടായിട്ട് ചെറുപ്പക്കാരുടെ കൂട്ടത്തിൽ രാഘവമേ നോനെപ്പോലെ മറ്റൊരാളെയും ഞാൻ കണ്ടിട്ടില്ല. പിന്നെ വേണമെങ്കിൽ ചെറിയ കൃഷ്ണമേനോനും ഉണ്ടായിരിക്കാം. അല്ല, വർത്തമാനങ്ങൾ കേൾക്കട്ടെ, കർപ്പൂരയ്യൻ സ്വാമിയും ഞാനും പൂഞ്ചോലക്കര അച്ചന്റെ വക്കീൽമാർ ആയി ഇനിയും അതുകൊണ്ടു പറഞ്ഞിട്ടു ഫലമില്ല. എന്താണ് ഉദയന്തളി രാമവർമ്മൻ തിരുമുല്പാട്ടിലേക്ക് വളരെ രസകരമായിരിക്കുന്നു എന്നു തോന്നുന്നു. കണ്ടന്മേ നോനും ഒരു നേരമ്പോക്കായി.

ക :- കാര്യങ്ങൾ വിചാരിച്ചതുപോലെ ഒന്നുമായില്ല. കർപ്പൂരയ്യനും, നിങ്ങളും പൂഞ്ചോലക്കര എടത്തിലെ വക്കീൽമാരായി വരാനേ സംഗതിയുള്ളൂ എന്നു ഞാൻ കാര്യം കേട്ടപ്പോൾത്തന്നെ നിശ്ചയിച്ചു. അതു നിമിത്തമാണ് പിന്നെ രാഘവമേനോനെ കൊണ്ടു നോട്ടീസ് കൊടുപ്പിച്ചത്. അയാളുടെ ഇപ്പോഴത്തെ ഭാവം കാണുമ്പോൾ 'വേണ്ട' എന്നു തോന്നിപ്പോകുന്നു. എന്തു ധിക്കാരമായ വാക്കുകളാണ് എന്നോട് സംസാരിച്ചത്. ആ ചാപ്പുമേനോൻ മതിയായിരുന്നു. അല്ലെങ്കിൽ വലിയ ഇംഗ്ലീഷുകാർ വേണമെങ്കിൽ മാധവമേനോനെ കൂടി ആക്കാ മായിരുന്നു. ഇതു മഹാ ദുർഘടമായിത്തീർന്നു. വല്ലതും നിന്ദിച്ചു പറയുന്നതു സഹിക്കാം. എന്നാൽ കാര്യം പറയാതെ നിന്ദിക്കുക മാത്രം ചെയ്താൽ !
ഇയ്യാൾ കുറെ കാര്യശീലമുള്ള വക്കീലാണെന്നു ജനബോദ്ധ്യമായത് എങ്ങനെ ?

ശാ :- ഇയാളുടെ ഭാഗ്യംതന്നെ. മറ്റു ഞാനൊന്നും പറവാൻ കാണുന്നില്ല. പണം വളരെ കിട്ടുന്നുണ്ട്. മാസത്തിൽ ആയിരം ഉറുപ്പികയോളം കിട്ടുന്നുണ്ട്. കഥ ഈശ്വരൻ കണ്ടു. 42-ം സെക്ഷ്യൻ പറഞ്ഞു മനസ്സിലാക്കിക്കൊടുത്താൽ ഇയാൾ പിന്നെ ഒന്നും പറകയില്ല എന്നു തോന്നുന്നു.

ക :- പറഞ്ഞു മനസ്സിലാക്കണ്ടേ ? അതല്ലേ വെഷമം. മറ്റുള്ളവന് ഇങ്കളീഷ് അറിഞ്ഞുകൂടാ. വല്ലതും പറഞ്ഞാൽ അത് എന്താണെന്ന് ആലോചിക്കാതെ നിസ്സാരമാക്കി തള്ളും. പിന്നെ എന്തു ചെയ്യും ? ഒരു സമയം പ്രഹരം കൂടി ഉണ്ടാകയില്ലേ എന്നും സംശയിക്കുന്നു.

ഇങ്ങിനെ ഇവർ രണ്ടാളുംകൂടി വിശേഷം പറഞ്ഞു ഊൺ കഴിച്ചുറങ്ങി. പിറ്റേന്ന് രാവിലെ കണ്ടമ്മേനോൻ രാഘവമേനോന്റെ മഠത്തിൽ പോയി. കണ്ടമ്മേനോൻ ഇങ്ങിനെ കക്ഷികളുടം ഒരു തെരക്ക് വേറെ ഒരു വക്കീൽമാരുടെ അടുക്കെയും കണ്ടിട്ടില്ല. രാഘവമേനോൻ വന്നതുതന്നെ കണ്ടില്ല. അയാൾ അവിടെ ഒരു ബഞ്ചു ഇട്ടിട്ടുള്ളതിന്മേൽ വേറെ ആളുകളോടുകൂടി കുത്തിയിരുന്നു. അവിടെ വലിയ തിരക്കു തന്നെ. ഒരു കേസ്സുനോക്കി അതിന്റെ മറുവടി പറഞ്ഞ് , മറ്റൊരുകേസ്സു നോക്കും. ഇങ്ങനെ ഓരോന്നായി നോക്കി ഏകദേശം തീരാറാകുമ്പോഴേക്ക് കച്ചേരിക്ക് പോവേണ്ട സമയമായി. അപ്പോൾ കണ്ടമ്മേനോനെ അവിടെ കണ്ടു.

രാ :- ഇന്ന് അന്യായപകർപ്പ് എഴുതുവാൻ നിരക്കുകൊണ്ട് കഴിഞ്ഞില്ല. കണ്ട മ്മാമൻ ഇന്നു പോവണ്ട. ഇന്നു വൈകുന്നേരം കച്ചേരിയിൽനിന്ന് വന്ന ഉടനെ അന്യായ ഹർജിയുടെ പ്രവൃത്തിതന്നെ ആക്കാം. അതല്ല. ഇപ്പോൾ പോവു ന്നുവെങ്കിൽ നാളെയോ മറ്റന്നാളോ വന്നാൽ നിശ്ചയമായും അന്യായപകർപ്പ് കൊണ്ടുപോവാം.

ക :- എനിക്ക് അന്യായത്തിന്റെ സാരം ചില സംഗതിയോടുകൂടി മനസ്സിലാക്ക ണം. അതിന് ഇന്ന് വൈകുന്നേരം തന്നെയാണു നല്ലത്. ഞാൻ ഊൺ കഴിച്ച് , വൈകുന്നേരം കച്ചേരിയിൽനിന്നു വരുമ്പോഴേക്ക് ഇങ്ങോട്ട് എത്തിക്കളയാം.

രാഘവമേനോൻ :- എന്താണ് ഹെ , അബദ്ധമായി പറയുന്നത്. ഊണ് ഇവിടെ ത്തന്നെ.

ഉടനെ തന്നെ ഒന്നിച്ച് ഉണ്ണാൻ ഇരുന്നു. ഓരോരോ വെടികൾ പറഞ്ഞുകൊണ്ട് സാപ്പിട്ടു. രാഘവമേനോൻ കച്ചേരിക്കു പുറപ്പെട്ടു. അന്നേക്ക് ഒരു ഇരുപതു ദിവസം മുമ്പേ മദ്രാശിയിൽനിന്നു വരുത്തീട്ടുള്ള ഒന്നാന്തരം ബ്രഹാംവണ്ടിയും ഒന്നാംതരം വെള്ളക്കുതിരയുമായിരുന്നു കച്ചേരിക്കുള്ള വാഹനം. ആ കുതിരയും വണ്ടിയും കെട്ടി ലിവറി കോപ്പു ഇട്ടിട്ടുള്ള രണ്ടു കുതിരക്കാർ വണ്ടിയുടെ എടവും വലവും കറുത്ത ചാമരങ്ങളോടുകൂടി ഓടിക്കൊണ്ടും കൊച്ചുമേൽ വണ്ടിയുടെ

ഉപരി സ്വച്ഛന്ദം ഇരുന്നുകൊണ്ടും വണ്ടിയെ ഓടിച്ചുകൊണ്ട് പോകയും ചെയ്തു.. കണ്ടൻമേനോൻ ഈ യാത്രയുടെ ഒരു ഘോഷം കണ്ട് വിസ്മയിച്ചു. "നാരായണ" "ശിവശിവ" ഈ കുട്ടി ഇത്രവേഗത്തിൽ ഈ പദവിയിൽ എത്തിയത് ഈയാളുടെ ഭാഗ്യവിശേഷം തന്നെ. എന്നാൽ സ്വഭാവം ഇങ്ങനെ വഷളായി പോയതിന് എന്താണ കാരണം. ഒരു സമയം ഞാൻ പറഞ്ഞത് അബദ്ധമായിരിക്കാം. അതു കൊണ്ടായിരിക്കാം എന്നോടു ദേഷ്യപ്പെട്ടത്. ഇംകിരീസ് ലോ പഠിച്ചിട്ടുള്ളവർക്ക് ശുദ്ധ മലയാളിയായ തങ്ങളാൽ ചിലത് പറയുന്നതും പക്ഷെ ബുദ്ധി ഇല്ലാതെ പറയുന്നതെന്നു തോന്നിപ്പോവുന്നുണ്ടായിരിക്കാം. ലോവിൽ ഇയാൾക്ക് നല്ല പ്രാപ്തിയുണ്ടെന്നാണ് ഞാൻ കേട്ടതെല്ലാം. ശാമുമേനോൻ മാത്രം മറിച്ചും പറഞ്ഞു. അതത്ര സാരമില്ല. ശാമുമേനോൻ ഇങ്കിരീസ്സ് ഒരല്പം മാത്രമേ പഠിച്ചിട്ടുള്ളൂ. എന്തൊ ഒരു "മറ്റിക്കലേശൻ" പരീക്ഷയും കൊടുത്തിട്ടുണ്ട്. ഇങ്കിരീസ് ശാസ്ത്രം സാമാന്യം അറിയാമായിരിക്കാം. എന്നാൽ ആളുകൾ, ഒന്നും അയാളുടെ അടുക്കൽ പോവുന്നില്ലല്ലോ. കർപ്പൂരയ്യൻ സ്വാമിയുടെ അടുക്കെയും രാഘവമേനോന്റെ അടുക്കെയും, മാധവമേനോന്റെ അടുക്കെയും ആണല്ലോ ? ഈ കുട്ടിക്ക് ആയിരത്തിലധികം ഉറുപ്പിക മാസം കിട്ടുന്നുണ്ടുപോൽ. ഇന്നു കേസ്സുകളിൽ ഓരോ മറുപടി കക്ഷികൾക്കു പറഞ്ഞുകൊടുക്കുന്നതു കേട്ട് ഞാൻ അത്യാശ്ചര്യപ്പെട്ടുപോയി. 13 കേസ്സ ഇന്നുണ്ടായിരുന്നു. ആ പതിമ്മൂന്നു കേസ്സുകളിൽ ഉള്ള 'ലപിഡൻസ്' നോക്കിയ ഒരു മാതിരിയും ഓരോ സംഗതികളെ തീർച്ചപ്പെടുത്തിയ മാതിരിയും കണ്ടതിൽ എനിക്കു വളരെ സന്തോഷം തോന്നി. ഈ വ്യവഹാരത്തെപ്പറ്റി ഇയ്യാളുടെ അഭിപ്രായം എന്താണെന്ന് സൂക്ഷ്മമായി അറിയണം. ആൾ ഇയ്യാൾ അതിസമർത്ഥനാണ് സംശയമില്ല. പക്ഷെ ചോദിക്കുന്നത് വളരെ താഴ്മയോടെ ചോദിക്കാമെന്നും മറ്റും ഓരോ സംഗതികളെ വിചാരിച്ച് ഈ വൃദ്ധൻ പൂമുഖത്തുള്ള ഒരു തിണ്ണയിൽകിടന്ന് ഉറക്കമാകയും ചെയ്തു. വൈകുന്നേരം അഞ്ചുമണിക്ക് കുതിരസാർട്ടിന്റെ ഒച്ച കേട്ടുതുടങ്ങി. രാഘവമേനോൻ കച്ചേരിയിൽനിന്ന് വരുന്നതായി കണ്ടന്മേനോൻ അറിഞ്ഞു. അപ്പോഴേക്ക് വന്നുകയറി. കണ്ടൻമേനോനോട് മുഖത്തുനോക്കി മന്ദഹാസം ചെയ്തു ഇരിക്കാൻ പറഞ്ഞു. അകത്തുപോയി ഉടുപ്പുമാറ്റി പുറത്തുവന്നു രണ്ടാൾക്കും ചായകൊണ്ടുവരാൻ പറഞ്ഞു പൂമുഖത്തിരുന്നു.

രാഘവമേനോൻ :- (ചിറിച്ചുംകൊണ്ട്) എന്താണ് ഇത്ര വലിയ വൈഷമ്യമായി ഈ അന്യായ ഹർജിയുടെ കാര്യംകൊണ്ടു കണ്ടന്മാമനു തോന്നിയിരിക്കുന്നത്. ഈ റില്ലി ആക്ടിന്റെ പ്രയോഗം അസംബന്ധമായി ആരോ പറഞ്ഞിട്ട് അനാവശ്യമായി ഇങ്ങനെ സംശയിക്കുന്നതാണ്. ഈ ആക്ടിനാൽ ഇപ്പോൾ നാം കൊടുക്കാൻ പോകുന്ന വ്യവഹാരത്തിൽ പ്രത്യേകമായി ഒരു പ്രയോജനവും

ഇല്ല.
കണ്ടൻമേനോൻ :- (കുറെ ദേഷ്യത്തോടുകൂടി) അസംബന്ധമായി ആരെങ്കിലും പറഞ്ഞാൽ അനാവശ്യമായി എന്നെപ്പോലെയുള്ള ഒരുത്തൻ കേട്ടു കാര്യമാണെന്ന് വിചാരിക്കുമോ. ഞാൻ സിവിൽ കാര്യം പഠിച്ചുതുടങ്ങീട്ട് ഇപ്പോൾ ഏകദേശം നാല്പതു കൊല്ലത്തോളമായി. ഇനിയും ഈ വക കാര്യങ്ങൾ അസംബന്ധമായി ആരെങ്കിലും പറ ഞ്ഞാൽ അതുകൂടി അനാവശ്യമായിട്ടുള്ളതാണെന്നു അറിവാൻ കഴികയില്ലെന്നു നിങ്ങൾ പറഞ്ഞാലോ.
രാ :- അതെല്ലാം ശരി തന്നെ. കണ്ടന്മാമൻ സിവിൽകാര്യം ശീലിച്ച കാലത്തു ഞാൻ ജനിക്കുകകൂടി ഉണ്ടായിട്ടില്ല. ഞാൻ കണ്ടന്മാമനു കാര്യം അറിഞ്ഞുകൂടാ എന്നല്ല പറഞ്ഞത്. കണ്ടന്മാമനെപ്പോലെ കാര്യത്തിന് അത്ര പ്രാപ്തിയായിട്ട് പുറമേ ഒരാളെ ഈ സ്ഥിതിയിൽ അന്വേഷിച്ചാൽ കിട്ടുമോ എന്നു സംശയമാണ്. എന്നാൽ ഈ റില്ലി ആക്ട് ചിലവിനു വാങ്ങി കിട്ടേണ്ടുന്ന വ്യവഹാരവുമായി യാതൊരു ബന്ധവുമില്ല , അത് അസംബന്ധമായി ആരോ ഇംഗ്ലീഷ് പഠിച്ചിട്ടുള്ളവർ നിങ്ങളെ പറഞ്ഞ് മനസ്സിലാക്കിയിട്ടുള്ളതാണ്. ഇപ്പോൾ അതിന്റെ ഭേദങ്ങളെ വെളിവായി പറയുമ്പോൾ കണ്ടന്മാമൻ സമ്മതിക്കും.
കണ്ടന്മേനോൻ :- (സന്തോഷത്തോടുകൂടി) അതാണ് വേണ്ടത്. ഇംഗ്ലീഷ് പഠിച്ച കാര്യത്തിനു പ്രാപ്തന്മാരായി വന്നാൽ അവർ ചെയ്യേണ്ടുന്നത് താന്താങ്ങൾക്കു ബുക്കിൽനിന്നു കിട്ടുന്ന അറിവുകളെ ബുക്കില്ലാത്ത നാട്ടുകാർക്ക് പറഞ്ഞുകൊടുക്കുകയാണ്. പലേ സംഗതികളിലും എനിക്ക് ഈ വിധമായ അറിവുകൾ കിട്ടീട്ടുണ്ട്. പഠിപ്പുള്ള നിങ്ങളെ ചിലരേപ്പോലെയുള്ള ആളുകൾ ഓരോരോ സംഗതിവശാൽ പറയുമ്പോൾ കേട്ടു മനസ്സിലാവുന്നില്ലെങ്കിൽ ചോദിച്ച് ഈ വക സംഗതികളെ മനസ്സിലാക്കി വരാറും അതു പറഞ്ഞു തരുന്നവർ വളരെ സന്തോഷിച്ച് പറഞ്ഞുതരാറുമുണ്ട്. ഇതുപ്രകാരം 'ബോണാപിട്ട്' എന്ന വാക്കിന്റെ അർത്ഥവും 'മേലാപിട്ട്' എന്നുള്ള വാക്കിന്റെ അർത്ഥവും ഹൈക്കോടതിവക്കീൽ ബങ്കാറയ്യൻ അവർകൾ എനിക്കു പറഞ്ഞു മനസ്സിലാക്കി തന്നിട്ടുള്ളതാണ്.
രാ :- (ചിരിച്ചു കുഴങ്ങിക്കൊണ്ട്) ഇതിന്റെ അർത്ഥം മനസ്സിലായിട്ടുണ്ടോ ? കേൾക്കട്ടെ.
ക :- നിശ്ചയമായിട്ടും അറിയാം. മുമ്പെ പറഞ്ഞ 'ബോണാപിട്ട്' നല്ല കാര്യത്തെ സൂചിപ്പിക്കുന്നു. പിന്നെ പറഞ്ഞ 'മേലാപിട്ട്' ചീത്ത കാര്യങ്ങളെ സൂചിപ്പിക്കുന്നു. പിന്നെ കുറെ ദിവസം മുമ്പേ ഈ കർപ്പൂരയ്യൻ സ്വാമിയുടെ മഠത്തിൽവെച്ച് ഒരു കാര്യത്തൽ "രസച്ചൂടികെട്ടി "ന്റെ തടസ്ഥമുണ്ടെന്ന് ഒരു ഭാഗത്തു വാദമായിരുന്നു. അന്ന് അവിടെ വെച്ച് കർപ്പൂരയ്യൻ "രസച്ചൂടിക്കെട്ടി" നെ കുറിച്ച് വെടിപ്പായി എനിക്കു പറഞ്ഞു തന്നു. രാഘവമേനോൻ ചിരിച്ചു. ചിരിച്ചു വലഞ്ഞു. എന്നിട്ട്

ഇങ്ങിനെ പറഞ്ഞു ഇതിന്റെയും മറ്റു ഇനി പറവാനുള്ള വാക്കിന്റെയും അർത്ഥം മലയാളത്തിൽ കണ്ടന്മാമൻ അറിയുമെങ്കിൽ എനിക്കു കേൾക്കുന്നതു വളരെ സന്തോഷമായിരിക്കുന്നു.

ക:- അതു് പറയാം. "രസച്ചൂടിക്കെട്ട്" എന്നു വെച്ചാൽ ഒരു വിധികൊണ്ടു തീർച്ചയായി പോയകാര്യം പിന്നെ അതിനെക്കുറിച്ചു ഒരു വ്യവഹാരം പാടില്ല. ഇങ്ങനെ പലേ വാക്കുകളും ഉണ്ട്, ഒന്നും തോന്നുന്നില്ല.

രാ:- ചിറിച്ചുംകൊണ്ട്, അയ്യൊ അതു പറയരുതു്. എനിക്ക് അതു് കേൾക്കാതെ കഴികയില്ല. കണ്ടന്മാമൻ ബഹു രസമായിട്ടു പറയണം. നിശ്ചയം തന്നെ.

ക:- നോക്കട്ടെ. എന്റെ ഓർമ്മയിൽ എന്തെല്ലാമുണ്ട് എന്നറിഞ്ഞില്ല. നോക്കട്ടെ പറയാം. "ചെമ്പരത്തി" എന്ന വ്യവഹാരത്തെക്കുറിച്ച് ഞാൻ മദ്രാസിൽനിന്ന് കേട്ടിട്ടുണ്ട്. അതിന്റെ അർത്ഥം വ്യവഹാരങ്ങളിൽ പെട്ട ഭൂമി വ്യവഹാരത്തിൽ പെടാതുള്ള ഒരുവനു ഭാഗിച്ചെടുപ്പാൻ മുൻകൂട്ടി ഒരു കരാറു ചെയ്യുന്നതാണത്രെ. ഇതു ചീത്ത വ്യവഹാരമാണ്. പിന്നെ ഇതു കൂടാതെയും തോന്നും. "കൊന്ത്രാഭവം മാരി" മനസ്സാക്ഷിക്കു വിരോധമായി ചെയ്യുന്ന പ്രവൃത്തിയെപ്പറ്റി പറയുന്നതാണ്. "കാർപ്പാസംധലിഷം" ഇതു വല്ല കുറ്റങ്ങളുടെ ശരീരമോ അവസ്ഥയേയോ കാണിക്കുന്നതു്. ഈ ആണ്ട്, മറു ആണ്ട്, വേറെ ഒരാണ്ട്, ഈ സിവിൽ കടക്കാർക്കു് കോടതിയിലേക്കു വെറെ ആവശ്യങ്ങൾക്കായി പോകുമ്പോഴും അവിടെ നിൽക്കുമ്പോഴും അവിടെ നിന്നു മടങ്ങിവരുമ്പോഴും പിടിക്കാൻ പാടില്ലാ എന്നുള്ള കല്പനയുടെ സാരമാണ്. "സുയാത്ധ്യാസ്" ഒരുവന്റെ സ്വന്തമായിട്ടുള്ള അവകാശങ്ങൾ പ്രകാരമുള്ളതു് "റീസ് ഇന്ത്രവലിയൻ ചൂടിക്കെട്ട്" "നളം ഇന്ത്രവലിയൻ പ്രദേഷംഭോ" അന്യൻമാർ തമ്മിൽ തീർന്നിട്ടുള്ള കാര്യം അവർക്കല്ലാതെ മറ്റാർക്കും ബാധകമല്ല. "റിധാത്രയോദശി" അവർ ഒഴിഞ്ഞു കളഞ്ഞു. "സംദ്ദശം അല്ലിക അയ്യോ പ്രധാനി" ഇതിന്റെ അർത്ഥം ഒരുത്തന്റെ തർക്കപ്രകാരവും ലപിഡൻസ് പ്രകാരവും എന്നാകുന്നു. ആലപ്പി അന്യപ്രദേശത്തു്, ഇങ്ങിനെയും മറ്റും ഉള്ളതുപോലെ വാക്കുകളും അവിടന്നും ഇവിടുന്നുമായി ഓരോ മഹാന്മാർ പറഞ്ഞതു അതുപ്രകാരം ഗ്രഹിച്ചതാണ്. അതുപ്രകാരം തന്നെയാണ് ഈ "പ്രത്യേക നിവൃത്തി ആക്ടിന്", "റില്ലി" ആക്ട് എന്നു പേർ ഗ്രഹിച്ചതും. ഇങ്കിരീസ് ഒട്ടും പടിച്ചിട്ടില്ല. അതുകൊണ്ട് ആ വാക്കുകൾ ഉപയോഗിക്കുന്നതിൽ അബദ്ധങ്ങൾ ഉണ്ടെങ്കിൽ അതു മാപ്പു തരണം. എനിക്ക് ഈ ആക്ടിന്റെ 42-ം വകുപ്പിന്റെ അർത്ഥം എന്താണെന്നു പറഞ്ഞു മനസ്സിലാക്കിത്തരണം.

രാ:- (കണ്ടൻമേനോൻ പറഞ്ഞ ഓരോരോ ലാറ്റിൻ വാക്കിനുവന്ന ചിറി എല്ലാം ചിറിച്ചു കഴിഞ്ഞതിന്റെ ശേഷം) ശരി. കണ്ടന്മാമനോടു് 42-ം വകുപ്പിന്റെ അർത്ഥം എന്താണെന്നു പറഞ്ഞുതരാം.

ഈ ആക്ട് എല്ലാ ആക്ടുകൾപോലെയല്ല. ഇതിൽ അന്തർഗ്രച്ചിട്ടുള്ള വ്യവഹാരങ്ങളും എല്ലാ വ്യവഹാരങ്ങൾപോലെയല്ല. സിവിൽശാസ്ത്രസംബന്ധമായ എല്ലാ വ്യവഹാരങ്ങളും സൂക്ഷ്മത്തിൽ ഗതി ഒന്നുപോലെ തന്നെയാണെങ്കിലും അതിന്റെ ഫലങ്ങൾക്കു ഭേദങ്ങൾ കാണാം. അതിനു സംശയമില്ല. എന്നാൽ നുമ്മൾ ഇപ്പോൾ കിട്ടാൻ അപേക്ഷിച്ചിട്ടുള്ള വിധി ചിലവു പിരിച്ചു കിട്ടുവാനാകുന്നു. ആ വ്യവഹാരം അതുമാതിരിതന്നെയിരിക്കുന്നതും അതിന് അപ്പോൾ പ്രത്യേകനിവൃത്തി ആക്ടിന്റെ സംബന്ധം ഇല്ലാത്തതും ആകുന്നു. 42-ം വകുപ്പ്. ഒരുത്തന് സിദ്ധിക്കേണ്ടതായ അവകാശങ്ങളേയോ സ്ഥാനമാനങ്ങളേയോ സിദ്ധിക്കാതിരിക്കുമ്പോഴോ, സിദ്ധിച്ചിരിക്കുന്നതിന്മേൽ വല്ല ന്യൂനതയോ അപകടമോ വരുമ്പോഴോ ഉപയോഗിക്കേണ്ടതായ ഒരു വകുപ്പാണ്. ഇപ്രകാരം കൊടുക്കുന്ന വ്യവഹാരത്തിന് പത്തുറുപ്പിക മാത്രമാണ് റവന്യൂ സല. എന്നാൽ ഈ വ്യവഹാരത്തിൽ മറ്റൊരു സംഗതിയും നിവൃത്തിയായി ചോദിപ്പാൻ പാടില്ല. ഇതു തീർച്ചയായ ഒരു സംഗതിയാണ്. എല്ലാ വ്യവഹാരങ്ങൾക്കും എഡ്ജക്ടീവ് കോസ് എന്ന സാധനങ്ങൾ ഉണ്ടാവാം. അതു നിമിത്തം ആ വ്യവഹാരമാണെന്നു സങ്കല്പിക്കരുത്. ഇതാണ് ഈ കാര്യത്തിൽ നിങ്ങൾ പറയുന്നതു് തെറ്റാണെന്ന് ഞാൻ പറയുന്നതു്. ശാരദാ എന്ന കുട്ടിയുടെ അമ്മ പൂഞ്ചോലക്കര കുടുംബത്തിലെ അവിഭക്തയായ ഒരു സ്ത്രീയാണെന്ന് വരുത്തേണ്ടത് നുമ്മൾക്ക് ആവശ്യം സിദ്ധാന്തമായിട്ടുള്ള കാര്യമാണ്. അതുപ്രകാരം തന്നെ പൂഞ്ചോലക്കര എടത്തിലെ സ്വത്തിന്റെയും മറ്റും സ്ഥിതികളെപ്പറ്റി തെളിയിക്കുന്നതായിട്ടുള്ള തെളിവും കൊടുക്കണം. അവർ ഈ രണ്ടു സംഗതികളേയും നിഷേധിക്കുന്നുണ്ടെങ്കിൽ മാത്രമാണ് അതു വേണ്ടതു്. ഇതിൽ ഒരു സംഗതി അന്യോന്യമുള്ള ബന്ധത്തെക്കുറിച്ച് ഇപ്പോൾതന്നെ അവർ കഠിനമായി നിഷേധിച്ചിരിക്കുന്നു. അതുകൊണ്ട് ആ സംഗതി വെടിപ്പായി തെളിയിക്കണം. മറ്റേ സംഗതി ആവശ്യമുണ്ടെങ്കിൽ അതും തെളിയിക്കണം. ഈ രണ്ടു സംഗതിയും പൂർണ്ണമായി തെളിയിച്ചാൽ നുമ്മൾക്ക് പക്ഷെ ചോദിക്കുന്ന ചിലവു സംഖ്യ വിധിച്ചു കിട്ടുമായിരിക്കാം. എന്തെങ്കിലും അല്ലെങ്കിൽ അതിൽ ചുരുങ്ങിയ ഒരു സംഖ്യ വിധിച്ചു കിട്ടുമായിരിക്കും. അതുകൊണ്ട് ഞാൻ നോട്ടീസിൽ കാണിച്ചിട്ടുള്ള വ്യവഹാരചിലവിനു വാങ്ങികിട്ടുവാനുള്ള ഒരു വ്യവഹാരമാണ്. ഇതും 42-ം സെക്ഷനിൽ പറയുന്ന വ്യവഹാരവുമായി വളരെ ഭേദമുണ്ട്. എനി 42-ം സെക്ഷനിൽ ഉദ്ദേശിക്കുന്ന വ്യവഹാരങ്ങൾക്കു ദൃഷ്ടാന്തമായി രണ്ടു മൂന്നു കേസ്സുകൾ പറയാം. ഞാൻ എന്റെ തറവാട്ടിലെ കാരണവനാണെന്ന് സ്ഥാപിച്ചു കിട്ടേണമെന്ന് ഒരു നിവൃത്തിക്കു മാത്രം അപേക്ഷിക്കുന്നു. അല്ലെങ്കിൽ അങ്ങനെ ഒരു കാരണവനല്ലെന്നു സ്ഥാപിച്ചു കിട്ടുവാൻ മാത്രം അപേക്ഷിക്കുന്നു. അല്ലെങ്കിൽ അങ്ങനെ ഒരു കാര

ണവനല്ലെന്നു സ്ഥാപിച്ചു കിട്ടുവാൻ മാത്രം അപേക്ഷിക്കുന്നു. അല്ലെങ്കിൽ ഞാനും നിങ്ങളുമായിട്ടു് ഇന്ന സംബന്ധമാണെന്നു വിചാരിച്ചു് അറിയിക്കുന്ന ഒരു കല്പന മാത്രം അപേക്ഷിക്കുന്നു. അല്ലെങ്കിൽ നിങ്ങൾ ഇന്ന ഒരു പ്രവൃത്തിക്കാരനാണെന്നു സ്ഥാപിച്ചു കിട്ടുവാനുള്ള നിവൃത്തിക്കു മാത്രം അപേക്ഷിക്കുന്നു. ഇങ്ങിനെ ഏതെങ്കിലും നിവൃത്തികൾക്കു മാത്രം അപേക്ഷയുള്ളതായ അന്യായങ്ങൾ 42-ം വകുപ്പുപ്രകാരമുള്ളതാകുന്നു. ഇതുകൊണ്ടാണ് അന്യായങ്ങൾക്കു ഭേദമുണ്ടു് എന്നു് ഞാൻ പറഞ്ഞത്. 42-ം വകുപ്പിൽ പറയുന്ന വിധികളെകൊണ്ടു് യാതൊരു പണത്തേയോ, യാതൊരു എളകുന്നേയോ, എളകാത്തേയോ, മുതലിനേയോ അന്യായക്കാരനു് കിട്ടുവാൻ സാധിക്കുന്നതല്ല. നമ്മൾ ചോദിക്കുന്ന വ്യവഹാരം ഇത്ര ഉറുപ്പിക വാങ്ങി കിട്ടണമെന്നാകുന്നു. ഈ വകുപ്പു് ഈ കാര്യത്തിനു് സംബന്ധിക്കയില്ല. ഇപ്പോൾ കണ്ടന്മാമനു് മനസ്സിലായോ?

ക:- എനിക്കു വെടിപ്പായി മനസ്സിലായി. എന്നാൽ രസച്ചൂടിക്കെട്ടിന്റെ വിരോധം നമ്മൾ കൊടുക്കുന്ന വ്യവഹാരത്തിലെ വിധികൊണ്ടു വേറെ ഈ സംഗതിയിന്മേൽ യാതൊരു വ്യവഹാരങ്ങൾക്കും ഉണ്ടാകുമല്ലോ.

രാ:- അതാണ് കോടതി ഏതാണെന്നു സൂക്ഷിച്ചുകൊടുക്കണം വ്യവഹാരമെന്നു് എനിക്കു അഭിപ്രായമുള്ളതു്. കണ്ടന്മാമന്റെ ചോദ്യം വളരെ നന്നായിരിക്കുന്നു. ഈ വ്യവഹാരം സബ് കോടതിയിൽ കൊടുത്താൽ പിന്നെ യാതൊരു കോടതിയിലും ഈ കാര്യത്തെപ്പറ്റി വേറെ വ്യവഹാരം പാടില്ല.

"ചൂടിക്കെട്ടി" ന്റെ വിരോധം നല്ല ചൂടിക്കെട്ടു തന്നെയായിരിക്കും. എന്നാൽ ഈ വ്യവഹാരത്തിൽ ചിലവു സംഖ്യ തറവാട്ടിന്റെ അതാതു കാലത്തെ സ്ഥിതി പോലെയാക്കാൻ വ്യവഹാരം കൊടുക്കാം. നിങ്ങൾ പറയുന്ന പ്രകാരം റില്ലി ആക്ടു് സംബന്ധിച്ചു അന്യായം കൊടുക്കുന്നതായാൽ അവകാശം സ്ഥാപിച്ചു കിട്ടുമായിരിക്കാം. അതിനു തന്നെ വളരെ വൈഷമ്യമുണ്ടു്. ഇംഗ്ലീഷ് ജൂരിസ്റ്റുമാരുടെ അഭിപ്രായം നേരെ രണ്ടു വിധത്തിലായിരിക്കുന്നു. താന്താങ്ങൾക്കു കിട്ടി വരേണ്ടുന്ന അനുഭവമോ ന്യായപ്രകാരം കിട്ടേണ്ടുന്ന ചിലവോ കിട്ടാതിരുന്നാൽ സ്പെസിഫിക്ക് റിലീഫ് ആക്ടു് പ്രകാരം ഒരു വ്യവഹാരം കൊണ്ടുചെല്ലാൻ പാടില്ലെന്നാണ് അധികപക്ഷം ജൂരിസ്റ്റുമാർക്കും അഭിപ്രായമുള്ളതു്. അതുകൊണ്ട് 42-ം സെക്ഷനെ കുറിച്ചു നമുക്കൊന്നും ചെയ്യാൻ ആവശ്യമില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു്.

കണ്ടന്മേനോൻ:- ഒന്നു പറഞ്ഞതിൽ ആണ് ഇപ്പോൾ കാര്യത്തിന്നു് അല്പം വൈഷമ്യമുള്ളതു്. ഈ വ്യവഹാരം സബ് കോടതിയിൽ വേണമോ?

രാഘവമേനോൻ:- അതെന്താണ്?

ക:- ഒന്നുമില്ല. ഞാൻ വെറുതെ പറഞ്ഞു. അങ്ങിനെ തന്നെ. സബ് കോടതിയിൽ

തന്നെ കൊടുക്കുക.

രാഘ:- (ചിറിച്ചുംകൊണ്ടു്) എന്താണ് സബ് കോടതിയിൽ കൊടുക്കുന്നതിനു വിരോധം?

ക:- (ചിറിച്ചുംകൊണ്ടു്) അതു് എന്റെ മുഖത്തുനിന്നു അബദ്ധമായി വന്നുപോയി. അത് ക്ഷണിക്കണം.

രാഘ:- (മന്ദഹാസത്തോടുകൂടി) എങ്ങിനെ എങ്കിലും വരട്ടെ. സബ് കോടതിയിൽ തന്നെ കൊടുക്കുക. വ്യവഹാരത്തിന്റെ സല എന്താണ് ചേർക്കേണ്ടതു്. കുട്ടിക്ക് നിത്യത്തെ ചിലവിന്നു തന്നെ എന്തു വേണ്ടിവരും. ഒന്നാമത് എഴുത്തയച്ച മുതൽ ഇതുവരെ എന്തു ചിലവായിട്ടുണ്ടു്.

ക:- ഈ സംഗതി അറിയുന്നതു് ആവശ്യംതന്നെ. പക്ഷെ ഞാൻ അതു് ഓർമ്മ വെച്ചില്ല. നാളെ വൈകുന്നേരം ഞാൻ ഈ വിവരങ്ങൾക്കു സകലവും തക്കതായ സമാധാനത്തോടുകൂടി ഇവിടെ എത്തിക്കളയാം.

ഈ സംഭാഷണം കഴിഞ്ഞ പിറ്റേന്നു് രാവിലെ കണ്ടമ്മേനോൻ ഉദയന്തളിക്കു പുറപ്പെട്ടു പോവുകയും ചെയ്തു.

## പതിനൊന്നാം അദ്ധ്യായം

കണ്ടന്മേനോൻ മേൽ കാണിച്ചവിധം രാഘവമേനോനുമായി സംഭാഷണം കഴിഞ്ഞു. മടങ്ങി ഉദയന്തളി ചെന്നശേഷം അവിടുന്നു വേണ്ടുന്ന ആലോചനകളും മറ്റും ചെയ്തുമടങ്ങി പിന്നെയും രാഘവമേനോന്റെ വീട്ടിൽ എത്തി അദ്ദേഹവുമായി സംസാരിച്ചു. സല മൂവായിരം ഉറുപ്പിക ആക്കാമെന്ന് നിശ്ചയിച്ചു. രാഘവമേനോന് കാർയ്യത്തിൽ കുറെ സംശയമുണ്ടായതുകൊണ്ട് മാധവമേനോനും കൂടി അന്യായഭാഗം വക്കീലായിരിക്കട്ടെ എന്നുറച്ചു. വക്കാലത്തു നാമം വരുത്തി മാധവമേനോനെയും ഏല്പിച്ചു. അന്യായം കൊടുക്കുന്നതു് ധർമ്മ അന്യായമായി ആയാലെന്താണ് വിരോധം എന്നു സംശയമുണ്ടായി. അതിനെക്കുറിച്ചു മാധവമേനോൻ ഇപ്രകാരം രാഘവമേനോനോടു പറഞ്ഞു.

മാ:- ഇപ്പോൾ ഈ കുട്ടിയുടെ സ്ഥിതി എന്താണ്? അമ്മയെ രാമന്മേനോൻ കല്യാണം ചെയ്തിട്ടുള്ളതു് ആക്റ്റ്പ്രകാരമല്ല. ശാസ്ത്രീയമായി ഒരു വിധത്തിലും അച്ഛന്റെ മുതലിന് അവകാശപ്പെടുവാൻ ഈ കുട്ടിക്കു ഒരു അധികാരവുമില്ല. അമ്മ സമ്പാദിച്ചിട്ടുള്ള സ്വത്തുക്കൾ ആകവെ ഉള്ളതു് ഏതാനും ആഭരണങ്ങൾ മാത്രമാണത്രെ. ഇത് ഇപ്പോൾ ഒരു രക്ഷിതാവിന്റെ കൈവശമാണ് ഇരിക്കുന്നതു് എന്നു വിചാരിക്കാം. പക്ഷെ അതു അച്ഛനായിരിക്കും. എന്നാലും അത്ര ഭേദമില്ല. ഒന്നാമതു് ഈ ആഭരണങ്ങൾ വിറ്റു് ആ മുതൽ ഈ അന്യായചിലവിലേക്കു ഉപയോഗിക്കേണ്ടതാണെന്നു വരാമോ? എനിക്കു വളരെ സംശയമുണ്ട്. ഇംഗ്ലീഷ് കേസ്സ് രണ്ടുമൂന്നു ഞാൻ കാണിക്കാം. ഇൻഡ്യൻ കേസ്സ് ഇതിനെ സംബന്ധിച്ചു വെളിവായി യാതൊന്നും കാണിക്കുന്നില്ല. എന്നാൽ ഇംഗ്ലീഷ് കേസ്സുകളുടെ പ്രമാണം തന്നെയാണ് ഇവിടെ നടപ്പാക്കുക എന്നുള്ളതു ബലമായി ഊഹിക്കേണ്ടതാണ്. രണ്ടാമതു് ഈ ആഭരണങ്ങൾ എന്തു സമ്പ്രദായത്തിലും വിധത്തിലും ഉണ്ടാക്കിച്ചതാണ്. എന്ന് ആലോചിക്കുക. കല്യാണിഅമ്മ രാമന്മേനോന്റെ കൂടെ ഭാർയ്യയായിരിക്കുമ്പോൾ ആ സ്ത്രീക്ക് നെയമം പെരുമാറുവാനായി ഉണ്ടാക്കിച്ചതാണ്. ആ സ്ത്രീ അതുകളെ അതുപ്രകാരം പെരുമാറിവന്നു. ഇപ്പോൾ പെരുമാറുവാനായിട്ടുള്ള അവകാശം ഈ കുട്ടിക്കാണ്. ഇത് ഇംഗ്ലീഷുകാരുടെ മാതിരിയിൽ ഉള്ള ഒരു സ്ത്രീയുടെ സ്വത്തായിരുന്നു എങ്കിൽ ഒരു സമയം നിത്യത പെരു മാറുന്ന ചില്ലറ ആഭരണങ്ങളോ അല്ലെങ്കിൽ വെയറിങ്ങ് അപ്പേറൽ എന്ന സാധനങ്ങളിൽ ഉൾപ്പെട്ടതോ ആയി പറവാനെ ഉള്ളൂ. ഇതുകളെ വിറ്റു പണമാക്കി അന്യാഹർജിയുടെ സലയ്ക്കു ചേർത്തുകൊടുക്കേണമെന്നു പറയുമോ? സീറ്റൻ എന്ന ഇംഗ്ലീഷ് ശാസ്ത്രജ്ഞന്റെ പുസ്തകത്തിൽ ഇതിനെ കുറിച്ചു പറയുന്നുണ്ട്. എന്റെ അഭിപ്രായം ഇതു് ഒന്ന് പരീക്ഷിക്കേണമെന്നാണ്.

രാ:- ആഭരണങ്ങൾ ഉള്ളതിനു 4000 മുതൽ 5000 വരെ ഉറുപ്പിക വില ഉണ്ടത്രെ.

ഇതു മുഴുവനും നിത്യം പെരുമാറുന്ന ആഭരണങ്ങൾ ആയിട്ടോ അല്ലെങ്കിൽ വെയറിങ്ങ് അപ്പേറൽ എന്ന വകകളുടെ കൂട്ടത്തിൽ തള്ളിവെക്കുകയോ ചെയ്യുന്നതു് അത്ര വിഹിതമൊ എന്നു സംശയിക്കുന്നു.

മാ:- ആഭരണങ്ങൾ എത്ര വിലയ്ക്കുണ്ടാകുമെന്നു സൂക്ഷ്മമായി അറിയാമോ?

രാ. മേ:- കണ്ടമ്മേനോന്റെ ഉപദേശത്തിൽ നിന്നും കിട്ടീട്ടുള്ള അറിവു മാത്രമാണ് എനിക്കുള്ളതു്. ഈയ്യിടെ ഒരു ദിവസം ഞാൻ ചോദിച്ചപ്പോൾ ഈ വിധം പറഞ്ഞു.

മാ. മേ:- എന്തെങ്കിലും ആവട്ടെ. ഈ പോയിന്റു തർക്കത്തിൽ എങ്ങിനെ തർക്കത്തിൽ എങ്ങിനെ തീർച്ചപ്പെട്ടുമെന്ന് അറിയാമല്ലോ.

രാ. മേ.:- അതിന്നു വളരെ സംശയം തോന്നുന്നില്ല.

മാ. മേ:- (ചിറിച്ചുംകൊണ്ടു്) അതു പ്രൈവറ്റു കാർയ്യമല്ലേ. നമ്മൾക്കെന്താവശ്യം അതു ചിന്തിച്ചിട്ടു്. എന്നാൽ ആൾ വളരെ പ്രാപ്തിയുള്ള ഒരു മനുഷ്യനാണ്. അതുകൊണ്ട് എന്തെങ്കിലും പറഞ്ഞാൽ നിവൃത്തിയാകയില്ലെന്നു നല്ല നിശ്ചയമുണ്ടാകും. സംഗതികൾ വെളിവായി കാണിക്കേണ്ടിവരും. അതിനു സമാധാനവും പറയേണ്ടിവരും. സമാധാനം സാമാന്യം ജഡ്ജിമാർ പറയുന്നതുപോലെ ഉരുട്ടു പെരട്ടായി പറകയൊ കേവലം ബുദ്ധിയില്ലാത്തതായി വരുന്നതൊ, അവുകയില്ല. എന്താണ് അദ്ദേഹത്തിന്റെ അഭിപ്രായമെന്ന് അറിയണം.

രാ:- സാന്നിദ്ധ്യം കലശൽതന്നെ. പക്ഷെ സങ്കല്പംപോലെ സാദ്ധ്യം വരുമോ എന്നു സംശയം. 407-, 409-, പകുപ്പുകൾ പ്രകാരം നല്ല സ്വാതന്ത്ര്യമില്ലെ. തീർച്ചയ്ക്കു് ആവശ്യമായ സംഗതി എന്താണെന്നു പറഞ്ഞിട്ടില്ലെങ്കിൽത്തന്നെ , എന്താണ് ഭാവം. അപ്പീൽ ഇല്ലല്ലൊ. ഞാൻ ഇതു വേണമൊ എന്നു സംശയിക്കുന്നു. മാധവമേനോനെക്കൊണ്ടു് ഈ പുസ്തകത്തിൽ എങ്ങും വെളിവായി പറഞ്ഞിട്ടില്ല. ആറാം അദ്ധ്യായത്തിൽ ഇയ്യാളെക്കുറിച്ചു അല്പം പറഞ്ഞേയുള്ളു. ഇയ്യാൾ എം.എ., എം.എൽ. പരീക്ഷകൾ രണ്ടും വെടിപ്പായി ജയിച്ചു. ഇംഗ്ലീഷിലും സംസ്കൃതഭാഷയിലും അതിസമർത്ഥനായ വിദ്വാനാണ്. വയസ്സ 28 മാത്രമെ ആയിട്ടുള്ളു. വക്കീൽ പണിയായിട്ടു് അപ്പോഴേക്കു്, ഏകദേശം രണ്ടുകൊല്ലത്തോളമായി. യാതൊരു വ്യവഹാരങ്ങളിലും താൻ ഏർപ്പെട്ടുന്നതിൽ തർക്കങ്ങൾ വേണ്ടതിന്നും ചില സംഗതികളിൽ വേണ്ടാത്തതിനും പക്ഷെ പുറപ്പെട്ടുവിക്കുന്നതു് ഇയാളുടെ സാധാരണഗതിക്കു സാമാന്യമുള്ളതായിരുന്നു. ഇതു് സാധാരണ ബുദ്ധികൌശലം ജാസ്തിയായിരിക്കുന്ന യുവാക്കൾക്കു് ഉണ്ടാവുന്നതാണല്ലൊ. പഠിപ്പിന്റെയും മിടുക്കിന്റെയും നവയൌവനത്തിൽ ഇത് എല്ലാവർക്കും ഉണ്ടാവുന്നതും കാലക്രമത്താൽ ഇതു ക്ഷയിച്ചുപോവുന്നതും ആണെന്നുള്ളതിലേയ്ക്കു വാദലേശം ഇല്ലാത്തതാകുന്നു.

മാ:- എനിക്കു തോന്നുന്നതു് ഇതു വേണമെന്നാകുന്നു. തോറ്റുപോയെങ്കിൽ സല കൊടുക്കണം.

രാ:- ഓഹോ അങ്ങിനെയാവട്ടെ. അന്യായഹർജി ഈ ആപ്ലിക്കേഷനോടുകൂടി തയ്യാറാക്കാം എന്നു പറഞ്ഞു രണ്ടാളും പിരിഞ്ഞു. രാഘവമേനോൻ വീട്ടിൽ മടങ്ങി എത്തി. അപ്പോൾ നമ്മുടെ കണ്ടൻമേനോനും ശങ്കരമേനോനും അവിടെ ഉണ്ടായിരുന്നു. അവരോടു ചോദിച്ച് പൂഞ്ചോലക്കര എടത്തിൽ ഉള്ള ആളുകൾ ആരെല്ലാമാണെന്ന് ഒരു ലിസ്റ്റ് കുറിച്ചെടുത്തു. 1) കോപ്പുണ്ണി എന്ന വലിയച്ചൻ 2) രാഘവനുണ്ണി 3) കോന്നനുണ്ണി 4) കൃഷ്ണനുണ്ണി 5) കേശവനുണ്ണി 6) ഗോവിന്ദനുണ്ണി ഇങ്ങനെ ആറാളെയാണ് എഴുതി എടുത്തത്. എടത്തിൽ ഉണ്ടായിരുന്ന കുഞ്ചുക്കുട്ടി അമ്മ എന്ന സ്ത്രീ ഒരു ഉന്മദീനത്താൽ അന്നേക്കു രണ്ടുമാസം മുമ്പെ മരിച്ചുപോയിരിക്കുന്നു. ഇപ്പോൾ പൂഞ്ചോലക്കര എടത്തിലേക്കു സന്തതിയായി ”ശാരദാ” ഒഴികെ വേറെ യാതൊരു സ്ത്രീകളും ഇല്ലാത്ത കാലമായി എന്ന് ഞാൻ പറയേണ്ടതില്ലല്ലോ. ഇവരുടെ പേർ എല്ലാം കുറിച്ചെടുത്തശേഷം രാഘവമേനോൻ കണ്ടമ്മേനോനോടു പറയുന്നു.

രാ:- ഞങ്ങൾ ഈ വ്യവഹാരം പോപ്പർ വ്യവഹാരമായിട്ടാണ് ഒന്നാമതു കൊണ്ടു ചെല്ലുന്നതു്. എന്താണ് അതിനേക്കുറിച്ചു വല്ല ആക്ഷേപവും ഉണ്ടോ?

ക:- എനിക്കു നിങ്ങൾ ചെയ്യുന്നത് എല്ലാം സമ്മതമാണെങ്കിലും ശാരദാ എന്നു കുട്ടിക്ക് ഇപ്പോൾ കൊടുപ്പാൻ കഴികയില്ലാത്ത വരുത്തുവാൻ നമ്മളാൽ കഴിയുമോ എന്നു സംശയിക്കുന്നു. പക്ഷേ വേണമെങ്കിൽ കൈവശമുള്ള മുതൽകൂടി ഇല്ലെന്നു പറയേണ്ടിവരും എന്നു തോന്നുന്നു. അങ്ങിനെ പറയുന്നതായാൽ അന്നു നല്ല ലപിഡൻസ് കൊടുക്കേണ്ടി വരും. സാക്ഷി ഒന്ന് ഈ ശങ്കരമേനോൻ തന്നെ. പിന്നെ ഈ കുട്ടിയുടെ അച്ഛനും പറയാമല്ലൊ.

ശങ്കരമേനോൻ:- ഇത് എനിക്കു വളരെ ആശ്ചര്യമായിരിക്കുന്നു. ഞങ്ങൾ ഈ വ്യവഹാരത്തിൽ ഒരെടത്തും കളവു പറയുവാൻ ഉദ്ദേശിച്ചു വന്നവരല്ല. ന്യായമായ സങ്കടങ്ങളെ കോർട്ടിൽ ബോധിപ്പിച്ച്, അതിൽനിന്ന് ഉത്തമമായ മാർഗ്ഗത്തിൽ നിവൃത്തി ലഭിക്കുമെങ്കിൽ അതിനെ കിട്ടുവാൻ ഉള്ള ഏക ഉദ്ദേശത്തിന്മേൽ വ്യവഹാരം കൊടുക്കുന്നതാണ്, അതിൽ ഒരു കളവായ വിവരം ഉണ്ടാക്കി, അതിന്മേൽ ഒരു വിധിയൊ, ജയമൊ കിട്ടേണമെന്ന് അശേഷം താല്പര്യമില്ലാത്തവരാണ്. കണ്ടമ്മാമന് വ്യവഹാരത്തിന്റെ നോട്ടം പലേപ്രകാരത്തിലും സ്ഥിതിയിലും ഉള്ളതാണെന്നു സർവ്വസമ്മതമാണല്ലൊ. എന്നാൽ കളവുപറഞ്ഞിട്ടു ഒരേടത്തും ജയിക്കണമെന്നു ലേശം താല്പർയ്യം ഇല്ലാത്തവരാണ് ഞാനും എന്റെ യജമാനനും എന്നു നിശ്ശങ്കം പറയുന്നു.

രാഘവമേനോൻ കുറഞ്ഞൊരു മന്ദഹാസത്തോടുകൂടി ഒന്നും ഉരിയാടാതെ

ഇരുന്നു.

ക:- (ശങ്കരമേനോനോട്ട്) നിങ്ങൾ വലിയ സാമർത്ഥ്യക്കാരനാണെന്നു തിരുമുല്പാടു പറഞ്ഞതു ശരിയായിരിക്കാം. എന്നാൽ വ്യവഹാരത്തിലെ ഓരോ പോയിന്റുകൾ സമാധാനിക്കുന്നതു് ഇങ്ങനെയായാൽ പോരാ. കാർയ്യം സൂക്ഷ്മത്തിൽ ശരിയായിട്ടുള്ളതാണെന്നു തന്നെ അഭിപ്രായപ്പെട്ടാലും ചില ചില സ്ഥലങ്ങളിൽ നേരിൽനിന്നു അല്പാല്പം ഭേദമായി കുറേശ്ശെ പറയേണ്ടിവരികയൊ ചെയ്യേണ്ടിവരികയൊ ആവശ്യമായിരിക്കും.

നേരേവാ നേരേപോ എന്നു തന്നെ ധ്യാനിക്കരുതു്. ഇതിലാണ് കുറെ വൈഷമ്യമുള്ളതു്. സിവിൽ വ്യവഹാരത്തിന്റെ ശിഷ്ട അറിഞ്ഞു പ്രവർത്തിക്കേണ്ടതു് അതിൽ ഏർപ്പെടുന്ന ആളുടെ പ്രവൃത്തിയായിരിക്കും. രാഘവമേനോൻ നമ്മളോട്ട് ഇപ്പോൾ തുറന്ന ഒരു കാര്യത്തെക്കുറിച്ചു സംസാരിച്ചു. അതിനു സദുത്തരമായി ഞാനും ഏതാണ്ടു പറഞ്ഞു അല്ലെ? എന്താണ് ഇവിടുന്ന് ഒന്നും പറയാത്തതു് എന്നു രാഘവമേനോനോടു കണ്ടന്മേനോൻ ചോദിച്ചു. രാ:- നിങ്ങൾ വേണ്ടാത്ത ഒരു സംഗതിയിന്മേൽ വൃഥാ കണ്ഠക്ഷോഭം ചെയ്യുകയാണ്. ഞാൻ എന്തിന്ന് അതിൽ കടന്നു സംസാരിക്കുന്നു. എന്നു പറഞ്ഞു ശങ്കരമേനോന്റെ മുഖത്തുനോക്കി ഒന്നു ചിറിച്ചു.

ക:- അല്ലാ ഇതും അസംബന്ധമായി തീർന്നുവോ? ഈ കുട്ടിയുടെ വകയായി നാലഞ്ചായിരം ഉറുപ്പികയ്ക്കു പണ്ടങ്ങൾ ഉണ്ടെന്നു പൂഞ്ചോലക്കര എടക്കാർ വൈത്തിപ്പട്ടർ മുതലായവരെക്കൊണ്ടു ലപിഡൻസ്സ കൊടുത്താലോ?

രാ:- ലപിഡൻസ്സ് കൊടുക്കട്ടെ.

ക:- എന്താണ് അപ്പോൾ അതു വിശ്വസിക്കയില്ലെന്നോ?

രാ:- വിശ്വസിച്ചുകൊള്ളട്ടെ.

ക:- എന്നാൾ നമ്മൾക്ക് അപജയമല്ലെ?

രാ:- ഈ ആഭരണങ്ങൾ ഉള്ളതുകൊണ്ടു അതുകളേ വിറ്റു പണമാക്കി സല അടയ്ക്കേണമെന്നു തീർച്ചയാക്കുന്നതായാൽ അതു അപജയം തന്നെ. എന്നാൽ ഞങ്ങൾ അറിഞ്ഞേടത്തോളം ഈ കേസ്സിൽ യാതൊരു കളവായ വഴിക്കും പ്രവർത്തിക്കുക ഇല്ല. നിശ്ചയം തന്നെ, ഈ കുട്ടിക്കുള്ള ആഭരണങ്ങൾ നെയമം പെരുമാറി വരുന്നതാണെന്നും അതുകൊണ്ടു ആ ആഭരണങ്ങളെ വിറ്റ് സല കൊടുപ്പാൻ സാധിക്കുന്നതല്ലെന്നും തർക്കിക്കുവാനാണ് ഭാവം. കുട്ടിയുടെ പക്കൽ ആഭരണങ്ങൾ ഇല്ലെന്നുള്ള കളവായ വാദം ആരു് പുറപ്പെടുവിക്കും. കേസ്സു ജയിച്ചാലും കേസ്സിന്റെ ഗിഷ്ടൊ പോയിന്റൊ എന്തുതന്നെ ആയാലും വേണ്ടതില്ല എന്നു പറഞ്ഞു രാഘവമേനോനും ശങ്കരമേനോനും കുറെ ചിറിച്ചു.

കണ്ടൻമേനോൻ കുറെ വിഷണ്ഡനായി. താൻ പറഞ്ഞതിൽ കാർയ്യമുണ്ടെന്നു

തനിക്കു ബോദ്ധ്യമുണ്ടായി എങ്കിലും അതു നടിക്കാതെയും ശങ്കരമേനോനോടു തനിക്കു വന്ന ക്രോധത്തേക്കുറിച്ചു ഒന്നും പറയാതെയും കഴിച്ചു. അന്നു രാത്രി അന്യായ ഹർജി തെയ്യാറാക്കി പിറ്റേന്നു രാവിലെ രാഘവമേനോന്റെ ഗുമസ്തൻ മാർ അതിനെ അസ്സൽ എഴുതുകയും ചെയ്തു. കക്ഷികൾ വന്നവർ ഇതിന്റെ വിവരത്തെക്കുറിച്ചു സ്വകാര്യം ഗ്രഹിച്ചു രാഘവമേനോന്റെ പടിക്കു പുറത്തു കടന്നപ്പോൾ കൊട്ടിഘോഷിച്ചു തുടങ്ങി. ക്രമേണ ഈ വർത്തമാനം പ്രചുരമായി പരന്നു. രാവിലെ ഏകദേശം എട്ടു മണിയായപ്പോൾ ആ സ്ഥലത്ത് എങ്ങും ഈ വർത്തമാനം സംസാരവിഷയമായി. ജനങ്ങൾ കേൾക്കുന്നതിൽ അധി കപക്ഷവും അന്യായം ശുദ്ധമെ കളവാണെന്നും ഇങ്ങനെയുള്ള മഹാവ്യാപ്തി നടത്തി കാര്യം ജയിച്ചു എങ്കിലും ഇതിൽപരം ഒരു കഷ്ടം ഉണ്ടാവാനില്ലെന്നും പറഞ്ഞുതുടങ്ങി.

എന്റെ വായനക്കാരോട് എനിയും ചില വിവരങ്ങൾ പറവാനുണ്ട്. അതുകൂടി പറഞ്ഞുകഴിഞ്ഞതിന്റെ ശേഷം വീണ്ടും ഈ വ്യവഹാരത്തിന്റെ കഥ പറവാൻ നമുക്കു വരാമെന്നുവെച്ച് ഇത് ഇവിടെ നിർത്തുന്നു. രണ്ടാം അദ്ധ്യായത്തിൽ ശങ്കരമേനോൻ പൂഞ്ചോലക്കര എടത്തിൽനിന്നു മടങ്ങിവരുന്ന വഴിക്കു വഴിയിൽ ഒരു ക്ഷേത്രത്തിൽ കയറി അവിടെ ഉണ്ടായിരുന്ന ഒരു തുളു എമ്പ്രാനെ പ്രസാദിപ്പിച്ച് അയാളുടെ ഒണങ്ങൽ അരി ചോറു വാങ്ങി ഭക്ഷണം ചെയ്തതും അതിന്നിടയിൽ ശങ്കുവാര്യർ എന്ന ഒരു പാരിയനെ കണ്ടെത്തിയതും എന്റെ വായനക്കാർക്ക് ഓർമ്മയിൽ ഉണ്ടായിരിക്കും. ഈ വാരിയർ പ്രായംചെന്ന സുശീലനായ ഒരു മനുഷ്യനാണെന്നും മുമ്പു ഈ ബുക്കിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇയാളുടെ മുഴുവനുമായുള്ള അവസ്ഥയെ ഒന്നും എന്റെ വായനക്കാർക്ക് അറികയില്ല. അത് അല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈ ശങ്കുവാരിയർ ഈ കഥ പരക്കുന്ന തിൽ ഒരു മുഖ്യ മനുഷ്യനായി സംഭവിക്കുന്നതുകൊണ്ടു ഇത് അത്യാവശ്യമായി തീർന്നിരിക്കുന്നു. പൂമഠത്തിൽ വാരിയത്തു പ്രസിദ്ധനായി ഉണ്ടായിരുന്ന കൃഷ്ണവാരിയരുടെ മകനാണ് ഇദ്ദേഹം. കൃഷ്ണവാരിയരു ജീവിച്ചിരിക്കുന്ന കാലത്തു താൻ നല്ല വ്യുല്പന്നനാകകൊണ്ടു പലരുടെ അടുക്കെയും നിത്യസൗഹാർദ്ദമായി കാലം കഴിച്ചിരുന്ന ഒരാളായിരുന്നു. പണത്തിന്നു ബുദ്ധിമുട്ടില്ലാതെ കഴിഞ്ഞുവന്ന ഒരാളും താൻ മരിക്കുമ്പോൾ കുറെ സ്വത്ത് സമ്പാദിച്ചുവെച്ചിരുന്ന ഒരു മനുഷ്യനും ആയിരുന്നു. കുറെ സ്വത്ത് എന്നു വെച്ചാൽ ഒരു എണ്ണൂറുപറയോളം നെല്ല് ജന്മമായി എടുത്ത് അതും ഒരു എഴുപതു ഉറുപ്പികയോളം പാട്ടം കിട്ടിവരുന്ന പറമ്പുകളും തന്റെ ജന്മസ്ഥലമായ പറമ്പിൽ സാമാന്യം നല്ലതായ ഒരു വീടും ഉണ്ടായിരുന്നു. കൃഷ്ണവാരിയരുടെ ഭാർയ്യ ലക്ഷ്മിവാരിയസ്യാര് ഈ കഥ നടന്ന കാലത്തേക്കു ഒരു പത്തു സംവത്സരം മുമ്പു മരിച്ചുപോയി. അപ്പോൾ കൃഷ്ണവാ

രിയർ ഉണ്ടായിരുന്നു. കൃഷ്ണവാരിയർക്ക് ഈ സ്ത്രീയിൽ രണ്ടു മക്കൾ ഉള്ളതിൽ ഒന്നു നമ്മുടെ ശങ്കുവാരിയരും മറ്റേതു ഒരു സ്ത്രീയും ആയിരുന്നു. ഇവരു് രണ്ടു പേർക്കായി താന സമ്പാദിച്ച മുതലുകൾ എല്ലാം കൊടുത്തു അച്ഛൻ കൃഷ്ണവാരിയരു് ചരമഗതിയെ പ്രാപിക്കുകയും ചെയ്തു. ആ സ്വത്തിനെ ശങ്കുവാരിയർ രക്ഷിച്ചുവന്നു. പെങ്ങളായ പാറു വാര്യസ്യാരെ ഒരു നമ്പൂതിരിക്കായി ബാന്ധവം ചെയ്തുകൊടുത്തു തനിക്കു യാതൊരു ബാന്ധവവും കൂടാതെ ഈശ്വരവിചാരം കൊണ്ടു തന്നെ കാലം കഴിക്കയാണ് ശങ്കുവാരിയരു് ചെയ്തതു് വഴിയിൽ വെച്ചു കണ്ടു എന്നു പറഞ്ഞ ആ ക്ഷീണിച്ചിരിക്കുന്ന ക്ഷേത്രത്തിൽ ഒരു കഴകമുണ്ടെന്നു പേർ പറഞ്ഞുവരുമാറുണ്ട്. ആ ക്ഷേത്രം പാൽനര ഇല്ലത്തു് നമ്പൂതിരിയുടെ വകയാണ്. നമ്പൂതിരിയുടെ ദുഷ്പ്രാഭവത്തിന് ഈ ക്ഷേത്രം വക മുതൽ ആകവെ പിടിച്ചുപറിച്ചു സ്വന്തം മുതലാക്കി ക്ഷേത്രത്തിന്നു നമ്മൾ പറഞ്ഞ ഒരു തുളു എമ്പ്രാനെന്ന ഒരാളെ ശാന്തിക്കും വച്ചു കഴിക്കയായിരുന്നു. എന്നാൽ ഇവിടെ കഴകത്തിന് ആൾ ആരുമില്ലാതെ വന്നുപോയതിനാൽ ആ പ്രവൃത്തി താൻ തന്നെ ചെയ്തു തരാമെന്ന് ഇഷ്ടംകൊണ്ടുമാത്രം ശങ്കുവാരിയരു് നിശ്ചയം ചെയ്തിരുന്നു. ശങ്കുവാരിയരു് മൂന്നുനാലു പ്രാവശ്യം കാശിക്കും പതിനൊന്നു പ്രാവശ്യത്തോളം രാമേശ്വരത്തേക്കും മറ്റു വിശേഷമായ ക്ഷേത്രങ്ങളിലേക്കും മറ്റും അനേകം പ്രാവശ്യങ്ങളായിട്ടും പോയി ഒരു രാജ്യസഞ്ചാരിയായിരിക്കുന്നു. ഈശ്വരഭക്തി അതികലശലാണ്. ഇങ്ങനെയാണ് ഇയാളുടെ സ്ഥിതി. ഈ വാരിയരും പാൽനര ഇല്ലത്തെ നമ്പൂതിരിയും കൂടി ഒടുവിലത്തെ പ്രാവശ്യം കാശിക്ക് ഒന്നായിട്ടാണ് പോയതു്. ആ നമ്പൂതിരിയുടെ പേർ പാൽനരഇല്ലത്തു് ത്രിവിക്രമൻ നമ്പൂതിരി എന്നായിരുന്നു. അയാളുടെ വസതി ഈ വാരിയരുടെ ദിക്കിൽനിന്ന് അഞ്ചു കാതം വടക്കു കിഴക്കായിട്ടാണ്. ശങ്കരമേനോൻ ഈ തരത്തിൽ ഇവരെ കാണണമെന്ന് നിശ്ചയിച്ചു വാരിയരുടെ ഭവനത്തിൽ ചെന്നു. ശങ്കുവാരിയരു് ശങ്കരമേനോനെ വളരെ സന്തോഷത്തോടുകൂടി ആദരിച്ച് ഇരുത്തി സാദരമായി സംസാരിച്ചു തുടങ്ങി. ശങ്കരമേനോന്റെ ബുദ്ധിയിൽ നൂറ്റിൽ ഒരംശം ഉള്ള ആൾക്ക് ഈ ശങ്കുവാരിയരുടെ പ്രകൃതം ക്ഷണേന ഗ്രഹിക്കത്തക്കതാണ്. ഇതു പരമസാധുവായുള്ള പച്ച പശുവെ മനുഷ്യരുടെ കൂട്ടത്തിൽ വേറെ കാണുവാൻ പ്രയാസപ്പെടും. മനസ്സിനു ഇത്ര ശുദ്ധതയും ഇത്ര മാർദ്ദവവും ഉണ്ടായിട്ടു വേറെ ഒരു മനുഷ്യനും കാണാൻ പാടില്ലെന്നുതന്നെ പറയാം. ഈ ഗുണങ്ങളെ എല്ലാം അറിഞ്ഞിരിക്കുന്ന ശങ്കരമേനോൻ എങ്ങിനെയാണ് ഈയാളോടു സംസേരിക്കേണ്ടതു് എന്നു വിശേഷമായി മനസ്സിലാക്കീട്ടുണ്ടെന്നുള്ളതു ഞാൻ പറയേണ്ടതില്ലല്ലോ. ശങ്കുവാരിയരുമായി കണ്ടു പിരിഞ്ഞതിനുശേഷം ഉണ്ടായ വിവരങ്ങൾ എല്ലാം പറഞ്ഞു.

ശങ്കുവാരിയര്:- (കുറെ വിചാരിച്ചിട്ട്) ഇതു കാര്യം മഹാവിഷമമായിരിക്കുന്നു വല്ലൊ. പൂഞ്ചോലക്കര എടം എന്നു പറഞ്ഞാൽ ഈ ദിക്കിലെല്ലാം വളരെ വല്യപ്പമായൊരു സ്ഥലമാണ്. അവിടേക്കു പ്രതികൂലമായി യാതൊരു കാര്യത്തിലും നിന്നാൽ ആ വക ആളുകൾക്കു വരുന്ന ഫലം കുറെ നിരൂപിക്കേണ്ടതാണ്. കാര്യം പരമാർത്ഥമായിരിക്കുമ്പോൾ എന്താണ് അവിടുന്നു ഈ ശാഠ്യത്തിനു വട്ടം കൂട്ടുന്നതു്?

ശ. മേ:- നിങ്ങൾ പൂഞ്ചോലക്കര എടത്തിലെ ഒരു ആശ്രിതനോ കുടിയാനോ അയിരിക്കുമോ എന്നറിഞ്ഞില്ല.

ശ. വാ:- കുടിയായ്മ യാതൊന്നുമില്ല. യാതൊരു കഴകപ്രവൃത്തിയും ഇല്ല. ആശ്രിതന്മാരുടെ കൂട്ടത്തിൽ തന്നെയൊ എന്നും സംശയമാണ്. എന്നാൽ ഭയപ്പെടേണ്ട മനുഷ്യരെ കുറിച്ച് എനിക്കു എല്ലായ്പ്പോഴും ഭയമാണ്. പൂഞ്ചോലക്കര എടത്തിലെ അവസ്ഥ എങ്ങിനെയെന്നുള്ളതു് ശങ്കരമേനോനു മനസ്സിലായിട്ടുണ്ട്. കുടിയായ്മ ഉള്ളവരും ഇല്ലാത്തവരും ആശ്രിതയുള്ളവരും ഇല്ലാത്തവരും ഒരു പോലെ അവിടുത്തെ കീഴിൽ സകല നടവടികളും അവിടുന്നുമായി വിരോധം ഉണ്ടാകാതെ കഴിയുന്ന മാതിരിയിൽ മാത്രമേ ഈ ദിക്കുകളിൽ പ്രവർത്തിച്ചുവരുമാറുള്ളൂ. സാധുക്കളായിട്ടുള്ള ഞങ്ങളിൽ ചിലർ അവിടെ ഭയപ്പെടേണ്ടി ഇരിക്കുന്നതുപോട്ടെ ഈ ദിക്കിൽ നല്ല കോപ്പോടുകൂടി നല്ല ഒരു ജന്മിയായിരിക്കുന്ന ഉദയന്തളി കോവിലകത്തേക്കു തന്നെ എടത്തിലെ വിരോധങ്ങൾ വന്നു സംഭവിച്ചതിനാൽ ഉണ്ടായ നഷ്ടകങ്ങൾ ഏതുപ്രകാരമെന്നു ഞാൻ പറയാതെ തന്നെ അറിയാമല്ലൊ. ഇങ്ങിനെ ഇരിക്കുമ്പോൾ ഈ ദരിദ്രനായ ഞാൻ ഈ കൊലയാനത്തലവന്മാരോടു പൊരുതുവാൻ നിശ്ചയിച്ചു സാക്ഷി പറഞ്ഞാലൊ മറ്റോ ഉണ്ടാവുന്ന ഫലം എന്താണെന്നു പറഞ്ഞു് അറിയിക്കേണമോ? പാൽനുര ഇല്ലത്തെ നമ്പൂതിരിപ്പാട്ടിന്നും പൂഞ്ചോലക്കര എടത്തിലേക്കു വിരോധമായി ഒരു കാര്യത്തിലും സാക്ഷി പറകയില്ലെന്നു എനിക്കു നല്ല നിശ്ചയമുണ്ട്, പിന്നെ പൂഞ്ചോലക്കര എടത്തിലേക്കു വിരോധമായി ഈ കാര്യത്തിൽ ഒരു വിധി കിട്ടുവാൻ പ്രയാസപ്പെടും. ഇതെല്ലാം ആലോചിച്ചാണ് ഞാൻ പറഞ്ഞതു്.

ശ മേ:- കുടിയായ്മയും ക്ഷേത്രത്തിൽ കഴകവും ഒന്നും ഇല്ലല്ലൊ? ഇതു തീർച്ചതന്നെയല്ലേ? പിന്നെ അത്ര ഭയപ്പെടാൻ എന്താണ് ആവശ്യം? മനുഷ്യർ ലോകത്തിലുള്ള കാർയ്യങ്ങളെ പരമാർത്ഥതയോടുകൂടി കഴിയുന്നിടത്തോളം നടത്തുകയും നടത്തിപ്പാൻ ഉത്സാഹിക്കുകയും ചെയ്യണം. അങ്ങനെ അല്ലേ വേണ്ടതു്? നിങ്ങളോട് ഞാൻ ആവശ്യ പ്പെടുന്നതു് ഇല്ലാത്ത ഒരു കാര്യം നിർമ്മര്യാദയായി ഉണ്ടാക്കിത്തീർത്തു് അതിനെക്കുറിച്ചു സാക്ഷി പറയണമെന്നല്ലല്ലൊ. വാസ്തവമായി നടന്നിട്ടുള്ള ഒരു കാര്യം ഓർമ്മയുള്ളതു് ഒരു നീതിന്യായക്കോ

ടതിയിൽ ബോധിപ്പിക്കേണമെന്നല്ലെ? ഇതിനു വേറെ സംഗതിവശാൽ (കുടിയായ്മയോ ആശ്രയമോ ഇല്ലാത്ത പക്ഷം) വിരോധമില്ലെങ്കിൽ വേറേ ഐഹികമായി എന്തൊരു പ്രതിബന്ധമാണ് ഉള്ളത്? അതുണ്ടെങ്കിൽ പറഞ്ഞു കേൾക്കേണ്ടിയിരിക്കുന്നു. പാരത്രികമായി ഇതു ചെയ്യുന്നത് സർവ്വശുഭമായിട്ടേ വരുവാൻ പാടുള്ളു എന്നുള്ളതു നിർവ്വിവാദമാണ്. ഇങ്ങിനെയുള്ള കാര്യത്തിൽ സത്തുക്കളായ നിങ്ങളെപോലെ ഉള്ള ആളുകൾ നേരു പറയാതെ ഇരുന്നാൽ അതുകൊണ്ടു സംഭവിക്കുന്ന ദോഷങ്ങൾക്കു നിങ്ങൾ ഉത്തരവാദികൾ അല്ലയോ? എല്ലാ കാര്യങ്ങളും ദൈവത്തിൽ സമർപ്പിച്ചു ചെയ്യേണ്ടതാണ്. ഇതിൽ നിങ്ങൾ ദൈവത്തിനു വിപരീതമായി പ്രവർത്തിച്ചാൽ അതിനുള്ള പ്രതിഫലം ദൈവമുഖേന എന്തായിരിക്കും? നിങ്ങളെ ഞങ്ങൾ സാക്ഷികൊടുക്കാതെ ഇരിക്കയില്ല. സാക്ഷി കൊടുത്തു കൂട്ടിൽ കയറ്റി വിസ്തരിക്കുമ്പോൾ പറയുന്ന ഉത്തരങ്ങൾ നിങ്ങളുടെ മനസ്സാക്ഷിക്കു ഒത്തവണ്ണം ഇരിക്കട്ടെ.

ഈ വാക്കുകൾ കേട്ടശേഷം ശങ്കുവാരിയർക്ക് കുറെ വ്യസനമായി. എന്താണ് ഈശ്വരാ വേണ്ടത് എന്നു ആലോചന തുടങ്ങി. സത്യത്തിൽ വളരെവിശ്വാസമുള്ള ഒരാളാണ് ഈ ശങ്കുവാരിയർ, എന്നാൽ പൂഞ്ചോലക്കര എടത്തിന്നുമായി വല്ല വിരോധവും സംഭവിച്ചു എങ്കിലോ എന്നു നല്ല ഒരു ഭീതിയും ഉള്ളിൽ കിടപ്പുണ്ട്. ഈ ശങ്കരമേനോൻ പറഞ്ഞതിനു മറുപടി എന്താണ് പറയേണ്ടത്, എന്നുള്ള ആലോചനയായി.

ശ. മേ:–എന്താണ് ഇങ്ങിനെ ആലോചിക്കുന്നത്. പരമാർത്ഥത്തെ പറയേണ്ടി വരുന്നതായ സ്ഥലങ്ങളിൽ ആളുകൾ മനുഷ്യരിൽ നിന്നുള്ള ഭീതികൊണ്ടോ കാര്യത്തിൽ വരുന്ന നഷ്ടങ്ങളേയോ കഷ്ടങ്ങളേയോ ഓർത്തിട്ടോ വ്യതിചലിച്ചു പറഞ്ഞാൽ അതിന്നുള്ള ദോഷം ഇന്നതാണെന്നു നല്ല അറിവുള്ള ഒരാളാകയാൽ അങ്ങിനെ മനസ്സിന്നു ഒരു വ്യഥ ഉണ്ടാവുന്നതാണെന്ന് എനിക്കു നല്ല ഓർമ്മ എല്ലായ്പ്പോഴും ഉണ്ട്. ഈ ഓർമ്മ ഉണ്ടായതുകൊണ്ടു തന്നെയാണ് ഞാൻ ഇങ്ങോട്ടു പോന്നതും. അനേകം മനുഷ്യരെ പല വിധമായിട്ടുള്ള കാര്യത്തിൽ അനുഷ്ഠാനം ചെയ്തിരിക്കുന്നവരെ ഞാൻ കണ്ടിട്ടുണ്ട്. അതിൽ ഈ വിധം എന്നുവെച്ചാൽ അങ്ങേമാതിരി പ്രകാരം ഉള്ള ആളുകളെക്കുറിച്ചു മാത്രമാണ് എനിക്കു ബഹുമാനം ഉള്ളത്. വളരെ ചുരുക്കമെ ഇങ്ങിനെ യുള്ള ആളുകളെ കാണാൻ സാധിക്കുകയുള്ളൂ. ഞങ്ങൾക്ക് ഈ അവസരത്തിൽ ഇങ്ങിനെ ഒരാളെ ഉപകരിക്കാനായി കിട്ടി എന്നുള്ള അവസ്ഥ ദൈവദഹായമുണ്ടെന്നുള്ളതിന്നു ഒരു ദൃഷ്ടാന്തമാണ്. വ്യവഹാരത്തിൽ ഒരു സമയം ജയമോ തോൽവിയോ നേരിടാം എന്നാൽ ചെയ്യുന്ന വ്യവഹാരം ന്യായത്തിന്നും സത്യത്തിന്നും ഒത്തതോ, അതല്ല വ്യവഹാരത്തിൽ ഉള്ള രസംകൊണ്ടോ വല്ല പ്രതിഫലവും അന്യായമായി

കിട്ടണമെന്നു ആഗ്രഗിച്ചിട്ടോ കളവായ ഒരു വിവരം സ്ഥാപിക്കാനായിട്ടോ മറ്റോ ചെയ്യുന്നതോ എന്നു മാത്രമാണ് ഓർക്കേണ്ടതു്. ഈ വ്യവഹാരം കൊടുക്കാതെ ഇരിപ്പാൻ യാതൊരു നിവൃത്തിയും ഞങ്ങൾക്കില്ല. ഒരു സമയം ഈ കുട്ടിക്കു വേണ്ടുന്ന ചിലവിന്നു കൊടുത്തു സംരക്ഷിപ്പാനായി ആ കുട്ടിയുടെ അച്ഛന്നു സ്വത്തുണ്ടായിരുന്നുവെങ്കിൽ ഈ വ്യവഹാരം കൊടുക്കാതെതന്നെ കഴിക്കാമായിരുന്നു. ആ സ്ഥിതി ഇപ്പോൾ വിട്ടുപോയി. ഇപ്പോൾ വ്യവഹാരം കൊടുക്കാതെ കഴിയില്ലെന്നു വന്നു. ഈ സങ്കടങ്ങളെ ഒരു കോടതിയിൽ ബോധിപ്പിച്ചിട്ടു് അവിടെ വെച്ചു കാര്യം സമർപ്പിക്കേണമെന്നു കുട്ടിയുടെ അച്ഛനുണ്ടായ താല്പര്യത്തെ കഴിയുന്നിടത്തോളം സഹായിപ്പാനായി സത്യവാനായ താങ്കളും ഞാനും ഉത്സാഹിക്കേണ്ടതല്ലയോ? ഉദയത്തളിരാമവർമ്മൻ തിരുമുല്പാട്ട് പുഞ്ചോലക്കര എടത്തിന്നു വ്യവഹാരങ്ങൾ ചെയ്തിട്ടു തോറ്റു പോയി എന്നു പ്രസിദ്ധമാണ്, ഞാൻ കേട്ടിട്ടുണ്ടു്. ഇതു നമ്മുടെ വ്യവഹാരം തോറ്റു പോവാനായി ഒരു സംഗതിയായിരിക്കുന്നതല്ലെന്നാണ് എന്റെ വിചാരം.

രണ്ടു വലിയ ദ്രവ്യസ്ഥന്മാർ തമ്മിൽ ചെയ്തിട്ടുള്ള വ്യവഹാരങ്ങളുടെ പര്യവസാനത്തിലുള്ള ഫലം രണ്ടാൾക്കും പ്രതികൂലമായിട്ടുതന്നെ ഇരിക്കയുള്ളൂ. രണ്ടു ഭാഗത്തുനിന്നും കൊടുക്കുന്ന തെളിവുകൾ തുല്യമായി കളവായി വരാനെ പാടുള്ളൂ. അങ്ങിനെ ഇരിക്കുമ്പോൾ സിവിൽ വ്യവഹാരങ്ങളുടെ ഗതി സൂക്ഷ്മത്തിൽ വളരെ സ്വാഗതമായി വരുവാൻ പാടുള്ളതല്ല. അവനവനു വന്ന സങ്കടമോ വ്യസനമോ ഹേതുകമായിട്ടുള്ള അപേക്ഷയെ ഒരു നീതിന്യായക്കോടതി മുമ്പാകെ വെയ്ക്കുക. അതിലേക്കു ആവശ്യമുള്ള തെളിവിനെ സത്യമായി കൊടുക്കുക. അതിന്ന് അനുകൂലമായി സത്യമായി ഒരു വിധി കിട്ടേണമെന്നു ദൈവത്തെ പ്രാർത്ഥിക്കുക. ഇത്രമാത്രമാണ് സങ്കടമുള്ള ഒരു കക്ഷിക്കു ചെയ്‌വാൻ പാടുള്ളതു്. ഇതുംകൂടി ഞങ്ങളിൽ ചിലർക്കു ചെയ്തുകൂടാ എന്നുണ്ടോ? ദൈവമെ, ഈ പുഞ്ചോലക്കര എടത്തിൽ ഉള്ള ആളുകളുടെ മേൽ ഒരു വ്യവഹാരംകൂടി കൊടുപ്പാൻ വയ്യേ? ഒരു കാലത്തു് അങ്ങുന്നു തന്നെ വന്നു കണ്ടതായ ഒരവസ്ഥയെ കുറിച്ചു തുറന്നു പറയു ന്നതു് എടത്തിലേക്കു വിരോധമായിട്ടാകകൊണ്ട് അതു മറച്ചുവെച്ചു കളയാമെന്നു വിചാരിക്കുന്നതു കഷ്ടമല്ലയോ? മനുഷ്യരവലംബിച്ചിരിക്കുന്ന ഈ ദേഹം എത്രതന്നെ നശ്വരമാക്കിയിട്ടുള്ളതാണ്. അതു് ഓർക്കുന്നില്ലേ? ഒരു മനുഷ്യനുള്ള ജീവകാലം ഒരു ചാൺ നീളമേ ഉള്ളൂ. ആ കാലത്തിനുള്ളിൽ ചെയ്യുന്ന ഗുണപ്രവൃത്തികളേയോ ദോഷ പ്രവൃത്തികളേയോ തന്നെ പിന്തുടരുന്ന ആളുകൾക്കു പിന്നേയും പിന്നേയും ഓർമ്മയായിക്കൊണ്ടേവരും. ഇതിൽ അവരു ചെയ്ത ഗുണകർമ്മങ്ങൾ ഏതാണെന്നു പൊതുവിൽ ജനങ്ങൾക്ക് അഭിപ്രായം എന്തെങ്കിലും ഉണ്ടായിക്കോട്ടെ എന്നോ ഇവിടുത്തെ വിചാരം. മനസ്സിന്ന്

അങ്ങേയ്ക്ക നല്ല ഒരു വിഷാദം ഇതിൽ കടന്നിട്ടുണ്ടെന്നു മുഖത്തിൽ നിന്നു സ്ഥരിക്കുന്നു. കളവായ വിവരത്തെക്കുറിച്ച്, ഒരു സാക്ഷി പറയുന്നതു് ഒരിക്കലും ഭംഗിയായി വരുന്നതല്ലെന്ന് അങ്ങേയ്ക്കുതന്നെ മനസ്സിൽ പൂർണ്ണബോദ്ധ്യമുണ്ട്. എന്നാലും പൂഞ്ചോലക്കര എടത്തിലേക്ക് വിപരീതമായി എങ്ങിനെ സാക്ഷി പറയും എന്നുള്ള ഒരു മഹാഭീതിയും ഉള്ളതായി കാണപ്പെടുന്നു. ”സർവ്വശക്തനായി ജഗന്നാഥനായുള്ള ഭഗവാന്റെ പരാശക്തിയാൽ മൂടപ്പെട്ടിരിക്കുന്ന ഈ ലോകത്തിൽ ദൈവാനുകൂലമായിട്ടല്ലാതെ നാം യാതൊന്നും പ്രവർത്തിച്ചു പോവുന്നതിൽനിന്നു എല്ലായ്പ്പോഴും പിന്തിരിയേണമെന്നു വിചാരിക്കേണ്ടതാകുന്നു.” എന്തു് പൂഞ്ചോലക്കര എടം, എന്തു് അച്ചൻ, ഇവരെക്കൊണ്ടെല്ലാം എന്തു കഴിയും. ഹാ! കഷ്ടം! ഇത്ര ബുദ്ധിക്കു വിശാലത്വമില്ലാതെ പോകുന്നുവല്ലോ. ഈ അസത്യത്തെ വെളിച്ചത്താക്കുവാനോ ഈ സത്യസ്ഥിതിയെ സത്യമായും എല്ലാവരേയും അറിയിപ്പാനോ ഉള്ള ദൈവീകമായ ഇച്ഛയിന്മേൽ താങ്കൾ ഈ പറയുന്ന വാക്കുകൾ എങ്ങിനെയെങ്കിലും കലാശിക്കട്ടെ. അതിൽനിന്ന് എന്തു പ്രതിഫലമെങ്കിലും കിട്ടട്ടെ എന്നുറച്ചു തനിക്കു താൻ പോരുക എന്ന പേരു ദൈവം മുമ്പാകെ സമ്പാദിക്കുന്നതോ നല്ലതു്. കാര്യത്തിൽ സാക്ഷിയായി നുണ പറഞ്ഞു നിൽക്കുന്നതോ നല്ലതു്. ഈ കാര്യത്തിൽ വളരെ ആളുകൾ പണത്തിനെ ഓർത്തിട്ടു നുണ പറവാൻ ഒരുങ്ങിയിട്ടുണ്ട്. ആ കൂട്ടത്തിൽ നുണ പറയുന്നതോ നല്ലതു്, അല്ല കാര്യം ഉണ്ടായ പ്രകാരം സത്യമായി പറയുന്നതോ നല്ലതു്. സത്യം പറയുന്ന പേരു് ഈ കാര്യത്തിൽ ദുർല്ലഭം ആളുകളെ ഉണ്ടാവുകയുള്ളൂ. എന്നാൽ അവരുടെ കൂട്ടത്തിൽ നിൽക്കുന്നതോ നല്ലതു്. താങ്കളുടെ സ്വഭാവവും പ്രകൃതവും കേവലം ലോകത്തിൽ നിന്നു ഭിന്നമായിട്ടാണ് കണ്ടുപോരുന്നതു്. ലോകത്തിൽ എല്ലാ മനുഷ്യർക്കും താന്താങ്ങൾ എത്ര ദ്രവ്യം സമ്പാദിച്ചോ എന്നു കണക്കാക്കുകയാണീ മനുഷ്യന്റെ ഒരു ജീവിതകാലത്തു് എന്തൊക്കെ മുതലുകൾ സമ്പാദിച്ചു കൂട്ടുവാൻ കഴിയുമോ അതൊക്കെ സമ്പാദിച്ചു വെച്ചിടാത്ത മനസ്സ് കേവലം അവഗണനീയമായ നരകകൂപത്തിലേക്കു ചെന്നു ചാടുന്നതു്. ഒരു രാജാവു മുതൽക്കു പിപീലികാപര്യന്തമുള്ള മംഗളവസ്തുക്കളെ പരിശോധിച്ചു നോക്കിയാൽ ഓരോ ശരീരത്തിനോ ജന്തുവിന്നോ ആവശ്യപ്രകാരമുള്ളവയും അനാവശ്യമായുള്ളവയും സഹർത്ഥ നിവൃത്തിയിൽ തന്നെ കാംക്ഷിയായിക്കൊണ്ടു് ഈ സകല ചരവസ്തുക്കളേയും പ്രത്യേകം താന്തന്നെ വേറെ പ്രകാരത്തിൽ ബന്ധിതനായിട്ടില്ലെങ്കിൽ കാണപ്പെടും. ഇങ്ങനെയുള്ള ഒരു നിബന്ധനയെ അല്പം ചില മഹത്തുക്കൾ മാത്രമെ അനുഷ്ഠിച്ചു വരുന്നുള്ളൂ. ഇതിൽ പ്രഥമ ഗണനീയനാണു താങ്കളെന്നു ഞാൻ അത്യാഹ്ലാദത്തോടുകൂടി ഇവിടെ പറയുന്നു. ഇങ്ങനെ ഒരു ബന്ധു ഞങ്ങൾക്ക് ഈ സമയം ഉണ്ടായി വന്നതു ഞങ്ങളുടെ

പരമഭാഗ്യമാണെന്നു ഞങ്ങൾ കരുതുന്നു. ഇവിടുന്ന് അതിഭാഗ്യവാനായും അതിമാനിയായും ഇരുന്ന കൃഷ്ണവാരിയരുടെ മകനാകുന്നു. കൃഷ്ണവാരിയർ യാതൊരു കാര്യത്തിലും കളവു പറഞ്ഞതായി ഒരേടത്തും ഒരുത്തനും പറയുകയില്ല. ഇതുപോലെ ഒരു വിദ്വാന്മണിയായ വ്യുല്പന്നനെ കാണാൻ വളരെ പ്രയാസമാണ്. എത്രയോ മഹാന്മാരായ ജനങ്ങൾക്ക് അവിരതം തന്റെ കൃതികളിലുള്ള രസത്തെ ജനിപ്പിച്ചും വിശേഷമായ ഉപദേശങ്ങൾ കൊടുത്തിട്ടും മറ്റും തന്റെ ജീവിതകാലം മുഴുവൻ കഴിച്ചു. ഏതു സ്ഥിതിയിലും പദവിയിലും തന്നെ അദ്ദേഹത്തിനെ അറിവുള്ളവയും നേരിട്ടുകണ്ടറിവില്ലാതെയും ആയുള്ള പലേവിധ മനുഷ്യരും അദ്ദേഹത്തിന്റെ പേരിനെ എല്ലായ്പ്പോഴും രക്ഷിച്ചുവരുന്നതു നോക്കുക. അദ്ദേഹം സമ്പാതിച്ചിട്ടുള്ള വസ്തുക്കളിൽ ഒരു ശതാംശം മാത്രമേ നിങ്ങൾക്കു കഴിവിനായി അദ്ദേഹം സൂക്ഷിച്ചിട്ടുള്ളൂ. സാധുക്കളുമായി അതിരഞ്ജനയായിരുന്നതിനാൽ സമ്പാതിച്ച മിക്കവാറും പണം അവരുടെ ഉപയോഗത്തിനായി താനെ യഥേഷ്ടം ചിലവു ചെയ്തു പോന്നു. ഇതു ഓർമ്മയില്ലേ? പിന്നെ താൻ മരിച്ചശേഷം ശേഷിച്ച വസ്തുക്കളെ പരിപാലിക്കേണ്ടതിന്നും തന്റെ കുടുംബങ്ങളെ രക്ഷിക്കേണ്ടതിനും അദ്ദേഹത്തിനു തന്റെ മനസ്സിന്നു ഏറ്റവും ബോദ്ധ്യമുള്ള ഒരാളായ താങ്കളെ സൃഷ്ടിച്ചു താങ്കളിൽ ഇതുകളെല്ലാം സമർപ്പിച്ചു അദ്ദേഹം സ്വർഗ്ഗപ്രാപ്തനാകുകയും ചെയ്തു. അദ്ദേഹം സമ്പാദിച്ചിട്ടുള്ള വസ്തുക്കളിലോ ദ്രവ്യത്തിലോ യാതൊരു നഷ്ടവുംകൂടാതെ താങ്കൾ അതിനെ പരിപാലിച്ചുവരുന്നു. വല്ല ദിക്കിലും അന്വേഷിച്ചു ശ്രമിച്ചാൽ താങ്കൾക്കും അച്ഛനിൽനിന്നു കിട്ടിയ സ്വത്തിനെ അല്പം അധികരിപ്പിക്കാമായിരുന്നു. എന്നാൽ ഇതു താങ്കളുടെ മനസ്സിന്നഭിരുചിയുള്ള ഒരു കാര്യമായിരുന്നില്ല. ഇതിൽ താങ്കൾ തെറ്റിപ്പോയി എന്നു സൂക്ഷ്മാലോചന ചെയ്യുന്ന യാതൊരാളും പറകയില്ലെന്നു നിർവ്വിവാരമാണ്. തന്റെ പക്കൽ കിട്ടിയ മുതൽ താൻ ആർക്കാവശ്യമായി തന്റെ പ്രവൃത്തിക്കു സഹജമായ അനർഗ്ഗള വിരക്തി നടിക്കുകയും ഭാവിക്കുകയും ചെയ്തു. അങ്ങിനെ താങ്കൾ കാലം കഴിച്ചു പോരുന്നു. "ഈ അനർഗ്ഗള വിരക്തി" എത്രകണ്ടു മധുര രസമായി മാധുര്യമുള്ള മനസ്സുകൾക്കു തോന്നുന്നു എന്നു ഇവിടുന്ന് വിചാരിക്കേണ്ടതാണ്. കാശിക്ക് ഇവിടെനിന്നു എത്ര പ്രാവശ്യം പോയി എന്ന് ആലോചിക്കട്ടെ. രാമേശ്വരത്തേക്ക് എത്ര പ്രാവശ്യം പോയി എന്ന് ആലോചിക്കട്ടെ. ഗോകർണ്ണത്തേക്ക് എത്ര പ്രാവശ്യം പോയി എന്ന് ആലോചിക്കട്ടെ. വൃന്ദാവനത്തിലേക്ക് എത്ര പ്രാവശ്യം പോയി എന്ന് ആലോചിക്കട്ടെ. മൂകാംബിക്ക് എത്ര പ്രാവശ്യം പോയി എന്ന് ആലോചിക്കട്ടെ. ജഗന്നാഥത്തിലേക്കു എത്ര പ്രാവശ്യം പോയി എന്ന് ആലോചിക്കട്ടെ. കന്യാകുമാരിക്ക് എത്ര പ്രാവശ്യം പോയി എന്ന് ആലോചിക്കട്ടെ. അയോദ്ധ്യക്ക് എത്ര പ്രാവശ്യം പോയി എന്ന് ആലോ

ചിക്കട്ടെ. ഈ വക ആലോചനകൾ ഒക്കെയും ചെയ്താൽ അപ്പോൾ താങ്കൾ എത്രയൊക്കെ ഭക്തനാണെന്ന് അറിയും. ഇപ്പോൾ വയസ്സ 50-തിന്നു താഴെ ആയിരിക്കേണമെന്നു എനിക്കു തോന്നുന്നു. ഈ അമ്പതിലധികം വർഷങ്ങൾ കൊണ്ടു കേവലം ഒരു മനുഷ്യനു സാധിക്കാത്ത പുണ്യോൽക്കർഷമായ ഈ പ്രവൃത്തികൾ നിഷ്പ്രയാസം ചെയ്തിട്ടുള്ള ഒരു പുമാൻ എന്നു താങ്കളെ അറിയുന്ന ഈ കാണുന്ന നിവാസികൾ എല്ലാം നിർദ്ദാഷണ്യം പറയുന്ന ഒരാളല്ലെ താങ്കൾ? ഇങ്ങിനെയെല്ലാം ഗുണകർമ്മങ്ങൾ ഔഷ്ഠിച്ചു സാദ്ധ്യം വരുത്തിയിരിക്കുന്ന താങ്കളുടെയും അച്ഛന്റെയും സ്ഥിതി നോക്കിയാൽ പൂഞ്ചോലക്കര എടത്തിലേക്കു വേണ്ടി അറിഞ്ഞുംകൊണ്ടു ഒരു കള്ളസാക്ഷി പറയുവാൻ താങ്കൾ തുനിയുമെന്ന് ഞാൻ ഒരിക്കലും വിശ്വസിക്കയില്ല.

പ്രസാധകർ
താളിളക്കം